# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 10 ലക്കം - 7 മിഥുനം - 1192 ജൂലൈ 2017



## എറണാകുളം കരയോഗം 92-ാമത് വാർഷിക പൊതുയോഗത്തിൽ നിന്ന്....




































## എഡിറ്റോറിയൽ

# അഭിനന്ദനാർഹം ഈ ആദ്യനേട്ടം

കേരളത്തിന്റെ സ്വപ്നപദ്ധതി എന്ന് വിശേഷിപ്പിച്ച കൊച്ചി മെട്രോയുടെ ആദ്യപാദം പൂർത്തിയായിരിക്കുന്നു. ആലുവ മുതൽ പാലാരിവട്ടം വരെയുള്ള പതിമൂന്ന് കിലോമീറ്ററാണ് ആദ്യം പണിതീർത്ത് ജൂൺ 17 ന് ഉത്ഘാടനം നിർവ്വഹിച്ചത്. രാവിലെ 10.35 ന് പാലാരിവട്ടത്തു നിന്നും പത്തടിപാലം വരെ മെട്രോയിൽ യാത്ര ചെയ്ത ശേഷം കലൂർ ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ സജ്ജമാക്കിയിരുന്ന വേദിയിൽ വെച്ച് ആരാധ്യനായ പ്രധാനമന്ത്രി നരേന്ദ്ര മോഡി നാടമുറിച്ച് കൊച്ചി മെട്രോ റെയിൽ രാജ്യത്തിനായി സമർപ്പിച്ചു.

കൊച്ചി മെട്രോയ്ക്ക് തറക്കല്ലിട്ടത് മുൻപ്രധാനമന്ത്രി ഡോ. മൻമോഹൻസിങ്ങാണ്. 2012 സെപ്റ്റംബർ മാസം 13 നായിരുന്നു അത്. മൂന്നു വർഷത്തിനുള്ളിൽ പണിതീർക്കുവാനായിരുന്നു ഉദ്ദേശമെങ്കിലും 2017 ജൂൺ 17 -നെങ്കിലും ആദ്യപാദം പണി തീർക്കുവാൻ സാധിച്ചു. കേരളത്തെ സംബന്ധിച്ചിടത്തോളം ഇതൊരു ചരിത്ര നേട്ടമാണ്. ഇ. ശ്രീധരൻ എന്ന അതുല്യപ്രതിഭയുടെ നിശ്ചയദാർഢ്യവും, പ്രവർത്തനമികവും നേതൃത്വപാടവും ഇച്ഛാശക്തിയും, പരിചയവും എല്ലാം കൊണ്ട് കെ.എം. ആർ.എല്ലിന് ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിച്ചു. ഇനിയും ബാക്കി ഭാഗം പൂർത്തീകരിക്കാൻ എത്ര നാളെടുക്കും, അതും ഇതുപോലെ തന്നെ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

രാജ്യത്ത് കൊച്ചി ഉൾപ്പടെ ഏഴ് നഗരങ്ങളിലാണ് ഇപ്പോൾ മെട്രോ റെയിൽ സർവ്വീസ് ഉള്ളത്. എങ്കിലും അന്താരാഷ്ട്രനിലവാരത്തിൽ മികച്ച സാങ്കേതിക തികവോടെ കൊച്ചിമെട്രോയാണ് ഗുണമേന്മയിൽ ഏറ്റവും മുന്നിൽ. അതിനുള്ള അഭിനന്ദനം തീർച്ചയായും കെ.എം.

# ഉള്ളടക്കം

വാല്യം 10 | ലക്കം 7 | ജൂലൈ 2017


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 7 |
| രാഗപരിചയം | 8 |
| വാസ്തു | 9 |
| ഭാരതത്തിലെ ഋഷികവികൾ | 10 |
| ക്ഷേത്രങ്ങളിലൂടെ | 14 |
| വാക്ക് ഊർജവും സേവനവുമാകുമ്പോൾ | 19 |
| തവാങ് ഹിമാലയത്തിലെ രഹസ്യ സ്വർഗ്ഗം | 23 |
| ചിത്രങ്ങൾക്കുള്ള സ്വാധീനശക്തി | 26 |
| ഗീത പഠിക്കാം | 27 |
| ശ്രീ തിരത്ഥപാദപരമഹംസസ്വാമികൾ | 28 |
| വ്യാഴം ഒരു പരാജിത നക്ഷത്രം | 31 |
| രാമഗീതിക | 32 |
| പാതഞ്ജല യോഗദർശനം | 33 |
| തിരക്ക് (കവിത) | 34 |
| ഉപനിഷത്തുക്കളിലൂടെ | 35 |
| കർക്കിടക മാഹാത്മ്യം | 37 |
| ഹരിസുധാലഹരി | 38 |
| കാൽമുട്ടു തേയ്മാനം | 42 |
| സുഭാഷിതം 1 | 45 |
| കോപമെന്ന വിന | 46 |
| ഹൈഡ്രജൻ ഭാവിയിലെ ഊർജ്ജസ്രോതസ്സ് | 47 |
| അമ്മയ്ക്കായ് | 49 |
| അദ്വൈതണോമിക്സ് | 51 |
| ശകുന്തളോപഖ്യാനം | 54 |
| മാസഫലം | 59 |
| മാട്രിമോണിയൽ | 60-66 |


കവർചിത്രം: *ശ്രീരാമ പട്ടാഭിഷേകം*

## പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

ആർ. എല്ലിനും, ഈ ശ്രീധരനും ഉള്ളതാണ്. സാങ്കേതിക തികവിലും ഭംഗിയിലും എല്ലാം കൊച്ചി മെട്രോ മുൻപന്തിയിൽ തന്നെയാണ്.

ഈ ബൃഹത്തായ പദ്ധതിക്കുവേണ്ടി രാപകൽ അദ്ധ്വാനിച്ച തൊഴിലാളികളെ ആദ്യമേ തന്നെ നന്ദിയോടെ സ്മരിക്കേണ്ടതുണ്ട്. അതുപോലെ തന്നെ കേരളത്തിലെ വികസനപ്രവർത്തനങ്ങളെ എപ്പോഴും പ്രതികൂലമായി ബാധിക്കുന്ന തൊഴിൽ സമരങ്ങൾ മെട്രോ നിർമ്മാണത്തെ ബാധിക്കാതിരിക്കുവാൻ ശ്രദ്ധിച്ച എല്ലാ രാഷ്ട്രീയ പാർട്ടികളേയും ഇത്തരുണത്തിൽ ഞങ്ങൾ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ് - എല്ലാ വികസന പ്രവർത്തനങ്ങൾക്കും ഈ സമരരഹിതമാർഗ്ഗം പിന്തുടരണമെന്ന നിർദ്ദേശത്തോടെ. വികസനപ്രവർത്തനങ്ങളിൽ രാഷ്ട്രീയ മുതലെടുപ്പിന് ഒരു പാർട്ടിയും മുതിരാതിരുന്നാൽ വികസനമുരടിപ്പുള്ള സംസ്ഥാനം എന്ന ദുഷ്പേര് നമുക്ക് മാറ്റി എടുക്കാൻ കഴിയും.

കൊച്ചിക്ക് ഇനിയും ഏറെ മുമ്പോട്ട് പോകേണ്ടതുണ്ട്. പഴഞ്ചൻ രീതിയിലുള്ള സിലിണ്ടർ ഗ്യാസാണ് കൊച്ചി നിവാസികൾ ഇന്നും പാചകത്തിന് ഉപയോഗിക്കുന്നത്. കൊച്ചി സിറ്റി ഗ്യാസ് പദ്ധതി കഴിവതും വേഗം നടപ്പിലാക്കണം. ഗുണനിലവാരത്തിൽ സിലിണ്ടർ ഗ്യാസിനെക്കാൾ എത്രയോ മേന്മയേറിയതാണ് പൈപ്പ്ലൈൻഗ്യാസ് ! വിലയും സിലിണ്ടറിനേക്കാൾ കുറവ്. അതുപോലെ സ്യൂവേജ് (Sewage) പദ്ധതി. ഇപ്പോഴും കൊച്ചി നഗരത്തിലെ ഓരോ വീട്ടിലും ഓരോ ടാങ്ക് നിറയെ മാലിന്യവുമായാണ് നാം കഴിയുന്നത്. നിരന്ന ഭൂപ്രദേശമായതുകൊണ്ട് സ്യൂവേജ് സിസ്റ്റം നടപ്പാക്കാൻ കൊച്ചിയിൽ വളരെ എളുപ്പമാണ്. കുന്നുകളും താഴ്ന്നപ്രദേശങ്ങളും നിറഞ്ഞ തിരുവാനന്തപുരത്ത് ഈ പദ്ധതി നടപ്പാക്കിയിട്ട് എത്രയോ വർഷങ്ങൾ കഴിഞ്ഞു. സ്ഥലപരിമിതികൊണ്ട് വീർപ്പു മുട്ടുന്ന കൊച്ചിയിൽ സെപ്റ്റിക് ടാങ്ക് സിസ്റ്റം ഒഴിവാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

പൈപ്പ്ലൈൻ ഗ്യാസിന്റെ കാര്യത്തിലും സ്യൂവേജ് (Sewage) സിസ്റ്റം നടപ്പാക്കുന്ന കാര്യത്തിലുമൊക്കെ മെട്രോയുടെ കാര്യത്തിൽ കാണിക്കുന്ന സഹകരണം എല്ലാ രാഷ്ട്രീയ പാർട്ടികളുടെ ഭാഗത്തുനിന്നും ഉണ്ടാകണം. മെട്രോനഗരമായ കൊച്ചിയിൽ അടിയന്തിരമായി നടപ്പാക്കേണ്ട ഈ രണ്ട് പദ്ധതികൾക്കും മുൻഗണന നൽകി നടപ്പിലാക്കുവാൻ കൊച്ചി കോർപറേഷനും കേരളസർക്കാരും രാഷ്ട്രീയഭേദം മറന്ന് എല്ലാ പാർട്ടികളും ഒന്നായി നിന്ന് പ്രവർത്തിക്കണം. വികസനം അതിൽ രാഷ്ട്രീയവൈരം വേണ്ട●

## എറണാകുളം കരയോഗം

# ഓണം ഫെയർ 2017

### ആഗസ്റ്റ് മാസം 18 മുതൽ സെപ്റ്റംബർ 3 വരെ

**എറണാകുളം കരയോഗം ജീവകാരുണ്യപ്രവർത്തനങ്ങളുടെ ധനശേഖരണാർത്ഥം ഓണത്തോടനുബന്ധിച്ച് ടി. ഡി.എം. ഹാളിൽ 2017 ആഗസ്റ്റ് 18 മുതൽ സെപ്റ്റംബർ 3 വരെ ഓണം ഫെയർ നടത്തുന്നതാണ്. ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, അച്ചാറുകൾ, പാലട എന്നിവ മിതമായ നിരക്കിൽ ഓണം ഫെയർ കൗണ്ടറിൽ നിന്നും രാവിലെ 10 മുതൽ വൈകുന്നേരം 7 മണിവരെ ലഭിക്കുന്നതാണ്.**

**എറണാകുളം കരയോഗത്തിൻെറ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാക്ലിനിക് 2017 ജൂലൈ മാസം 9-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണിമുതൽ 1 മണി വരെ ഇകെഎൻഎം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

***ജനറൽ സെക്രട്ടറി***

# ജനറൽ സെക്രട്ടറിയുടെ പംക്തി

2017-2018 സാമ്പത്തിക വർഷം എറണാകുളം കരയോഗത്തെ സംബന്ധിച്ചിടത്തോളം വളരെയധികം പ്രാധാന്യം അർഹിക്കുന്നതും, കൂടുതൽ ജനക്ഷേമവും സാമൂഹ്യ പ്രതിബദ്ധതയുമുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതുമായ വർഷമാണ്. 92ാമത് എറണാകുളം കരയോഗം വാർഷിക പൊതുയോഗം ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും, കഴിഞ്ഞ കാല പ്രവർത്തനങ്ങളും വരും വർഷങ്ങളിലേക്കായുള്ള ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികളും നടപ്പിലാക്കുന്നതിന് പ്രോത്സാഹജനകമായ പിന്തുണയാണ് ഭരണസമിതിക്ക് നൽകിയത് എന്ന് പറയുന്നതിൽ അതിയായ സന്തോഷമുണ്ട്.

കരയോഗം ഭരണസമിതിയും ഇരുപത്തി അഞ്ചിലധികം ഉപസമിതികളും കഴിഞ്ഞ ഒരു വർഷം ആത്മാർത്ഥവും സത്യസന്ധവും കഠിനവുമായ പ്രയത്നത്തിലൂടെ പൊതുസമൂഹത്തിന്റെ പ്രതീക്ഷയ്ക്കൊത്ത് പ്രവർത്തിക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട് എന്നുള്ളതിന്റെ ഏറ്റവും ഉത്തമ ഉദാഹരണമായിരുന്നു 25.06.2017ൽ കൂടിയ എറണാകുളം കരയോഗത്തിന്റെ 92-ാമത് വാർഷിക പൊതുയോഗം.

അടുത്ത 3 മാസങ്ങൾ, കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ വളരെ വർഷങ്ങളായി നടന്നുവരുന്ന നവരാത്രി ആഘോഷ മത്സരങ്ങൾ, ഓണം ഫെയർ, 10 ദിവസം നീണ്ട നവരാത്രി ആഘോഷങ്ങൾ എന്നീ പരിപാടികളെല്ലാം പങ്കാളിത്തം കൊണ്ടും സഹകരണം കൊണ്ടും പൊതുസമൂഹം നമ്മെ എന്നും സഹായിച്ചു പോന്നിട്ടുണ്ട്. 2017 ജൂലൈ 16-ാം തീയതി മുതൽ പുരാണ ഇതിഹാസ കലാ സാഹിത്യ സംഗീത നൃത്ത വിഷയങ്ങളിലുള്ള മത്സരങ്ങൾ ആരംഭിക്കുകയാണ്. അതുപോലെ ഓണത്തിനോടനുബന്ധിച്ച് ജീവകാരുണ്യ ധനശേഖരണാർത്ഥം നടത്തി വരാറുള്ള ഓണം ഫെയർ ഓഗസ്റ്റ് 18 മുതൽ ആരംഭിക്കുന്നു. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

92-ാമത് വാർഷിക പൊതുയോഗത്തിൽ എടുത്ത പ്രധാന തീരുമാനങ്ങൾ അംഗങ്ങളുടെ ശ്രദ്ധയ്ക്കായി ഇവിടെ കുറിക്കുന്നു.

ഗുരുവായൂർ ഗസ്റ്റ്ഹൗസ് നടത്തിപ്പിനായി 12 കോടി രൂപയുടെ ക്യാപ്പിറ്റൽ ബഡ്ജറ്റ് പൊതുയോഗം അംഗീകാരം നൽകി. തൃപ്പൂണിത്തുറയിലുള്ള കരയോഗം വക വസ്തു ആവശ്യമായി വരുന്ന പക്ഷം വില്പന നടത്തിയും ടൈം ഷെയർ സംവിധാനത്തിലൂടെയും പ്രസ്തുത പദ്ധതിയ്ക്ക് ധനസമാഹരണം നടത്തുവാനും തീരുമാനമായിട്ടുണ്ട്. ടൈം ഷെയർ പദ്ധതിയുടെ വിശദാംശങ്ങൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

- ചെറായി തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാ ഭഗവതി ക്ഷേത്രം, കരയോഗം വിഘ്നേശ്വര ക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങൾക്കായി ഒരു ടെമ്പിൾ ട്രസ്റ്റ് രൂപീകരിക്കുവാനും തൃക്കടക്കാപ്പിള്ളിയിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനും തീരുമാനമായിട്ടുണ്ട്.
- കരയോഗത്തിൽ നിലവിലുള്ള 315KVA ട്രാൻസ്ഫോർമർ അപ്ഗ്രേഡ് ചെയ്യുന്നതിനും കൂടാതെ മറ്റൊരു 25kw സോളാർ വൈദ്യുതി പ്ലാന്റ് സ്ഥാപിക്കുന്നതിനും പൊതുയോഗത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.
- കരയോഗം അംഗങ്ങളിൽ നല്ലൊരു വിഭാഗം കരയോഗം പ്രവർത്തനങ്ങളിൽ സജീവമാകാതെയും ജീവകാരുണ്യ പ്രവർത്തനഫണ്ട് നല്കാതെയുമുണ്ട്. അവർക്ക് രജിസ്റ്റേർഡ് കത്ത് അയച്ച് നിർബന്ധമായും അവരെ കരയോഗത്തിന്റെ മുഖ്യപ്രവർത്തന ധാരയിലേക്ക് കൊണ്ടു വരുവാൻ പൊതുയോഗം തീരുമാനമെടുത്തിട്ടുണ്ട്. തെറ്റായ മേൽവിലാസം നൽകിയിട്ടുള്ള അംഗങ്ങൾ, ആയത് തിരുത്തി കരയോഗത്തിന്റെ അംഗത്വ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുവാൻ സഹായിക്കണമെന്ന്അഭ്യർത്ഥിച്ചു. 3 തവണയിൽ കൂടുതൽ തപാൽ മടങ്ങി വരുന്നവർക്ക് കരയോഗത്തിൽ നിന്ന് തുടർന്നുള്ള തപാലുകൾ അയക്കേണ്ടതില്ലെന്നും പൊതുയോഗം തീരുമാനമായിട്ടുണ്ട്.
- ഫാമിലി ഹെൽത്ത് ക്ലബ്ബ് എന്ന ആശയവും അതിന്റെ ബഡ്ജറ്റിനും പൊതുയോഗം അംഗീകാരം നല്കി. കൂടാതെ നവീകരണ പദ്ധതികൾക്കായി പ്രത്യേകനിധി റിനോവേഷൻ ഫണ്ട് എന്ന പേരിൽ കരയോഗത്തിന്റെ മൊത്ത വരുമാനത്തിൽ നിന്ന് 3% നീക്കിവയ്ക്കുവാനും തീരുമാനമായി.

2017 ലെ കരയോഗം ജീവകാരുണ്യഫണ്ട് വിതരണോദ്ഘാടനം ഓഗസ്റ്റ് 12, ശനിയാഴ്ച രാവിലെ 9.45ന് ടി.ഡി.എം. ഹാളിൽ വച്ച് നടത്തുന്നതായിരിക്കും.

എറണാകുളം കരയോഗം പൊതുജനങ്ങൾക്കും പ്രത്യേകിച്ച് കരയോഗാംഗങ്ങൾക്കായും ഒരു വർഷം 535 വിവിധ പരിപാടികൾ, വിവിധ ഹാളുകളിൽ നടത്തിയിട്ടുണ്ട്. കരയോഗത്തിന്റെ പരിപാടികളിൽ അംഗങ്ങളുടെ സാന്നിദ്ധ്യം നിർബന്ധമായും ഉറപ്പുവരുത്തേണ്ടത് തുടർന്നും പുതിയ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിനും

നടത്തുന്നതിനും സംഘാടകർക്ക് പ്രചോദനമായിരിക്കും എന്ന കാര്യം വിസ്മരിക്കരുത്. എല്ലാ പരിപാടികളിലും നിങ്ങളെല്ലാവരുടെയും സാന്നിദ്ധ്യവും സഹകരണവും അഭ്യർത്ഥിക്കുന്നു.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ 2017 ജൂലൈ 15 ശനിയാഴ്ച വൈകുന്നേരം 5.30ന് അക്കിര കുറസോവയുടെ 'ഡ്രീംസ്' സിനിമ, ടിഡിഎം ഹാൾ കാവേരിയിൽ പ്രദർശിപ്പിക്കുന്നതായിരിക്കും.

എറണാകുളം കരയോഗവും ബീമും സംയുക്തമായി നടത്തുന്ന പ്രതിമാസ പരിപാടിയിൽ ജൂലൈ 25, വെള്ളിയാഴ്ച വൈകുന്നേരം 6.30ന് വള്ളുവനാട് കൃഷ്ണ കലാനിലയത്തിൻെറ നാടകം 'വെയിൽ' അവതരിപ്പിക്കുന്നതാണ്.

എറണാകുളം കരയോഗം കർക്കിടക മാസാചരണത്തിൻെറ ഭാഗമായി ശ്രീ.എൻ.ടി. കാർത്തികേയൻെറ നേതൃത്വത്തിൽ 'സമ്പൂർണ്ണ രാമായണ പാരായണം' 2017 ജൂലൈ 30ന്, ഞായറാഴ്ച രാവിലെ 7 മണി മുതൽ ടിഡിഎം യമുനാ ഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ പ്രതിമാസപരിപാടിയിൽ ഇരയിമ്മൻ തമ്പി ഫൗണ്ടേഷൻെറ സഹകരണത്തോടെ 2017 ജൂലൈ 29 ന് ശനിയാഴ്ച വൈകുന്നേരം 5.30ന് 'ഇരയിമ്മൻ തമ്പിസാഹിത്യവും സംഗീതവും' എന്ന വിഷയത്തിൽ ശ്രീ.വി. കലാധരൻെറ പ്രഭാഷണവും തുടർന്ന് 6.30ന് 'കീചക വധം' കഥകളിയും ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

ജനറൽ സെക്രട്ടറി

## എറണാകുളം കരയോഗം
## 15.07.2017 മുതൽ 14.08.2017 വരെയുള്ള ജൂലൈ മാസ പരിപാടികൾ

| | | | |
|---|---|---|---|
| 15.07.2017 | ശനി | 5.30 p.m. | കരയോഗം ഫിലിം ക്ലബ്ബ് : ഡ്രീംസ് - സിനിമാ പ്രദർശനം |
| 16.07.2017 | ഞായർ | 9.30 a.m. | കരയോഗം നവരാത്രി ആഘോഷമത്സരങ്ങൾ ആരംഭം |
| 19.07.2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 20.07.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 21.07.2017 | വെള്ളി | 4.30 p.m. | രാമായണ പ്രഭാഷണം: സ്വാമി അദ്ധ്യാത്മാനന്ദ സരസ്വതിജി |
| 22.07.2017 | ശനി | 0.00 a.m. | വേദാന്ത പഠന ക്ലാസ്സ്: ആചാര്യൻ കെ.ആർ.നമ്പ്യാർ |
| | | 4.30 p.m. | രാമായണ പ്രഭാഷണം: സ്വാമി അദ്ധ്യാത്മാനന്ദ സരസ്വതിജി |
| 23.07.2017 | ഞായർ | 4.30 p.m. | രാമായണ പ്രഭാഷണം: സ്വാമി അദ്ധ്യാത്മാനന്ദ സരസ്വതിജി |
| 25.07.2017 | ചൊവ്വ | 6.30 p.m. | ബീം പ്രതിമാസ പരിപാടി : നാടകം - വെയിൽ |
| 26.07.2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 27.07.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 28.07.2017 | വെള്ളി | 10.00 a.m. | അദാലത്ത് : കേരള വിമൻസ് കമ്മീഷൻ |
| 29.07.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് : ആചാര്യൻ കെ.ആർ.നമ്പ്യാർ |
| | | 5.30 a.m. | ഇരയിമ്മൻതമ്പി ദിനം : പ്രഭാഷണം |
| | | 6.30 p.m. | പ്രതിമാസ കഥകളി : കീചകവധം |
| 30.07.2017 | ഞായർ | 7.00 a.m. | സമ്പൂർണ്ണ രാമായണ പാരായണം ശ്രീ.എൻ.ടി.കാർത്തികേയൻ |
| | | 10.00 a.m. | എൽഡർ സിറ്റിസൺസ് ഫോറം വാർഷികം |
| 02.08.2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 03.08.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 05.08.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് : ആചാര്യൻ കെ.ആർ.നമ്പ്യാർ |
| 06.08.2017 | ഞായർ | 9.30 a.m. | കരയോഗം നവരാത്രി ആഘോഷമത്സരങ്ങൾ |
| 09.08.2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 10.08.2017 | വ്യാഴം | 4.00 a.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 12.08.2017 | ശനി | 9.45 a.m. | എറണാകുളം കരയോഗം ചാരിറ്റി ഡെ |
| | | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് : ആചാര്യൻ കെ.ആർ.നമ്പ്യാർ |
| 13.08.2017 | ഞായർ | 9.30 a.m. | കരയോഗം നവരാത്രി ആഘോഷമത്സരങ്ങൾ |

# ബാല ലോകം

ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)

പ്രിയപ്പെട്ട കൂട്ടുകാരെ,

ഒരിക്കൽ ഒരു അദ്ധ്യാപിക പറഞ്ഞു 'എന്നെ ഒരു അദ്ധ്യാപികയാക്കിയതിൽ ഞാൻ ദൈവത്തോട് കടപ്പെട്ടിരിക്കുന്നു. ഒരു വഴികാട്ടിയായി രാഷ്ട്രത്തിന്റെ നിർമ്മാതാവായി ജീവിക്കാനാണ് എനിക്കിഷ്ടം' എന്താണ് അവർ അങ്ങിനെ പറഞ്ഞത് എന്നാവും കൂട്ടുകാരുടെ സംശയം അല്ലെ ? എല്ലാവരും നല്ല ജോലി തേടി ധാരാളം പണം സമ്പാദിക്കാനാണ് ഇഷ്ടപ്പെടുക. പിന്നെയെന്താ അദ്ധ്യാപിക ഇങ്ങിനെ പറഞ്ഞത് എന്നല്ലേ ? സ്വഭാവഗുണമാണ് കൂട്ടുകാരെ ഏറ്റവും വലിയ ധനം. പണത്തിന് ഭക്ഷണം വാങ്ങാൻ പറ്റും. പക്ഷെ വിശപ്പുണ്ടാക്കാൻ പറ്റുമോ? കിടന്നുറങ്ങാൻ ഏറ്റവും സുഖപ്രദമായ കിടക്കയുണ്ടാക്കാൻ പണം കൊണ്ടു സാധിക്കും. പക്ഷെ ഉറക്കമോ ? പണം കൊണ്ട് മരുന്നു വാങ്ങാം. പക്ഷെ ആരോഗ്യമോ ? പണത്തിന് എല്ലാ സുഖസൗകര്യങ്ങളും നൽകാനാവും. പക്ഷെ സമാധാനമോ ? ഇതെല്ലാം സ്വഭാവശുദ്ധി ഉണ്ടെങ്കിൽ പുറകെ വന്നു കൊള്ളും കൂട്ടുകാരെ.

പണത്തിനൊരു ദോഷമുണ്ട്.

'അർത്ഥമെത്രവളരെയുണ്ടായാലും
തൃപ്തിയാകാമനസ്സിന്നൊരു കാലം
പത്തു കിട്ടുകിൽ നൂറുമതിയെന്നും
ശതമാകിൽ സഹസ്രം മതിയെന്നും'

പണം കൂടുന്തോറും ആഗ്രഹങ്ങൾ കൂടും എന്ന് പഴമക്കാർ പറയാറുണ്ട്. ഓരോ ദിവസം ഓരോ കളിപ്പാട്ടം വേണമെന്ന് മനസ്സിൽ തോന്നിയാലോ, അതു ശരിയാണെന്ന് കൂട്ടുകാർക്ക് തോന്നുന്നുണ്ടോ ? അതിനുവേണ്ടി അച്ഛനമ്മമാരോട് നിർബ്ബന്ധം പിടിക്കുന്നത് ശരിയല്ല കൂട്ടുകാരെ. കിട്ടുന്നതുകൊണ്ട് തൃപ്തിപ്പെടണം. സന്തോഷമുണ്ടാവണം. കിട്ടുന്നതിന്റെ ഒരു ഭാഗം പാവപ്പെട്ട കുട്ടികൾക്ക് നൽകണം. ഒന്നിനോടും അമിതമായ ആഗ്രഹം അരുത് കേട്ടോ. പണക്കാരനാവാൻ ആശിച്ച ഒരാളുടെ കഥ കേട്ടോളു.

ഏതു വിധേനയും പണമുണ്ടാക്കുക- ആഡംബരത്തോടെ ജീവിക്കുക എന്ന ചിന്തയുമായി ഒരു ബിസിനസ്സുകാരൻ തന്റെ കച്ചവടവുമായി ബന്ധപ്പെട്ട് നാടുകൾ തോറും സഞ്ചരിച്ചു. ഒരിക്കൽ ക്ഷീണിതനായ അയാൾ അസ്വസ്ഥതയോടെ ഒരു കാട്ടിലകപ്പെട്ടു. ഒരു കൽപകവൃക്ഷച്ചുവട്ടിൽ വിശ്രമിക്കവെ അല്പം വെള്ളം കിട്ടിയിരുന്നെങ്കിൽ എന്നാശിച്ചു പോയി. ദാഹം കൊണ്ടു തളർന്ന് അവശനായ അയാളുടെ മുൻപിൽ ഒരു വലിയ ഗ്ലാസ്സു നിറയെ വെള്ളം വന്നു. ചോദിക്കുന്നതെല്ലാം തരുന്നതാണ് കല്പകവൃക്ഷം എന്നയാൾ കേട്ടിട്ടുണ്ട്. അല്പം ഭക്ഷണം കൂടി കിട്ടിയെങ്കിൽ അയാൾ ആശിച്ചു . അയാളുടെ മുൻപിൽ പല വിഭവങ്ങൾ നിരന്നു. വിശപ്പു മാറുവോളം ഭക്ഷിച്ചു കഴിഞ്ഞ അയാൾക്ക് വിശ്രമിക്കാൻ ഒരു നല്ല കിടക്ക കിട്ടിയാൽ നന്നായിരുന്നു, എന്നു തോന്നി. കിടക്കയിൽ കിടക്കുമ്പോഴാണ് ഓർത്തത് താൻ കാട്ടിലാണല്ലോ കിടക്കുന്നത്. ഒരു പുലിയോ മറ്റോ വന്നാലോ ? ചിന്തിക്കേണ്ട താമസം പുലി ഓടിയടുത്ത് അയാളെ കടിച്ചു പറിച്ചു. അതിമോഹം വരുത്തിയ വിനയേ.......ഇതിൽ നിന്ന് കൂട്ടുകാർക്കെന്താണ് മനസ്സിലായത്. പണത്തിനു പിന്നാലെ പോകരുത്, എല്ലാം വേണം ആവശ്യത്തിന്. കൂടുതൽ ആശിച്ചാൽ വിനയാവും ഫലം. കൂട്ടുകാർ ദൈവത്തോട് ആത്മാർത്ഥമായി പ്രാർത്ഥിക്കണം. എന്തിനു വേണ്ടി? വിജ്ഞാനവും, വിശ്വാസവും, സത്യസന്ധതയും, സ്വഭാവഗുണവും നൽകി നല്ലൊരു ജീവിതം നയിക്കാനാവണം എന്നു മാത്രം പ്രാർത്ഥിച്ചോളു, ദൈവത്തോട് മറ്റൊന്നും ചോദിക്കേണ്ട ആവശ്യമില്ല. എല്ലാം വിധിപോലെ സംഭവിക്കും എന്നർത്ഥം. കഥയുടെ പൊരുൾ കൂട്ടുകാർക്ക് ഉൾക്കൊള്ളാനാവും എന്നു കരുതട്ടെ. തുഞ്ചത്തെഴുത്തച്ഛന്റെ ഈ വരികൾ സ്വായത്തമാക്കൂ.

'ഞാനിനിയിവറ്റെ എന്നോർത്തെൻ തമ്പുരാനെ
കാനനത്തിങ്കലഗ്നി പിടിച്ചു നാലുപാടും
ഇങ്ങനെ കരയുമ്പോൾ പൈതങ്ങളുര ചെയ്താർ
എങ്ങാനും പൊയ്ക്കൊൾകമ്മേ
നീ കൂടി മരിക്കേണ്ടാ ?
ഞങ്ങൾ ചാകിലോ പിന്നെപ്പെറ്റു സന്തതിയുണ്ടാ
മെങ്ങനെയുണ്ടാകുന്നു നീ കൂടി മരിക്കിലൊ ?
എന്നതു കേട്ടനേരം വന്നൊരു ശോകത്തോടെ
തന്നുടെ പൈതങ്ങളെ നോക്കിയും കരഞ്ഞിട്ടും
പിന്നെത്താൻ പറക്കയും മറിഞ്ഞുനോക്കുകയു
മെന്നുടെ കർമ്മമെന്നു കല്പിച്ചു പോയാളവൾ'
(ഖാണ്ഡവദഹനത്തിൽ നിന്ന്)●

രാഗപരിചയം

# ജോൺപുരി

**ഡോ. ജയലക്ഷ്മി നന്ദകുമാർ**

ഹിന്ദുസ്ഥാനി സംഗീതത്തിൽ ഉടലെടുത്ത് കർണ്ണാടക സംഗീതത്തിൽ പ്രചാരം സിദ്ധിച്ച ദേശ്യരാഗമാണ് ജോൺപുരി. ജോൺപുരി എന്നും ജവൻപുരി എന്നും ഈ രാഗം അറിയപ്പെടുന്നു. ഗുജറാത്തിലെ ജവൻപൂർ, വടക്കൻ ഉത്തർ പ്രദേശിലെ ജോൺപൂർ എന്നി സ്ഥലങ്ങളുമായി ഈ രാഗത്തിന് ബന്ധമുള്ളതായി പേര് സൂചിപ്പിക്കുന്നു. ഹിന്ദുസ്ഥാനി സംഗീതത്തിൽ അസാവേരി ഥാട്ടിൽ ഉൾപ്പെടുന്നതും, കർണ്ണാടക സംഗീതത്തിൽ 20ാമത്തെ മേളകർത്താരാഗമായ നഠഭൈരവിയുടെ ജന്യരാഗമായും കണക്കാക്കുന്നു.

ആരോഹണം : സ രി മ പ നി സ

അവരോഹണം : സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ. ഷഡ്ജം, ചതു: ശ്രുതി രിഷഭം, സാധാരണ ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ശുദ്ധധൈവതം, കൈശികി നിഷാദം.

ആരോഹണത്തിൽ ഗാന്ധാരവും ധൈവതവും വർജ്ജ്യമാണ്. അവരോഹണം സമ്പൂർണ്ണം ഔഡവ സമ്പൂർണ്ണ രാഗമാണ്. അക്ബർ ചക്രവർത്തിയുടെ ഭരണകാലത്ത്, സൂഫി സംഗീതജ്ഞനും ആസ്ഥാന ഗായകനുമായ അമീർ ഖുസ്റോ ഈ രാഗത്തിൽ സംഗീതരൂപങ്ങൾ ചിട്ടപ്പെടുത്തിയിരുന്നതായി ചരിത്രമുണ്ട്.

ഭക്തി ആണ് ഈ രാഗത്തിൽ നിന്നും ഉളവാകുന്ന ഭാവം . പകൽ 9 12 മണി ജോൺപുരി അതീവ ഹൃദ്യമായി ആലപിക്കുവാൻ കഴിയുന്ന സമയമാണ്. ഈ രാഗം കേൾക്കുന്നതിലൂടെ തലവേദന ശമിപ്പിക്കുവാൻ സാധിക്കും എന്ന് സംഗീത ചികിത്സകർ അഭിപ്രായപ്പെടുന്നു. ലളിതമായ അർദ്ധശാസ്ത്രീയ ഗാനങ്ങൾ, നാടോടി പാട്ടുകൾ എന്നിവയ്ക്ക് ഉത്തമമായ രാഗം.

## ഈ രാഗത്തിലുള്ള കൃതികൾ

| | | |
|---|---|---|
| 1) എപ്പോ വരുവാരോ | ആദി | ഗോപാലകൃഷ്ണഭാരതി |
| 2) മാധവാലോകനം | ആദി | സ്വാതിതിരുനാൾ |
| 3) രാമമന്ത്രവാ | ആദി | പുരുന്ദരദാസർ |
| 4) രാമനാമരസം | ത്രിപുട | അംബുജം കൃഷ്ണ |
| 5) രംഗ ബാരോ | ആദി | പുരന്ദരദാസർ |

## ചലച്ചിത്രഗാനങ്ങൾ

| | |
|---|---|
| 1) അമ്പലമില്ലാതെ ആൽത്തറയിൽ | പാദമുദ്ര |
| 2) പാദപൂജ | മയൂരനൃത്തം |
| 3) കരുണാമയി ജഗദീശ്വരി | ഇതാ ഒരു സ്നേഹഗാഥ |
| 4) വടക്കും നാഥന് സുപ്രഭാതം പാടും | ഭക്തിഗാനം പുഷ്പാഞ്ജലി |
| 5) ഗണപതി ഭഗവാനേ | ഭക്തിഗാനം തുളസിമാല |
| 6) തേടി വന്തേനേ വള്ളിമാനേ | മഥുരൈ വീരൻ (തമിഴ്) |
| 7) ആണ്ടവൻ ദർശനമേ | അഗസ്തിയർ (തമിഴ്) |
| 8) സൊന്നദു നീതാനാ | നെഞ്ചിൽ ഓർ ആലയം (തമിഴ്) |
| 9) കല്ലിലേ തലൈവണ്ണം | കുമുദം (തമിഴ്) |
| 10) പൽ പൽ ഹേ ഭാരീ | സ്വദേശ് (ഹിന്ദി)● |

**വിമൻസ്ഫോറം 2017 ജൂലൈ മാസത്തെ പരിപാടി**

| തീയ്യതി | പരിപാടി | സമയം | അവതാരക |
|---|---|---|---|
| 19.07.2017 (ബുധൻ) | പാചക ക്ലാസ്സ്<br>റൈസ്, വെജിറ്റബിൾ & സാലഡ് | 3.30 p.m. | ശ്രീമതി സുധ നന്ദകുമാർ |

വാസ്തു

# കന്നിമൂല പേടിക്കരുത്

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

നമ്മുടെ നാട്ടിൽ വാസ്തു നോക്കുന്നവർക്കും ജ്യോത്സൻമാർക്കും ക്ഷാമമില്ല. എത്ര പഠിപ്പും വിവരമുള്ളവരും പെട്ടുപോകും.

കഴിഞ്ഞ ആഴ്ച ഒരു വീട്ടിൽ ചെന്നപ്പോൾ കണ്ടതു സെപ്ടിക് ടാങ്ക് മാറ്റുവാൻ കോൺട്രാക്ടറും എഞ്ചിനിയറും തയ്യാറായി നില്ക്കുന്നു. 75000 രൂപയുടെ എസ്റ്റിമേറ്റും

ആ വീടിന്റെ സെപ്റ്റിക് ടാങ്ക് പടിഞ്ഞാറു മദ്ധ്യത്തിന്റെ തെക്കു വശത്താണ്. സെപ്റ്റിക് ടാങ്കിന്റെ മുകളിൽ ഉദ്ദേശം ഒന്നര അടി മണ്ണുണ്ട്. മണ്ണ് മാറ്റിയാൽ മാത്രമെ ടാങ്ക് കാണുകയുള്ളു.

അതുപോലെ വീടിന്റെ തെക്കു പടിഞ്ഞാറ് മൂലയിൽ പുറമെ നിന്നും വാതിൽ വെച്ചിട്ടുള്ള ടോയ്‌ലറ്റ് ഉണ്ട്. അതും മാറ്റുന്നതിനായി നില്ക്കുന്നു. ഇതിന്റെ ശാസ്ത്രീയ വശം പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്.

ഡിസംബർ 21 മുതൽ ഉദയം വടക്കോട്ടു മാറുന്നതാണ്. ഇതിന് പല സ്ഥലത്തും പല പേരുകൾ അറിയപ്പെടുന്നു. ജനുവരി 14 അഥവാ മകരം ഒന്നിന് ഇതു ഇന്ത്യ മുഴുവൻ ആഘോഷിക്കുന്നു. ആ സമയത്ത് ഭൂമിയിൽ വിടുന്ന സൂര്യപ്രകാശം വളരെ വേഗത്തിലും ശക്തി കൂടിയതും ആകുന്നു. സൂര്യനും ഭൂമിക്കും ഇടയിലുള്ള കാർമേഘങ്ങൾ കുറവായിരിക്കും.

രാവിലെ 4.30 മുതൽ 6.00 വരെ ഭൂമിയിൽ വീഴുന്ന പ്രകാശരശ്മികൾ വടക്കു കിഴക്കു നിന്നും തെക്കു പടിഞ്ഞാറ് ഭാഗത്തേക്ക് മാറി കൊണ്ടിരിക്കും. ഇത് അടുക്കളയിലും പറമ്പിലും നില്ക്കുന്നത് വീടിന്റെ എനർജി നിലനില്ക്കുന്നതിന് അത്യാവശ്യമാണ്.

എല്ലാ മുറികളിലും ഉദയം വരുവാൻ പാകത്തിനാണ് ജനാലകളും വാതിലുകളും വെക്കേണ്ടത്. തെക്കു പടിഞ്ഞാറു ഭാഗത്ത് ഗേറ്റ്, കുളം, കിണർ എന്നിവ ഉണ്ടായാൽ പ്രകാശരശ്മികൾ തിരിച്ചു മടങ്ങി വരില്ല. വെള്ളം പെട്ടെന്ന് ഇതിനെ സ്വീകരിക്കുന്നു. തെക്കുപടിഞ്ഞാറ് സെപ്റ്റിക് ടാങ്ക് ഉണ്ടെങ്കിൽ അതിന്റെ കവർസ്ലാബ് ലൈറ്റ് പ്രൂഫ് ആക്കി മുകളിൽ മണ്ണിട്ട് വെള്ളം നില്ക്കാത്തപോലെ ആക്കിയാൽ മതി.

തെക്കു പടിഞ്ഞാറ് ഭാഗത്ത് ടോയ്‌ലറ്റ് ഉണ്ടെങ്കിൽ അതിന്റെ വാതിലിന് അടിപ്പടിവെച്ച് ഫ്ളോർ 6 സെ.മി ഉയർത്തിയാൽ മതി. ഏറ്റവും പ്രധാനപ്പെട്ടത് വരുന്ന വെയിൽ അടുക്കളയിലും പോകുന്ന വെയിൽ കിടപ്പു മുറിയിലും വരണം.

ഒരു മുറിയുടേയും തെക്കു പടിഞ്ഞാറ് വാതിൽ വരരുത്. ഒരു പറമ്പിന്റെയും തെക്കുപടിഞ്ഞാറു ഭാഗത്ത് ഗേറ്റ് വരരുത്. തെക്കു പടിഞ്ഞാറ് മുറി താഴ്ന്ന് കിടക്കരുത്.

ഉദയം വരാത്ത അടുക്കളയും അസ്തമയം വരാത്ത കിടപ്പു മുറിയും ഉള്ളവീടുകളിൽ പ്രശ്നങ്ങൾ ഉണ്ടാവാൻ വിരോധമില്ല●

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

## എറണാകുളം കരയോഗം
## നവരാത്രി ആഘോഷങ്ങൾ

**ഈ വർഷത്തെ നവരാത്രി ആഘോഷങ്ങളോടനുബന്ധിച്ചുള്ള പുരാണ സാഹിത്യ കലാ നൃത്ത സംഗീത മത്സരങ്ങൾ ജൂലൈ മാസം 16-ാം തീയതി രാവിലെ 9.30 ന് ആരംഭിക്കുന്നു.**

തുടർച്ച

ശ്രീകുമാരി രാമചന്ദ്രൻ
(ഫോൺ: 9947054009)

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

തിരുജ്ഞാനസംബന്ധർ സസന്തോഷം പാണരുടെ അഭ്യർത്ഥന കൈക്കൊണ്ടു. അന്നുമുതൽ ഇരുവരും ഒരുമിച്ചു കഴിയാൻ തുടങ്ങി. കുറച്ചുനാൾ കഴിഞ്ഞപ്പോൾ സംബന്ധർ അനുയായികൾക്കൊപ്പം വീണ്ടും ഒരു തീർത്ഥാടനത്തിനു പുറപ്പെട്ടു. ആദ്യം തില്ലൈ നടരാജനെ കണ്ടു വന്ദിച്ചു. അവിടെ നിന്നും തിരുക്കഴിപ്പാല ക്ഷേത്രത്തിലെത്തി. ബ്രാഹ്മണരും മറ്റു ശൈവമത വിശ്വാസികളും ചേർന്ന് അദ്ദേഹത്തിന് വമ്പിച്ച വരവേൽപു നൽകി. സംബന്ധരുടെ ഹൃദയം നിറഞ്ഞു. ബ്രാഹ്മണർ തന്നെ വന്ദിക്കും മുമ്പ് സംബന്ധർ അവരെ കൈകൂപ്പിവന്ദിച്ചു. തുടർന്ന് 'ആടിനായ് നറുനെയ്യാട്' എന്ന തിരുപ്പതികം പാടി. അവിടെ നിന്ന് തിരുമുതുകുന്റ്റ്, തിരുപ്പെൺകടം, തിരുത്തുറൈ തുടങ്ങിയ സ്ഥലങ്ങളിലെ ശിവാലയങ്ങൾ സന്ദർശിച്ചു. തിരുവരത്തുറൈയിൽ എത്തിയപ്പോൾ ബ്രാഹ്മണർ സംബന്ധരേയും സംഘത്തെയും എതിരേറ്റു. സ്വപ്നത്തിൽ തങ്ങൾക്ക് തിരുനെൽവായ് മഹാദേവന്റെ കൽപ്പന കിട്ടിയിട്ടുണ്ടെന്നും തങ്ങളുടെ സൽക്കാരം സ്വീകരിക്കണമെന്നും അവർ അഭ്യർത്ഥിച്ചു. സംബന്ധർ ബ്രാഹ്മണരുടെ അഭ്യർത്ഥനക്കു വഴങ്ങി. അടുത്ത ദിവസം നടതുറന്നപ്പോൾ ശ്രീകോവിലിനകത്ത് തങ്ങൾ സ്വപ്നത്തിൽ കണ്ടതുപോലുള്ള മുത്തുക്കുടയും പല്ലക്കും കണ്ട ബ്രാഹ്മണർ ആനന്ദവിവശരായി. ഇത് അമ്പലവാണരുടെ അനുഗ്രഹം തന്നെ എന്നു കരുതിയ ജ്ഞാനസംബന്ധർ അവയെ സ്വീകരിച്ചു. പിന്നീടുള്ള യാത്രകളിൽ ഇവ രണ്ടും അദ്ദേഹത്തിന്റെ സന്തതസഹചാരികളായി. തീർത്ഥയാത്രാസംഘം തിരുപ്പഴവൂരിലെത്തി. അവിടെ ക്ഷേത്രത്തിൽ നമ്പൂതിരിമാരാണ് പുരോഹിതരായി സേവനമനുഷ്ഠിച്ചിരുന്നത്. അവരുടെ പൂജാവിധികളും മന്ത്രതന്ത്രങ്ങളും മനസിലാക്കിയതിനുശേഷം സംബന്ധർ യാത്ര തുടർന്നു. തിരുവിജയമങ്കൈ ക്ഷേത്രത്തിലെത്തിയപ്പോൾ അവിടുത്തെ ഗോദാന മാഹാത്മ്യത്തെക്കുറിച്ചു പാടി. തിരുവൈഗാ,തിരുപ്പറമ്പിയം, തിരുച്ചേഞ്ചലൂർ മുതലായ ക്ഷേത്രങ്ങളിലും സംബന്ധർ ദർശനം നടത്തി. ഹ്രസ്വമായ ഒരിടവേളക്കു ശേഷം വീണ്ടും യാത്രക്കു തയ്യാറായി. ഇക്കുറി പിതാവും നീലകണ്ഠയാഴ്പ്പാണരും അദ്ദേഹത്തിന്റെ സംഘത്തിൽച്ചേർന്നു. തീർത്ഥാടകസംഘം കാവേരിയുടെ വടക്കുദിശയിലുള്ള അനവധി ക്ഷേത്രങ്ങൾ സന്ദർശിച്ചതിനു ശേഷം ചോഴനാട്ടിലെത്തി. അവിടെ കുന്നിനുമേലെയും മലയുടെ മേലെയും താഴ്‌വാരങ്ങളിലുമെല്ലാം ധാരാളം ശിവക്ഷേത്രങ്ങളുണ്ടായിരുന്നു. എല്ലായിടത്തും ദർശനം കഴിച്ചു സായൂജ്യമടഞ്ഞ സംഘം ധർമപുരത്ത് എത്തിച്ചേർന്നു. അവിടത്തെ ശിവസന്നിധിയിലിരുന്ന് സംബന്ധർ 'മാതർ മടപ്പിടി' എന്ന തിരുപ്പതികമാലപിച്ചു. നീലകണ്ഠർ യാഴിൽ അനുഗാനം ചെയ്തു. അതിനുശേഷം മുതൂറിലെ തിരുച്ചാത്തമങ്കൈ എന്ന ദിക്കിലെത്തിയ സംഘം കുറച്ചു ദിവസം നീലനക്കനായനാരുടെ ഭവനത്തിൽ തങ്ങി. 'തിരുമലർ കൊന്റൈമാലൈ' എന്ന തിരുപ്പതികത്തിൽ തിരുനീലനക്കരെ സ്തുതിച്ചു പാടിയ സംബന്ധർ സംഘത്തോടൊപ്പം തിരുച്ചെങ്കാടൻകുടിയിലെത്തിയപ്പോൾ തിരുത്തൊണ്ടൈനായനാരുമായി കൂടിക്കാഴ്ച നടത്തി. തിരുത്തൊണ്ടരെക്കുറിച്ച് തിരുപ്പതികത്തിൽ സ്തുതിച്ചുപാടുകയും ചെയ്തു. അവിടെ നിന്നു നേരെ തിരുവിഴിമിഴലൈയിലെത്തിയ സംബന്ധർ തിരുനാവുക്കരശരോടൊപ്പം കഴിഞ്ഞു. ഭക്തിയും സംഗീതവും നിറഞ്ഞ ദിവസങ്ങൾ ! സമയം കടന്നു പോയതറിഞ്ഞില്ല. ഇതിനിടെ വരൾച്ചയും ക്ഷാമവും മൂലം തിരുവിഴിമിഴലൈ ദുരിതത്തിലായി. മനം നൊന്ത സംബന്ധരും നാവുക്കരശരും മഹാദേവന്റെ സന്നിധിയിൽ ഭജനമിരുന്നു. ഭഗവാൻ ഇരുവർക്കും സ്വപ്നദർശനം നൽകി. 'ക്ഷാമം തീരുവോളം നാം എല്ലാദിവസവും കിഴക്കേപീഠത്തിലും തെക്കേപീഠത്തിലും ഓരോ പൊൻകാശു വെച്ചേക്കാം'. ഇപ്രകാരം അരുളിച്ചെയ്തതിനുശേഷം ഭഗവാൻ അപ്രത്യക്ഷനായി. പിറ്റേന്ന് ക്ഷേത്രത്തിലെ കിഴക്കേപടിമേലും തെക്കേപ്പടിമേലും ഓരോ പൊൻകാശു കാണപ്പെട്ടു. അതെടുത്ത് സംബന്ധരും നാവുക്കരശരും ഗ്രാമീണർക്ക് അന്നദാനം നടത്തി. ക്ഷേ

ത്രത്തിലെത്തിയ ശിവയോഗികൾക്കും അവർ അന്നം നൽകി. ഇപ്രകാരം വരൾച്ച തീരുവോളം ഭഗവാൻ പൊൻകാശുകളുടെ രൂപത്തിൽ അനുഗ്രഹം വർഷിച്ചു. സംബന്ധരും നാവുക്കരശരും തിരുമാറൈക്കാട് എന്ന ശിവക്ഷേത്രത്തിലെത്തി. അവിടത്തെ മുഖ്യകവാടം അടഞ്ഞുകിടക്കുകയായിരുന്നു. സംബന്ധർ നിർദ്ദേശിച്ചതനുസരിച്ച് നാവുക്കരശർ ഭക്തിനിർഭരമായ ഒരു ശിവസ്തുതി ആലപിച്ചു. അതിന്റെ ലയത്തിൽ വാതിലിന്റെ വേദപ്പൂട്ട് തുറക്കപ്പെട്ടു. ഇരുവരും അകത്തു കയറി ഭഗവാനെ ദർശിച്ചു. തിരികെ കവാടത്തിലൂടെ പുറത്തിറങ്ങി. സംബന്ധർ ഉടൻ ഒരു തിരുപ്പതികം പാടി. കവാടം അടയുകയും ചെയ്തു. ഇപ്രകാരം ദിനവും ശിവസ്തുതി പാടി കവാടം തുറക്കുകയും തിരുപ്പതികം പാടി കവാടം അടക്കുകയും ചെയ്തു പോന്നു, (ഇന്നും തിരുമറൈക്കാട് ക്ഷേത്രത്തിൽ ഈ പതിവ് തുടർന്നു പോരുന്നു). വാതിൽ തുറക്കാൻ താൻ നാലുപാട്ടുകൾ പാടിയപ്പോൾ ഒരൊറ്റപ്പാട്ടുപാടി സംബന്ധർ വാതിലടപ്പിച്ചതിൽ നാവുക്കരശർ അൽഭുതപ്പെട്ടു. സ്വപ്നത്തിൽ മഹാദേവൻ അപ്പരോട് (തിരുനാവുക്കരശർ) തിരുവായ്മുതൂരിലേക്കു വരാൻ ആവശ്യപ്പെട്ടു. അപ്പർ മുതൂരിലേക്കു ചെന്നു. പുറകെ സംബന്ധരും മുതൂരിലെത്തി. അവിടെ ശ്രീകോവിലിൽ അംബികയോടൊപ്പം നൃത്തമാടുന്ന സദാശിവനെക്കണ്ട് ഇരുവരുടെയും മനം കുളിർത്തു. ഏതാനും ദിവസം തിരുവായ്മുതൂരിൽ തങ്ങിയശേഷം ജ്ഞാനസംബന്ധർ ശീർക്കാഴിയിലേക്കു മടങ്ങി. നിലകണ്ഠയാഴ്പ്പാണർ സ്വഗൃഹത്തിലേക്കും പോയി. വൈകാതെ ജ്ഞാനസംബന്ധരുടെ ഉപനയനം നടന്നു. തദവസരത്തിൽ പുരോഹിതന്മാർ ചൊല്ലിയ വേദമന്ത്രങ്ങളുടെ പൊരുളും അതോടൊപ്പം നടന്ന ചടങ്ങുകളും സംബന്ധർ കൃത്യമായി ഗ്രഹിച്ചു. സകല മന്ത്രങ്ങളുടെയും ഉറവിടം പഞ്ചാക്ഷരീമന്ത്രമാണെന്ന് വ്യക്തമാക്കിക്കൊണ്ട് അദ്ദേഹം 'തുഞ്ചലും തുഞ്ചലില്ലാതപോഴ്തിനും' എന്ന പഞ്ചാക്ഷര തിരുപ്പതികം പാടി. ഉപനയനത്തിനുശേഷം സംബന്ധർ കുറച്ചുനാൾ ശീർക്കാഴിയിൽ തങ്ങി. വീണ്ടും തീർത്ഥാടനത്തിനു പുറപ്പെട്ടു. ഇക്കുറി തിരുക്കണ്ണനാർ ക്ഷേത്രം, തിരുപ്പുളരുക്കുവേളൂർ (ജടായു, സാമ്പാതി തുടങ്ങിയ പക്ഷിശ്രേഷ്ഠന്മാർ ദർശിച്ചു പ്രാർത്ഥിച്ച ക്ഷേത്രം), തിരുപ്പന്തനൈനെല്ലൂർ, തിരുമണഞ്ചേരി, തിരുക്കഞ്ചന്നൂർ, തിരുമാന്തുറൈ, തിരുവൈയ്യാർ, തിരുനെയ്ത്താനം, തിരുക്കാനൂർ, വടകരൈ, മാന്തുറൈ തുടങ്ങിയ ഒട്ടേറെ ശിവാലയങ്ങൾ ദർശിച്ചു.തിരുപ്പാച്ചിലാച്ചിരാമം എന്ന സ്ഥലത്തെത്തിയപ്പോൾ കൊല്ലിമഴവൻ എന്ന നാട്ടുരാജാവിന്റെ പുത്രി മുയലകൻ എന്ന വ്യാധി പിടിപെട്ട് കിടപ്പിലായിരുന്നു. വിവരമറിഞ്ഞ സംബന്ധർ ശിവപെരുമാളുടെ സന്നിധിയിലെത്തി. ഭഗവാനെ നോക്കിക്കൊണ്ട് 'മണിവളർ കണ്ടരോ മങ്കൈയെ വാടമയൽ ചെയ്വതോ ഇവർ മാൺപു?' എന്നു തുടങ്ങുന്ന തിരുപ്പതികം പാടി. ഇതിന്റെ അന്ത്യത്തിൽ അവശയായിക്കിടന്നിരുന്ന കുമാരി അസുഖം മാറി എഴുന്നേറ്റു. സംബന്ധർ പിതാവിനെയുംകൂട്ടി തീർത്ഥാടനം തുടർന്നു. ചോഴനാട്ടിലെ കാനനക്ഷേത്രങ്ങളും തൃക്കാട്ട്പ്പള്ളി, തൃപൂന്തുരുത്തി, തൃക്കണ്ടിയൂർ, തൃച്ചേറ്റുതുറൈ, തൃക്കരുക്കാവൂർ, തിരുനല്ലൂർ, തിരുപ്പത്തൂർ, തൃശ്ശൂർ തുടങ്ങിയ ശിവാലയങ്ങളും ദർശിച്ചതിനുശേഷം തിരുവാടുംതുറൈയിൽ എത്തി. 'നിനക്കു വിവാഹപ്രായം തികഞ്ഞിരിക്കുന്നു. നിന്റെ വിവാഹം നടത്താൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. അതിനു പണം വേണം ! സമ്പാദ്യമുണ്ടെങ്കിലേ കുടുംബജീവിതം സുസാദ്ധ്യമാവൂ !' എന്ന് പിതാവ് നിർദ്ദേശിച്ചു. സംബന്ധർ ശിവസന്നിധിയിൽ നിന്നുകൊണ്ട് ഒരു തിരുപ്പതികം പാടി. അതു പൂർണ്ണമായ നിമിഷം ഒരു ശിവഭൂതം പ്രത്യക്ഷപ്പെടുകയും ഒരു പണക്കിഴിയെടുത്തു മുന്നിൽ വെക്കുകയും ചെയ്തു. 'എടുക്കുംതോറും വർദ്ധിക്കുമെന്നതാണ് ഈ പണിക്കിഴിയുടെ പ്രത്യേകത! ഇത് താങ്കൾക്ക് ശിവപെരുമാൾ നൽകുന്ന സമ്മാനമാണ് !' എന്നറിയിച്ചതിനുശേഷം ശിവഭൂതം അപ്രത്യക്ഷനായി. സംബന്ധർ ഭക്തിയോടെ പണക്കിഴി വാങ്ങി പിതാവിനെ ഏൽപിച്ചു. അങ്ങ് ശീർക്കാഴിയിലേക്കു മടങ്ങിക്കൊള്ളൂ, എന്നു വിനയപൂർവ്വം നിർദ്ദേശിച്ചതിനുശേഷം സംബന്ധർ വീണ്ടും ക്ഷേത്രാടനത്തിനിറങ്ങി. ധർമപുരിയിലെത്തിയപ്പോൾ നീലകണ്ഠയാഴ്പാണർ ഒരഭ്യർത്ഥന നടത്തി. അതനുസരിച്ച് തിരുപ്പതികത്തിന്റെയും സംഗീതത്തിന്റെയും തമിഴിന്റെയും മഹത്വം ലോകത്തെ അറിയിക്കാനായി 'മാതർ മടപ്പിടി' എന്ന തിരുപ്പതികമാലപിച്ചു. അവിടെനിന്നും പുറപ്പെട്ട് തിരുനള്ളാർ, തിരുച്ചാത്തമങ്കൈ തുടങ്ങിയ ക്ഷേത്രങ്ങളിൽ ദർശനം നടത്തി. അയവന്തി ക്ഷേത്രനടയിൽ നിലകൊണ്ട് 'തിരുമലർകൊന്റൈമാലൈ' എന്ന തിരുപ്പതികം പാടി. ഇതിൽ തിരുനീലനക്കനായനാരെ പ്രകീർത്തിച്ചു. തിരുചെങ്കാട്ടാൻ ക്ഷേത്രത്തിലെത്തിയപ്പോൾ അവിടെവെച്ച് എട്ടുദിക്കിലും കേൾവി കേട്ട ചിറുത്തൊണ്ട നായനാരുമായി ഒരു കൂടിക്കാഴ്ചയുണ്ടായി. ഇരുവരുംചേർന്ന് ഗണപതീശ്വരം ക്ഷേത്രത്തിൽ ദർശനം നടത്തി. അവിടെനി

ന്നു പുറപ്പെട്ട് തിരുമരുകിൽ ക്ഷേത്രത്തിലെത്തിയ സംബന്ധർ സർപ്പദംശനമേറ്റു നിശ്ചലനായിക്കിടക്കുന്ന ഒരു യുവാവിനെയും അരുകിൽ കരഞ്ഞു കൊണ്ടിരിക്കുന്ന ഒരു യുവതിയെയും കണ്ടു. അദ്ദേഹം യുവാവിനു സമീപം ഇരുന്നുകൊണ്ട് ഒരു തിരുപ്പതികം പാടി. അതിന്റെ ഫലമായി വിഷമിറങ്ങുകയും യുവാവ് എണീറ്റിരിക്കയും ചെയ്തു. യാത്ര തുടർന്ന തിരുജ്ഞാനസംബന്ധർ തിരുപ്പുകലൂരിലെത്തി. അവിടെ അദ്ദേഹം മുരുകനായനാർക്കൊപ്പം താമസിച്ചു. ഇതിനിടെ എത്തിച്ചേർന്ന തിരുനാവുക്കരശർ താൻ തിരുവാരൂരിൽ നിന്നു വരികയാണെന്ന് അറിയിച്ചു. തിരുവാരൂരിൽ നടന്ന തിരുവാതിര മഹോത്സവത്തെക്കുറിച്ച് വർണ്ണിച്ചു കേൾപ്പിക്കയും ചെയ്തു.. പിറ്റേന്നു തന്നെ സംബന്ധർ തിരുവാരൂരിലേക്കു പുറപ്പെട്ടു. അവിടെ എത്തി മൂന്നോ നാലോ ദിവസങ്ങൾ കഴിഞ്ഞപ്പോൾ മുരുകനായനാരും നീലനക്കനായനാരും തൊണ്ടൈനായനാരും തിരുനാവുക്കരശരും എത്തിച്ചേർന്നു. എല്ലാവരും ചേർന്നു ശിവപെരുമാളെ ഭജനം ചെയ്തു. തദവസരത്തിൽ സംബന്ധർ ഒരു തിരുപ്പതികം രചിച്ചു പാടി. അവിടെ നിന്നു പുറപ്പെട്ട സംബന്ധർ മഹാളം ക്ഷേത്രത്തിലെത്തി. ആ ക്ഷേത്രം നിർമ്മിച്ച ചെങ്കൺചോഴനായനാരെ പുകഴ്ത്തിക്കൊണ്ട് ഒരു തിരുപ്പതികം രചിച്ചു പാടി. പിന്നീട് തൃക്കൂരും തിരുമേച്ചൂരും തിരുപ്പാമ്പുറവും സന്ദർശിച്ചു.

അക്കാലത്ത് പാണ്ഡ്യനാട്ടിൽ ശൈവമതത്തെക്കാൾ പ്രാബല്യം ജൈനമതത്തിനായിരുന്നു. അതിനാൽ മഹാറാണി മങ്കയർക്കരശി ദു:ഖിതയായി. അവർ മന്ത്രിമുഖാന്തിരം രാജ്യത്തിന്റെ ദുരവസ്ഥയെക്കുറിച്ച് സംബന്ധർക്കു വിവരം നൽകുകയും ഏതുവിധേനയും ശൈവമതത്തെ പുനസ്ഥാപിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. അതനുസരിച്ച് ജ്ഞാനസംബന്ധർ പാണ്ഡ്യനാട്ടിലെത്തി. സംബന്ധരുടെ വരവോടെ ജൈനഭവനങ്ങളിലും ആരാധനാലയങ്ങളിലും ദുർനിമിത്തങ്ങൾ കണ്ടു തുടങ്ങി. സംബന്ധർ തങ്ങിയിരുന്ന മഠത്തിനും ചുറ്റുമുള്ള ഭവനങ്ങൾക്കും അവർ തീ വെച്ചു. ശിവസേവകർ വെള്ളം കോരി തീയണച്ചു. എന്നാൽ സംബന്ധർക്കു തൃപ്തിയായില്ല. അദ്ദേഹം അഗ്നിദേവനെ പ്രാർത്ഥിച്ചു. 'അല്ലയോ അഗ്നിദേവാ ! ജൈനർ അക്രമം കാണിച്ചിരിക്കുന്നു. അതിനു മൗനസമ്മതം നൽകിയ രാജാവിനോട് അങ്ങുതന്നെ കണക്കു ചോദിക്കണം !' അഗ്നിദേവൻ സംബന്ധരുടെ പ്രാർത്ഥന കൈക്കൊണ്ടു;രാജാവിന് ഉഷ്ണവ്യാധി പിടിപെട്ടു. കിടക്കാനും ഇരിക്കാനും വയ്യാതെ അദ്ദേഹം പിടഞ്ഞു. 'സംബന്ധർ തങ്ങുന്ന മഠത്തിന് ജൈനർ തീവെച്ചതിന്റെ തിക്തഫലമാണ് നാം അനുഭവിക്കുന്നത്. ഈ വ്യാധി സുഖപ്പെടുത്തുന്നത് ആരാണോ അവരോടൊപ്പം നാം നിൽക്കും!' എന്ന് രാജാവ് വിളംബരം ചെയ്തു. ദുർമന്ത്രങ്ങളും മായാപ്രയോഗങ്ങളുമായി ജൈനർ രാജാവിന്റെ ഇടതുഭാഗത്ത് വൈദ്യം ചെയ്തു. രാജശരീരമാകെ ചൂട് ഇരട്ടിച്ചു. ജ്ഞാനസംബന്ധർ പഞ്ചാക്ഷരീമന്ത്രം ജപിച്ചുകൊണ്ട് രാജാവിന്റെ ശരീരത്തിൽ തിരുനീറ് തളിച്ചു. അതോടെ ചൂടു ശമിക്കയും രാജാവ് പരിപൂർണസുഖം പ്രാപിക്കയും ചെയ്തു. രാജാവ് വാക്കു പാലിച്ചു. അദ്ദേഹം ജൈനമതം ഉപേക്ഷിച്ച് ശൈവമതത്തിൽ ചേർന്നു. പരാജയപ്പെട്ട ജൈനർ സ്വയം ജീവിതമവസാനിപ്പിച്ചു.

പാണ്ഡ്യനാട്ടിൽ ശൈവമതം പുന:സ്ഥാപിച്ചതിനുശേഷം സംബന്ധർ ദേശാടനം തുടർന്നു. തിരുപ്പരുകുൻറം, പേരൂർ, തിരുക്കറുംപാല, തൃക്കൂർ, തിരുനല്ലൂർ, തൃത്തലശ്ശേരി മുതലായ ശിവാലയങ്ങളിൽ ദർശനം ചെയ്തതിനുശേഷം ബുദ്ധമതകേന്ദ്രമായ ബോധിമങ്കൈ എന്ന സ്ഥലത്തെത്തി. സുഭാഷിതങ്ങളിലൂടെയും വാദപ്രതിവാദങ്ങളിലൂടെയും അവിടെയുള്ള ബുദ്ധമതാനുയായികളെ ശൈവവിശ്വാസത്തിലേക്കു മടക്കിക്കൊണ്ടുവന്നു. തുടർന്ന് തിരുക്കടവൂർ, തിരുപ്പൂന്തുരുത്തി തുടങ്ങിയ ക്ഷേത്രങ്ങൾ സന്ദർശിച്ചു. ഏതാനും മാസങ്ങൾ വിശ്രമിച്ചതിനുശേഷം ലങ്കയിലേക്കു തിരിച്ചു. ക്ഷേത്രാടനം തന്നെയായിരുന്നു ലക്ഷ്യം. തിരുവാടാനൈ ശിവാലയത്തിലേക്കാണ് ആദ്യം ചെന്നത്. ദുർവാസാവിന്റെ ശാപം മൂലം ആനയുടെ ഉടലും ആടിന്റെ തലയും ചേർന്ന് രൂപം മാറിയ ഭൃഗുമഹർഷിക്കു ശാപമോക്ഷം കിട്ടിയ ക്ഷേത്രമായിരുന്നു അത്. തിരുവാടാനൈയപ്പരെ ദർശിച്ച സായൂജ്യവുമായി തൃകോണമാലൈ, തൃപ്പുനവായിൽ, മണമേർക്കുടി, തിരുവാലങ്കാട് മുതലായ ക്ഷേത്രങ്ങൾ സന്ദർശിച്ചു. കേദാരം, ബദരിനാഥ്, ശ്രീകൈലാസം, ഗോകർണ്ണം എന്നീ ശിവക്ഷേത്രങ്ങൾ സ്ഥിതി ചെയ്യുന്ന ദിശകളിലേക്കു തിരിഞ്ഞു നിന്നു കൊണ്ട് ശിവസ്തുതികളാലപിച്ചു. തദവസരത്തിൽ കണ്ണപ്പനായനാരെ കണ്ടുവന്ദിച്ച സംബന്ധർ അദ്ദേഹത്തെക്കുറിച്ച് തന്റെ പാമാലൈയിൽ പാടുകയും ചെയ്തു.

ഇത്തരുണത്തിൽ പൂമ്പാവൈ എന്ന പെൺകൊടിയുടെ കഥ അറിഞ്ഞിരിക്കേണ്ടതുണ്ട്. മൈലാപ്പൂരിൽ ധനികനായ ശിവനേശർ എന്നൊരു വ്യാപാരിയുണ്ടായിരുന്നു. ശിവപെരുമാളെ 'ഭജിച്ചും നോമ്പുനോറ്റും നേടിയ പുണ്യത്താൽ അദ്ദേഹത്തി

ന് ഒരു പുത്രിയുണ്ടായി. പൂമ്പാവൈ എന്നായിരുന്നു അവളുടെ പേര്. ശിവനേശർ അവളെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുവളർത്തി. കൗമാരം തികഞ്ഞ മകളെ ഒരു ശിവയോഗിക്കു വധുവായി നൽകണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. എന്നാൽ ഒരു ദിവസം തോട്ടത്തിൽ പൂപറിച്ചുകൊണ്ടിരിക്കെ അവൾ പാമ്പുകടിയേറ്റു മരിച്ചു. ദു:ഖമടക്കിക്കൊണ്ട് വ്യാപാരി അവളുടെ മൃതദേഹം സംസ്കരിച്ചു. ചിതാഭസ്മം ഒരു പൊൻകലശത്തിലാക്കി സൂക്ഷിച്ചു. ഏതാനും ആഴ്ചകൾ കഴിഞ്ഞപ്പോൾ തിരുജ്ഞാനസംബന്ധർ അതുവഴി വന്നു. ശിവനേശർ പൂമ്പാവൈയെക്കുറിച്ച് സംബന്ധരോടു സംസാരിച്ചു. സംബന്ധരുടെ നിർദേശപ്രകാരം വ്യാപാരി ചിതാഭസ്മമടങ്ങിയ പൊൻകലശം കപാലീശ്വരസന്നിധിയിൽ വെച്ചു. സംബന്ധർ മണ്ഡപത്തിൽ ആസനസ്ഥനായി. തന്റെ ഭക്തി നിസ്വാർത്ഥവും കളങ്കമറ്റതുമാണെങ്കിൽ പൂമ്പാവൈയ്ക്കു പുനർജന്മം നൽകേണമേ എന്നു ശിവപെരുമാളിനോടു പ്രാർത്ഥിച്ചുകൊണ്ട് അദ്ദേഹം ഒരു പാമാലൈ പാടി. അതിന്റെ പൂർണ്ണതയിൽ, അമൃതകലശത്തിൽ ഇരുന്നുകൊണ്ട് പ്രത്യക്ഷപ്പെട്ട ലക്ഷ്മിദേവിയെപ്പോലെ, പൊൻകലശത്തിൽ നിന്നു പൂമ്പാവൈ ഉയിർത്തെഴുന്നേറ്റു. കണ്ടുനിന്നവർ ഹരഹരാരവം മുഴക്കി. ശിവനേശരും പുത്രിയും സംബന്ധരുടെ പാദങ്ങളിൽ പ്രണാമമർപ്പിച്ചു. 'സത്യത്തിൽ പൂമ്പാവൈ മരണപ്പെട്ടുകഴിഞ്ഞു. ഇപ്പോൾ ഭഗവാന്റെ അനുഗ്രഹത്താൽ ഉയിർകൊണ്ടിരിക്കയാണ്. പക്ഷേ ഇവൾ മോക്ഷം പ്രാപിക്കേണ്ടതുണ്ട്. അതിനാൽ എന്നോടൊപ്പം ക്ഷേത്രത്തിനകത്തേക്കു പ്രവേശിക്കുക!' എന്നു പറഞ്ഞുകൊണ്ട് സംബന്ധർ ക്ഷേത്രത്തിലേക്കു കയറി. വ്യാപാരി പുത്രിയോടൊപ്പം സംബന്ധരെ പിൻതുടർന്നു. അവളെ കന്നിമാടത്തിലിരുത്തിയശേഷം ശിവനേശർ ഒരു വശത്തിരുന്നു ധ്യാനംതുടങ്ങി. നേരത്തോടു നേരം തികഞ്ഞതും പൂമ്പാവൈ ശിവപാദത്തിൽ ലയിച്ചു മോക്ഷം നേടി.

സംബന്ധർ വീണ്ടും പദയാത്ര തുടങ്ങി. പല പല ക്ഷേത്രങ്ങൾ ദർശിച്ചതിനുശേഷം അദ്ദേഹം ശീർക്കാഴിയിലെത്തി. അവിടെ മുരുകനായനാർ, തിരുനീലനക്കർ എന്നിവരോടൊപ്പം സഹവാസം ചെയ്തുകൊണ്ട് ശിവപ്പതികങ്ങൾ പാടി. അതിനിടെ പിതാവായ ശിവപാദവിരുതയർ വീണ്ടും പുത്രനുവേണ്ടി വിവാഹാലോചനകൾ തുടങ്ങി. ശിവോപാസകനായ തനിക്കു കുടുംബജീവിതത്തിൽ താൽപര്യമില്ലെന്നു സംബന്ധർ തുറന്നുപറഞ്ഞു. വേദോപാസകനെന്ന നിലക്ക് ദേവനിയോഗം പൂർണ്ണമാക്കിയതിനാൽ സംബന്ധർ നിശ്ചയമായും വിവാഹം കഴിക്കേണ്ടതാണെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.സംബന്ധർക്കു വഴങ്ങേണ്ടി വന്നു. പെരുമണം ക്ഷേത്രത്തിൽവെച്ച് തിരുത്താലിച്ചാർത്ത് നിശ്ചയിക്കപ്പെട്ടു. തിരുനല്ലൂരിലെ നമ്പിയാണ്ടാർനമ്പിയുടെ പുത്രി ആരുനിധിയായിരുന്നു വധു! മുഹൂർത്തത്തിനു മുമ്പ് വരൻ അണിഞ്ഞൊരുങ്ങേണ്ടതുണ്ടായിരുന്നു. അതനുസരിച്ച് അനുയായികൾ മുത്തുമാലകളും വൈരമോതിരങ്ങളുമായി കാത്തു നിന്നു. എന്നാൽ അതൊന്നും ധരിക്കാൻ സംബന്ധർ കൂട്ടാക്കിയില്ല. രുദ്രാക്ഷവും വിഭൂതിയും മാത്രമണിഞ്ഞ് അദ്ദേഹം ക്ഷേത്രത്തിലെത്തി. തിരുനീലനക്കരുടെ കാർമികത്വത്തിൽ ചടങ്ങുകൾ തുടങ്ങി. നമ്പിയാണ്ടാർനമ്പി ആരുനിധിയെ സംബന്ധർക്കു വിവാഹം ചെയ്തു നൽകി. പാണിഗ്രഹണം കഴിഞ്ഞതും താൻ പത്നിയോടുകൂടി ശിവപാദം പൂകും എന്ന് സംബന്ധർക്ക് ഉൾവിളിയുണ്ടായി. അദ്ദേഹം വധുവുമൊത്ത് സോപാനത്തിങ്കലേക്കു നീങ്ങി. ഇനിയുമൊരു ജന്മം അടിയനു വേണ്ട. അടിയനെ അവിടുത്തെ തൃപ്പാദങ്ങളിൽ ചേർക്കേണമേ! എന്നു പ്രാർത്ഥിച്ചതിനുശേഷം അദ്ദേഹം, 'കല്ലൂർ പെരുമണം' എന്ന തിരുപ്പതികം പാടി. അതു പൂർണ്ണമായ നിമിഷം മഹാദേവൻ പ്രത്യക്ഷപ്പെട്ടു. സംബന്ധരെ അനുഗ്രഹിച്ചശേഷം മിന്നൽപ്പിണർ കണ ക്കെ ഭഗവാൻ മറയുകയും അവിടുന്നു നിലകൊണ്ട സ്ഥാനത്ത് ഒരു ജ്യോതിർലിംഗം കാണപ്പെടുകയും ചെയ്തു. തിരുനീലനക്കർ, തിരുമുരുകർ, വിരുതയർ, നമ്പിയാണ്ടാർനമ്പി, തിരുനീലകണ്ഠർ എന്നിവരെക്കൂടാതെ വിവാഹത്തിൽ പങ്കെടുക്കാനെത്തിയവരെല്ലാവരും പഞ്ചാക്ഷരീമന്ത്രം മുഴക്കി. ദൈവികമായ അന്തരീക്ഷം സംജാതമായി. ക്ഷേത്രം ശിവമന്ത്രമുഖരിതമയി. പല്ലക്കു ചുമന്നവരടക്കം സകലരും ജോതിർലിംഗരൂപിയായ ഭഗവാനിൽ വിലയം പ്രാപിച്ചു. ജ്ഞാനസംബന്ധരും പത്നിയും ജ്യോതിയെ വലംവെച്ചുകൊണ്ട് അതിലേക്കു പ്രവേശിച്ചു. ശിവപെരുമാൾ ഇരുവരെയും സ്വീകരിച്ചു. അടുത്ത നിമിഷം ജ്യോതി അപ്രത്യക്ഷമായി.

ജ്ഞാനപ്പാൽ കുടിച്ച പുണ്യത്താൽ തമിഴഭാഷയുടെയും സംസ്കാരത്തിന്റെയും കലകളുടെയും വളർച്ചക്കും വികാസത്തിനും വഴിപാകിയ, മനുഷ്യമനസുകളിൽ നിന്ന് അജ്ഞതയുടെ അന്ധകാരത്തെ ഒഴിപ്പിക്കാൻ യത്നിച്ച, ശൈവമതസിദ്ധാന്തങ്ങൾ പ്രചരിപ്പിച്ച് മഹത്തായ ഭാരതീയ ചിന്തകളെ പരിപോഷിപ്പിച്ച തിരുജ്ഞാനസംബന്ധർ നായനാർമാർക്കിടയിൽ ഉന്നതമായൊരു സ്ഥാനം അലങ്കരിക്കുന്നു എന്ന് സുന്ദരരുടെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിക്കാണാം●

ക്ഷേത്രങ്ങളിലൂടെ

# എറണാകുളം ശ്രീമഹാദേവക്ഷേത്രം

**ഇന്ദിരാഭായി (ഫോൺ: 9947998674)**

പരശുരാമക്ഷേത്രമെന്നു വിശേഷിപ്പിക്കപ്പെടുന്ന കേരളത്തിലെ പരശുരാമപ്രതിഷ്ഠിതമായ നൂറ്റെട്ടു ശിവാലയങ്ങളിലൊന്നാണ് എറണാകുളം ശ്രീമഹാദേവക്ഷേത്രം. കൊച്ചി കായലും അറബിക്കടലും തമ്മിലുള്ള നർമ്മസല്ലാപങ്ങൾ കണ്ടുണരുന്ന എറണാകുളത്തിന്റെ കുളിർ കാറ്റുപോലും ഇവിടെ പഞ്ചാക്ഷരീമന്ത്രം മൂളുന്നു.

കേരളത്തിന്റെ വ്യാവസായിക തലസ്ഥാനമായ എറണാകുളത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന പ്രൗഢഗംഭീരമായ ഒരു ക്ഷേത്രമാണിത്. നമഃ ശിവായ എന്ന അഞ്ചക്ഷരങ്ങളും പരമശിവന്റെ അഞ്ചു മുഖങ്ങളാണ്. ഓം കാരമെന്നത് എല്ലാത്തിന്റെയും അടിസ്ഥാനതത്വവുമാണ്. പഞ്ചാബ്ജപുരമെന്നും ഋഷിനാഗകുളമെന്നും അറിയപ്പെടുന്ന ഈ ക്ഷേത്രസങ്കേതത്തിൽ പരമശിവന്റെ അഞ്ചുമുഖചൈതന്യങ്ങളും കുടിക്കൊള്ളുന്നു.



ദ്വാപരയുഗത്തിൽ കുലൂമുനിയെന്ന മഹർഷിവര്യൻ ശിഷ്യൻമാരോടൊപ്പം ഹിമാലയത്തിൽ തപസ്സനുഷ്ഠിച്ചിരുന്നു. ഒരു ദിവസം ശിഷ്യൻമാർ ഹോമദ്രവ്യങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി കാട്ടിലൂടെ നടക്കുമ്പോൾ ഒരു കൃഷ്ണസർപ്പത്തെ കണ്ടു. ദേവലൻ എന്നു പേരായ ശിഷ്യൻ കാട്ടുവള്ളികൾ കൊണ്ടു കുടുക്കുണ്ടാക്കി ആ സർപ്പത്തിന്റെ കഴുത്തിൽ മുറുക്കി കൊന്നു. ശിഷ്യൻമാരിൽ നിന്ന് ഈ വിവരമറിഞ്ഞ മഹർഷി കോപാകുലനായി ദേവലനെ സർപ്പവധം എന്ന നീചകർമ്മം ചെയ്ത നീ സർപ്പമായി തീരട്ടെയെന്നു ശപിച്ചു. ശാപവചസ്സുകൾ കേട്ട് അതീവ ദുഃഖിതനായ ശിഷ്യൻ ഗുരുവിന്റെ പാദങ്ങളിൽ നമസ്കരിച്ച് ചെയ്തു പോയ തെറ്റിന് മാപ്പപേക്ഷിച്ചു. ശിഷ്യന്റെ ദയനീയ വിലാപം കേട്ട് മനസ്സലിഞ്ഞ മഹർഷി സങ്കടപ്പെട്ടിട്ടു കാര്യമില്ല ഞാൻ നിന്നെ ശപിക്കാൻ ഇങ്ങിനെയൊരു കാരണമുണ്ടാക്കിയതും ശാപം ഏറ്റുവാങ്ങേണ്ടിവന്നതും എല്ലാം നിന്റെ മുജ്ജന്മ കർമ്മഫലമാണ്. ഈ ശാപത്തിന്റെ ഫലവും ഈ ജന്മം അനുഭവിച്ചു തീർത്തേ മതിയാകൂ. ഈ സംഭവങ്ങളെല്ലാം ദിവ്യദൃഷ്ട്യാ ഞാൻ മനസ്സിലാക്കിയിരിക്കുന്നു. മുജ്ജന്മ പാപഫലവും ഈ ജന്മത്തെ ശാപഫലവും സർപ്പഹത്യാദോഷവും തീർത്തു പാപമോചനത്തിനായി ശ്രീപരമേശ്വരനെ തപസ്സുചെയ്യുക മാത്രമാണ് ഏകമാർഗ്ഗം എന്ന് മഹർഷി ശിഷ്യനെ ഉപദേശിച്ചു. പാപമോചനാർത്ഥം മന്ദരപർവ്വതത്തിലെത്തി പരമശിവനെ തപസ്സു ചെയ്യുക. ശ്രീപരമേശ്വരൻ നിനക്ക് ശാപമോചനം നൽകി അനുഗ്രഹിക്കും. ദോഷനിവാരണങ്ങൾക്കും മോക്ഷപ്രാപ്തിക്കും ശിവസേവയല്ലാതെ മറ്റു മാർഗ്ഗമില്ല എന്നു മനസ്സിലാക്കുക. ദേവലൻ എന്ന നിന്റെ പേരിനെ നിന്റെ കർമ്മങ്ങൾ കൊണ്ടു നീ മലിനമാക്കിയതിനാൽ മേലിൽ നിന്റെ പേര് നാഗർഷിയെന്നായിരിക്കും. ശിവഭക്തിയാൽ സകലദോഷങ്ങളും നീങ്ങി കീർത്തിമാനായി മോക്ഷത്തെ പ്രാപിച്ചാലും എന്ന് മഹർഷി അനുഗ്രഹിച്ചു. ശാപഫലമായി ദേവലൻ ഉഗ്രഫണങ്ങളോടുകൂടിയ സർപ്പമുഖനായി തീരുകയും ചെയ്തു. നാഗർഷി പാപകർമ്മങ്ങളെയോർത്ത് ദുഃഖിതനായെങ്കിലും മന്ദരപർവ്വതത്തിലെത്തി തപസ്സാരംഭിച്ചു. ഒരു ദിവസം നാഗർഷി ഒരു അശരീരി കേട്ടു. ഹേ നാഗർഷേ അങ്ങയുടെ തപസ്സു മതിയാക്കുക. ഇവിടെ നിന്നും ദൂരെ കിഴക്കുഭാഗത്തായി ബഹുളാരണ്യം എന്നൊരു വനപ്രദേശമുണ്ട്. ആ വനത്തിൽ മൂന്നു ഇലഞ്ഞിമരങ്ങളുണ്ട്. അവയുടെ ചുവട്ടിൽ കൃഷ്ണസർപ്പം സുരക്ഷിതമായി കാത്തു സൂക്ഷിക്കുന്ന ഒരു ശിവലിംഗവുമുണ്ട്.

അവിടെ ചെന്ന് ആ ശിവലിംഗത്തെ അങ്ങേയ്ക്കാരാധിക്കാനായി നൽകണമെന്ന് കൃഷ്ണസർപ്പത്തോട് പ്രാർത്ഥിക്കുക. ശിവലിംഗം അങ്ങേയ്ക്കു തന്ന് കൃഷ്ണസർപ്പം മറയുകയും ചെയ്യും. ഈ ശിവലിംഗത്തെ ഭക്തിപൂർവ്വം പ്രാർത്ഥിച്ച് കൊണ്ട് രാമേശ്വരത്തേക്കു പോവുക. സേതുമാധവദർശനവും സേതുസ്നാനവും നടത്തി മടങ്ങിപ്പോരുന്ന വഴി എവിടെവച്ച് ഈ ശിവലിംഗം മണ്ണിൽ ഉറച്ചു പോകുന്നുവോ അവിടെ വച്ച് അങ്ങേയ്ക്ക് ശാപമോക്ഷം ലഭിക്കുകയും ചെയ്യും. ഈ അശരീരി കേട്ട് ആഹ്ലാദഭരിതനായ നാഗർഷി മന്ദരപർവ്വതത്തിലെ തപസ്സു മതിയാക്കി ബഹുളാരണ്യത്തിലേക്കു പുറപ്പെട്ടു. അവിടെയദ്ദേഹം ഇലഞ്ഞിമരങ്ങളെയും അവയുടെ ചുവട്ടിൽ കൃഷ്ണസർപ്പം സംരക്ഷിച്ചിരിക്കുന്ന ശിവലിംഗത്തെയും കണ്ടെത്തി. കൃഷ്ണസർപ്പത്തെ നമസ്കരിച്ച് ദിവ്യമായ ശിവലിംഗം തനിക്കാരാധിക്കാനായി നൽകണമെന്ന് അപേക്ഷിച്ചു. നാഗർഷിക്ക് ശിവലിംഗം നൽകി കൃഷ്ണസർപ്പം അപ്രത്യക്ഷമാവുകയും ചെയ്തു.

ശിവിലിംഗം കിട്ടിയ നാഗർഷിക്ക് മനസ്സിൽ പല സംശയങ്ങളുമുണ്ടായി. ഈ ശിവലിംഗത്തിന്റെ ഉത്ഭവം എങ്ങനെയാണ് , ആരു പൂജിച്ചിരുന്നതാണിത്. താൻ ഏതു രീതിയിൽ ഈ ശിവലിംഗത്തെ പൂജിക്കും. തന്റെ സംശയങ്ങൾക്കുത്തരം നല്കി അനുഗ്രഹിക്കണമേ എന്ന് നാഗർഷി ഭഗവാനോടു പ്രാർത്ഥിച്ചു. ഭഗവൽ പാർഷദനായ നന്ദികേശ്വരൻ നാഗർഷിയുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. വിഗ്രഹത്തെപ്പറ്റിയുള്ള അങ്ങയുടെ സംശയങ്ങൾ തിർത്തു തരുന്നതിനായി ശ്രീ മഹാദേവന്റെ ആജ്ഞയനുസരിച്ചാണ് ഞാനിവിടെ സന്നിഹിതനായത് എന്നറിയിച്ചു. ഈ വിഗ്രഹത്തിൽ കുടിക്കൊള്ളുന്നത് കിരാത മൂർത്തിയാണ്. പാണ്ഡവനായ അർജ്ജുനൻ പൂജിച്ചാരാധിച്ചിരുന്ന വിഗ്രഹമാണിത്. വില്ലാളി വീരനായ അർജ്ജുനൻ ഈ വിഗ്രഹത്തെ പൂജിച്ചു തപസ്സനുഷ്ഠിച്ചാണ് മഹാദേവനിൽ നിന്നും പാശുപതാസ്ത്രം കരസ്ഥമാക്കിയത്. അർജ്ജുനൻ മന്ദരപർവ്വതത്തിലെ ബഹുളാരണ്യത്തിൽ തപസ്സു ചെയ്യുമ്പോൾ അർജ്ജുനന്റെ അസ്ത്രശസ്ത്ര നിപുണതയും മഹാദേവനിലുള്ള ഭക്തിയും പാർവ്വതി ദേവിക്കു കാട്ടിക്കൊടുക്കുന്നതിനും അർജ്ജുനന്റെ കീർത്തി നാടെങ്ങും വ്യാപിപ്പിക്കുന്നതിനും വേണ്ടി മഹാദേവനും പാർവ്വതി ദേവിയും കിരാതനും കിരാതിനിയുമായും നന്ദികേശ്വരനും പാർഷദൻമാരും അതിനനുരൂപമായ രൂപങ്ങൾ സ്വീകരിച്ച് അവർക്കൊപ്പം ബഹുളാരണ്യത്തിലെത്തി. ഈ സന്ദർഭത്തിൽ ദുര്യോധനന്റെ ആജ്ഞയാൽ മൂകാസുരൻ പന്നിയുടെ വേഷത്തിൽ അൻജ്ജുനനെ കൊല്ലുവാൻ വേണ്ടി ഒളിച്ചിരിക്കുന്നത് കിരാതൻ കണ്ടു. തന്റെ നേരെ പാഞ്ഞടുക്കുന്ന പന്നിയെ അർജ്ജുനൻ അമ്പെയ്തു. കിരാതനും അമ്പെയ്തു. രണ്ടു അമ്പുകളുമേറ്റ് പന്നി ചത്തു വീണു. പന്നിയെ കൊന്നതിന്റെ അവകാശവാദവുമായി രണ്ടുപേരും തർക്കമായി. തർക്കം മൂത്തു യുദ്ധമായി. അർജ്ജുനന്റെ ഭക്തിയെ പരീക്ഷിക്കുവാനും അഹംഭാവവും ഗർവ്വും ശമിപ്പിക്കുവാനുമായി ഭഗവാൻ യുദ്ധത്തിൽ നിന്നു പിൻമാറാതെ അർജ്ജുനനെ തോല്പ്പിച്ചു. അശക്തനായി ഭൂമിയിൽ വീണു കിടന്ന അർജ്ജുനൻ കിടന്ന കിടപ്പിൽ മണ്ണു വാരി ശിവലിംഗരൂപമാക്കി കയ്യിൽ കിട്ടിയ ഇലകൾ കൊണ്ട് അർച്ചന നടത്തി. ഇതു കണ്ടു മഹാദേവൻ ചിരിച്ചു. ചിരികേട്ടു തിരിഞ്ഞു നോക്കിയ അർജ്ജുനൻ താനർപ്പിച്ച ഇലകൾ കിരാതന്റെ തലയിൽ കണ്ടു. ഇവർ മഹാദേവനും ദേവിയുമെന്ന് മനസ്സിലാക്കിയ അർജ്ജുനൻ വീണ്ടും വീണ്ടും അർച്ചന ചെയ്തു. ഈ സമയം പാർവ്വതി പരമേശ്വരൻമാർ കിരാതവേഷം വെടിഞ്ഞ് അദ്ദേഹത്തിന്റെ മുന്നിലെത്തി ഇഷ്ടവരദാനവും ദിവ്യമായ പാശുപതാസ്ത്രവും നൽകി അനുഗ്രഹിച്ചശേഷം അന്തർധാനം ചെയ്തു. കിരാതമൂർത്തി ഭാവമാർന്ന ഭഗവാനെ പൂജിച്ചാരാധിക്കുന്നതിനു വേണ്ട ധ്യാന മന്ത്രാദികളും, വിഗ്രഹവുമായി പോകുന്ന വഴിയിൽ നാഗർഷിക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളിൽ നിന്നും രക്ഷനേടുന്നതിനായി തിരസ്കരണി മന്ത്രവും നാഗർഷിക്ക് നന്ദികേശ്വരൻ ഉപദേശിച്ചു കൊടുത്തു. ഈ വിഗ്രഹത്തിന്റെ തത്വസാരം മറ്റുള്ള ഭക്തൻമാർക്കും ഉപകാരപ്രദമായി ഭവിക്കും എന്നരുളി നന്ദികേശ്വരൻ അപ്രത്യക്ഷമാകുകയും ചെയ്തു.

നാഗർഷി തനിക്കിതുവരെയുണ്ടായ അനുഭവങ്ങളും ഉപദേശങ്ങളും അശരീരിയും അനുസരിച്ച് വിഗ്രഹവുമായി മന്ദരപർവ്വതത്തിൽ നിന്നും തെക്കോട്ടു യാത്ര തിരിച്ച് പുണ്യതീർത്ഥങ്ങളിൽ സ്നാനം ചെയ്തും പുണ്യക്ഷേത്രങ്ങൾ സന്ദർശിച്ചും തന്റെ കർമ്മാനുഷ്ഠാനങ്ങൾക്ക് യാതൊരു തടസ്സവും കൂടാതെ ശിവഭക്തിയിൽ മുഴുകി അദ്ദേഹം രാമേശ്വരത്തെത്തി. യാത്രയ്ക്കിടയിൽ പലപ്പോഴും ദുഷ്ടബുദ്ധികളായ ആളുകൾ അദ്ദേഹത്തിന്റെ രൂപം ദർശിച്ച് അദ്ദേഹത്തെ ഉപദ്രവിക്കാൻ തുനിഞ്ഞു. നന്ദികേശ്വരൻ ഉപദേശിച്ചു കൊടുത്ത തിരസ്കരണി മന്ത്രം രക്ഷക്കെത്തിയതിനാൽ അദ്ദേഹത്തിന് ഒരു ഉപദ്രവവും ഏല്ക്കേണ്ടി വന്നില്ല. രാമേശ്വരത്തെത്തിയ അദ്ദേഹം സേതു സ്നാനവും മാധവ

ദർശനവും കഴിച്ച് വിധിപ്രകാരം ലിംഗാർച്ചനകളും ചെയ്ത് തന്റെ കയ്യിലുള്ള ശിവലിംഗവുമായി ഇന്ന് എറണാകുളമെന്നറിയപ്പെടുന്ന സ്ഥലത്തെത്തിച്ചേർന്നു. അന്നത്തെ കാലത്ത് ഈ പ്രദേശം കായൽ തിരമാലകളിൽപ്പെട്ട് മണ്ണടിച്ചു കയറി അവിടവിടെ ഉയർന്നു വന്നിട്ടുള്ള മൺതിട്ടകളും ആ തിട്ടകളിൽ മുളച്ച കുറ്റിക്കാടുകളും മണലാരണ്യവുമായിരുന്നു. ഇങ്ങനെയുള്ള മണലാരണ്യത്തിനു നടുവിൽ മണ്ണു കയറാതെ തെക്കു പടിഞ്ഞാറു വളരെ നീളത്തിലും വടക്കു ഭാഗത്ത് വീതി കൂടിയും ഒരു കുളവും കുളത്തിനു തെക്കും വടക്കുമായി കിടക്കുന്ന മണൽപ്രദേശങ്ങളിൽ കടൽ ചുള്ളികളും കണ്ടൽ കാടുകളും വളർന്നു കിടന്നിരുന്നു. ഈ സ്ഥലത്തിനു തെക്കു വടക്ക് വളരെ നീണ്ട് കേരവൃക്ഷങ്ങളും ഫലവൃക്ഷങ്ങളും സസ്യലതാദികളും നിറഞ്ഞ രമണീയമായ കൃഷിസ്ഥലങ്ങളുമായിരുന്നു. ഈ പ്രദേശത്ത് ഓത്തില്ലാത്തവരും ആയുധാഭ്യസികളുമായ നമ്പൂതിരി പ്രഭുക്കൻമാരുടെ പതിനെട്ടില്ലങ്ങളും സമീപപ്രദേശങ്ങളിലായി മറ്റു സമുദായക്കാരായ കുറച്ചാളുകളും താമസിച്ചിരുന്നു. അക്കാലത്ത് ഒരു നായകന്റെ കീഴിൽ കുറെ ആളുകൾ ജീവിക്കുന്ന ദേശത്തെ തറ എന്നറിയപ്പെട്ടിരുന്നു.ഈ ദേശത്ത് കടൽ ചേറ് അടിഞ്ഞിരുന്നതുകൊണ്ട് ഇവിടം ചേർത്തറ എന്നറിയപ്പെട്ടു. ചേർത്തറയിലെ നമ്പൂതിരിമാരെ സഹായിക്കാത്ത നായൻമാരേയും മറ്റുള്ളവരെയും അവർ വളരെയധികം ദ്രോഹിച്ചിരുന്നു. ഇവരുടെ ദ്രോഹം സഹിക്കവയ്യാതെ ആളുകൾ അടുത്തുള്ള തൂശത്തറ എന്ന ദേശത്തെ പ്രമാണിയോട് സഹായമഭ്യർത്ഥിച്ചു. തൂശത്തറയിലെ പ്രമാണിമാരായ കൈമൾമാർ നമ്പൂതിരിമാരോട് സന്ധിസംഭാഷണങ്ങൾ നടത്തിയെങ്കിലും കലഹത്തിൽ കലാശിച്ചു. നമ്പൂതിരിമാർ വഴക്കുകളിൽ അവരുടെ പക്ഷം ചേർന്നവർക്കു ചേർത്തറയിൽ വസിച്ചുകൊള്ളുവാനും മറ്റുള്ളവർ ഈ ദേശത്തു കടന്നുകൂടാ എന്നും തീരുമാനിച്ചു. ഈ കാലഘട്ടത്തിലാണ് ശിവഭക്തനായ നാഗർഷി ഈ മണലാരണ്യത്തിലെത്തുന്നത്. അദ്ദേഹത്തിന് ഈ പ്രദേശം വളരെ ഇഷ്ടമായി. ശുദ്ധജലം നിറഞ്ഞ കുളങ്ങളും കുറ്റിക്കാടുകളും നിറഞ്ഞ വിശാലമായ വിജനപ്രദേശം അദ്ദേഹത്തിന്റെ ശിവോപാസനക്കുത്തമമെന്ന് തോന്നി. അദ്ദേഹം വിശാലമായ തടാകത്തിലിറങ്ങി കുളിച്ച് തെക്കുവശത്തുള്ള ചുള്ളിക്കാടുകൾ നിറഞ്ഞ സ്ഥലം വൃത്തിയാക്കി തന്റെ കൈവശമുള്ള ശിവലിംഗം ഭൂമിയിൽ വച്ച് പൂജാദികർമ്മങ്ങൾ ചെയ്ത് ധ്യാനനിരതനായി. ഈ സമയം ചേർത്തറയിലുള്ള കുറെയാളുകൾ തുണി അലക്കുവാനും മറ്റുമായി ഇവിടെയെത്തി. അവർ ചുള്ളിക്കാടിനു മുകളിൽ തുണി വിരക്കുമ്പോൾ സമാധിയിലിരിക്കുന്ന നാഗർഷിയെ കണ്ടു. അദ്ദേഹത്തിന്റെ നാഗഫണത്തോടു കൂടിയ രൂപം കണ്ടു. ഏതോ ഭൂതമാണെന്നു ധരിച്ച് അവിടെ നിന്നും എറിഞ്ഞോടിക്കുവാൻ വേണ്ടി മണലിൽ തപ്പി കല്ലുകൾ കിട്ടാതെ വന്നപ്പോൾ അവരുടെ മൺപാത്രങ്ങൾ പൊട്ടിച്ച് അദ്ദേഹത്തെ എറിഞ്ഞു. അവരുടെ ഉപദ്രവം മൂലം സമാധിയിൽ നിന്നുണർന്ന അദ്ദേഹം നന്ദികേശ്വരൻ നൽകിയ തിരസ്കരണി മന്ത്രത്താൽ അപ്രത്യക്ഷനാകുകയും ചെയ്തു. ഭയപ്പെട്ട ആളുകൾ ചേർത്തറയിലെ 18 ഇല്ലക്കാരായ നമ്പൂതിരിമാരെ വിവരമറിയിച്ചു. അവർ ഈ കാടു വളഞ്ഞ് ആ സത്വത്തെ കൊല്ലണം എന്നും തീരുമാനിച്ചു. ഈ സ്ഥലത്തു വസിക്കുക പ്രയാസമാണ് എന്നു തോന്നിയ നാഗർഷി തിരസ്കരണിയിൽ നിന്നും മുക്തനായി തന്റെ പൂജകൾ മുഴുമിപ്പിച്ച് മറ്റെവിടേക്കെങ്കിലും പോകാം എന്നു തീരുമാനിച്ച് തന്റെ ശിവലിംഗം എടുക്കാൻ ഭാവിച്ചപ്പോൾ ശിവലിംഗം ഭൂമിയിൽ ഉറച്ചു പോയി. ഇതു കണ്ട നാഗർഷി അശരീരി വാക്യമോർത്ത് ഭഗവാൻ തനിക്ക് ഈ സ്ഥലത്തു വച്ചാണ് മോക്ഷം നൽകാൻ തീരുമാനിച്ചിരിക്കുന്നത് എന്നു മനസ്സിലാക്കി സന്തുഷ്ടനായി. അടുത്ത ദിവസങ്ങളിലും ആളുകൾ ധ്യാനനിരതനായ അദ്ദേഹത്തെ ഉപദ്രവിക്കാൻ തുടങ്ങി. തന്നെ ദ്രോഹിക്കുന്നവർ ഒരു നാളും സുഖമായി ഇവിടെ ജീവിക്കുവാൻ ഇടവരാതെ കത്തിക്കരിഞ്ഞു നശിച്ചു പോകട്ടെയെന്നു ശപിച്ചു. അദ്ദേഹം തിരസ്കരണിയിൽ രക്ഷ പ്രാപിക്കുകയും ചെയ്തു. പിന്നീട് തീർത്ഥാടകരായ നാലുപേർ തടാകത്തിൽ കുളിച്ചു കരയിൽ വിശ്രമിക്കുന്നതു കണ്ട് ആളുകൾ ചുള്ളിക്കാട്ടിൽ ഭൂതത്താനുണ്ട് സൂക്ഷിക്കണം എന്നവരെ അറിയിച്ചു. ഭക്തരായ അവർ ചുള്ളിക്കാട്ടിൽ നാഗർഷിയെ കണ്ടു നമസ്കരിച്ചു. നാഗർഷി തന്റെ മുന്നിൽ തൊഴുതു നില്ക്കുന്ന അവരോട് താനും ഈശ്വരഭക്തനാണെന്നും തനിക്ക് ഇന്നുവരെയുണ്ടായ എല്ലാ അനുഭവങ്ങളും തന്റെ കയ്യിലുണ്ടായിരുന്ന ശിവലിംഗം ഈ മണലാരണ്യത്തിൽ ഉറച്ചു പോയതും തനിക്കു മോക്ഷപ്രാപ്തിക്കു സമയമായിയെന്നും ചേർത്തറവാസികളെ ശപിച്ചതുമായ എല്ലാ കഥകളും അവരെ അറിയിച്ചശേഷം വീണ്ടും ധ്യാനനിരതനായി. അദ്ദേഹത്തിന്റെ കഥകളെപ്പറ്റി ചിന്തിച്ചിരുന്ന ഭക്തൻമാർ രാത്രി കാട്ടിൽ ഒരു ദിവ്യപ്രകാശവും ദിവ്യവസ്ത്രാലങ്കാരഭൂഷിതരായ സ്ത്രീപുരുഷരൂപങ്ങളെയും കണ്ടു. ആ സമയം നാഗർഷി അവരുടെ അടുത്തു കൂടി കുളത്തിൽ പോയി മുങ്ങുന്നതും കുളത്തിൽ നിന്നും ഒരു ദിവ്യതേജസ്സ് ഉയർന്ന് ആകാശത്തുമ

റയുന്നതും കണ്ടു. ഇതെ സമയം തന്നെ കിഴക്കു ഭാഗത്ത് ചേർത്തറയിൽ അഗ്നി പടർന്നുയരുന്നതും കണ്ടു. മുനീശ്വരന്റെ ശാപം മൂലം ചേർത്തറയിലെ മുക്കാൽ ഭാഗം ആളുകളും അവരുടെ സർവ്വസ്വവും കത്തി നശിച്ചു. കുറച്ചാളുകൾ അവിടെ നിന്നും ഓടി രക്ഷപ്പെട്ടു. അങ്ങനെ ചേർത്തറ കരിത്തറയായി. പിന്നീട് കരിത്തലയായി അറിയപ്പെട്ടു. സംഭവങ്ങളെക്കുറിച്ചന്വേഷിച്ചെത്തിയ തൂശത്തറ കൈമളോടും കൂട്ടരോടും തീർത്ഥാടകർ നാഗർഷിയെപ്പറ്റിയുള്ള എല്ലാ വിവരങ്ങളും ധരിപ്പിച്ച് കുറ്റിക്കാട്ടിലുയർന്നു വന്ന രണ്ടു ശിവലിംഗങ്ങളെയും കാട്ടിക്കൊടുത്തു. നാഗർഷിക്കു മോക്ഷം നൽകിയ സ്ഥലത്തെ കുളവും വിഗ്രഹം ഉറച്ചതുമായ സ്ഥലം ഋഷിനാഗകുളം എന്നും കാലാന്തരത്തിൽ എറണാകുളം എന്നും അറിയപ്പെട്ടു. തൂശത്തറകൈമളുടെ മേൽനോട്ടത്തിലാണ് ഇവിടെ പ്രതിഷ്ഠ നടന്നത്. മകരമാസം ഒന്നാം തീയതി മകരച്ചൊവ്വയും മകരസംക്രമവും കൂടിയ ദിവസമാണ് ക്ഷേത്ര പ്രതിഷ്ഠ നടന്നത്. ഇന്നും സംക്രാന്തി പൂജ നടക്കാറുണ്ട്. ഭഗവാൻ ഇരുന്നരുളിയ പ്രദേശം തന്റെ ഭക്തന്റെ പേരിൽ അറിയപ്പെടുന്നതിൽ സംതൃപ്തനായ ഭഗവാൻ ഭക്തരെ പാപവിമുക്തരാക്കുന്നു.

ചേർത്തറയിൽ നിന്നും ഓടിരക്ഷപ്പെട്ട നമ്പൂതിരിമാർ തിരിച്ചെത്തി ചേർത്തറയിൽ വീണ്ടും വീടുകൾ പണിത് താമസിച്ചെങ്കിലും ഇടിവെട്ടു മൂലവും മറ്റും വീണ്ടും എല്ലാം അഗ്നിക്കിരയായി. അഗ്നിബാധയിൽ നിന്നും രക്ഷപ്പെട്ടവർ പിന്നീട് അമ്പലപ്പുഴയിലെത്തി വില്വമംഗലം സ്വാമിയെ കണ്ട് ഋഷിനാഗക്കുളത്തപ്പന്റെ ദർശനം മൂലമാണ് ചേർത്തറയിൽ അഗ്നിബാധയുണ്ടാകുന്നതെന്നും ഉമാമഹേശ്വരൻമാരുടെ ദർശനം മറ്റൊരു ദിക്കിലേക്കാക്കിത്തരണമെന്നും അപേക്ഷിച്ചു. അദ്ദേഹം ക്ഷേത്രത്തിലെത്തി ഭജനമിരുന്ന് ഭഗവാനു വേണ്ട പൂജാദികർമ്മങ്ങളെല്ലാം വിഗ്രഹത്തിനു പിന്നിലിരുന്നർപ്പിക്കുകയും ദേവദർശനം പടിഞ്ഞാറേക്കാക്കി മാറ്റുകയും ദേവിയുടെ നട അടയ്ക്കുകയും ചെയ്തു. ഒരു ദിവസം ശ്രീകോവിലിൽ നിന്നും ഒരു അശരീരികേട്ട് വില്വമംഗലം അങ്ങയുടെ ഭക്തി വിശ്വാസങ്ങളിൽ ഞാൻ സന്തഷ്ടനാണ്, സമുദ്രഗംഗാ ദർശനത്തിൽ തൃപ്തനുമാണ്. എന്നാൽ പാർവ്വതിദേവി അതൃപ്തയാണ്, കോപിഷ്ടയാണ് ആരു വിചാരിച്ചാലും ദേവിയുടെ കിഴക്കോട്ടുള്ള ദർശനം മാറ്റാൻ സാദ്ധ്യമല്ല, അങ്ങനെ ചെയ്താൽ അനർത്ഥങ്ങളുണ്ടാകും, ദേവിയെ ശാന്തയാക്കിക്കൊള്ളുക. എന്റെ ഭക്തന്റെ ശാപം മൂലമാണ് ചേർത്തറ കരിത്തറയായത്. ആ ശാപവചസ്സുകളെ മാറ്റാൻ നിങ്ങൾക്കു കഴിയില്ല. നാഗർഷിക്കു മോക്ഷം നൽകുന്ന സമയം അദ്ദേഹത്തിന്റെ അപേക്ഷയനുസരിച്ച് നാഗർഷിയുടെ സ്മരണക്കും ഭക്തസംരക്ഷണത്തിനും ദുഷ്ടനിഗ്രഹത്തിനും ശിഷ്ടജനപരിപാലനത്തിനുമായി സകലകലകളോടു കൂടി ഞാൻ ഇവിടെ വസിക്കുന്നു. നാഗർഷിക്കു മോക്ഷം നൽകുമ്പോഴുണ്ടായിരുന്ന എന്റെ അഞ്ചു മുഖങ്ങളും അഞ്ചു സ്വയംഭൂവിഗ്രഹങ്ങളായും ദേവി എന്നോടു കൂടിയുമാണ് ഇവിടെ സ്ഥിതി ചെയ്യുന്നത്. അശരീരി കേട്ട വില്വമംഗലം അസ്വസ്ഥനായി എങ്കിലും എല്ലാം ഈശ്വരനിശ്ചയമായിരിക്കും എന്നു വിശ്വസിച്ച് അദ്ദേഹത്തിന്റെ ഭജനവും പൂജാദികളും തുടർന്നു. ഭജനം കഴിഞ്ഞ് മംഗളപൂജകൾ അർപ്പിച്ച് മടങ്ങുന്ന സമയം വിഗ്രഹത്തിനടുത്ത് അഞ്ചു താമരപ്പൂവുകൾ അടുത്തടുത്തായി വിരിഞ്ഞു നില്ക്കുന്നതും പെട്ടെന്നു മറയുന്നതും വില്വമംഗലം കണ്ടു. സ്വാമി കിഴക്കോട്ടു തിരിഞ്ഞ് പരമശിവനെ തൊഴുതപ്പോൾ ഒരു താമരപ്പൂവ് വിഗ്രഹത്തിൽ കണ്ടു. വടക്കു വശത്ത് കിരാതമൂർത്തിയിലും ഒരു താമരപ്പൂവ് കണ്ടു. ഗണപതി പ്രതിഷ്ഠക്കടുത്തും ശാസ്താപ്രതിഷ്ഠക്കടുത്തും ക്ഷേത്രക്കുളത്തിലും തലയിൽ താമരപ്പൂവുമായി ഓരോ ശിവലിംഗങ്ങൾ അദ്ദേഹം കണ്ടു. പെട്ടെന്ന് അവ അപ്രത്യക്ഷമാവുകയും ചെയ്തു. അങ്ങനെ ഭഗവാന്റെ അഞ്ചു മുഖങ്ങളും അഞ്ചു ശിവലിംഗങ്ങളായി ഇവിടെയുണ്ട് എന്ന് സ്വാമിക്ക് ഭഗവാൻ കാട്ടിക്കൊടുത്തു. വില്വമംഗലത്തിന് താമരപ്പൂക്കളോടുകൂടി കാട്ടിക്കൊടുത്ത അഞ്ചു ശിവലിംഗങ്ങളും സ്ഥിതിചെയ്യുന്ന സ്ഥലം പഞ്ചാബ്ജപുരമെന്നും അറിയപ്പെട്ടു.

ക്ഷേത്രം കൈമൾമാരുടെ അധീനതയിൽ നിന്നും പെരുമ്പടപ്പു സ്വരൂപം ഏറ്റെടുത്ത ശേഷം ചേരാനെല്ലൂർ കോവിലകത്തെ സന്താനങ്ങളില്ലാത്ത ഒരു സ്ത്രീ ക്ഷേത്രത്തിലെത്തി അടഞ്ഞു കിടക്കുന്ന ദേവിയുടെ നടയിൽ തന്റെ ദുഃഖം തീർത്തു തരേണമേ എന്നും പ്രാർത്ഥിച്ചു. സന്താനങ്ങളുണ്ടാകേണ്ട പ്രായം കഴിഞ്ഞിട്ടും നിന്റെ ആഗ്രഹം കൈവിട്ടില്ലേ, അടഞ്ഞു കിടക്കുന്ന നടയിലാണോ തുറന്നിരിക്കുന്ന നടയിലല്ലേ പ്രാർത്ഥിക്കേണ്ടത് എന്നു പറഞ്ഞ ഭർത്താവിനോട് ദേവിയുടെ നട അടഞ്ഞു കിടക്കുന്നതിന്റെ കാരണങ്ങൾ ധരിപ്പിച്ചു. ഭഗവാൻ വിചാരിച്ചാൽ ഒമ്പതിലും അമ്പതിലും കുട്ടികൾ ജനിക്കും എന്ന് ആ സ്ത്രീ പറഞ്ഞു. അങ്ങനെ സംഭവിച്ചാൽ കുട്ടിക്ക് ഈ അടഞ്ഞു കിടക്കുന്ന നടയ്ക്കു മുന്നിൽ വച്ച് ചോറൂണ് നടത്തിയേക്കാം എന്ന് അദ്ദേഹവും പറഞ്ഞു. പിന്നീട് അവർക്കൊരു പെൺകുഞ്ഞു ജനിച്ചു. തർക്കങ്ങളുണ്ടായെങ്കിലും

അദ്ദേഹത്തിന്റെ സ്വാധീനമുപയോഗിച്ച് ദേവിയുടെ നട തുറപ്പിച്ച് ആ നടയിൽ വച്ച് കുട്ടിക്ക് ചോറൂണും നടത്തി വഴിപാടുകളും നടത്തി. ആ സംഭവത്തിനു ശേഷമാണ് ആർക്കും തുറക്കാൻ പറ്റാത്ത വിധം ഈ നട കെട്ടിയടച്ചത്. ഈ നടയിൽ ചോറൂണു കഴിച്ച ആ കുട്ടി തിരുവിതാംകൂർ രാജാവിന്റെ പത്നി പദം അലങ്കരിച്ചു എന്നുമാണ് ഐതിഹ്യം.

അഞ്ചു സ്വയംഭൂക്കളുള്ളതിനാൽ നാലു ദിക്കിലേതു കൂടാതെ കുളത്തിനഭിമുഖമായി അഞ്ചാമതും ബലി തൂവുന്നത് ഇവിടുത്തെ മാത്രം പ്രത്യേകതയാണ്. അഞ്ചു പൂജയും ശീവേലിയുമുള്ള ക്ഷേത്രമാണിത്. മകരമാസത്തിലെ തിരുവാതിരനാൾ ആറാട്ടു വരത്തക്കവിധം എട്ടു ദിവസമാണ് ഉത്സവം. ശിവരാത്രിയും ധനുമാസതിരുവാതിരയും ഭംഗിയായി ആഘോഷിക്കുന്നു. ജലധാരയും എള്ളുതുലാഭാരവുമാണ് എറണാകുളത്തപ്പന്റെ ഏറ്റവും പ്രധാന വഴിപാട്. പടിഞ്ഞാറും കിഴക്കുമുള്ള പ്രവേശന കവാടങ്ങളിലെ വലിയ ഗോപുരങ്ങൾ വിശാലമായ ക്ഷേത്രാങ്കണം സ്വർണ്ണകൊടിമരം സ്വർണ്ണ താഴികകുടം ചെമ്പു മേഞ്ഞ വട്ടശ്രീകോവിൽ ചുറ്റമ്പലം വിളക്കുമാടത്തറ എല്ലാം ചേർന്ന ക്ഷേത്രത്തിന് രാജകീയ പ്രൗഢി നിലനിർത്തുന്നു. തൃശ്ശൂർ വടക്കുംനാഥക്ഷേത്രത്തിൽ പാർവ്വതിദേവിയുടെ നട തുറന്ന് പൂജകൾ നടക്കുന്നതുപോലെ എറണാകുളത്തും ദേവിയുടെ നട തുറന്ന് പൂജാർച്ചനകൾ നടത്തുന്നതു കാണുവാനാഗ്രഹിക്കുന്നവരായിരിക്കുമല്ലോ ഭക്ത ജനങ്ങളിലധികവും. വില്വമംഗലത്തിന്റെ തീരുമാനത്തിൽ അതൃപ്ത ആയിരുന്ന ദേവിയും അതിഷ്ടപ്പെടുന്നുണ്ടായിരിക്കും. ദേവജ്ഞൻമാരും ദേവകാര്യതല്പരരായ ഭക്തരും കൂടി ആലോചിച്ച് അങ്ങനെയൊരു തീരുമാനം ഉണ്ടാകണേ എന്നു നമുക്കു പ്രാർത്ഥിക്കാം.

ദേശനാഥനായ എറണാകുളത്തപ്പന്റെ മണ്ണിൽ അന്തിയുറങ്ങുക എന്നത് ഒരു മഹാഭാഗ്യമാണ്. എറണാകുളത്തിന്റെ മണ്ണിൽ അധിവസിക്കുന്നവരധികവും പല പല കാരണങ്ങളാൽ ഇവിടെയെത്തിപ്പെട്ടവരാണ്. അഗ്നിദേവനെപ്പോലെയാണ് എറണാകുളം. കറുപ്പെന്നോ വെളുപ്പെന്നോ ഇല്ല. എല്ലാത്തിനെയും ഒന്നുപോലെ സ്വീകരിക്കും. എറണാകുളവും അതുപോലെ എല്ലാവരെയും സ്വീകരിക്കുന്നു. എല്ലാവരും എറണാകുളം എന്ന ഈ പഞ്ചാക്ഷര നാമത്തെ ജീവിതത്തോട് ചേർത്തു വെയ്ക്കുവാൻ ഇഷ്ടപ്പെടുന്നവരുമാണ്. ഭക്തിയുടെ ശക്തിയെ തകർക്കാൻ ഒരു ശക്തിക്കുമാവില്ല. എറണാകുളത്തപ്പനെ അഭയം പ്രാപിക്കുന്നവരെ ഒരിക്കലും ഉമാമഹേശ്വരൻമാർ കൈവിടില്ല. ഭഗവത് കടാക്ഷത്തെ അനുഭവിച്ചറിയുക. ഈ മണ്ണിൽ ഇനിയൊരു ജന്മം കൂടി ചോദിക്കുന്നവരാണധികവും. മനസ്സിൽ തെളിഞ്ഞ അക്ഷരങ്ങളാകുന്ന ഈ വിലപത്രങ്ങൾ ഋഷിനാഗകുളത്തമരുന്ന ഉമാമഹേശ്വരൻമാരുടെ തൃപ്പാദങ്ങളിൽ ഭക്തിപൂർവ്വം സമർപ്പിച്ചു കൊള്ളട്ടെ●

ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;

0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

**ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ**

*(മിനിക്കഥ)*

# തളരാതെ

**ഉണ്ണി വാരിയത്ത്**

കാലഭ്രംശം സംഭവിച്ചിരിക്കുന്നു. ലോകക്രമം തകിടം മറിയുന്നു. മനുഷ്യസ്വഭാവം മാറിക്കൊണ്ടേയിരിക്കുന്നു........

അയാൾ ആലോചനയിലായിരുന്നു. അവസാനം, ഇന്നലെകളെ അയാൾ ഉരിഞ്ഞെറിഞ്ഞു. ഇന്നിനെ ഇതാ അഴിച്ചിടുകയാണ്. ഇനി നാളെയിലേക്ക് നഗ്നസത്യമായി നടന്നു കയറും.

കല്ലേറു കൊണ്ടാലും കുരിശു ചുമന്നാലും വീണാലും അയാൾ തളരാതെ യാത്ര തുടരും.

തുടർച്ച

# വാക്ക് ഊർജ്ജവും സേവനവുമാകുമ്പോൾ

ഡോ.രാജേശ്വരി കുഞ്ഞമ്മ (ഫോൺ: 93883 82009)

ഭരതൻ കേകയത്തിലായിരുന്നു. അദ്ദേഹം കണ്ട ദുഃസ്വപ്നം രാജാവിനെ സ്ത്രീകൾ പ്രഹരിക്കുന്നതും കഴുതകൾ പൂട്ടിയ തേരിൽ പോകുന്നതും മറ്റും ആയിരുന്നു. ആരുടേയോ മരണം സംഭവിക്കുന്നു എന്ന തോന്നൽ. ആ സമയം ദശരഥമഹാരാജാവിന്റെ അന്ത്യം സംഭവിച്ചു എന്നതിന്റെ സൂചനയായി ഭരതൻ അതിനെ മനസിലാക്കിയില്ല. പക്ഷെ മനസ്സുകൾ തമ്മിലുള്ള ബന്ധം ഇത്തരം സ്വപ്നങ്ങൾക്കു ഹേതുവായി തീരാറുണ്ട്.

ദശരഥന്റെ അന്ത്യം ഭരതനെ വല്ലാതെ വേദനിപ്പിച്ചു. അതിനു കാരണക്കാരിയായ അമ്മയോടു പറഞ്ഞു, കഴുത്തിൽ കയറു കെട്ടിയോ വിഷം കഴിച്ചോ അഗ്നിയിലോ വെള്ളത്തിലോ ചാടിയിട്ടോ ''ത്വജ പ്രാണാംശ്ചമൂർമധേ ഭവതി'' ജീവൻ ത്യജിക്കയെന്നു പറഞ്ഞു. ഒന്നു കൂടി കടന്നു വാത്മീകി പറയുന്നു, ഭരതൻ അരണ്യത്തിൽ കുന്തം കൊണ്ടു കുത്തി പീഢിപ്പിക്കപ്പെട്ട ആന വീഴുന്നപോലെ വീണു എന്നാണ്. പിന്നീട് വസിഷ്ഠന്റെ വാക്കുകളാലാണ് രാജാവിന്റെ ആത്മശാന്തിക്കുള്ള കർമ്മങ്ങൾ അനുഷ്ഠിക്കാൻ തയാറായത്.

ഈ സംഭങ്ങളുടെയെല്ലാം ഉത്തരവാദി മന്ഥരയാണെന്നു മനസിലാക്കിയ ശത്രുഘ്നൻ മന്ഥരയെ മണ്ണിൽ വലിച്ചിഴച്ചു. ഇതു കണ്ട കൈകേയി ഭരതനെ സമീപിച്ചു. ഭരതൻ പറഞ്ഞു, പാപിനിയും ദുഷ്ടചാരിയുമായ കൈകേയിയെ കൊല്ലേണ്ടതാണ്. കൈകേയിയേയും മന്ഥരയേയും കൊല്ലാതിരിക്കുന്നത് രാമന് കോപം വരുമെന്നുള്ളതുകൊണ്ടാണ്. അത്രമേൽ ശത്രുഘ്നനും ഭരതനും കോപം കൊണ്ട് മൂർച്ചയേറിയ വാക്കുകൾ ഉപയോഗിക്കുന്നതായി കാണാം.

അറുപതിനായിരം തേരുകളും വില്ലാളികളും ഭരതശത്രുഘ്നന്മാരും മന്ത്രിപ്രഭുവരന്മാരും ഗുരുക്കന്മാരുമടങ്ങുന്ന ഒരു വലിയ സംഘം രാമനെ കൂട്ടിക്കൊണ്ടു വരുവാൻ പുറപ്പെട്ടു. ജ്യേഷ്ഠൻ പിതൃതുല്യനാണെന്നു മനസിലാക്കിക്കൊടുത്തതിനു ശേഷം മാത്രമാണ് ഗുഹൻ ഭരതനെ സഹായിക്കാൻ ഒരുമ്പെട്ടത്. രാമനെ നിർബന്ധിക്കുന്ന ഭരതനോട് രാമൻ പറയുന്നു, പിതാവ് ജീവിച്ചിരിക്കുമ്പോൾ ചെയ്ത ക്രയവിക്രയങ്ങൾ മാറ്റിമറിക്കാൻ ആർക്കും അധികാരമില്ല. ചന്ദ്രൻ തന്റെ ശ്രീയെ വെടിഞ്ഞുവെന്നു വരാം. ഹിമവാൻ ഹിമത്തെ ത്യജിച്ചെന്നു വരാം. സാഗരം തീരത്തെ അവഗണിച്ചുവെന്നും വരാം. എന്നാൽ ഞാൻ പിതാവിനോടു ചെയ്ത പ്രതിജ്ഞ മാറ്റില്ല. വാത്മീകി ഈ വരികളിലൂടെ അന്നത്തെ യുവതലമുറയുടെ നിശ്ചയദാർഢ്യവും മൂല്യാധിഷ്ഠിതമായ ചിന്താധാരയുമാണ് ശ്രീരാമന്റെ വാക്കുകളിലൂടെ വിവരിക്കുന്നത്. സഹോദരസ്നേഹവും ഉയർന്ന ചിന്താഗതിയും ഭരതനെ കൊണ്ട് ശ്രീരാമപാദുകങ്ങളിൽ രാജ്യതന്ത്രജ്ഞത സമർപ്പിച്ചുകൊണ്ട് ഒരു ശപഥം കൂടി ചെയ്തു. പതിന്നാലു വർഷം പൂർത്തിയാകുന്നതിന്റെ പിറ്റേന്നാൾ വന്നില്ലെങ്കിൽ താൻ അഗ്നിപ്രവേശം ചെയ്യുമെന്ന്. ഇന്നു പല സംഭവങ്ങളിലൂടെയും സഹോദരസ്നേഹത്തിലും വിശ്വാസങ്ങളിലും ച്യുതി സംഭവിച്ചിരിക്കുന്ന കാലഘട്ടത്തിൽ ഈ വാക്കുകളും സ്നേഹപ്രകടനങ്ങളും ഉത്തമ മാതൃക തന്നെയാണ്.

ശ്രീരാമൻ വിഷ്ണുവിന്റെ അവതാരമാണെന്നുള്ള കാര്യം രാമായണത്തിൽ ആദ്യം തന്നെ വായനക്കാർക്കുവേണ്ടി പറയുന്നുണ്ട്. മാനുഷിക മൂല്യങ്ങൾക്ക് പ്രഥമസ്ഥാനം നൽകുന്ന ശ്രീരാമൻ ചെല്ലുന്നിടത്തെല്ലാം പൂജ്യവാനായി മാറുന്നു. വിശ്വാമിത്രൻ തന്റെ ആയുധങ്ങളും മന്ത്രങ്ങളും ശ്രീരാമനു കൊടുത്തു. ഭരധ്വാജമഹർഷി തുടങ്ങിയ മുനിപുംഗവന്മാരുടെ വാക്കുകൾ, വിരാധ വധം, പിന്നീട് ശരങ്ഗ മഹർഷിയുടെ വാക്കുകൾ എല്ലാം തന്നെ രാമനെ തന്റെ കഴിവിനും ആത്മവിശ്വാസത്തിനും ആക്കം കൂട്ടാൻ സഹായിച്ചു. മഹർഷി ബ്രാഹ്മ്യവും നാകപുഷ്ഠ്യവുമായ എല്ലാ പുണ്യങ്ങളും രാമന് ലഭിക്കുമെന്ന് പറയുന്നു. മഹർഷിമാർ, രാമന്റെ പിതൃഭക്തിയിലും സത്യത്തിലും ധർമ്മനിഷ്ഠയിലും കീർത്തിമാനാണെന്നും പറഞ്ഞു. ഈ വാക്കുകൾ എല്ലാം തന്നെ അധർമ്മത്തെ ഇല്ലാതാക്കാൻ രാമന് പ്രചോദനം നൽകി.

രാവണൻ, സ്വന്തം ഭർത്താവിനെ വധിച്ചതിൽ വേദനിക്കുന്ന ശൂർപ്പണഖ സ്വൈരവിഹാരം നടത്തുന്നതിനിടയിലാണ് രാമനെ ദർശിച്ചത്. രാമനിൽ

മോഹിതയായ ശൂർപ്പണഖ രാമനെ ഭർത്താവായി കിട്ടാനാഗ്രഹിച്ചു. ഒഴിഞ്ഞു മാറിയത് സീതമൂലമാണെന്നു ധരിച്ച ശൂർപ്പണഖ സീതയെ ഉപദ്രവിക്കാൻ തുടങ്ങിയപ്പോഴാണ് ലക്ഷ്മണൻ അവളുടെ കാതും മൂക്കും ഛേദിച്ചത്. ഈ സംഭവം പിന്നീട് രാമരാവണയുദ്ധത്തിനു കാരണമായി തീർന്നു. ആദ്യ യുദ്ധത്തിൽ ഭ്രാതാവായ ഖരന്റെ സേനയും പിന്നീട് ഖരനും രാമനാൽ വധിക്കപ്പെട്ടു. ഇവിടെയൊക്കെ രാക്ഷസന്മാരുടെ വാക്കുകൾ രാമനെ കോപാകുലനാക്കുകയും ചെയ്തു. അകമ്പനൻ എന്ന രാക്ഷസന്റെ വാക്കുകൾ കേട്ടശേഷം രാവണൻ സീതയെ അപഹരിക്കുവാൻ പദ്ധതിയിട്ടു. സീതയില്ലാതായാൽ രാമൻ അശക്തനാകുമെന്ന അകമ്പനന്റെ വാക്കുകൾ ആണ് സീതാപഹരണത്തിന് രാവണനെ പ്രേരിപ്പിച്ചതും മാരീചനെ കൂട്ടുപിടിച്ച് ചതി പ്രയോഗത്തിലൂടെ സീതാപഹരണം നടത്തിയതും. രാമനെ കണ്ട ഉടൻ ഞാൻ ഹതനായി എന്നും സീതയെ അപഹരിക്കുന്നതിലൂടെ ഭവാനും ബന്ധുക്കളും ഹതരായി എന്നു കരുതണമെന്നും, സീതയെ ആശ്രമത്തിൽ നിന്നും കൊണ്ടുപോന്നാൽ പിന്നെ ഭവാനില്ല, ഞാനില്ല, ലങ്കയില്ല, രാക്ഷസന്മാരുമില്ല എന്നു മാരീചൻ രാവണനോടു പറയുന്നു.

കാട്ടിൽ താമസിച്ച സമയമത്രയും ഉറക്കം പോലുമില്ലാതെ ( നിദ്രാദേവിയുടെ അനുഗ്രഹത്താൽ ഉറക്കം ഭാര്യ ഊർമ്മിളക്കു നൽകി എന്നൊരു കഥ പറഞ്ഞുകേൾക്കുന്നുണ്ട്) രാമനേയും സീതയേയും കാത്തു സൂക്ഷിച്ച ലക്ഷ്മണൻ മാരീചനാണ് കൃഷ്ണമൃഗമായി വന്നിരിക്കുന്നതെന്നു പറഞ്ഞിട്ടും അംഗീകരിക്കാതെയാണ് രാമൻ മാനിന്റെ പുറകേ പോകുന്നത്.രാമന്റെ അമ്പുകൊണ്ട മാരീചൻ രാവണന്റെ വാക്കുകൾ ഓർമ്മിച്ചാണ് രാമന്റെ ശബ്ദത്തിനു സാമ്യമുള്ള രീതിയിൽ ലക്ഷ്മണനെ വിളിച്ചത്. ഇതു കേട്ട സീത ഭയന്നു. രാമനെ രക്ഷിക്കാൻ പോകാൻ മടി കാണിച്ച ലക്ഷ്മണനോടു പറഞ്ഞു, എന്റെ പേരിലുള്ള അത്യാഗ്രഹം കൊണ്ടാണ് നീ അദ്ദേഹത്തെ രക്ഷിക്കാൻ പോകാത്തത്. മായാരാക്ഷസനാണെന്ന ലക്ഷ്മണന്റെ വാദം സീത വകവെക്കുന്നില്ല. എന്നെ കണ്ടിട്ടാണോ അതോ ഭരതൻ നിന്നെ ഏൽപ്പിച്ച കാര്യമാണോ നീ നടപ്പാക്കുന്നത്. നിന്റേയും ഭരതന്റേയും ഉദ്ദേശം സാധിക്കില്ല. മഹാനായ രാമന്റെ കൂടെ ജീവിച്ച ഞാൻ നിസ്സാരരായ നിങ്ങളോടുകൂടി ജീവിക്കില്ല. എന്നിങ്ങനെ കഠിനവും തന്റെ നിലക്കു യോജ്യമല്ലാത്തതുമായ വാക്കുകളാണ് ഇവിടെ സീതയെക്കൊണ്ട് വാത്മീകി പറയിപ്പിക്കുന്നത്. തന്റെ രണ്ടുചെവികളും ചുട്ടുപഴുപ്പിച്ച കമ്പി കൊണ്ട് കുത്തുന്നതുപോലെ പതിക്കുന്ന വാക്കുകൾ എനിക്കു സഹിക്കാവതല്ല എന്നു പറഞ്ഞാണ് ലക്ഷ്മണൻ പോകുന്നത്. സീതയോ, അബലയായ ഒരു സാധാരണ സ്ത്രീയെപ്പോലെ കൈകൊണ്ട് വയറ്റത്തടിച്ച് കരയുകയാണ് ചെയ്തത്. ഈ സമയം രാവണൻ അവിടെ വന്നു. സീതയെ അപഹരിക്കണമെന്നുള്ള ഉദ്ദേശമുള്ള രാവണൻ സീതയെ തന്റെ ഭാര്യയാകാൻ ക്ഷണിക്കുകയാണ്. രണ്ടുപേരുടേയും വാക്കുകൾ കഠിനമായി മാറി. താൻ നിനക്കൊത്ത പതിയാണെന്നു പറഞ്ഞ രാവണൻ സീതയെ മുറുകെ പിടിച്ച് എടുത്തുകൊണ്ടു പോയി. അങ്ങനെ അശോകവനിയിലെ ദുഖിതയായ സീതയായി മാറി.

സീതാവിരഹത്തിൽ ദുഃഖിതനായ രാമനോടു നടന്ന സംഭവങ്ങൾ വിവരിക്കുന്ന ലക്ഷ്മണൻ സീതയുടെ വാളിനേക്കാൾ മൂർച്ചയേറിയ വാക്കുകളേപ്പറ്റി രാമനോടു പറയുന്നുണ്ട്. മരണാസന്നനായ ജടായുവിനെ കണ്ടപ്പോൾ, രാജ്യം വിട്ടുപോന്നു, വനവാസം ചെയ്തു, സീത പോയി. അത്രക്ക് കാലദോഷം ചെയ്തവനാണ് താനെന്നാണ് രാമൻ പറയുന്നത്. ഓരോ ചലനങ്ങളും തങ്ങളുടെ നേർക്കുള്ള നാശമായി ചിന്തിച്ചുപോകുമ്പോഴാണ് കബന്ധനെ കാണുന്നതും മറ്റും. കബന്ധൻ തന്നെ സ്ഥൂലശിരസ്സെന്ന ഋഷിയുടെ ശാപത്താൽ ഈ രൂപമായി തീർന്നതാണെന്നു പറയുന്നുമുണ്ട്. ശാപവിമുക്തനായ ഈ കബന്ധനാണ് സുഗ്രീവന്റെ കഥയും മറ്റും രാമന് പറഞ്ഞുകൊടുക്കുന്നത്. അങ്ങനെ ഹനുമാൻ വഴി സുഗ്രീവസഖ്യവും ബാലിവധ പ്രതിജ്ഞയും രാമന് ചെയ്യേണ്ടിവന്നു. സുഗ്രീവന്റെ സദ്സംഭാഷണങ്ങൾ ആണ് രാമനെ സുഗ്രീവന്റെ മിത്രമാക്കി മാററിയത്. സന്തോഷവും പൗരുഷവും തുളുമ്പുന്ന രാമന്റെ വാക്കുകൾ സുഗ്രീവനെ സന്തോഷിപ്പിച്ചു. ബാലിയെ വധിക്കാൻ തക്ക പ്രാപ്തിയുള്ളവനാണോ രാമൻ എന്ന് സുഗ്രീവൻ സംശയിച്ചു. രാമൻ കാർമുകം കയ്യിലെടുത്ത് സാലവൃക്ഷത്തെ ലാക്കാക്കി അയച്ചു. ഏഴു സാലവൃക്ഷങ്ങളും പിളർന്ന് തിരികെ ആവനാഴിയിൽ അമ്പു വന്നപ്പോൾ സുഗ്രീവന് വിശ്വാസമായി.

ബാലിയെ അമ്പെയ്തു വിവശനാക്കിയ ശ്രീരാമനോടു ബാലി അതിന്റെ കാരണമന്വേഷിക്കുന്നു. ശ്രീരാമൻ പറയുന്നു, സുഗ്രീവന്റെ ഭാര്യ രുമയെ ബാലി കാമപൂർത്തിക്കായി കൈക്കൊണ്ടു. അതിനാലാണ് ദണ്ഡാർഹനായതെന്നാണ്. തന്റെ മകൻ അംഗദനെ പരിപാലിക്കണമെന്നു ബാലി അപേക്ഷിക്കുന്നു. അങ്ങക്ക് ഭരതനോടും ലക്ഷ്മണനോടും ഉള്ള മനോഭാവം സുഗ്രീവനിലും അംഗദനിലും ഉണ്ടായിരിക്കണമെന്നുകൂടി പറയുന്നു.

ബാലിയുടെ ജഢം കണ്ട താര സങ്കടത്താൽ പലതും പറയുന്നു. അങ്ങയോടു ഞാൻ പറഞ്ഞ കാര്യങ്ങൾ ബുദ്ധി മറഞ്ഞതുകൊണ്ട് അങ്ങു നിന്ദി

ച്ചുവല്ലോ എന്നു പറഞ്ഞാണ് താര ദുഃഖിക്കുന്നത്. നൂറു മക്കളുണ്ടായാലും പ്രാണനാഥന്റെ ഗാത്രത്തോടു ചേർന്നിരിക്കുന്നതാണ് ഏററവും ശ്രേഷ്ടമെന്ന് താര ഹനുമാനോടു പറയുന്നു.

ലോകത്തിൽ സർവ്വവും നടക്കുന്നത് വിധി വിഹിതം അനുസരിച്ചാണെന്നുള്ള സത്യം രാമൻ താരയെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. സുഗ്രീവൻ രാജ്യഭാരം ഏറ്റു ദിവസങ്ങൾ കഴിഞ്ഞിട്ടും സീതാന്വേഷണത്തിനു തയ്യാറായില്ല എന്നത് രാമന് ദേഷ്യത്തെയുളവാക്കി. അതുകൊണ്ട് കിഷ്കിന്ധയിൽ പോയി ബുദ്ധിയില്ലാത്ത, ക്ഷുദ്രസുഖങ്ങളിൽ മുഴുകിക്കഴിയുന്ന സുഗ്രീവനോട് വാക്കു നിറവേറ്റാത്തവൻ അധമനാണെന്നും വർഷകാലം കഴിഞ്ഞാൽ എന്നുള്ള നാലുമാസം പോയത് കപീശ്വരൻ ഓർക്കുന്നില്ലായെന്നും അതുകൊണ്ട് താൻ ക്രൂദ്ധനായി തീർന്നാൽ ഉള്ള സ്വരൂപമെന്തായിരിക്കുമെന്നും സുഗ്രീവനെ അറിയിക്കാൻ രാമൻ ലക്ഷ്മണനോടു പറയുന്നു. ഇതു കേട്ടു ക്രൂദ്ധനായി വില്ലെടുത്ത ലക്ഷ്മണനെ അനുനയിപ്പിച്ച് ഭ്രാതാവിന്റെ കാമക്രോധത്തിൽ നിന്നുണ്ടായ ക്രോധം മൂലം വെറിപിടിച്ചപോലെ ആഞ്ഞുവീശുന്ന കാറ്റിനു തുല്യനായി ലക്ഷ്മണൻ നടകൊണ്ടു എന്നാണ് വാത്മീകി വർണ്ണിക്കുന്നത്. ലക്ഷ്മണൻ വില്ലിൽ ഞാണൊലിയിട്ടു. താരയുടെ സമാധാനവാക്കുകൾ കേട്ട് ലക്ഷ്മണൻ അകത്തുകയറി പറഞ്ഞു, വാനരശ്രേഷ്ടാ മിത്രങ്ങൾ ചെയ്തുകൊടുത്ത ഉപകാരത്തിന് പ്രത്യുപകാരം ചെയ്യാത്തവൻ കൃതഘ്നനാണ്. താര വിനയാന്വീതം ലക്ഷ്മണനോടു ഭംഗിവാക്കുകൾ പറഞ്ഞു. ഇവിടെ താരയുടെ സന്ദർഭോചിതമായ വാക്കുകൾ ലക്ഷ്മണന്റെ കോപത്തെ ഒട്ടൊന്നു ശമിപ്പിച്ചു. അങ്ങനെ വാനരന്മാരുടെ പടകളെല്ലാംതന്നെ കിഷ്ക്കിന്ധയിലെത്തി. ഇവിടെ രാമൻ രാജധർമ്മത്തെക്കുറിച്ച് സുഗ്രീവനേ ബോധവാനാക്കുന്നുണ്ട്. ധർമ്മത്തെ വെടിഞ്ഞ് കാമത്തിൽ മുഴുകിയാൽ പഴം എല്ലാം തിന്ന് വൃക്ഷകൊമ്പിൽ കിടന്നുറങ്ങി താഴെ വീണപോലെയാണെന്നു പറയുന്നു. അതിനുശേഷം സീതാന്വേഷണത്തിനുള്ള പുറപ്പാടായി. സീതയെ കാണാൻ കഴിയാതെ പരാജിതനെപ്പോലെ ഉള്ള അംഗദന്റെ വാക്കുകൾ ശ്രദ്ധേയമാണ്. അംഗദന്റെ അഛന്റെ വധത്തേക്കുറിച്ചും താരയെ സുഗ്രീവൻ ഭാര്യയാക്കിയതുമെല്ലാം അംഗദനെ വേദനിപ്പിച്ചിരുന്നു എന്നുള്ളത് നിസ്തർക്കമാണ്. രാമന്റെ വനവാസവും സീതാപഹരണവും ജടായുവധവും സുഗ്രീവസഖ്യവും ഇനി ഉണ്ടാവാൻ പോകുന്ന രാവണവധവും എല്ലാം തന്നെ മന്ഥര എന്ന സ്ത്രീ കൈകേയിയിൽ നിറച്ച വിഷത്തിന്റെ ഫലമാണല്ലോ എന്ന കാര്യം ഇവിടെ പ്രസ്താവ്യവുമാണ്. പലരും പലപ്പോഴായി ചെയ്യുന്ന ദുഷ്കർമ്മങ്ങൾ പരക്കെ എല്ലാവർക്കും ദോഷമായി തീരും

എന്നുള്ള സത്യവും ഇവിടെ ശ്രദ്ധേയമാണ്.

അവിടെയെത്തിയ സമ്പാതി തന്റെ കഥ പറയുന്നു. സഹോദരനായ ജടായുവുമൊത്ത് സൂര്യന്റെ സമീപം പോയതും ചിറകു കരിഞ്ഞതും അങ്ങനെ വിന്ധ്യനിൽ താമസമാക്കിയതും മറ്റും വർഷങ്ങൾക്കു മുൻപ് മുനി പറഞ്ഞ രാമന്റെ വരവും സീതാന്വേഷണഷവും ഓർത്തു വരവും പ്രതീക്ഷിച്ചിരിക്കുകയാണെന്നും പറഞ്ഞു. സീതയുടെ വിവരം സമ്പാതിയിൽ നിന്നും അറിഞ്ഞ വാനരർ സാഗരത്തിനടുത്തേക്കു നടന്നു. അവിടെ വെച്ചാണ് വാക്കുകൾ എത്രമാത്രം പ്രചോദനമാണെന്ന സത്യം നമുക്ക് മനസിലാകുന്നത്. ജാംബവാൻ ഹനുമാനെ തന്റെ ചെറുപ്പകാലത്തെ വീരകഥകളിലൂടെ ഉത്സുകനാക്കി. ഹരിശ്രേഷ്ഠാ, എഴുനേൽക്കുക, മഹാർണ്ണവം ചാടിക്കടക്കുക. വിഷ്ണു മൂന്നടി വെച്ചതുപോലെ വളർന്നെഴുന്നേൽക്കുക എന്നാണ് ജാംബവാൻ പറഞ്ഞത്. ഹനുമാൻ തന്റെ കഴിവിനേക്കുറിച്ച് ബോധവാനായി പീന്നീട് വർണ്ണിക്കുന്നതായി കാണാം. കടൽ ചാടിക്കടക്കുന്ന നേരത്ത് എന്റെ രൂപം മൂന്നടി അളക്കാൻ വളർന്ന വിഷ്ണുവിന്റേതുപോലാകും. ലങ്കയെ തന്നെ പറിച്ചെടുത്തുകൊണ്ടുവരാമെന്ന ധൈര്യം എനിക്കുണ്ടെന്നു പറഞ്ഞു ഗർജ്ജിക്കുന്ന ഹനുമാനെ വാനരന്മാർ അത്ഭുതസ്തബ്ധരായി നോക്കിനിന്നു. കാലുകൾ നിലത്തുറപ്പിച്ച് ചെവി കൂർപ്പിച്ച് ചാടാനൊരുങ്ങിയ ഹനുമാൻ ശ്രീരാമൻ വായുവേഗത്തിൽ എങ്ങനെയാണോ അമ്പെയ്യുന്നത് അതുപോലെ ഞാൻ ലങ്കയിലേക്കു കുതിക്കുന്നുവെന്നു പറഞ്ഞു. വീര്യവത്തുക്കളിൽ ശ്രേഷ്ഠനും വേഗത്തിൽ ചാടുന്നവനുമായ ഹനുമാൻ മഹാനദി കടന്ന് ലങ്കയിലെത്തി.

ലങ്കാലക്ഷ്മിയുമായുണ്ടായ ഏറ്റുമുട്ടലിൽ മുഷ്ടികൊണ്ട് ഇടി കൊണ്ട രാക്ഷസി ബ്രഹ്മാവിന്റെ വരം കിട്ടിയ രാക്ഷസിയാണെന്നും ഒരു വാനരൻ വിക്രമംകൊണ്ട് വശപ്പെടുത്തുന്നതെപ്പോഴാണോ അപ്പോൾ രാക്ഷസവംശത്തിന് നാശം സംഭവിക്കുമെന്ന കാര്യവും പറയുന്നു.

രാവണൻ പലവിധ പ്രലോഭനങ്ങളുമായി സീതയെ സമീപിക്കുന്നു. തൊടുത്തുവിട്ട വജ്രം നിന്നെ ഒഴിവാക്കിയേക്കാം, യമനും നിന്നെ ഒഴിവാക്കിയേക്കാം എന്നാൽ ലോകനാഥനായ രാമൻ നിന്നേപ്പോലുള്ളവരെ വെച്ചേക്കില്ല എന്ന സീതയുടെ വാക്കുകൾ രാവണന് കോപമുണ്ടാക്കുന്നു. രാവണൻ പറയുന്നു, രണ്ടുമാസം കഴിഞ്ഞിട്ടും നീ എന്നെ ഭർത്താവാക്കുന്നില്ലെങ്കിൽ എന്റെ പാചകക്കാർ നിന്നെ നുറുക്കി കഷണങ്ങളാക്കുമെന്ന്. ക്രോധം പൂണ്ട രാവണനെ

കണ്ടിട്ട് ധാന്യമാലിനി എന്ന പത്നി പറഞ്ഞു, കാമമില്ലാത്തവളെ കാമിക്കുന്നവന്റെ ഉടൽ കാമാഗ്നിയിൽ വെന്തുപോകുകയേയുള്ളൂവെന്ന്. ഇതൊന്നും രാവണനെ പിന്മാറാൻ സഹായിച്ചില്ല. ഇക്കാലമത്രയും രാക്ഷസികളെല്ലാം തന്നെ രാവണന്റെ ഭാര്യയാവാൻ സീതയെ പ്രലോഭിപ്പിച്ചു, ഭീഷണിപ്പെടുത്തി. ത്രിജഡ എന്ന രാക്ഷസി താൻ കണ്ട സ്വപ്നത്തേക്കുറിച്ചു വിവരിക്കുന്നു. ദശകണ്ഠനെ തെക്കേ ദിക്കിലേക്കു കെട്ടിവലിക്കുന്നതും ഇന്ദ്രജിത്തിനെ മുതല കൊണ്ടുപോകുന്നതും കുംഭകർണ്ണനെ ഒരു ഒട്ടകം തെക്കോട്ടു കൊണ്ടുപോകുന്നതായും കണ്ടുവെന്നാണ് പറഞ്ഞത്. കൂടാതെ വിഭീഷണൻ മാത്രം വെൺകൊററക്കുട ചൂടിയവനായി കണ്ടുവെന്നും അതുകൊണ്ട് നിങ്ങൾ ജാനകിയിൽ ശരണം പ്രാപിക്കൂ, നിങ്ങളെ അവൾ രക്ഷിക്കും എന്നും പറഞ്ഞു. ഇതെല്ലാം ഒളിഞ്ഞു നിന്നു കേട്ട ഹനുമാൻ സീതയോടു വിവരങ്ങൾ പറഞ്ഞു. കൂടുതൽ വിശ്വാസമുളവാക്കാനായി രാമനാമാങ്കിതമായ അംഗുലീയം കൊടുത്തു. തന്റെ മുതുകിൽ കയറ്റി രക്ഷപ്പെടുത്താമെന്നു ഹനുമാൻ പറഞ്ഞപ്പോൾ ഭർത്തൃഭക്തി നിഷ്ഠയിൽ വർത്തിക്കുന്ന എനിക്കു രാമനെയല്ലാതെ ആരെയും സ്പർശിക്കാൻ സാധിക്കില്ലായെന്നും രാവണൻ തന്റെ കയ്യിൽ പിടിച്ചത് അവന്റെ ബലപ്രയോഗം മൂലമാണെന്നും സീതാദേവി പറയുന്നു. സീതയുടെ ഈ വാക്കുകൾ സ്ത്രീധർമ്മത്തിനും സ്ത്രീത്വത്തിനും ചേർന്നതാണെന്നു ഹനുമാൻ പറയുന്നു. ഇന്ദ്രപുത്രൻ കാകനായി വന്നപ്പോൾ ശ്രീരാമൻ കാക്കയുടെ നേർക്ക് ബ്രഹ്മാസ്ത്രം അയച്ച ഒരു കഥ രാമനോടു പറയാൻ സീത ഹനുമാനോടു പറഞ്ഞുകൊടുത്തു. ഹനുമാൻ ലങ്കയുടെ മറ്റു ഭാഗങ്ങളിലേക്ക് പോയി നാശനഷ്ടങ്ങൾ വരുത്തി. ഇന്ദ്രജിത്തിന്റെ ബ്രഹ്മാസ്ത്രത്താൽ വീഴുന്നതായി ഹനുമാൻ ഭാവിച്ചു. ഇന്ദ്രജിത്തിനും സംഗതി മനസിലായി. രാവണന്റെ ചോദ്യങ്ങൾക്ക് ഹനുമാൻ മറുപടി പറഞ്ഞു. ഒടുവിൽ സുഗ്രീവൻ ദേവനല്ല, യക്ഷനല്ല, രാക്ഷസനല്ല എന്നും രാമൻ മനുഷ്യനാണെന്നും ഇവരിൽനിന്നും തനിക്കു ജീവൻ രക്ഷിക്കാൻ സാധിക്കില്ലായെന്നും രാവണനെ ഓർമ്മിപ്പിച്ചു. ഹനുമാനെ വധിക്കാൻ തയാറായ രാവണനെ വിഭീഷണൻ വിലക്കി. അവസാനം അംഗവൈകല്യമുണ്ടാക്കാൻ വാലിൽ തുണിചുറ്റി തീ കത്തിക്കാൻ രാവണൻ കൽപിക്കുന്നു. സീതയുടെ പ്രാർത്ഥനയാൽ അഗ്നിദേവൻ പ്രസാദിച്ചു. അതിനുശേഷം ലങ്കാദഹനമാണ് നടന്നത്. പിന്നീട് വാലിലെ തീ സമുദ്രത്തിൽ മുക്കി കെടുത്തി. എല്ലാം ദഹിച്ചിട്ടും ജാനകിയെ അഗ്നി ബാധിച്ചില്ലാ എന്നത് ഹനുമാനെ സന്തുഷ്ടനാക്കി. തിരിച്ചുചെന്ന് എല്ലാവരോടും വിശേഷങ്ങൾ പറഞ്ഞു. മൈനാകം രക്ഷിച്ചതും സിംഹികയെ കൊന്നതും മറ്റും. ശ്രീരാമനോടു പറയാൻ സീത പറഞ്ഞയച്ചതു കേട്ട് രാമൻ സന്തുഷ്ടനായി.

രാമൻ ലങ്കയിലേക്കു പട നയിച്ചു. രാവണനും തയാറായി. വിഭീഷണൻ തന്റെ കഴിവു മുഴുവനും ഉപയോഗിച്ചിട്ടും രാവണനെ പിന്മാറ്റാൻ സാധിച്ചില്ല. ഇന്ദ്രജിത് പറഞ്ഞു, സത്യം വീര്യം പരാക്രമം ധൈര്യം തുടങ്ങിയവ തൊട്ടുതീണ്ടിയിട്ടില്ലാത്ത ഒരേയൊരാൾ വിഭീഷണനാണെന്ന്. സമസ്ത ദേവന്മാരുടേയും ദർപ്പമടക്കിയവനായ ഞാൻ ഈ രണ്ടു രാജപുത്രന്മാരുടെ മുന്നിൽ അശക്തനായി തീരുമോ എന്നിങ്ങനെ അഹങ്കാരവും അഹംഭാവവും തുളുമ്പുന്ന വാക്കുകൾ ഉപയോഗിക്കുന്നു. ബ്രഹ്മാണ്ഡം പോലെ പ്രകാശിക്കുന്ന കാലദണ്ഡങ്ങൾ പോലെയുള്ള രാമബാണങ്ങളെ നേരിടാൻ കഴിയില്ലായെന്ന് വിഭീഷണൻ പറയുന്നു. ഒന്നിനും രാവണൻ അടങ്ങുന്നില്ലായെന്നു മനസ്സിലാക്കിയ വിഭീഷണൻ അവസാനം പറഞ്ഞു, ആയുസ്സൊടുങ്ങിയർ നാശകാലത്ത് സുഹൃത്തുക്കൾ പറഞ്ഞുകൊടുക്കുന്ന ഹിതം സ്വീകരിക്കുകയില്ല. വിനാശകാലേ വിപരീത ബുദ്ധി എന്നു പറഞ്ഞപോലെ രാവണൻ സദ്‌വാക്കുകൾ ശ്രവിക്കാൻ തയാറായില്ല •

(തുടരും)

# വിശേഷ ദിവസങ്ങൾ

## 2017 ജൂലൈ15 മുതൽ ഓഗസ്റ്റ്15 വരെ

| | | |
|---|---|---|
| ജൂലൈ | 17 | രാമായണമാസാരംഭം |
| | 23 | കർക്കിടക വാവ് |
| ഓഗസ്റ്റ് | 3 | ചിന്മയാനന്ദ സമാധി |
| | 7 | രക്ഷാബന്ധൻ, ആവണി അവിട്ടം, സംസ്കൃത ദിനം |
| | 15 | സ്വാതന്ത്ര്യദിനം |

തുടർച്ച

# തവാങ്ങ് ഹിമാലയത്തിലെ രഹസ്യ സ്വർഗ്ഗം

എം.ആർ. ഹരിരാജ് (ഫോൺ: 9447072461)

### *രംഗയുടേയും കാസിയുടേയും കാനനം*

ഈ പ്രദേശത്തിനടുത്തുള്ള ഗ്രാമത്തിൽ താമസിച്ചിരുന്ന രംഗ എന്ന പെൺകുട്ടിയും അടുത്ത ഗ്രാമത്തിലെ കാസി എന്ന യുവാവും പ്രണയത്തിലായി. അവരുടെ വിവാഹത്തിന് വീട്ടുകാർക്ക് സമ്മതമായിരുന്നില്ല. അവർ വനത്തിലേക്ക് ഒളിച്ചോടി. അവർ വനത്തിലേക്കാണ് ഓടിയത് എന്നതിനെന്ത് തെളിവെന്നൊന്നും ചോദിക്കരുത്. കഥയിൽ ചോദ്യമില്ല. പിന്നെയവർ മടങ്ങി വന്നില്ല. രംഗയും കാസിയും വസിക്കുന്ന വനത്തിന് കാസിരംഗ എന്ന് പേരു വന്നു.

സ്ഥലനാമങ്ങൾ രസകരമായ പല കഥകൾ കാഴ്ചവെക്കുന്നുണ്ട്. ഈ പ്രദേശം അടക്കി വാണിരുന്ന കർബി ഗോത്രക്കാരുടെ ഭാഷയിൽ 'കാസി' എന്നാൽ പെൺകുട്ടി എന്നും 'കാസിരോഗാവൊൻ' എന്നാൽ പെൺകുട്ടിയുടെ ഗ്രാമമെന്നും അർത്ഥമുണ്ടത്രെ. ഒരു കാലത്ത് ഒരു പെൺകുട്ടിയുടെ ഭരണത്തിലിരുന്ന പ്രദേശമാണ് 'കാസിരോഗാവൊൻ' എന്നറിയപ്പെട്ടതെന്നും തുടർന്ന് അത് കാസിരംഗ എന്ന് ലോപിച്ചതെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. ഇന്ത്യയുടെ വടക്ക് കിഴക്കൻ മേഖലകളിൽ എല്ലാ തുറയിലും സ്ത്രീകളുടെ ശക്തമായ സാന്നിദ്ധ്യം ശ്രദ്ധിക്കാതെ തരമില്ല താനും.

പണ്ട് തന്നെ ഈ പ്രദേശം കാണ്ടാമൃഗങ്ങൾക്ക് പ്രസിദ്ധമായിരുന്നത്രേ. 1904 ൽ അന്നത്തെ ബ്രിട്ടീഷ് വൈസ്രോയ് കർസൺ പ്രഭുവിന്റെ ഭാര്യ, മേരി കർസൺ എന്ന പ്രഭി, കാസിരംഗയിലേക്ക് ഒരു യാത്ര വന്നു തീവണ്ടിയും വിമാനവും ഒന്നുമില്ലാത്ത കാലമായിരുന്നെന്ന് ഓർക്കണം. കാണ്ടാമൃഗത്തെ കാണാനാണ് പ്രഭി കൽക്കത്തയിൽ നിന്ന് ദുഷ്കരമായ ഈ യാത്രയ്ക്ക് മുതിർന്നത്. എന്തായാലും വളരെ ശ്രമിച്ചിട്ടും ഒരു കാണ്ടാമൃഗത്തെ പോലും കാണാനായില്ല പ്രഭിക്ക്. അത്ര വിരളമായി കഴിഞ്ഞിരുന്നു. കാസിരംഗയിലെ പുൽ മേടുകളിൽ കാണ്ടാമൃഗങ്ങൾ, നിരാശയായി മടങ്ങിയ പ്രഭി എന്നാൽ മനം മടുത്ത് കാണ്ടാമൃഗങ്ങളെ മറക്കുകയല്ല ചെയ്തത്. തന്റെ ഭർത്താവിനെ സ്വാധീനിച്ച് വംശനാശം നേരിടുന്ന കാണ്ടാമൃഗങ്ങളെ സംരക്ഷിക്കാൻ സത്വര നടപടികൾ എടുപ്പിച്ചു.

1905 ൽ കാസിരംഗയിലെ 232 ചതുരശ്രകിലോമീറ്റർ സംരക്ഷിത വനമായി പ്രഖ്യാപിക്കപ്പെട്ടു. തുടർന്നുള്ള വർഷങ്ങളിൽ ഈ സംരക്ഷിത വനമേഖലയുടെ വ്യാപ്തി വളരെ വർദ്ധിച്ചിട്ടുണ്ട്. ഇന്ന് 430 ചതുരശ്രകിലോമീറ്ററിൽ വ്യാപിച്ച് കിടക്കുന്ന കാസിരംഗ നാഷണൽ പാർക്കിലാണ് ലോകത്തിലെ മൂന്നിൽ രണ്ട് കാണ്ടാമൃഗങ്ങൾ ജീവിക്കുന്നത്. ഇന്ന് കാസിരംഗ പാർക്കിനു നടുവിലൂടെ കടന്ന് പോകുന്ന പൊതു വഴിയിലൂടെ വെറുതെ യാത്ര ചെയ്താൽ പോലും ധാരാളം കാണ്ടാമൃഗങ്ങളെ കാണാം. അവ വഴിയരികിലെ ചതുപ്പുകളിൽ മേഞ്ഞ് നടക്കുന്നു. കാട് കയറിയിട്ടും കാണ്ടാമൃഗത്തെ കാണാൻ കഴിയാതെ പോയ കർസൺ പ്രഭി

കാസിരംഗക്ക് മുകളിലുദിക്കുന്ന ഏതോ നക്ഷത്രമായി വന്ന് കാണ്ടാമൃഗങ്ങളെ കണ്ട് ആനന്ദിക്കുന്നുണ്ടാവും.

പ്രഭിയുടെ മഹാമനസ്കത രക്ഷപ്പെടുത്തിയത് കാണ്ടാമൃഗങ്ങളെ മാത്രമല്ല. പ്രകൃതി സംരക്ഷണത്തിനുള്ള അന്താരാഷ്ട്ര യൂണിയന്റെ ശോണപട്ടികയിൽ (International Union for Conservation of Nature Red List) പെട്ട പതിനഞ്ച് സസ്തനി വർഗ്ഗങ്ങളെയാണ് കാസിരംഗ സംരക്ഷിക്കുന്നത്.

വേട്ടക്കാരിൽ നിന്നും, എല്ലാ വർഷവും കരകവിഞ്ഞൊഴുകുന്ന ബ്രഹ്മപുത്രയുടെ ജലവേഗങ്ങളിൽ നിന്നും, വലിയ ഭീഷണി നേരിടുന്നുണ്ട് ഇവിടുള്ള ജീവികൾ. എന്നാൽ കർക്കശമായ സംരക്ഷണ രീതികൾ ഇവിടെ പിന്തുടരുന്നുണ്ട്. വേട്ടക്കാരെ വെടിവച്ച് കൊല്ലുകയാണ് പതിവ്. വേട്ടക്കാർ കൊന്ന കാണ്ടാമൃഗങ്ങളെക്കാൾ സംരക്ഷകർ കൊന്ന വേട്ടക്കാരാണത്രേ ഇവിടെ അധികം. കൊലയെ ന്യായീ

കരിക്കുന്നില്ല. അത് മനുഷ്യനെ ആയാലും മൃഗത്തെ ആയാലും. വന്യജീവി സംരക്ഷണത്തിന് ഇന്ത്യയിലൊരിടത്ത് തുടരുന്ന തികച്ചും ആത്മാർത്ഥമായ മാതൃക ചൂണ്ടികാണിക്കുന്നു എന്നേയുള്ളു.

അതി രാവിലെയാണ് എവിടെയും വന്യജീവികളെ കാണാൻ ഏറ്റവും ഉചിതമായ സമയം. രാവിലെ 6 മണിക്കോ മറ്റോ ആനയുടെ മുകളിൽ കയറിയുള്ള സഫാരി ആരംഭിക്കുന്നു. എന്നാൽ ആനയെ അങ്ങനെ ഉപയോഗിക്കുന്നത് ക്രൂരവും മനുഷ്യത്ത്വരഹിതവുമെന്ന് അഭിപ്രായമുള്ളതിനാൽ ഞങ്ങൾ ജീപ്പ് സഫാരിക്കാണ് പോയത്. രാവിലെ ഏഴ് മണിക്കാണ് അതാരംഭിക്കുക. തലേന്ന് ഹോട്ടലിൽ നിന്ന് ബുക്ക് ചെയ്ത വാഹനം രാവിലെ തന്നെ എത്തിയിരുന്നു. യാത്രാക്ഷീണം കാരണം ഞങ്ങൾ അല്പം വൈകി. മാത്രമല്ല പ്രാതൽ കഴിക്കാൻ നിന്നതും സമയം കുറച്ച് നഷ്ടമാക്കി. എട്ട് മണിക്ക് മുൻപ് ഞങ്ങൾ പാർക്കിനുള്ളിൽ കടന്നിരുന്നു.

തുറന്ന ജീപ്പിൽ കാട്ടിലൂടെയുള്ള യാത്ര ആരംഭിക്കുന്നത് കൊഹ്ര ഗേറ്റിൽ നിന്നാണ്. കാസിരംഗയിൽ അഞ്ച് വനമേഖലകളാണുള്ളത്. അതിൽ നടുക്കുള്ള റേഞ്ചാണ് കൊഹ്ര. മറ്റുള്ള റേഞ്ചുകളിൽ നിന്നും മറ്റ് വനപാതകളിലൂടെ സഫാരി യാത്രകളുണ്ട്. എന്നാൽ ഏറ്റവും കൂടുതൽ വന്യജീവികളെ കാണുവാനുള്ള അവസരം കൊഹ്രയിൽ നിന്നുള്ള സഫാരിയിലാണത്രേ.

ഒപ്പമുള്ള അനീഷ് പണ്ട് പക്ഷിനിരിക്ഷണത്തിനും മറ്റും പോയി പരിചയമുള്ള കൂട്ടത്തിലാണ്. പക്ഷികളുടെ സ്വരം കേട്ട് അതിന്നപക്ഷിയാണെന്നും മറ്റും വിശദീകരിക്കാൻ കഴിയും. അത്തരത്തിലൊരാൾ ഒപ്പമുള്ളത് വനയാത്രയിൽ ഒരു മുതൽക്കൂട്ട് തന്നെ.

വനത്തിലേക്ക് കയറുന്നയിടത്തു തന്നെ ധാരാളം കാണ്ടാമൃഗങ്ങളെ കാണാം. വഴിയിൽ നിന്ന് അല്പം മാറി കാസിരംഗയുടെ വിസൃതമായ ചതുപ്പ് നിറഞ്ഞ പുൽമേടുകളിൽ അവ തികഞ്ഞ നിസ്സംഗതയോടെ മേഞ്ഞ് നടക്കുന്നു. ഒന്നിനു പിറകെ ഒന്നായി കടന്ന് പോകുന്ന നൂറുകണക്കിന് വിനോദസഞ്ചാരികൾ അവരിൽ ഒരു ഭാവ വ്യത്യാസവും വരുത്തുന്നില്ല. സഞ്ചാരികൾ അവർക്ക് പതിവായിരിക്കുന്നു. അവരുടെ കാടിന്റെ ഭാഗമായിരിക്കുന്നു. ആനകൾ, വാട്ടർ ബഫല്ലോ എന്ന വലിയ കൊമ്പുള്ള പോത്തുകൾ, മാനുകൾ തുടങ്ങി വിവിധ മൃഗങ്ങളും, പലയിനം കൊക്കുകളും ജലപ്പക്ഷികളും, ഒക്കെ കണ്ട് രണ്ട് മണിക്കൂറോളം വനത്തിലൂടെ യാത്ര ചെയ്തു. എന്നാൽ കഴിഞ്ഞ വർഷം കുടുംബത്തോടൊപ്പം ഞാൻ ഇവിടെ വന്നപ്പോൾ കണ്ട മലമുഴക്കി വേഴാമ്പലിനെയും മറ്റും കാണാൻ കഴിഞ്ഞുമില്ല. കഴിഞ്ഞ യാത്രയിൽ കണ്ടത്ര മൃഗങ്ങളെ കാണാൻ കഴിയാഞ്ഞതിനു കാരണം യാത്ര തുടങ്ങാൻ വൈകിയത് തന്നെ എന്ന് തോന്നുന്നു. കഴിഞ്ഞ പ്രാവശ്യം വന്നപ്പോൾ ഞങ്ങൾ അന്ന് വനത്തിലേക്ക് കയറിയ ആദ്യ വാഹനമായിരുന്നു. വളരെ നേരത്തെ ആയിരുന്നതിനാൽ മറ്റ് വാഹനങ്ങൾ തീരെ കുറവായിരുന്നു. ഇക്കുറി വൈകിയതിനാൽ ധാരാളം മറ്റ് വാഹനങ്ങൾ ഒപ്പം വന്നു. കാട്ടിലേക്ക് കടന്നാൽ തികഞ്ഞ നിശ്ശബ്ദത പാലിക്കണം. അല്ലെങ്കിൽ മൃഗങ്ങളെ കാണാൻ കഴിയില്ല. പക്ഷേ വാഹനങ്ങളും സഞ്ചാരികളും ഏറുമ്പോൾ അത് സാധിക്കില്ല. പൊതുവെ വനത്തിൽ മൃഗങ്ങളെ കാണാനെത്തുന്നവർ ഉണ്ടാക്കുന്ന ശബ്ദകോലാഹലങ്ങൾ കൊണ്ട് തന്നെ മൃഗങ്ങൾ ഓടി രക്ഷപ്പെടും. വനത്തിൽ കടന്നാൽ എങ്ങനെ പെരുമാറണമെന്നും മറ്റും വിനോദസഞ്ചാരികൾക്ക് പറഞ്ഞ് മനസ്സിലാക്കിയിട്ട് വേണമവരെ കാട്ടിൽ കയറാൻ അനുവദിക്കാൻ എന്നാണെനിക്ക് തോന്നുന്നത്.

മടങ്ങി വന്നിട്ട് ഒട്ടും വൈകാതെ ഞങ്ങൾ തേസ്പൂർ ലക്ഷ്യമാക്കി നീങ്ങി. ആദ്യ ദിവസം തവാങ്ങിലേക്കുള്ള വഴിയിൽ ടേങ്കാ എന്ന സ്ഥലത്ത് താമസിക്കാനാണ് പരിപാടി. അവിടെ ഒരു പട്ടാള ക്യാമ്പുണ്ട്. അനീഷിന്റെ റെജിമന്റായിരുന്ന അസം റെജിമന്റിന്റെ യൂണിറ്റുണ്ട്. അവിടെ മുറികൾ പറഞ്ഞ് വച്ചിട്ടുണ്ട്. ഏകദേശം പതിനൊന്ന് മണിയോടെ ഞങ്ങൾ ടേങ്കാ ലക്ഷ്യമാക്കി യാത്ര തുടങ്ങി.

## ബ്രഹ്മപുത്ര

ആസാമിന്റെ ജീവനാഡിയാണ് ബ്രഹ്മപുത്ര എന്ന മഹാനദി. ചൈനയിൽ ആരംഭിച്ച്, ഇന്ത്യയിലൂടെ ഒഴുകി, ബംഗ്ലാദേശിൽ കടലിലേക്ക് ചേരുന്ന ഈ നദി അതിർത്തി രേഖകൾ മനുഷ്യൻ ഭൂപടത്തിൽ വരച്ചിടുന്ന ജലരേഖകൾ മാത്രമാണെന്നോർമിപ്പിക്കുന്നുണ്ട്. ചിലയിടങ്ങളിൽ എട്ട് കിലോമീറ്റർ വരെ വീതിയുള്ള ഈ നദിക്ക് കുറുകെ ആസാമിൽ രണ്ട് പാലങ്ങളാണുള്ളത്. ഒന്ന് ഗുവഹട്ടിയിലാണ്. അടുത്തത് തേസ്പൂരിനടുത്ത് കൊലിയ ഭൊമൊറ പാലം.

മൂന്ന് കിലോമീറ്റർ നീളമുള്ള ഈ പാലത്തിലൂടെയാണ് കാസിരംഗയിൽ നിന്നും തെസ്പൂരി

ലേക്കുള്ള യാത്ര. പാലത്തിൽ നിന്ന് നോക്കിയാൽ ചില സമയം അത് കടലിന് കുറുകയാണോ എന്ന് സംശയിച്ച് പോകും. അത്ര വിശാലമാണ് ബ്രഹ്മപുത്ര. കടുത്ത വേനലിൽ വെള്ളം കുറഞ്ഞ് കിടക്കുമ്പോഴും ആ നദിഭീമനൊരു ക്ഷീണവും കാണുന്നില്ല. വിശാലവും ശാന്തവുമായി ഒഴുകുന്ന ഈ പുഴ മഴ പെയ്താൽ രൗദ്രഭാവത്തോടെ കരകവിഞ്ഞ് പായുമത്രേ. പ്രകൃതിയുടെ മഹാശക്തിക്ക് മുന്നിൽ ഒന്ന് വിനയാന്വിതനാകാതെ ഇതിലെ കടന്ന് പോവുക അസാധ്യമാണ്. പതിനാറാം നൂറ്റാണ്ടിൽ അഹം രാജവംശത്തിന്റെ സേനാപതിയായിരുന്ന കൊയ്ല ഭൊമോറ ഫുക്കാൻ ഇവിടെ ഒരു പാലം പണി കഴിക്കുവാൻ പരിപാടിയിട്ടു. അതിന്റെ പ്രാരംഭ നടപടികൾ തുടങ്ങുകയും ചെയ്തു. എന്നാൽ നിർഭാഗ്യവശാൽ പാലം പണിയും മുൻപ് അദ്ദേഹം യശ്ശഃശരീരനായി. ബ്രഹ്മപുത്രയ്ക്ക് കുറുകെയുള്ള സേതുബന്ധനം എന്ന കിനാവ് അദ്ദേഹത്തിനൊപ്പം മണ്ണടിഞ്ഞു. മൂന്ന് നൂറ്റാണ്ടിന് ശേഷം 1987 ൽ , ജനാധിപത്യ ഭരണകാലത്താണ് ഈ പാലം യാഥാർത്ഥ്യമാകുന്നത്. പാലത്തിന് ആ ദീർഘദർശിയുടെ പേരിട്ട് നാം ആ ഓർമ്മ നിലനിറുത്തുന്നു. കോൺക്രീറ്റിനെ പറ്റിയും മറ്റും കേട്ട് കേൾവിയില്ലാത്ത കാലത്ത് അത്തരമൊരു പദ്ധതി കിനാവുകണ്ട സേനാപതിക്ക് ശുദ്ധ നൊസ്സെന്ന് കരുതിയവർ എത്രയാവണം!

'പാകിയാലാശയ ബീജം മുളക്കാതെ പോകില്ല
കാലമനുകൂലമാകവേ
ഒരുവേള ഒപ്പം മുളച്ചീടിന പരിഹാസവും
അതിന് വളമായ് ഭവിച്ചിടാം'

എന്നോർത്ത് കൊണ്ട് മഹാനദി കടന്ന് ഞങ്ങൾ യാത്ര തുടർന്നു.

## ശോണിതപുരം

കൃഷ്ണനും ബാണാസുരനുമായുള്ള യുദ്ധത്തിൽ നിണമൊഴുകി ചുവന്നാണത്രേ തേസ്പൂരിന് ആ പേരു കിട്ടിയത്. തെസ് എന്നാൽ ചോര എന്നാണർത്ഥം. ശോണിത് പൂരെന്നാണ് തേസ്പൂർ തലസ്ഥാനമായ ജില്ലയുടെ പേര്. തേസ്പൂരിലും വിമാനത്താവളമുണ്ട്. എന്നാൽ കൊച്ചിയിൽ നിന്നും ഇങ്ങൊട്ടുള്ള വിമാനയാത്ര കൂടുതൽ ചിലവേറിയതും സമയമെടുക്കുന്നതുമാണ്.

ആസാമിന്റെ സാംസ്കാരിക തലസ്ഥാനമായാണിവിടം അറിയപ്പെടുന്നത്. ബുപൻ ഹസാരിക അടക്കം അസാമിന്റെ എണ്ണം പറഞ്ഞ സാഹിത്യ കലാ നായകർ പലരും ഇവിടുത്തു കാരായിരുന്നു. ചരിത്രപരമായും സാംസ്കാരികമായും ഒരു പാട് പ്രാധാന്യമർഹിക്കുന്ന പലയിടങ്ങളും ഇവിടെയുണ്ട്. എന്നാൽ ഞങ്ങൾക്ക് സമയം കുറവായതിനാൽ തേസ്പൂർ ചുറ്റിക്കാണാൻ കഴിഞ്ഞില്ല. അതിലെ കടന്ന് പോയെന്ന് മാത്രം. ഉച്ചയൂണിന് നിറുത്തിയ ഒരു ചെറിയ ഹോട്ടൽ മാത്രമാണ് കണ്ടു എന്നു പറയാനുള്ളത്.

തേസ്പൂർ കടന്ന് തവാങ്ങിലേക്കുള്ള യാത്ര തുടർന്നു. ഇനിയങ്ങോട്ടുള്ള വഴി 1962 ലെ ഇന്തോ ചീന യുദ്ധത്തിന്റെ രംഗവേദിയാണ്. കിഴക്കൻ യുദ്ധമുഖത്ത് നടന്ന പോരാട്ടങ്ങൾ തവാങ്ങ് വഴി തെക്കോട്ടുള്ള ഈ പാതയിലാണ് നടന്നത്. തേസ്പൂരിന് ഏതാണ്ട് അൻപത് കിലോമീറ്റർ ദൂരെ വരെ ചീനപട്ടാളം പിടിച്ചടക്കിയിരുന്നത്രേ. ആ വഴിയിലൂടെയാണ് തവാങ്ങിലേക്കുള്ള യാത്ര.

തേസ്പൂരിൽ നിന്ന് ഏതാണ്ട് 50 കിലോമീറ്റർ യാത്ര ചെയ്താൽ ബാലുക്പോങ്ങ് എന്ന ചെറുപട്ടണത്തിലെത്താം. ഇതാണ് അരുണാചൽ പ്രദേശിലേക്കുള്ള കവാടം. ഇവിടെയുള്ള സൈനിക ഓഫീസിൽ ILP കാണിച്ച് പരിശോധിച്ചതിന് ശേഷമേ യാത്രികരെ കടത്തി വിടുകയുള്ളു.

ബാലുക്പോങ്ങിൽ ഇറങ്ങി അല്പം നടക്കാനും, അവിടുള്ള ചില കടകൾ സന്ദർശിക്കാനും ILP പരിശോധിക്കുവാനെടുത്ത സമയം ഞങ്ങൾ ഉപയോഗപ്പെടുത്തി. ബാലുക്പോങ്ങിൽ ഒരു ചെറു ചന്തയുണ്ട്. മുകളിലേക്കുള്ള യാത്രയ്ക്ക് ആവശ്യമായതെല്ലാം ഇവിടെനിന്നെങ്കിലും വാങ്ങി വെക്കുന്നതുചിതമാവും. തുടർന്ന് എല്ലാ സാധനങ്ങളും കിട്ടുന്ന ഇടങ്ങൾ കുറവായാണ് കണ്ടത്. ഒരു ഓർക്കിഡ് തോട്ടവും വന്യജീവി /കടുവാ സംരക്ഷണ കേന്ദ്രവുമുണ്ടെന്ന് വായിച്ചിട്ടുണ്ട്. അവയെല്ലാം സന്ദർശിക്കാനുള്ള സമയം തികഞ്ഞില്ല. ഇവിടെയും ATPC യുടെ ഒരു ലോഡ്ജുണ്ട്. താമസസൗകര്യവും മറ്റും വളരെ കുറവായാണ് തോന്നിയത്. മിക്കവാറും യാത്രക്കാർ ILP പരിശോധനയും മറ്റും കഴിഞ്ഞ് നേരെ ബോംഡിലയിലോ ഡിറാങ്ങിലോ എത്തി അവിടെ താമസിക്കുകയാണത്രേ പതിവ്.

ഞങ്ങൾ ബോംഡിലക്ക് ഏതാണ്ട് 20 കിലോമീറ്റർ തെക്ക് ടേങ്കാ എന്ന പട്ടണത്തിലുള്ള പട്ടാള ക്യാമ്പിൽ താമസിക്കാനാണുറച്ചത്●

(തുടരും)

# ചിത്രങ്ങൾക്കുള്ള സ്വാധീനശക്തി

**രാധ ദാമോദരൻ ഉണ്ണി**

*''ജ്ഞാതിവത്സല! ഭൂരിഭൂതിദ!*
*ഭൂപ വീര മഹാമതേ!*
*പാതിരാജ്യമതെങ്കിലും തവ*
*പാണ്ഡവർക്ക് കൊടുക്കണം....''*

യുദ്ധം കൂടാതെ കഴിക്കുവാൻവേണ്ടി ഭഗവാൻ ശ്രീകൃഷ്ണൻ ദുര്യോധനനോട് ദൂത് പറയുന്ന ഭാഗമാണിത്. കഥകളി കണ്ട് രസിക്കാൻ അറിയുന്ന ആസ്വാദകർ കാണാൻ കാത്തിരിക്കുന്ന രംഗം. പതിഞ്ഞ താളത്തിൽ വളരെ സൗമ്യമായി ഭഗവാൻ പറയുന്നു. പെട്ടെന്ന് പാട്ടിന്റെ താളം മാറി. ചെണ്ടയും മദ്ദളവും ദ്രുതതാളത്തിലായി, ദുര്യോധനൻ പരുക്കൻ രീതിയിൽ മറുപടി പറയുന്നു.

''ജ്ഞാതിയല്ല നമുക്കഹോ, യമ ജാതനെന്നു ധരിക്ക നീ

പാതിരാജ്യമതിന്നു യാദവ, പാണ്ഡവർക്ക് കൊടുത്തിടാ''

ഈ മര്യാദകേടും സംസാരവുമൊന്നും തന്നെ ബാധിക്കയില്ലെന്ന തരത്തിൽ ഭഗവാൻ വീണ്ടും നിർദ്ദേശിക്കുന്നു. പതിഞ്ഞ താളം, സൗമ്യമായ രീതി. ദുര്യോധനന്റെ അല്പത്തവും ദുർബുദ്ധിയും വെളിപ്പെടുത്തുവാനെന്നപോലെ ഭഗവാൻ തന്റെ ആവശ്യം ചുരുക്കിച്ചുരുക്കി കൊണ്ടുവരുന്നു. ഓരോ പ്രാവശ്യവും ദുര്യോധനൻ ചാടിക്കടിച്ചുകൊണ്ടാണ് പറയുന്നത്. ഭഗവാൻ സൗമ്യനായും. എല്ലാമെഴുതി വൃഥാ സ്ഥൂലമാക്കുന്നില്ല. അഞ്ചു ദേശങ്ങൾ, അത് കൊടുക്കില്ലെങ്കിൽ അഞ്ച് വീടുകൾ, അതും തരപ്പെടില്ലെങ്കിൽ ഒരേയൊരു വീട്. ഇത്രയുമായപ്പോൾ ദുര്യോധനൻ പൊട്ടിത്തെറിച്ചു. ''സൂചി കുത്തുവാൻ പോലും സ്ഥലം കൊടുക്കുകയില്ല. പാണ്ഡുനന്ദനരല്ല വൈരികൾ അന്യ ജാതരല്ലയോ?'' എന്നാണു ദുര്യോധനന്റെ പരിഹാസത്തോടെയുള്ള ചോദ്യം. ഭഗവാൻ പുഞ്ചിരിച്ചുകൊണ്ട് തന്റെ 'തുറുപ്പുചീട്ട്' എടുക്കുന്നു ഇത് വേണ്ടിവരുമെന്ന് അദ്ദേഹത്തിന് അറിയമായിരുന്നു. 'ചിത്രമത്ര വിചിത്രവീര്യജനല്ല നിന്നുടെ താതനും.' ദുര്യോധനനന്റെ പിതാവായ ധൃതരാഷ്ട്രർ വാസ്തവത്തിൽ രാജാവായിരുന്ന വിചിത്രവീര്യന്റെ മരണശേഷം വിധവയായ അമ്മയ്ക്ക് മറ്റൊരാളിൽ നിന്നുണ്ടായ (ആ ആൾ എത്ര വിശിഷ്ടനെങ്കിലും ആകട്ടെ ) പുത്രനാണ്. നിറഞ്ഞ സദസ്സിൽ വച്ച് ഭഗവാൻ, ദുര്യോധനന് വളരെ അപമാനകരമായ ഈ അപ്രിയസത്യം വിളിച്ചുപറയുന്നു. അച്ഛനായ ധൃതരാഷ്ട്രർ രാജാവിന്റെ മകനല്ല. പിന്നെങ്ങനെയാണ് ദുര്യോധനന് അവകാശമുണ്ടാകുന്നത്? ആ സമയത്തെ കോലാഹലത്തെപ്പറ്റി എന്ത് പറയാൻ? ചെണ്ടയും മദ്ദളവും ചേങ്കിലയും ദുര്യോധനന്റെ അട്ടഹാസവുമൊക്കെക്കൂടി എന്താണ് ബഹളം!

'പാശമമ്പൊടു കൊണ്ടുവാ
യദുപാശനെയിഹകെട്ടുവാൻ
നാശമങ്ങിതറിഞ്ഞു പാണ്ഡവ-
രാശു വന്നിതഴിക്കണം'.

ഭഗവാനെ പിടിച്ചുകെട്ടുവാനുള്ള കല്പന- ഇതുവരെയുള്ള ഭാഗമാണ് ഈലേഖനത്തിനടിസ്ഥാനമായത്.

വിദ്യാർത്ഥികളെ നല്ല ചിത്രങ്ങളുടെ സഹായത്തോടെ പഠിപ്പിക്കുവാൻ ശ്രമിക്കുന്ന സമ്പ്രദായം സി.ബി. എസ്. സി. യുടെ കീഴിലുള്ള ചില വിദ്യാഭ്യാസസ്ഥാപനങ്ങളിൽ വന്നിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. പ്രത്യേകിച്ച് മഹാഭാരതംപോലെയുള്ള ബൃഹദ്ഗ്രന്ഥങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുവാൻ അവയിലെ പ്രധാന കഥാഭാഗങ്ങൾ തന്മയത്വമായി വരച്ച ചിത്രങ്ങൾ വളരെ ഉപകരിക്കുമെന്നാണ് വിദഗ്ധരുടെ അഭിപ്രായം. ലേഡി ശ്രീരാം കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ വാഫ ഹമീദ് പറയുന്നത് ദേവദത്ത് പട്നായക് വരച്ച ചിത്രങ്ങൾ, Jaya , an illustrated retelling of the Mahabharatha, സാഹിത്യവിദ്യാർത്ഥികളെ ആ ഇതിഹാസം പരിചയപ്പെടുത്തുവാൻ വളരെ ഉപകരിച്ചു എന്നാണ്.

മിസ് ജൻജൻവാല പറയുന്നു:

"Graphic Novels can be enjoyed by people of any age as they are available in multiple genres andmany Indian Writers are choosing the genre"

തുടക്കവുമായി എന്താണ് തുടർച്ചയായി വന്ന ഭാഗത്തിന് ബന്ധമെന്ന് തോന്നാം. ആരംഭത്തിലെഴുതിയ വരികളുടെ സമാപനം ഭംഗിയായി ചിത്രീകരിക്കുന്ന നല്ല ഛായാചിത്രം കാണാൻ സാധിച്ചിട്ടുള്ളതുകൊണ്ടാണ്. പണ്ട് നമ്മുടെ ഭവനങ്ങളിലെ ചുമരുകളിൽ ചില്ലിട്ട ധാരാളം ചിത്രങ്ങൾ തൂക്കിയിരുന്നു. ദേവീദേവന്മാരുടെ ചിത്രങ്ങൾ, വീട്ടുകാരുടെ തന്നെ ഫോട്ടോകൾ, പുരാണേതിഹാസങ്ങളിലെ പ്രധാനരംഗങ്ങൾ ഇവയൊക്കെ കാണാറുണ്ട്. മേലെഴുതിയ ഭഗവദ് ദൂതിലെ രംഗം എത്ര കണ്ടാലും മതിവരാത്ത രീതിയിൽ വരച്ചിട്ടുള്ള ഒരു ചിത്രം പല വീടുകളിലും ചില്ലിട്ടുവെച്ചിരുന്നു. നിറഞ്ഞ കൗരവസദസ്സ്, ദുര്യോധനൻ ക്രോധാവിഷ്ടനായി 'കൊണ്ടുവാ' എന്നുപറയുന്നപോലെ ആംഗ്യം കാണിച്ച് നിൽക്കുന്നത്, ദുശ്ശാസനൻ കയറുമായി വരുന്നത്, അത് തടുക്കുവാനെന്നപോലെ ഭഗവാന്റെ സിംഹാസനത്തിന്റെ പുറകിൽനിന്നും സാത്യകി പുറപ്പെടുന്നതും ഭഗവാൻ പുഞ്ചിരിച്ചുകൊണ്ട് തന്റെ വലതുകൈകൊണ്ട് തടയുന്നതും വളരെ രസകരമായ കാഴ്ചയാണ്. ഇതൊന്നും കാര്യമാക്കണ്ട എന്ന ഭാവത്തിലാണ് ഭഗവാന്റെ പുഞ്ചിരിച്ചുകൊണ്ട്, കൂസലില്ലാതെയുള്ള ഇരിപ്പ്. ഈ ഭാഗം കുട്ടികൾക്ക് വിശദീകരിച്ചശേഷം ഈ പടം കാണിച്ചുകൊടുത്താൽ കുട്ടികൾ അത് മറക്കില്ല.

ഇതുപോലെതന്നെ മേനക, ശിശുവിനേയും കൊണ്ട് വിശ്വാമിത്രന്റെയടുക്കൽ നില്ക്കുമ്പോൾ വിശ്വാമിത്രൻ തലതിരിച്ചു 'കൊണ്ടുപോ' എന്നുപറയുന്നതുപോലെ നിൽക്കുന്നത്, അങ്ങനെ പലതും ചിത്രങ്ങളിൽക്കൂടി വാക്കുകളേക്കാൾ ശക്തമായി കഥാസന്ദർഭം മനസ്സിലാക്കിത്തരുന്നുണ്ട്. പറഞ്ഞുകൊടുക്കുമ്പോൾ പെട്ടെന്ന് ഗ്രഹിക്കുവാൻ ബുദ്ധിമുട്ടുള്ള ചില വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ചും ഈ രീതി കൂടുതൽ ഫലപ്രദമായേക്കും ●

---

കവിത

# ഗീത പഠിക്കാം

**പി.ഐ. ശങ്കരനാരായണൻ**

ഗീത പഠിക്കാം കുട്ടികളേ, ശ്രീ
ഭഗവദ്ഗീത പഠിക്കാം,
ജീവിതമെന്ന പരീക്ഷ ജയിക്കാൻ
ഭഗവൻമൊഴികൾ പഠിക്കാം
നേരിൻ വഴികൾ പഠിക്കാം
പ്രതിസന്ധികളിൽതളരരുതൊട്ടും
ശോകം വെടിയൂ, ഉണരൂ!
സ്വധർമ്മമെന്തെന്നറിഞ്ഞു നിത്യം
ശുഭകർമ്മങ്ങളിൽ മുഴുകു നിത്യം
ശുഭകർമ്മങ്ങളിൽ മുഴുകു
ധനപ്രതാപം, കാമസുഖങ്ങൾ
സകലം നശ്വരമോർക്കു
ജനിച്ചുവെന്നാൽ മരണമുറപ്പെ
ന്നറിഞ്ഞു ദു:ഖം വെടിയൂ; തത്ത്വം
അറിഞ്ഞു ദു:ഖം വെടിയൂ.
മനസ്സു നിർമ്മലമാകട്ടെ, അതു
നിയന്ത്രണത്തിലുമാകട്ടെ;
പ്രസന്നവദനം, വചനം മധുരം
ധ്യാനം ശീലവുമാകട്ടെ, യോഗ
ധ്യാനംശീലവുമാകട്ടെ.
ശരീരശുദ്ധിക്കൊപ്പം വേണം
ആഹാരത്തിനു ശുദ്ധി
ജ്ഞാനവുമങ്ങനെയായാലുണ്ടോ
ഞാനെന്നുള്ളൊരു ഭാവം ഉണ്ടോ
ഞാനെന്നുള്ളൊരു ഭാവം!
സകലചരാചര ഹൃദയേ വാഴും
ഈശ്വരനെന്നുള്ളറിവാൽ
ലോകസുഹൃത്തായ് മാറും നമ്മുടെ
ലക്ഷ്യം ലോകക്ഷേമം നമ്മുടെ
ലക്ഷ്യം ലോകക്ഷേമം
ഗീത പഠിക്കാം കുട്ടികളേ, ശ്രീ
ഭഗവദ്ഗീത പഠിക്കാം,
ജീവിതമെന്ന പരീക്ഷ ജയിക്കാൻ
ഭഗവൻമൊഴികൾ പഠിക്കാം,
നേരിൻ വഴികൾ പഠിക്കാം

# ശ്രീ തീർത്ഥപാദപരമഹംസ സ്വാമികൾ

ഡോ. കെ.ഹരിഹരൻ (ഫോൺ: 98473 13322)

## നായർസമുദായ രംഗത്തേയ്ക്ക്

പരമ്പരാഗതമായ ആചാരങ്ങളോട് അത് ശരിയായാലും തെറ്റായാലും ഇണങ്ങി ചേർന്നു പോകാനാണ് അധികം ആളുകളും ഇഷ്ടപ്പെടുന്നത്. നമ്മുടെ ചുറ്റുപാടും കാണുന്ന അനീതികളെ എതിർക്കുകയും നീതിക്കുവേണ്ടി വാദിക്കുകയും ചെയ്യുന്ന ആളുകൾ ദുർലഭമാണ്. അങ്ങനെ ആരെങ്കിലും വാദിച്ചാൽ അവരെ സമുദായ ഭ്രഷ്ടരാക്കാനും നിയമവിരുദ്ധമായി പ്രവർത്തിച്ചതിന് ശിക്ഷിക്കുവാനും മനുഷ്യസമുദായം ഒരു കാലത്തും മടിച്ചിട്ടില്ല. അതിന് സോക്രട്ടീസ് , യേശുക്രിസ്തു മുതലായ മഹാപുരുഷൻമാരുടെ ജീവചരിത്രങ്ങൾ ഉദാഹരണങ്ങളാണല്ലോ. അങ്ങനെയാണെങ്കിലും ഏതു പരിതസ്ഥിതിയിലും തനിക്ക് ശരിയെന്നു തോന്നുന്ന അഭിപ്രായത്തെ നിസ്സങ്കോചം തുറന്നു പ്രകടിപ്പിക്കുന്നതിന് തന്റേടമുള്ള അപൂർവ്വം ചില മനുഷ്യർ എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്. ഉണ്ടാവുകയും ചെയ്യും. അക്കൂട്ടത്തിൽ പെട്ട ഒരു വ്യക്തിയായിരുന്നു ശ്രീതീർത്ഥപാദപരമഹംസസ്വാമികൾ.

ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ചറിയുക, ആ വിഷയം അനുകൂലമാണെങ്കിൽ കൊള്ളാനും, പ്രതികൂലമാണെങ്കിൽ തള്ളാനുമുള്ള ആഗ്രഹം ഉണ്ടാവുക അതനുസരിച്ച് പ്രവർത്തിക്കുക എന്നിങ്ങനെയുള്ള സ്വഭാവം മനുഷ്യസാധാരണമാണല്ലോ. അതനുസരിച്ച് കാലക്രമത്തിൽ വന്നു ചേർന്ന ശൈഥില്യവും, അധഃപതനവും മാറ്റി അഭിമാനവും ഉൽക്കർഷേച്ഛയും ഉണ്ടാക്കി നായർ സമുദായത്തെ, ഒരു സംഘടനയുടെ കീഴിൽ അണിനിരത്തിക്കുവാൻ സ്വാമിജി ആഗ്രഹിക്കുകയും തദനുസരണം പ്രവർത്തിക്കുകയും ചെയ്തു. പക്ഷേ അന്ന് നായരാകാൻ അധികം പേർക്കും ഇഷ്ടമല്ലായിരുന്നു. കർത്താവ്, കൈമൾ, കുറുപ്പ്, ഉണ്ണിത്താൻ , പണിക്കർ, മേനവൻ മുതലായ സ്ഥാനമാനങ്ങൾ ഉള്ളവരായിരുന്നു ഭൂരിപക്ഷം നായൻമാരും. ആ സ്ഥാനമാനത്തേക്കാൾ നായർ എന്ന സ്ഥാനം വളരെ മോശമാണെന്ന് അന്ന് പലരും ധരിച്ചു പോയി. മാരാര് , പാദമംഗലം, കിരിയം, ഇല്ലം, സ്വരൂപം, മേനോക്കി, പട്ടോല മേനോൻ , പള്ളിച്ചാൽ ,വെച്ചുകെട്ടിയോടം, എടച്ചേരി, വടക്കോട്ട് , ആത്തൂർ, ആസ്തിക്കുറിച്ചി ഇങ്ങനെ അഭിമാനിക്കുന്ന പതിന്നാലു വിഭാഗങ്ങളും വ്യക്തമായ പേരില്ലാത്ത മറ്റു നാലു വിഭാഗങ്ങളും ചേർന്ന് പതിനെട്ട് അവാന്തര വിഭാഗങ്ങൾ അന്ന് പ്രധാനമായി നായർ സമുദായത്തിലുണ്ടായിരുന്നു. കൂടാതെ ചുറ്റുപാടുകൾ കൊണ്ടും മറ്റും ഈ വിഭാഗത്തിലോരോന്നിലും പല പല വിഭാഗങ്ങളും കാലക്രമേണ വന്നു ചേർന്നു. അവരിൽ നായൻമാരെന്നഭിമാനിക്കുന്നവരെ അല്പം താഴ്ന്ന തരക്കാരായിട്ടാണ് അന്ന് പരിഗണിച്ചിരുന്നത്. അതുകൊണ്ട് സാമാന്യ ജനങ്ങളുടെയിടയിൽ നായർ സമുദായ സംഘടന രൂപികരിക്കുവാൻ വളരെ പ്രയാസമായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച നഗരവാസികളിൽ ഒരു വിഭാഗം നായൻമാർ, മലയാളിപ്രക്ഷോപണം, സമുദായോത്തേജകൻ ശ്രീ. സി. കൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ രൂപികരിച്ച കേരളീയ നായർസമാജം മുതലായവകൊണ്ട് സംഘടനാരൂപികരണത്തിൽ സഹകരിക്കാനും പ്രവർത്തിക്കാനും സന്നദ്ധരായിരുന്നു.

സ്വാമിജിക്ക് ആദ്യമായി പ്രവർത്തിക്കേണ്ടിയിരുന്നത് പറവൂർ വടക്കേക്കരയിലായിരുന്നു. യാഥാസ്ഥിതികൻമാരായ നായൻമാരാരും സ്വാമിജിയുടെ പ്രവർത്തനത്തിൽ സഹകരിച്ചില്ല. എന്നാൽ ഇടത്തരക്കാരായ കുറെ നായൻമാർ സ്വാമിജിയെ അനുകരിക്കുകയും സംഘടനയിൽ സഹകരിക്കുകയും ചെയ്തു. നാലു നായൻമാരെ ഒരുമിച്ചു കണ്ടാൽ നായൻമാരുടെ പൂർവ്വചരിത്രത്തെക്കുറിച്ചും, ഇടയ്ക്കു വന്നു ചേർന്ന അന്ധവിശ്വാസമായ അവാന്തര വിഭാഗങ്ങളെക്കുറിച്ചും സംസാരിക്കുകയും പ്രമാണങ്ങളുദ്ധരിച്ച് നായൻമാരെല്ലാം ഒരേ വർഗ്ഗത്തിൽ പെട്ടവരാണെന്ന് തെളിയിക്കുകയും അവർ ഒരുമിച്ച് എല്ലാ കാര്യങ്ങളിലും സഹകരിക്കുകയും സംഘടിക്കുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുകയും സ്വാമികൾ ചെയ്തിരുന്നു. അന്ന് നായർ കുടുംബങ്ങൾ തമ്മിലും ഒരേ കുടുംബത്തിലുള്ള ഭരണാധിപൻമാരും ഭരണീയരും തമ്മിലും മിക്കവാറും സൗഹാർദ്ദത്തിലല്ലായിരുന്നു കഴിഞ്ഞിരുന്നത്. കെട്ടു കല്യാണം, തിരുണ്ടു കുളി, പുളികുടി, അടിയന്തിരങ്ങൾ മുതലായവ മോടിയായി നടത്തി

അനേക കുടുംബങ്ങൾ സാമ്പത്തീകമായി തകർന്നു കൊണ്ടിരുന്നു. ആ തകർച്ചക്ക് കരപ്രമാണികളിൽ പലരും കാരണഭൂതരായിരുന്നു. കരപ്രമാണികൾ തമ്മിലുള്ള മത്സരം നിമിത്തം പല കുടുംബങ്ങളും ശിഥിലമായിട്ടുണ്ട്. അക്കൂട്ടർ സംഘടനയ്ക്കു വേണ്ടി പ്രവർത്തിക്കുന്ന ആളുകളെ നിരുത്സാഹപ്പെടുത്താനും അവഹേളിക്കാനും അപമാനിക്കാനും സന്നദ്ധരായി കാണപ്പെട്ടിരുന്നു. അങ്ങനെയുള്ള കരപ്രമാണിമാരുടെ ചെയ്തികളെ സ്വാമിജി ധൈര്യസമേതം അപലപിക്കുകയും സമുദായ നേതൃത്വത്തിൽ നിന്ന് അങ്ങനെയുള്ളവരെ ബഹിഷ്കരിക്കണമെന്ന് വാദിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് അവരുടെ ദൃഷ്ടിയിൽ സ്വാമിജി ഒരു നല്ല മനുഷ്യനല്ലായിരുന്നു, പക്ഷേ ആ എതിർപ്രചരണങ്ങളെ ലേശം പോലും വകവെയ്ക്കാതെ സംഘടനാരൂപികരണത്തിനുവേണ്ടി അദ്ദേഹം പ്രവർത്തിച്ചു കൊണ്ടിരുന്നു.

നായൻമാർക്കു നേരിട്ടിട്ടുള്ള ദൗർബല്യത്തിനും വിഘടനയ്ക്കും പ്രധാന കാരണം അവരുടെ ഇടയിലുണ്ടായിരുന്ന ജാതിവ്യത്യാസമാണെന്നും, അതു നിശ്ശേഷം മാറ്റി പൂർവ്വസ്ഥിതിയിൽ ഒരേ വർഗ്ഗമായിത്തീർന്നെങ്കിലേ അവർക്ക് ഐശ്വര്യമുണ്ടാകുകയുള്ളു എന്നുമുള്ള സ്വാമിജിയുടെ നിർദ്ദേശം അന്നത്തെ നായർ സമുദായത്തിൽ ഏറ്റവും വലിയ വിപ്ലവം ഉണ്ടാക്കുന്ന ഒന്നായിരുന്നു. അജ്ഞാനജന്യമായ ആ ജാതി വ്യത്യാസത്തേയും ശൂദ്രത്താഭിമാനത്തേയും ഇല്ലാതാക്കി. നായൻമാർക്ക് സ്വവർഗ്ഗമാനവും, സ്വോൽ ക്കർഷബോധവും ഉണ്ടാക്കിത്തീർക്കുവാനാണ് ശ്രീചട്ടമ്പി തിരുവടികളും അവിടുത്തെ ശിഷ്യൻമാരും ആദ്യകാലങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരുന്നത്. അന്നത്തെ നായർ സമുദായത്തിലെ അനിഷേധ്യനേതാവാണ് സമുദായോത്തേജകൻ ശ്രീ. സി. കൃഷ്ണപിള്ള അവർകൾ. ശ്രീ മന്നം സ്വാമിജിയെ അടുത്തറിഞ്ഞിട്ടുള്ള ഒരു മഹാനാണ്. മദ്ധ്യതിരുവിതാംകൂറിൽ സ്വാമിജിക്കുള്ള സ്ഥാനവും കഴിവും നല്ലതുപോലെ മനസ്സിലാക്കിയിട്ടുള്ള അദ്ദേഹം സ്വാമിജിയെ നായർ സമുദായത്തിന്റെ മതോപദേഷ്ടാവായി വാഴിക്കുവാൻ വളരെ ആഗ്രഹിച്ചിരുന്നു. ശ്രീമന്നത്തു പത്മനാഭപിള്ളയുടെ നിസ്വാർത്ഥമായ സമുദായ സേവനത്തിലും കർമ്മ കൗശല്യത്തിലും സ്വാമിജിക്കു വളരെ മതിപ്പായിരുന്നു. ശ്രീ മന്നത്തിൽ ഒരു മഹാപുരുഷന്റെ പല വിശിഷ്ടഗുണങ്ങളും കാണാൻ കഴിയുന്നുണ്ട് എന്ന് സ്വാമിജി പലപ്പോഴും പറയുമായിരുന്നു. എങ്കിലും ചങ്ങനാശ്ശേരിയിൽ സ്വാമിജി തന്റെ ആശ്രമസങ്കേതം ഉറപ്പിച്ചില്ല. അതിനു കാരണം, ആശ്രമത്തിന് അനുരൂപമായ സ്ഥലം വാഴൂരിൽ ലഭിച്ചതായിരിക്കണം. എങ്കിലും വളരെക്കാലം ചങ്ങനാശ്ശേരിയും പരിസരപ്രദേശങ്ങളും സ്വാമിജിയുടെ പ്രവർത്തനകേന്ദ്രങ്ങളായിരുന്നു. സ്വാമിജിയും ശ്രീമന്നത്തുപത്മനാഭപിള്ളയും ഒരുമിച്ച് തന്നെയാണ് സാമുദായികമായി പ്രവർത്തിച്ചു കൊണ്ടിരുന്നത്. കരയോഗരൂപികരണം, ആചാരപരിഷ്കാരം, ഹിന്ദുമതപ്രചരണം മുതലായവ ആയിരുന്നു അവരുടെ അന്നത്തെ പരിപാടികൾ.

ആചാരപദ്ധതി, ദേവാർച്ചനാപദ്ധതി ബ്രഹ്മാജ്ജലി മുതലായ ഗ്രന്ഥങ്ങളുടെ പ്രചാരം കൊണ്ടു വിവാഹം, ആശൗചം മുതലായ ചടങ്ങുകൾ ശാസ്ത്രീയമായി നടപ്പിൽ വന്നതുകൊണ്ടും നായൻമാരുടെ ഇടയിൽ തങ്ങൾക്കൊരു മതാചാര്യൻ വേണമെന്നുള്ള അഭിലാഷം വർദ്ധിക്കുവാൻ തുടങ്ങി. മദ്ധ്യതിരുവിതാംകൂറിലെ നായർപ്രമാണികളാണ് ആ അഭിലാഷം പ്രകടമാക്കിയത്. തീർത്ഥപാദപരമ്പരയിലെ ആശ്രമാദ്ധ്യക്ഷനും സർവ്വശാസ്ത്രപരാംഗതനുമായ ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികളെ തന്നെ നായർ സമുദായാചാര്യനായി വാഴിച്ച് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മതപരങ്ങളായ ആചാരാനുഷ്ഠാനക്രമങ്ങൾ നായൻമാരുടെ ഇടയിൽ നടപ്പിൽ വരുത്തണമെന്നാണ് മദ്ധ്യതിരുവിതാംകൂറിലെ നായർപ്രമാണി മാരാഗ്രഹിച്ചതും ആലോചിച്ചുറപ്പിച്ചതും. എന്നാൽ കേരളീയ നായർ സമാജപ്രവർത്തകൻമാരായ നേതാക്കൻമാരുടെ ഇടയിൽ അഭിപ്രായ ഭിന്നത വർദ്ധിച്ച് സമസ്തകേരള നായർ സമാജമെന്ന ഒരു സംഘടനകൂടി പുതുതായി രൂപികരിക്കപ്പെട്ട കാലമായിരുന്നു അത്. അതിനാൽ ആ ആഗ്രഹം സഫലമായില്ല. ത്യാഗികളായ സന്യാസിശ്രേഷ്ഠൻമാരുടെ നേതൃത്വം അംഗീകരിക്കപ്പെടുന്നത് സ്വാർത്ഥതത്പരൻമാരായ നേതാക്കൾക്ക് ഒരിക്കലും രോചകമാകുന്നതല്ല. കൗടില്യവും കുതന്ത്രങ്ങളും കൊണ്ടാണ് പലരും ഉന്നതസ്ഥാനത്ത് എത്താൻ ശ്രമിക്കുന്നത്. അത് ധർമ്മനിഷ്ഠരായ ത്യാഗികൾ സമ്മതിച്ചു കൊടുക്കുന്നതല്ലല്ലോ. അതുകൊണ്ടു കൂടി ആയിരിക്കണം, അക്കാലത്ത് നായർ സമുദായം ഒരാചാര്യനെ വാഴിക്കാതിരുന്നതും, ത്യാഗീവര്യൻമാർ നായർ സമുദായാചാര്യൻമാരായി വരാതിരുന്നതും. എന്നിരുന്നാലും, പരമഭട്ടാരചട്ടമ്പിസ്വാമികളേയും അവിടുത്തെ ശിഷ്യൻമാരെയും പൊതുവെ നായർ സമുദായം ആരാധിച്ചിരുന്നു.

ഈ വകസംഭവങ്ങളോടുകൂടി തീർത്ഥപാദ പരമഹംസ സ്വാമികളുടെ ശ്രദ്ധ സംഘടനാപ്രവർത്തനങ്ങളിൽ നിന്ന് പിൻതിരിച്ച് മതബോധകങ്ങളായ പ്രവർത്തനങ്ങളിൽ മാത്രം കേന്ദ്രീകരിച്ചതായി കാണുന്നു. സർവ്വമതസമന്വയ പ്രവർത്തകനായിരുന്നു എങ്കിലും അന്യമതക്കാരുടെ മതപരിവർത്ത

നശ്രമത്തെ സ്വാമികൾ എന്നും എതിർത്തിരുന്നു. മതത്തിന്റെ ലക്ഷ്യം ഈശ്വരസാക്ഷാത്കാരമാണ്. മനുഷ്യരെ ആ ലക്ഷ്യത്തിൽ എത്തിക്കാനുള്ള പരിശ്രമത്തെ ഒരിക്കലും അദ്ദേഹം എതിർത്തിട്ടുമില്ല. എല്ലാ മതങ്ങളും സാക്ഷാത്തായോ പരമ്പരയായോ ഈശ്വരനിൽ എത്തിച്ചേരുന്നതിനുള്ള മാർഗ്ഗങ്ങളാണെന്ന് അദ്ദേഹം സ്പഷ്ടമായി പ്രഖ്യാപിച്ചിട്ടുമുണ്ട്. മതമെന്നുള്ളത് ഈശ്വരാകാരമായ മനോവൃത്തി സമ്പാദിക്കവാനുള്ള സാധനയാണ്. അതുകൊണ്ട് സിദ്ധിക്കുന്നത് ഈശ്വര സാക്ഷാത്കാരവും. മതഗ്രന്ഥങ്ങൾ പഠിച്ച് അതിൽ നിർദ്ദേശിച്ചിട്ടുള്ള സാധനകൾ അനുഭൂതി സമ്പന്നൻമാരായ ആചാര്യൻമാരിൽ നിന്ന് ഗ്രഹിച്ച് പരിശീലിച്ചെങ്കിൽ മാത്രമെ മതബോധവും പ്രാകൃതജീവിതത്തിന് പരിവർത്തനവും ഉണ്ടാവുകയുള്ളു. അങ്ങനെയല്ലാതെ ധനസഹായം തുടങ്ങി പല കൃത്രിമ മാർഗ്ഗങ്ങൾ വഴി പാവങ്ങളെ സ്വമതത്തിൽ ചേർത്ത് സ്വസമുദായ ശക്തി വർദ്ധിപ്പിച്ച് ഭരണനേതൃത്വം കയ്യടക്കാൻ ശ്രമിക്കുന്ന കുതന്ത്രത്തെ സ്വാമിജി വളരെ വെറുത്തിരുന്നു. അതുകൊണ്ടാണ് വിദേശമിഷനറിമാരുടെ, ഹിന്ദുക്കളെ ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യിപ്പിക്കുവാനുള്ള പരിശ്രമത്തെ എതിർത്ത് പോന്നിരുന്നത്.

ഇത്രയും കൊണ്ട് ബ്രഹ്മശ്രീ തീർത്ഥപാദ പരമഹംസ സ്വാമി തിരുവടികളുടെ ജീവിതത്തിലെ പ്രധാനസംഭവങ്ങൾ മിക്കവാറും ചുരുക്കി വിവരിച്ചു കഴിഞ്ഞു. കൊല്ലവർഷം 1059 തുലാം 4 ന് (19. 10. 1881) ബുധനാഴ്ച പഴയ തിരുവിതാംകൂറിന്റെ വടക്കേ അറ്റമായ പറവൂർ വടക്കേക്കര മഠത്തിൽ തോട്ടത്തിൽ ഭവനത്തിൽ ജനിച്ച അദ്ദേഹം കൊല്ലവർഷം 1114 ചിങ്ങമാസം 26 ാം തീയതി (11.9.1938) ഞായറാഴ്ച പകൽ പത്തരമണിക്ക് അന്നത്തെ ചങ്ങനാശ്ശേരി താലൂക്കിന്റെ കിഴക്കൻ പ്രദേശമായ ചെറുവിള്ളീൽ പീലിയാനിക്കൽ വീട്ടിൽ വെച്ചാണ് പ്രാരബ്ധ കർമ്മങ്ങളിൽ നിന്നെല്ലാം വിമുക്തനായി പൂർണമായ പരബ്രഹ്മത്തിൽ വിലയം കൊണ്ടതും.

അഗാധമായ വൈദുഷ്യവും അത്ഭുതജനകമായ ബുദ്ധിവികാസവും അനിതരസാധാരണമായ സ്നേഹവായ്പും അഭൗമമായ ആത്മാനുഭൂതിയും ഒത്തിണങ്ങിയതായിരുന്നു ആ മഹാപുരുഷന്റെ വ്യക്തിപ്രഭാവം. അതിന്റെ അപ്രതിഹതമായ സ്വാധീനശക്തി നമ്മുടെ നാട്ടിലെ അനേകം വ്യക്തികളുടെ ധാർമ്മീകമായ പ്രബുദ്ധതയ്ക്കും ലോകക്ഷേമകരമായ പ്രവർത്തനങ്ങൾക്കും വളരെ പ്രചോദനമായി തീർന്നിട്ടുണ്ട് ●

## എറണാകുളം കരയോഗം
# എൽഡർ സിറ്റിസൺസ് ഫോറം
## 2017ജൂലൈ/ഓഗസ്റ്റ് മാസത്തെ പരിപാടികൾ

| തീയതി | വിഷയം | | അവതരിപ്പിക്കുന്നത് | നമ്പർ |
|---|---|---|---|---|
| 20.7.2017 | രാമയണ പാരായണം സുന്ദരകാണ്ഡം | | വി. ആർ. രാമചന്ദ്രൻ നായർ | 926 |
| 27.7.2017 | 19-ാ മത് വാർഷികാഘോഷത്തോടനുബന്ധിച്ചുള്ള മത്സരങ്ങൾ<br>1. Words game 4.00 to 4.30 PM<br>2. General Quiz 4.45 to 6.00 PM | | G.P. Pillai<br>T.V.G. Menon | 927 |
| 30.7.2017 | 19-ാ മത് വാർഷികാഘോഷങ്ങൾ<br>രാവിലെ 10.00 മണിക്ക് ഉദ്ഘാടനം<br>പരിപാടികൾ രാവിലെ 9.30 മുതൽ 5.00 മണി വരെ | | കരയോഗം പ്രസിഡന്റ് | 928 |
| | മനോരഞ്ജിനി | വിഷയം | | |
| 3.8.2017 | പി.ജി. രാമചന്ദ്രൻ | രാമായണങ്ങളിലൂടെ | ജി.ആർ.സി. നായർ | 929 |
| 10.8.2017 | ജനകീയ ജനാധിപത്യം Debate- Presention By M.R. Rajendran Nair | | | 930 |

# വ്യാഴം
# ഒരു പരാജിത നക്ഷത്രം

സി. രാമചന്ദ്രൻ (ഫോൺ: 99958 20684)

സൗരയൂഥത്തിലെ വ്യാഴം ഒഴിച്ചുള്ള ഏഴു ഗ്രഹങ്ങളുടെ മൊത്തം ദ്രവ്യമാനത്തിന്റെ ഇരട്ടിയിലധികം ദ്രവ്യം വ്യാഴത്തിലുണ്ട്. സൂര്യനിൽ നിന്ന് അഞ്ചാമതായി സ്ഥിതിചെയ്യുന്ന വ്യാഴത്തിലേയ്ക്ക് 78 കോടി കിലോമീറ്ററാണ് ദൂരം. എങ്കിലും സൂര്യൻ അതിന്റെ മാറാപ്പിലിട്ട് വ്യാഴത്തെ അതിവേഗം ചുഴറ്റുന്നു. സ്വന്തം അച്ചുതണ്ടിൽ അതിന്റെ ഭ്രമണ വേഗത മണിക്കൂറിൽ 45,000 കി.മീറ്ററാണ് സൗരയൂഥത്തിന്റെ പുറം ഗ്രഹങ്ങളായ നാല് വാതക ഭീമൻമാരിൽ ഒന്നാമത്തേതാണ് വ്യാഴം. സൗരയൂഥം രൂപം കൊണ്ട നെബുല (വാതക മേഘപടലം)യിൽ നിന്നു തന്നെ രൂപംകൊണ്ടു എന്നു കരുതുവാൻ വേണ്ടത്ര ന്യായങ്ങളുള്ള വ്യാഴത്തിൽ 88% ഹൈഡ്രജനും 11% ഹീലിയവുമാണ്. ഒരു ശതമാനം മാത്രം വരുന്ന മറ്റു മൂലകങ്ങളാണ് വ്യാഴത്തിന്റെ വർണ്ണവൈവിധ്യത്തിനു ഹേതു. ഒരു നക്ഷത്രത്തിന്റേതിനോടു സമാനമായ ഉള്ളടക്കമാണിത്. 'പിറക്കാതെ പോയ നക്ഷത്രം', 'അർദ്ധനക്ഷത്രം', എന്നെല്ലാം ജ്യോതി ശാസ്ത്രജ്ഞർ ഇതിനെ വിശേഷിപ്പിക്കാറുണ്ട്. ആണവ പ്രവർത്തനത്തിലൂടെ ഇത് എന്നെങ്കിലും ഒരു നക്ഷത്രം പോലെ ജ്വലിക്കുവാനുള്ള സാധ്യതയും ചിലർ മുന്നോട്ടു വയ്ക്കുന്നുണ്ട്. രസകരമായ മറ്റൊരു വീക്ഷണ ഗതിയിൽ ഒരു കാലത്ത് വ്യാഴമായിരുന്നുവത്രെ സൗരയൂഥത്തിന്റെ അധിപൻ. സൂര്യൻ ഒരു ആക്രമണകാരിയെപ്പോലെ പുറമേ നിന്നു വന്ന് ആധിപത്യം സ്ഥാപിക്കുകയായിരുന്നുവെന്ന്.

ചിരപുരാതനകാലം മുതൽ ജ്യോതിഷികൾ ഈ ഗ്രഹത്തെ വളരെ പ്രാധാന്യത്തോടെ നിരീക്ഷിച്ചിരുന്നു. കെട്ടുകഥകളിലും ആചാരങ്ങളിലും ഇതിന് വലിയ പ്രാധാന്യം ഉണ്ടായിരുന്നു. ബാബിലോണിയക്കാർ ഇതിനെ മർഡൂക് ദേവനായും റോമാക്കാർ ജൂപ്പിറ്റർ ദേവനായും ഭാരതീയർ ദേവഗുരു ബ്രഹസ്പതിയായും ഇതിനെ ആരാധിച്ചു. ചന്ദ്രനും ശുക്രനും കഴിഞ്ഞാൽ രാത്രിയിൽ ഏറ്റവും പ്രഭ ചൊരിയുന്ന ഗോളം വ്യാഴമാണ്.

വ്യാഴത്തിന്റെ അകക്കാമ്പിലെ ഉയർന്ന താപനിലയും മർദ്ദവും മൂലം ഹൈഡ്രജൻ അവിടെ ലോഹനില കൈവരിക്കുന്നു. ഇതിന്റെ പുറത്താണ് ദ്രാവകാവസ്ഥയിലുള്ള ഹൈഡ്രജൻ. സൂര്യനിൽ നിന്നും ലഭിക്കുന്നതിനേക്കാൾ ഊർജ്ജം അതു പുറത്തേയ്ക്ക് വിടുന്നുണ്ട്. ഭൂമിക്കുള്ളതിന്റെ അനേകമിരട്ടി ഗുരുത്വാകർഷണവും ഇതിനുണ്ട്. ഒരു മനുഷ്യൻ അവിടെ ഇറങ്ങിയതായി വെറുതെ സങ്കല്പിച്ചാൽ, അയാൾക്ക് അവിടെ നടക്കുവാനോ നില്ക്കുവാനോ കഴിയുകയില്ല, കിടന്ന് ഇഴയാൻ ഒരു പക്ഷെ കഴിഞ്ഞേക്കും.

ഉഗ്രമായ ഭ്രമണ വേഗത മൂലം ഈ ഭീമൻ ഗ്രഹത്തിന്റെ നടു വീർത്തു ധ്രുവങ്ങൾ വല്ലാതെ പതിഞ്ഞിരിക്കുന്നു. സൂര്യനെ വലം വയ്ക്കാൻ ഇതിന് ഏകദേശം 12 വർഷങ്ങൾ വേണം. പഴയ ജ്യോതിഷികൾ വ്യാഴം ഭൂമിയെയാണ് 12 വർഷങ്ങൾ കൊണ്ട് ഒരു വട്ടം ചുറ്റുന്നതായി ധരിച്ചിരുന്നത്. അതാണ് ഒരു വ്യാഴവട്ടം.

പ്രക്ഷുബ്ധമായ ഒരു അന്തരീക്ഷമാണ് ഇതിനുള്ളത്. ഏതു നേരവും കൊടുങ്കാറ്റും ഇടിമിന്നലും ഇതിന്റെ പ്രത്യേകതയാണ്. വ്യാഴത്തിന് മൂന്നു വലയങ്ങളുണ്ടെങ്കിലും ശക്തിയേറിയ ദൂരദർശിനിയിലൂടെ പോലും തിരിച്ചറിയുകയില്ല. വൊയേജർ 1 എന്ന ബഹിരാകാശ ഗവേഷണ പേടകമാണ് ആദ്യമായി ഇതു കണ്ടെത്തിയത്. ദൂരദർശനിയിലൂടെ നോക്കുമ്പോൾ വ്യാഴത്തിന്റെ ഉപരിതലത്തിൽ ചുവന്ന പാണ്ടു പോലെ അടയാളം കാണാം. ഇതു വലിയ ഒരു മേഘമാണത്രേ! വ്യാഴത്തിന്റെ വലിയ നാലുപഗ്രഹങ്ങൾ ഗലീലിയോ തന്റെ പ്രാകൃത ടെലസ്കോപ്പിലൂടെ തന്നെ കണ്ടെത്തിയിരുന്നു. അതുകൊണ്ട് ഇയോ, യൂറോപ്പ, ഗാനിമേഡ്, കാലിസ്റ്റോ എന്നീ നാലുപഗ്രഹങ്ങളെ ഗലീലിയൻ ഉപഗ്രഹങ്ങൾ എന്നാണറിയപ്പെടുന്നത്. ഇന്ന് അറുപതിലധികം ഉപഗ്രഹങ്ങളെ ശക്തിയേറിയ ടെലസ്ക്കോപ്പുകൾ

കണ്ടെത്തിയിട്ടുണ്ട്.

പയനിയർ, വൊയേജർ, കസ്സീനി, യൂലിസിസ്, ന്യൂഹൊറൈസൺ തുടങ്ങിയ ബഹിരാകാശ ദൗത്യങ്ങളാണ് വ്യാഴത്തെക്കുറിച്ച് പഠിച്ചിട്ടുള്ളത്. വ്യാഴത്തിന്റെ അന്തരീക്ഷത്തെപ്പറ്റിയും അതിന്റെ ഉപഗ്രഹങ്ങളെപ്പറ്റിയും വിലപ്പെട്ട വിവരങ്ങളാണ് ഇവ സമാഹരിച്ചത്. പിന്നീട് ഗലീലിയോ ഓർബിറ്റർ എന്ന ശ്രദ്ധേയമായ മറ്റൊന്ന് വ്യാഴത്തിൽ എത്തി അന്തരീക്ഷത്തിന്റെ ഘടനയേയും അവിടുത്തെ കൊടുങ്കാറ്റുകളെയും കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ നൽകി. മാത്രല്ല ഗലീലിയൻ ഉപഗ്രഹങ്ങളെക്കുറിച്ച്

അത് ഇന്നും വിവരങ്ങൾ നൽകികൊണ്ടിരിക്കുന്നു. ഗാനിമേഡ് എന്ന ഉപഗ്രഹം സൗരയൂഥത്തിലെ തന്നെ ഏറ്റവും വലുതാണ്. അതിശക്തമായ കാന്തി കമണ്ഡലമാണ് വ്യാഴത്തിന്റെ മറ്റൊരു പ്രത്യേകത. അതിന്റെ ശക്തി ഏറ്റവും പ്രകടമായത് ധ്രുവങ്ങളിലാണ്. വ്യാഴത്തിൽ അനുഭവപ്പെടുന്ന എഡ്ഡി പ്രവാഹവും (Eddy Current) അകക്കാമ്പിൽ നടക്കുന്ന സങ്കീർണ്ണമായ പ്രവർത്തനങ്ങളുമാണ് ഗ്രഹത്തിന് കാന്തിക മണ്ഡലം പ്രദാനം ചെയ്യുന്നത്.

### അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സൂര്യനിൽ നിന്നും | |
| ശരാശരി ദൂരം | : 78 കോടി കി.മീറ്റർ |
| ഭ്രമണകാലം | : 10 മണിക്കൂർ |
| പരിക്രമണകാലം | : 12 വർഷം |
| വ്യാസം | : 1 ലക്ഷത്തി 43 ആയിരം കി. മീറ്റർ (143000) |
| സാന്ദ്രത | : 1.3 g /c-c ● |

കവിത

# രാമഗീതിക

പറവൂർ രാജഗോപാൽ (ഫോൺ : 98472 91483)

ഇനിയൊരാവർത്തികൂടി
മൂളുകെൻ ഹൃദന്തമേ
അനഘനിർവൃതിപകരുമാ
തൃപ്രയാറപ്പനെക്കൂപ്പി.
മുറജപം പോലെ
മന്ത്രംകൊണ്ടർച്ചനാ
പുഷ്പം വെയ്ക്കാമാ
പൂജ്യപാദങ്ങളിൽ.
അഖിലം മറന്നു ലയിച്ചു മുഴുകാം
ശ്രീപദ ശ്രേണിചൊല്ലി.
ആത്മാവാൽ തൊട്ടറിഞ്ഞിടാം
അനുപമ മുഖകാന്തി വഴിയുമാ
പല്ലവ പുടസ്മേരം.
അലയടിക്കുന്നൊ
രാനന്ദ ചിറകേറിയുയരാം,
അമ്പലം വലംവെ
ച്ചുണ്മയെ തൊഴാം.
പഴയോരിടയ്ക്ക പാടും
പാട്ടിൻ ശീലുകൾക്കൊപ്പം
മൃദുപദമാർന്നോരീണം
ചുണ്ടിൽ ചേർക്കാം.
അണിവാകച്ചാർത്തു തൊഴാം
അർഘ്യ പുണ്യം നുകർന്നിടാം
കളഭചന്ദന സൗഭഗമണിയാം
തുളസീദളമൊന്നു കൺകളിൽ തൊട്ടു
നെറുകയിൽ ചൂടി ചിരകാലം സ്മരിക്കാം
നെഞ്ചിൽ പ്രഭുവിൻ പ്രാഭവചരിതം, മുഖ്യം !
നല്ലിളം തിരിനാളം
നെയ്യിൽ മുങ്ങിത്തെളിയും ദീപ്തിയിൽ
രാഘവ രാമസൗഖ്യം പീയുഷം
കണ്ണിനാനന്ദമാക്കാം,
കാതിലൂടെ കേട്ടുണർവ്വു
നേടാമക്കഥ
രാ, മായാൻ രാവുതോറും.
ബോധാ ബോധാ
പ്രത്യയങ്ങൾക്കതീതമാം സാരം
ഗ്രഹിപ്പാനീ ജന്മം പാടാം
നാൾതോറും രാമായണം, സത്ക്കഥ !●

# പാതഞ്ജല യോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി (ഫോൺ: 9447077203)

യോഗദർശനത്തിലെ ആറാം സൂത്രം അഞ്ചു വൃത്തികളെ എടുത്തു പറഞ്ഞു. പ്രമാണം, വിപര്യയം, വികൽപ്പം, നിദ്രാ, സ്മൃതി എന്നിങ്ങനെ അഞ്ചെണ്ണം നിലനൽപ്പിനാധാരമായതാണ് വൃത്തി. നിത്യവൃത്തി എന്നൊക്കെ പറയാറുണ്ടല്ലോ. മനസ്സിനും നിലനിൽക്കാൻ വൃത്തികൾ വേണം. വൃത്തികളില്ലെങ്കിൽ മനസ്സില്ല. പതഞ്ജലി ഈ ഓരോ വൃത്തിയെയും ഓരോ സൂത്രം കൊണ്ട് വ്യാഖ്യാനിക്കുന്നു.

'പ്രത്യക്ഷാനുമാനാഗമാ ഃ പ്രമാണാനി'

പ്രത്യക്ഷം, അനുമാനം, ആഗമം എന്നിങ്ങനെ പ്രമാണങ്ങൾ മൂന്നു തരമാണ്.

പ്രമ എന്നാൽ അറിവെന്നർത്ഥം. അറിയുന്നയാൾ പ്രമാതാവ്. അറിയപ്പെടുന്ന വസ്തു പ്രമേയം. പ്രമയെ അതായത് അറിവിനെ നേടാൻ സഹായിക്കുന്ന കരണം അഥവാ സാധനം ആണ് പ്രമാണം. യഥാർത്ഥ ബോധമുണ്ടാക്കിത്തരുന്നതിനെയാണ് പ്രമാണമെന്നു പറയേണ്ടത്.

അക്ഷം എന്നാൽ ഇന്ദ്രിയങ്ങൾ എന്നർത്ഥമുണ്ട്. കണ്ണ്, മൂക്ക്, ചെവി മുതലായവയ്ക്ക് അക്ഷമെന്നു പറയാം. ഇന്ദ്രിയങ്ങൾ വഴി അറിയുന്നതാണ് പ്രത്യക്ഷം. പ്രത്യക്ഷപ്പെട്ടു എന്നു പറഞ്ഞാൽ കൺമുന്നിൽ വന്നു എന്നാണർത്ഥം.

മുനിമാർ പ്രത്യക്ഷത്തെ 'കൃഷകവത്' എന്നു പറഞ്ഞിരിക്കുന്നു. കർഷകൻ അവന്റെ വയലിലേക്ക് തണ്ടു മുറിച്ച് വെള്ളം കയറ്റും. വെള്ളം വയലിൽ നിറയും. അതായത് വെള്ളം വയലിന്റെ ആകൃതി സ്വീകരിക്കും. ഇതുപോലെ നാം ഒരു വസ്തുവിനെ (ഉദാ . കുടം) കാണുമ്പോൾ നമ്മുടെ കണ്ണിലൂടെ മനസ്സ് അതിൽ പ്രവേശിച്ച് അതിന്റെ ആകൃതി സ്വീകരിക്കുന്നു. അതിനെയാണ് നാം കാണുന്നത്. അതാണ് 'പ്രത്യക്ഷപ്രമാ'. പ്രമാണത്തിന്റെ ഫലമായതുകൊണ്ട് 'ഫലപ്രമാ' എന്നും വിളിക്കും. ഇവിടെ കണ്ണ് പ്രമാണവും കുടം പ്രമേയവും ആണ്. ഇത് കുടമാണ് എന്ന ബോധം, അറിവാണ് പ്രമാ. ഇതിനെ അറിയുന്നത് ബുദ്ധിയോട് ചേർന്നിരിക്കുന്ന ബോധസ്വരൂപമാണ്. അതാണ് പ്രമാതാവ്, അറിയുന്നവൻ. എന്നാൽ യഥാർത്ഥ ആത്മാവ് ഇത്തരം അറിവിനും അപ്പുറമാണ്. വെറും സാക്ഷിയാണ് അതിരിക്കട്ടെ. അനുമാനമെന്താണ് ?

അടുത്തുള്ള കുന്നിൽ നിന്ന് പുക ഉയരുന്നതു കാണുന്നു. അപ്പോൾ നാം ഊഹിക്കും അഥവാ അനുമാനിക്കും അവിടെ തീയുണ്ട്. വാസ്തവത്തിൽ ഇതിന് പ്രത്യക്ഷവുമായി ബന്ധമുണ്ട്. അടുക്കളയിൽ തീയിൽ നിന്ന് പുകയുണ്ടാകുന്നത് നാം പ്രത്യക്ഷമായി കണ്ടിട്ടുണ്ട്. ആ അറിവിന്റെ അടിസ്ഥാനത്തിലാണ് അനുമാനം ഉണ്ടാകുന്നത്. ഇരുണ്ട മേഘം കാണുമ്പോൾ മഴ വരുമെന്നൂഹിക്കും. വരാൻ പോകുന്നതിനെയാണ് ഇവിടെ അറിയുന്നത്. നദിയിലെ നിറഞ്ഞ കലക്കവെള്ളം കണ്ടാൽ മേലെ മഴ പെയ്തിട്ടുണ്ട് എന്നൂഹിക്കും. നടന്നതിനെയാണിവിടെ ഊഹിക്കുന്നത്. ഒരു കുടം കണ്ടാൽ അതിന്റെ സ്രഷ്ടാവിനെപ്പറ്റി ഊഹിക്കാവുന്നതാണ്. അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യത്തെപ്പറ്റി പോലും ഊഹിക്കാം. ഒരു വസ്തുവിനെ കണ്ട് മറ്റൊരു വസ്തുവിലേക്ക് ജ്ഞാനം വ്യാപിപ്പിക്കുന്നതിനെ അതായത് പുകയിൽ നിന്ന് തീയിലേക്ക് അറിവിനെ നീട്ടുന്നതിനെ വ്യാപ്തി , വ്യാപ്തിജ്ഞാനം എന്നാണ് തർക്കശാസ്ത്രത്തിൽ പറയുക.

പ്രത്യക്ഷത്തിന് സംഭവിക്കുന്ന ദോഷങ്ങൾ അനുമാനത്തെയും ബാധിക്കും. ഒരു വസ്തു ഏറെ ദൂരെയിരിക്കുമ്പോൾ അഥവാ കണ്ണിനും വസ്തുവിനും ഇടയിൽ മറവുണ്ടാകുമ്പോൾ പ്രത്യക്ഷജ്ഞാനം പൂർണ്ണമാവില്ല. കണ്ണിനുണ്ടാകുന്ന ദോഷവും ദൃഷ്ടിയെ ബാധിക്കും. മഞ്ഞപ്പിത്തം ബാധിച്ചവന് എല്ലാം മഞ്ഞയായേ കാണൂ. ഇതു രണ്ടും ശരിയായാലും നമ്മുടെ മനസ്സു ശരിയല്ലെങ്കിൽ, മനസ്സു വികാരങ്ങളെക്കൊണ്ട് കലങ്ങിയതാണെങ്കിൽ കാഴ്ചയിലും ദോഷം വരും. പ്രത്യക്ഷം ശരിയാവില്ല.

ജ്ഞാനത്തിന് സാമാന്യം, വിശേഷം എന്നിങ്ങനെ രണ്ടു തിരിവുണ്ട്. അനേകം സ്വർണ്ണാഭരണങ്ങൾ കാണുമ്പോൾ സ്വർണ്ണത്തിന്റെ ഒരു അറിവു കിട്ടും. അത് സാമാന്യ ജ്ഞാനമാണ്. അതിനെ വള,

കമ്മൽ, മാല എന്നിങ്ങനെ തിരിച്ചറിയുന്നത് വിശേഷ ജ്ഞാനമാണ്. നാം ധാരാളം ശബ്ദം കേൾക്കുന്നു. അത് സാമാന്യം. എന്നാൽ അതിൽ നിന്ന് തന്റെ പ്രിയപ്പെട്ടവന്റെ ശബ്ദം തിരിച്ചറിയുന്നത് വിശേഷ ജ്ഞാനം.

ആഗമമാണ് മൂന്നാമത്തെ പ്രമാണം. ആഗമമെന്നാൽ വരവ് എന്നർത്ഥം. വന്നു ചേർന്ന അറിവ് ആഗമം. ആഗമം എന്നതിന് ശബ്ദം, ആപ്തവചനം എന്നീ പര്യയങ്ങൾ ഉണ്ട്. ആപ്തൻ എന്നാൽ അറിവ് നേടിയവൻ എന്നർത്ഥം. പ്രത്യക്ഷത്തിലൂടെയും അനുമാനത്തിലൂടെയും യഥാർത്ഥ ജ്ഞാനം നേടിയവനത്രെ ആപ്തൻ. അവന്റെ വെളിപ്പെടുത്തലുകളാണ് ആപ്ത വചനം. ആപ്തൻ യഥാർത്ഥ തത്വജ്ഞാനിയാണ്. ഏറ്റവും പൂർണ്ണനായ ആപ്തനാര് ? ഈശ്വരൻ തന്നെ. ഈശ്വര വചനമേത് ? അപൗരുഷേയമായ വേദം തന്നെ. അതുകൊണ്ട് വേദം പ്രമാണമാണ്. ഇതിഹാസം, പുരാണം ഇവയൊക്കെ ശ്രുതി (വേദം) സമ്മതമായാൽ മാത്രമെ പ്രമാണമാവൂ.

ശബ്ദമെന്നതിന് മറ്റൊരു മാനമുണ്ട്. മനസ്സാക്ഷിയുടെ ശബ്ദം. ഗാന്ധിജി പലപ്പോഴും ഈ ഉൾവിളിയെയാണ് പ്രമാണമായെടുത്തിരുന്നത്. ഇന്ദ്രിയങ്ങൾക്ക് പരിമിതിയുണ്ട്. ആത്മതത്വം അതീന്ദ്രിയ ജ്ഞാനമാണ്. 'യതോ വാചോ നിവർത്തതേ അപ്രാപ്യ മനസാ സഹ' എന്ന് ഉപനിഷത്ത് പറയുന്നു. ആത്മാവിന്റെ അടുത്തേക്ക് സാധാരണ വാക്ക് കടന്നു ചെല്ലില്ല. ഉള്ളിൽ നിന്ന് പുറത്തേക്ക് വരുന്ന അന്തരിന്ദ്രിയത്തിന് മാത്രം അറിയുന്ന ശബ്ദമുണ്ട്. അതിനെ ആർക്കും അനുസരിക്കാതിരിക്കാനാവില്ല. വൈദിക ശബ്ദങ്ങളുടെ ജപത്തിലൂടെ അതിനെ സാക്ഷാത്കരിക്കാം.

പ്രത്യക്ഷമായാലും അനുമാനമായാലും ആഗമമായാലും എല്ലാ പ്രമാണങ്ങളും മനസ്സിലെ വൃത്തികളാണ്. മനസ്സിൽ ഓളങ്ങളുണ്ടാക്കി യഥാർഥ്യത്തെ കാണുന്നതിൽ നിന്നും മാറ്റിക്കളയും. അതുകൊണ്ടിവയെ നിരോധിക്കേണ്ടതാണ്●

കവിത

# തിരക്ക്

**പറവൂർ ബാബു**

തിരക്കാണ്, എവിടേയും
എപ്പോഴും.
തിരക്കാണ്
എനിക്കും നിനക്കും.
നിശ്ചയമില്ലാത്ത ദൂരത്തേയ്ക്ക്
യാത്രപോകുന്ന
ദുരനിറഞ്ഞ, സ്വാർത്ഥമാനസരാം
സഞ്ചാരികളാണു നാം.
നമ്മൾ കയറിയ
യാനമിഴഞ്ഞു നീങ്ങവെ
ആശങ്കാകുലരായി നാം
ആരേയോ തെറി വിളിക്കുന്നു.
ഇന്നലെയാരൊക്കെയൊ
തെളിച്ചിട്ട വഴികളിൽ
കാടു കയറിയതും
അവിടെ കവർച്ചക്കാർ
പതുങ്ങി നിൽപ്പതും
എന്തിനറിയണമെന്ന
ഭാവം നമുക്ക്.
ലക്ഷ്യസ്ഥാനത്തെളുപ്പം
എത്തേണമേവർക്കും.
ഓർക്കുന്നില്ല നാം
പിന്നാലെ വരുന്നവരെയൊന്നും.
കാണുന്നില്ലനാം
ജീവൻ പണയപ്പെടുത്തിയും
വഴിതെളിക്കുവാൻ
പുതുചിന്തയുടെ
ആയുധങ്ങളുമേന്തി
നമുക്കിടയിൽനിന്നും
മുന്നിലിറങ്ങി
നടന്നു പോയോരെ
ചുടുചോരയുടെ
മണം പുതച്ചരികെ
കാറ്റുവരുമ്പോഴും
അക്ഷമരായി നാം
എന്തോ പിറുപിറുക്കുന്നു
ഒന്നും അറിയാത്തമട്ടിരിക്കുന്നു.
ഓർക്കാതിരിക്കുന്നു
വിട്ടുപോയവരെ.
തിരക്കു കൂട്ടുന്നു നാം
നമ്മുടെ
സുരക്ഷിതതീരമണയുവാൻ. ●

# ഉപനിഷത്തുക്കളിലൂടെ.....

ഡോ. എൽ. ഗോപിനാഥൻ നായർ (ഫോൺ: 92492 05553)

## ആചാര്യനായ പിപ്പിലാദമുനിയും ആറു ശിഷ്യൻമാരും

ജിജ്ഞാസുക്കളായ ആറു ശിഷ്യൻമാർ പിപ്പലാദമുനിയെ സമീപിച്ച് സംശയ നിവാരണത്തിനായി ചോദ്യങ്ങൾ ചോദിക്കുന്നതും അവയ്ക്ക് അദ്ദേഹം വേദാന്ത രൂപത്തിൽ മറുപടി നൽകുന്നതുമാണ് പ്രശ്നോപനിഷത്തിലെ പ്രതിപാദ്യവിഷയം.

ദശോപനിഷത്തുകളിൽ വളരെയേറെ പ്രാധാന്യം അർഹിക്കുന്ന പ്രശ്നോപനിഷത്ത് അഥർവ്വവേദത്തിലുൾപ്പെട്ടതാണ്.

സുകേശൻ, സത്യകാമൻ, ഗാർഗ്ഗ്യൻ, കൗസല്യൻ, ഭാർഗവൻ, കബന്ധി എന്നീ ആറു ശിഷ്യൻമാർ ബ്രഹ്മത്തെ അറിയാനുള്ള താല്പര്യത്തോടെ പിപ്പലാദമുനിയെ സമീപിച്ച് പ്രണമിച്ചശേഷം തങ്ങളുടെ ആഗ്രഹം അദ്ദേഹത്തെ അറിയിക്കുന്നു. അപ്പോൾ മുനി പറഞ്ഞു, നിങ്ങൾ എല്ലാവരും ബ്രഹ്മചര്യം അനുഷ്ഠിച്ചുകൊണ്ട് ഒരു വർഷക്കാലം ഇവിടെ താമസിച്ച് വളരെ ശ്രദ്ധയോടെ തപസ്സ് ചെയ്യണം. അതിനുശേഷം എന്റെ അടുത്ത് വരിക. എനിക്ക് അറിയാവുന്നതെല്ലാം ഞാൻ പറഞ്ഞ് തരാം.

നിർദ്ദേശങ്ങളെല്ലാം പരിപാലിച്ച് ശിഷ്യൻമാർ ഒരു വർഷത്തിനുശേഷം പിപ്പലാദമുനിയുടെ സമീപമെത്തി വന്ദിച്ച് അനുവാദം വാങ്ങിയ ശേഷം ഓരോരുത്തരായി ചോദ്യങ്ങൾ അവതരിപ്പിക്കുന്നു.

1. കബന്ധി – ഭഗവൻ ! ഈ പ്രജകൾ എവിടെ നിന്നാണ് ജനിക്കുന്നത്?

പ്രജാപതിയാണ് സൃഷ്ടി കർമ്മം നടത്തുന്നത്. അതിനായി 'പ്രാണൻ' എന്നും 'രയി' എന്നുമുള്ള മിഥുനത്തെ സൃഷ്ടിച്ചു പ്രാണൻ പുരുഷനും (പ്രപഞ്ചപുരുഷൻ) രയി പ്രകൃതിയും ആകുന്നു. പ്രാണൻ ചൈതന്യവും (Energy) രയി ആ ചൈതന്യം ഉൾക്കൊള്ളുന്ന വസ്തുവും (Matter) ആകുന്നു. പ്രകൃതി പുരുഷസംയോഗത്തിൽ നിന്നാണ് എല്ലാം ആവിർഭവിക്കുന്നത്.

സംവത്സരം (കാലം) തന്നെയാണ് പ്രജാപതി. അതിന് ദക്ഷിണായനമെന്നും ഉത്തരായനമെന്നും രണ്ട് അയനങ്ങളുണ്ട്. പ്രജാപതിയുടെ രണ്ട് അംഗങ്ങളാണ് ശുക്ലപക്ഷവും, കൃഷ്ണപക്ഷവും. ശുക്ലപക്ഷത്തിലാണ് ശുഭകർമ്മങ്ങൾ ചെയ്യുന്നത്. എന്നാൽ കൃഷ്ണപക്ഷത്തിലാകട്ടെ സാംസ്കാരിക സുഖഭോഗങ്ങളുമായി ബന്ധപ്പെട്ട കർമ്മങ്ങൾ ചെയ്യുന്നു. പ്രജാപതി രാത്രിയും പകലും ചേർന്നതാണ്. അന്നം തന്നെയാണ് പ്രജാപതി. അതിൽ നിന്നു തന്നെ ഉണ്ടാകുന്ന വീര്യത്തിൽ നിന്നാണ് ഈ പ്രജകളെല്ലാം ഉണ്ടാകുന്നത്. എല്ലാം ആവിർഭവിക്കുന്നത് പ്രകൃതി പുരുഷ സംയോഗത്തിൽ നിന്നാണ്.

2. ഭാർഗവൻ മഹാത്മൻ! എത്ര ദേവൻമാരാണ് (ഇന്ദ്രിയങ്ങൾ) പ്രജയെ (സ്ഥൂലശരീരം) നില നിർത്തുന്നത്? അവർ ആരെല്ലാമാണ്? അവരിൽ ഏറ്റവും ശ്രേഷ്ഠനായിട്ടുള്ളത് ആരാണ്?

പിപ്പലാദൻ പറഞ്ഞു, പഞ്ചഭൂതങ്ങളായ വായു, അഗ്നി, ജലം, പൃഥ്വി , ആകാശം എന്നിവ വാക്ക്, മനസ്സ് ,ചക്ഷുസ്സ്, ശ്രോത്രം തുടങ്ങിയവയുമായി ചേർന്ന് പ്രജയെ നിലനിർത്തുന്നു. എന്നാൽ ശ്രേഷ്ഠരായ പ്രാണൻ അഞ്ചായി വിഭജിച്ച് ഇന്ദ്രിയങ്ങളായി ശരീരത്തിൽ പ്രവൃത്തിക്കുന്നു. എന്നാൽ ഈ തത്വം അംഗീകരിക്കാൻ ഇന്ദ്രിയങ്ങൾ തയ്യാറായില്ല. അതിനാൽ പ്രാണൻ ശരീരമുപേക്ഷിച്ച് പുറത്തു പോയി. പ്രാണന്റെ അഭാവത്തിൽ ശരീരത്തിലെ ഇന്ദ്രിയങ്ങളുടെ പ്രവർത്തനം നിലയ്ക്കുകയാൽ അവർക്ക് പുറത്തേയ്ക്ക് പേകേണ്ടതായ അവസ്ഥ വന്നുചേർന്നു.

തേനീച്ചകളുടെ ജീവിതം ഒരു ഉദാഹരണമായി എടുക്കാം. റാണി ഈച്ച തേൻകൂട് ഉപേക്ഷിച്ച് പുറത്തു പോകുമ്പോൾ എല്ലാ തേനീച്ചകളും റാണിയെ അനുഗമിക്കുന്നു.

ഏറ്റവും ശ്രേഷ്ഠനായിട്ടുള്ള പ്രാണനിൽ എല്ലാം അധിഷ്ഠിതമായിരിക്കുന്നു. മാതാവ് സ്വന്തം കുഞ്ഞുങ്ങളെയെന്നപോലെ പ്രാണൻ എല്ലാവരേയും ശരീരത്തിൽ സംരക്ഷിച്ച് നിലനിർത്തുന്നു.

3. കൗസല്യൻ ഭഗവൻ! ഈ പ്രാണൻ എവിടെ നിന്നാണ് ഉണ്ടാകുന്നത് ? എങ്ങിനെയാണ് ശരീരത്തിൽ പ്രവേശിച്ച് അഞ്ചായി വിഭജിച്ച് ഈ ശരീരത്തിൽ തന്നെ സ്ഥിതി ചെയ്യുന്നത് ? പ്രാണൻ

എങ്ങിനെയാണ് പുറത്തു പോകുന്നത് .

പിപ്പലാദൻ പറഞ്ഞു, ചോദ്യങ്ങളെല്ലാം അല്പം കാഠിന്യം ഉള്ളവയാണ്. എന്നാലും എല്ലാം ഞാൻ പറഞ്ഞു തരാം.

പരമാത്മാവിൽ നിന്നു തന്നെയാണ് പ്രാണൻ ജനിക്കുന്നത്. അത് മനസ്സിന്റെ സങ്കല്പ്പമനുസരിച്ച് ശരീരത്തിൽ പ്രവേശിക്കുകയും ആത്മാവിനെ ആശ്രയിച്ച് നിലനിൽക്കുകയും ചെയ്യുന്നു. ഇതിന് ഒരു ഉദാഹരണം പറയാം. രാജാവ് തന്റെ രാജ്യത്തെ വിവധ പ്രദേശങ്ങളിൽ അധികാരികളെ എപ്രകാരം ചുമതലയേൽപ്പിക്കുന്നുവോ, അപ്രകാരം പ്രാണൻ അപാനാദികളായ അന്യപ്രാണങ്ങളെ (പഞ്ചപ്രാണങ്ങൾ) യഥാസ്ഥാനത്ത് യഥായോഗ്യം വിന്യസിക്കുന്നു.

സ്ഥൂല ശരീരം മുഴുവൻ വ്യാപിച്ചിരിക്കുന്ന ജീവശക്തിയെന്ന പ്രാണൻ പ്രവൃത്തിഭേദം കൊണ്ട് പ്രാണൻ, അപാനൻ, വ്യാനൻ, ഉദാനൻ, സമാനൻ എന്ന് അഞ്ചായി പിരിഞ്ഞ് അഞ്ചുതരം വൃത്തികളെ സ്വീകരിച്ച് ദേഹ വ്യാപാരങ്ങളെ നിയന്ത്രിക്കുകയും മനുഷ്യനെ കർമ്മഫലാനുഭവത്തിന് സഹായിക്കുകയും ചെയ്യുന്നു. ആദ്യഭാഗമായ പ്രാണൻ (പഞ്ചപ്രാണങ്ങൾ) ശ്വസനക്രിയ മൂലം ശരീരത്തിന് ആവശ്യമായ ജീവശക്തി പ്രദാനം ചെയ്യുന്നു. മലമൂത്ര വിസർജ്ജനത്തിന് സഹായിക്കുന്നത് അപാനനാണ്. ജഠരാഗ്നിയിൽ ദഹിച്ച ആഹാരം ശരീരത്തിന്റെ അതാത് സ്ഥാനങ്ങളിൽ എത്തിക്കുന്നത് വ്യാനൻ. ഉദാന വായുവിനെ സുഷുമ്ന എന്ന പ്രധാന നാഡിയിലൂടെ (Spinal chord) മേലോട്ട് നയിക്കാൻ ഉദാനൻ സഹായിക്കുന്നു. സമാനൻ ഭക്ഷ്യപദാർത്ഥങ്ങളെ ജഠരാഗ്നിയെ ജ്വലിപ്പിച്ച് ദഹിപ്പിക്കുന്നു.

ആത്മാവ് ഹൃദയത്തിലാണ്. അവിടെ 101 നാഡികളുണ്ട്. ഓരോന്നിനും 100 ശാഖകളും ഓരോ ശാഖക്കും 72000 ഉപശാഖാനാഡികളുമുണ്ട് (Nervous System) ഈ നാഡികളിൽ കൂടി വ്യാനൻ സഞ്ചരിക്കുന്നു (Nerve in Pulser). അപാനൻ അപാന വായുവിനെ നിയന്ത്രിക്കുന്നു. ആകാശം സമാന വായുവാണ് പ്രസിദ്ധമായ തേജസ്സ് തന്നെയാണ് ഉദാനൻ.

ഏതൊരു മാനസികസങ്കല്പത്തോടു കൂടിയാണോ ആത്മാവ് ശരീരം വെടിയുന്നത് അതേ സങ്കല്പസഹിതം അത് പ്രാണനോട് ചേരുകയും അനന്തരം മോക്ഷപ്രാപ്തിയിലേക്കോ അല്ലെങ്കിൽ പുനർജനനത്തിലേക്കോ നയിക്കപ്പെടുകയും ചെയ്യുന്നു.

4. ഗാർഗ്ഗ്യൻ ഗർഗ്ഗവംശത്തിൽ പിറന്ന ഗാർഗ്ഗ്യൻ ചോദിച്ചു, ഭഗവൻ, മനുഷ്യശരീരത്തിലെ ഏതേതു കരണങ്ങളാണ് ഉറങ്ങുന്നതും ഉണരുന്നതും ? ഏതു ദേവനാണ് സ്വപ്നം കാണുന്നത്? ആർക്കാണ് സുഖം ലഭിക്കുന്നത് ? ഓരോ ശക്തിയും ഏതേതിലാണ് പ്രതിഷ്ഠിതമായിരിക്കുന്നത?

അല്ലയോ ഗാർഗ്ഗ്യാ, സൂര്യപ്രകാശം, ഉദയാസ്തമനങ്ങളെന്നപോലെ ഇന്ദ്രിയങ്ങൾ മനസ്സാകുന്ന പരമാത്മാവിൽ നിലക്കൊള്ളുന്നു. എന്നാൽ സുഷുപ്താവസ്ഥയിൽ ഇവ പ്രവൃത്തിക്കുന്നില്ല. അതിനാൽ കാണുക, കേൾക്കുക തുടങ്ങിയ ഇന്ദ്രീയങ്ങളുടെ പ്രവർത്തനം നിലക്കുന്നു. ജീവികളെ സംബന്ധിച്ചിടത്തോളം ശ്വാസോച്ഛ്വാസങ്ങൾ ആഹൂതികൾക്ക് സമമാണ്. അതിനാൽ അത് സമാനനാകുന്നു. കേട്ടതും കേൾക്കാത്തതും കണ്ടതും കാണാത്തതും അനുഭവിച്ചതും അനുഭവിക്കാത്തതും ഉള്ളതും ഇല്ലാത്തതും എല്ലാം സ്വപ്നത്തിൽ അനുഭവിച്ചറിയുന്നു. ജീവാത്മാവ് (ദേവൻ) സുഷുപ്തിയുടെ പൂർണ്ണതയിൽ സ്വപ്നങ്ങൾ കാണുന്നില്ല.

ഒരു വൃക്ഷത്തിൽ അനേകതരം പക്ഷികൾ വസിക്കുന്നതുപോലെ എല്ലാ തത്വങ്ങളും പരമാത്മാവിൽ ഉൾക്കൊണ്ടിരിക്കുന്നു.

നാശരഹിതമായ പരമാത്മാവിനെ അറിയുന്നവൻ സർവ്വജ്ഞാനിയാകുന്നു. അവസാനം അവൻ പരമാത്മാവിൽ ലയിക്കുന്നു. സകലപ്രാണികളും പഞ്ചഭൂതങ്ങളും എല്ലാ ഇന്ദ്രിയങ്ങളും പരമാത്മാവിനെ തന്നെയാണ് ആശ്രയിച്ച് നിലനിൽക്കുന്നത്.

5. സത്യകാമൻ ശിബിയുടെ പുത്രനായ സത്യകാമനാണ് അടുത്തതായി ചോദ്യം ഉന്നയിച്ചത്. ഗുരോ! ഓംകാരത്തെ നല്ലവണ്ണം ഉപാസിക്കുന്ന മനുഷ്യൻ മരണശേഷം ഏതു ലോകത്തെയാണ് ജയിക്കുന്നത്. ?

ഈ ഓംകാരം പരബ്രഹ്മമാണ്. മൂന്നു മാത്രയോടു കൂടിയ പരമാത്മാവിനെ നിരന്തരം ധ്യാനിക്കുന്നവൻ തേജോമയമായ സൂര്യലോകത്തെ പ്രാപിക്കുന്നു. പാമ്പുകൾ പടം പൊഴിക്കുന്നതുപോലെ പാപങ്ങളിൽ നിന്നും വിമുക്തനായി ബ്രഹ്മലോകത്തെ പ്രാപിക്കുന്നു. ബുദ്ധിമാനായ സാധകൻ ഓംകാര ധ്യാനത്താൽ വർണ്ണരഹിതനും, ശാന്തനും, ശ്രേഷ്ഠനുമായി പരമാത്മാവിനെ പ്രാപിക്കുന്നു.

6. സുകേശൻ അടുത്ത ഊഴം ഭരദ്വാജ പുത്രനായ സുകേശന്റേതായിരുന്നു.

മഹർഷേ! കോസല രാജകുമാരനായ ഹിരണ്യനാഭന്റെ ചോദ്യത്തിന് എനിക്ക് ഉത്തരമില്ലായിരുന്നു, അതിനാൽ ആ ചോദ്യമാണ് ഞാൻ അങ്ങയോട്

ചോദിക്കുന്നത്.

പതിനാറു കലകളോടു കൂടിയ ആ പുരുഷൻ എവിടെയാണ് വസിക്കുന്നത് ?

ഹേ സൗമ്യ, പതിനാറു കലകളോടു കൂടിയ ആ പുരുഷൻ ഈ ശരീരത്തിനുള്ളിൽ തന്നെയാണ് വസിക്കുന്നത്. പഞ്ചഭൂതങ്ങൾ, ഇന്ദ്രിയങ്ങൾ, മനസ്സ് മുതലായ പ്രപഞ്ചഘടകങ്ങളെല്ലാം ആത്മാവിൽ നിന്നാണുണ്ടായത്. ആത്മജ്ഞാനം നശിക്കുമ്പോൾ അവയെല്ലാം ആത്മാവിൽ തന്നെ ലയിക്കുന്നു.

നദികളെല്ലാം സമുദ്രത്തിൽ എത്തിച്ചേരുമ്പോൾ അവയുടെ നാമരൂപാദികൾ നഷ്ടപ്പെടുന്നു. അതുപോലെ പരമാത്മാവിന്റെ ഷോഡശകലകൾ ആ പരമാത്മാവിൽ എത്തിച്ചേർന്ന് അതിൽ തന്നെ വിലയം പ്രാപിക്കുന്നു. കാലരഹിതനും അവിനാശിയുമായ പരമാത്മാവിനെ അറിഞ്ഞാൽ പിന്നെ മൃത്യു നമ്മേ ദുഃഖിപ്പിക്കാനിട വരുകയില്ല.

ആചാര്യനായ പിപ്പലാദനെ പൂജിച്ച് നമസ്കരിച്ച് അനുഗ്രഹം വാങ്ങിയ ശേഷം ശിഷ്യൻ ൻമാർ പറഞ്ഞു, ‘അങ്ങയുടെ കൃപകൊണ്ട് ഞങ്ങളെല്ലാം ഈ അവിദ്യയിൽ നിന്നും മോചനം നേടിയിരിക്കുന്നു’.

ദ്വൈതമണ്ഡലത്തിലെ സ്ഥൂലഭൂതങ്ങളായ പ്രപഞ്ചാനുഭൂതികളിൽ നിന്നും ജീവാത്മാവിനെ അദ്വൈതമണ്ഡലത്തിലെ സുസൂക്ഷ്മതമായ സനാതന സത്യത്തിലേക്ക്, (പരമാത്മാവിലേക്ക് ) സാധകനെ സാവധാനം ഉയർത്തുകയാണ് പിപ്പലാദ മുനി പ്രശ്നോപനിഷത്തിലൂടെ സാധിച്ചിരിക്കുന്നത്. •

# കർക്കിടക മാഹാത്മ്യം

ഇഹലോകപുണ്യം നേടാൻ പരേതാത്മാക്കളായ പൂർവ്വികശ്രേഷ്ഠർക്ക് ബലികർമ്മാദികളർപ്പിക്കുന്ന പുണ്യമുഹൂർത്തമാണ് ദക്ഷിണായന ആരംഭമായ കർക്കിടകവാവ്. ദക്ഷിണായനത്തെ പിതൃയാനമെന്നു ഉപനിഷത്തുക്കളിൽ പ്രതിപാദിച്ചിരിക്കുന്നതിനാലാണ് കർക്കിടകത്തിലെ കറുത്തവാവിന് പിതൃശാന്തിക്കായി ബലികർമ്മാദികളർപ്പിക്കുന്നത്. ഈ ദിവസം ജലസാമിപ്യമുള്ള തീരദേശപുണ്യസ്ഥലങ്ങൾ പൊതുവേ പിതൃക്ഷേത്രങ്ങളായി കണക്കാക്കുന്നു. കർക്കിടകമാസത്തിൽ മാഹാത്മ്യമേറിയ സ്ഥലസന്ദർശനവും ഭഗവത്ദർശനവും പുണ്യവും തേടിയുള്ള തീർത്ഥയാത്രകളും മനസ്സിന് ഉന്മേഷവും ശാന്തിയും ഭക്തിയും പ്രദാനം ചെയ്യുന്നു. ഭഗവാൻ വിഷ്ണു ഭക്തർക്കായി കല്പിച്ചു നല്കിയതാണ് കർക്കിടകമാസത്തിലെ നാലമ്പല ദർശന തിർത്ഥയാത്ര എന്നു വിശ്വസിക്കുന്നു. കനത്ത പേമാരിയുടേയും ദുരിതങ്ങളുടേയും നടുവിൽ നട്ടം തിരിയുന്ന മനുഷ്യർക്ക് പുണ്യകർമ്മങ്ങളാൽ സാന്ത്വനമേകുന്ന മാസമാണ് കർക്കിടകം. ശകവർഷമനുസരിച്ച് കർക്കിടകത്തെ ആഷാഢമാസമായി കരുതുന്നു. ജ്യോതിശാസ്ത്ര പ്രകാരം കർക്കിടകത്തിന് ഞണ്ടിന്റെ സ്വഭാവും ആകൃതിയുമാണ് നൽകപ്പെട്ടിരിക്കുന്നത്. കർക്കിടക രാശിയുടെ അധിപനായി ചന്ദ്രനെ കരുതുന്നു. കാല പുരുഷന്റെ ഹൃദയസ്ഥാനമാണ് വരാഹമിഹിരൻ കർക്കിടകത്തിനു നൽകിയിരിക്കുന്നത്. വിശ്വാസമഹിമയുടെ ഒട്ടേറെ ആചാരങ്ങൾക്ക് കർക്കിടകം സാക്ഷ്യം വഹിക്കുന്നു. പിതൃപ്രീതിക്കായി ബലികർമ്മാദികൾ അർപ്പിക്കുന്നതിനുള്ള ഏറ്റവും പ്രധാന ദിവസമായി കരുതുന്നു കർക്കിടക വാവിനെ. നന്മയുടെയും ത്യാഗത്തിന്റെയും ഭക്തിയുടെയും മാഹാത്മ്യമേറുന്ന രാമായണ പാരായണം കർക്കിടക സന്ധ്യകളെ ചൈതന്യമുള്ളതാക്കി തീർക്കുന്നു. കഷ്ടപ്പാടിന്റെയും ദൈന്യതയുടെയും ദുർദേവതകളേയും ജ്യേഷ്ഠയേയും അകറ്റി ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും ദേവതയായ ശ്രീഭഗവതിയെ പൂജിക്കുന്നതോടൊപ്പം ഐശ്വര്യപ്രതീകങ്ങളായ നെൽക്കതിരുകളെ പൂജിച്ച് ‘ഇല്ലംനിറ’ നടത്തുന്നത് കർക്കിടകത്തിലാണ്. ചിങ്ങത്തിലും നടത്താറുണ്ട്. ക്ഷേത്രങ്ങളിലേയും വീടുകളിലേയും ഐശ്വര്യമാണ് ഇതിലൂടെ നേടാൻ സാധിക്കുന്നത്. കർക്കിടകത്തിലെ വെളുത്ത വാവിലാണ് (പൗർണ്ണമി) വിദ്യയുടെ അധിപനായ ഹയഗ്രീവൻ അവതരിച്ചത്. ശ്രീപാർവ്വതിദേവിയുടെ അഭ്യർത്ഥനയനുസരിച്ച് ഭഗവാൻ പരമശിവൻ പൗർണ്ണമി ദിനത്തിലാണ് ശങ്കരനാരായണനായി ദേവിക്കു ദർശനം നലകിയത്. കർക്കിടക മാസത്തിലാണ് ചതുർമാസ്യവ്രതം തുടങ്ങുന്നത്. കർക്കിടക മാസത്തിലെ ചൊവ്വ, വെള്ളി ദിവസങ്ങൾക്ക് പല പ്രത്യേകതകളുമുണ്ട്. ഈ ദിവസങ്ങളിൽ സ്ത്രീകൾ ദേവിപ്രാർത്ഥന നടത്തുന്നത് മംഗല്യഭാഗ്യത്തിനും, ദീർഘമംഗല്യത്തിനും ഉത്തമമെന്നു വിശ്വസിക്കുന്നു. കർക്കിടകത്തിലെ പൗർണ്ണമി ദിവസം വ്യാസപൂർണ്ണിമയായി ആഘോഷിക്കുന്നു. കർക്കിടവാവിന് പുണ്യനദികളിൽ കുളിച്ച് പിതൃതർപ്പണം നടത്തിയാൽ പിതൃക്കളുടെ അനുഗ്രഹവും പാപമുക്തിയും ലഭിക്കുമെന്ന് വിശ്വസിക്കുന്നു.

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ (ഫോൺ: 98959 81809)

**ശ്ലോകം 7**

നാരം കാരണവാരിയെന്നറിവതാം
നീരം ഭവാൻ സൃഷ്ടിത
ന്നാരംഭത്തിലതിൽ ശയിക്കുവതിനാൽ
നാരായണാഭിഖ്യനായ്
ആരാണിപ്പരമാർത്ഥമോരുവതവൻ
സംസാരവൻസാഗരാൽ
സ്വൈരം തീരമണഞ്ഞഖണ്ഡപരമാനന്ദേ
ലയിപ്പൂ ഹരേ

**പദാർത്ഥം**

നാരം = ജലം

കാരണവാരി = കാരണമാകുന്ന ജലം

നീരം = ജലം

നാരയണാഭിഖ്യനായ് = നാരായണൻ എന്ന പേരിലറിയപ്പെട്ടു

പരമാർത്ഥം = പരമമായ അർത്ഥം

ഓരുവത് = വിചാരിക്കുന്നത്

സംസാരം = പരിപൂർണ്ണമായ അർത്ഥം

സാഗരാൽ = സാഗരത്തിൽ നിന്ന്

സ്വൈരം = ശാന്തം

അഖണ്ഡ = കഷണങ്ങളില്ലാത്ത

ലയിപ്പൂ = ലയിക്കുന്നു

**ശ്ലോകാർത്ഥം :**

സൃഷ്ടിയുടെ ആരംഭത്തിൽ ഭവാൻ നാരം എന്നറിയപ്പെടുന്ന കാരണജലത്തിൽ കിടക്കുന്നതുകൊണ്ട് നാരായണൻ എന്ന് പേരുവന്നു. അല്ലയോ ഹരി, ഈ പരമമായ അർത്ഥം ആരാണോ വിചാരിക്കുന്നത് അവൻ എല്ലാത്തിന്റെയും അർത്ഥമായ കടലിന്റെ തീരത്ത് ശാന്തമായി (സ്വേച്ഛപോലെ) ഇടതടവില്ലാത്ത ഏറ്റവും വലിയ ആനന്ദത്തിൽ ലയിക്കുന്നു.

**വ്യാഖ്യാ**

ഈ കവിതാശ്ലോകത്തിന്റെ വൃത്തപദസൗകുമാര്യം ആദ്യം ആസ്വദിക്കാം. സംസ്കൃത വൃത്തങ്ങളിൽ യതി എന്നൊരു വിശേഷമുണ്ട്. അവിടെ പദങ്ങൾ മുറിയാൻ പാടില്ല എന്നാണ് നിയമം. പലപ്പോഴും കവികൾ പദസൗകര്യത്തിനുവേണ്ടി ഇതു മറികടക്കാറുണ്ട്. ശാർദ്ദൂല വിക്രീഡിതത്തിൽ പന്ത്രണ്ടക്ഷരം കഴിയുമ്പോഴാണ് യതി വരുന്നത്. സ്രഗ്ധരയിൽ ഓരോ ഏഴക്ഷരം കഴിയുമ്പോഴും യതി വരും. അങ്ങനെ ഇരുപത്തൊന്നക്ഷരം പാടാൻ സൗകര്യം വരുന്നതിന് ഇത് ഏറെ സഹായിക്കും. 'പന്ത്രണ്ടാൽ മസജം സതം ത ഗുരുവും ശാർദ്ദൂലവിക്രീഡിതം' എന്നാണ് ഏ. ആർ. ആർ ഇതിനു ലക്ഷണം പറഞ്ഞിട്ടുള്ളത്. ഈ ശ്ലോകത്തിൽ ആദ്യത്തെ വരിയിൽ 'ന്നറിവതാം' എന്ന വാക്കിൽ പന്ത്രണ്ടക്ഷരം കഴിഞ്ഞ യതി രണ്ടാമത്തെ വരിയിൽ 'ക്കുവതിനാൽ' മൂന്നാമത്തെ വരിയിൽ 'രുവതവൻ' നാലാമത് 'ഡപരമാ' എന്നിങ്ങിനെ ദ്വിതീയാക്ഷരപ്രാസം 'ര' ഓരോ വരിയിലും രണ്ടാമത്തെ അക്ഷരം നാരം, നാരം, ആരാ സ്വൈരം ഈ വാക്കുകൾ ഇതു ശ്രദ്ധിച്ചുകൊണ്ട് ചൊല്ലുമ്പോൾ ശ്ലോകത്തിന്റെ സുഖമറിയാം. എന്നാൽ ഒരുപടി കൂട് കടന്ന് യതി കഴിഞ്ഞുള്ള വാക്കുകളിലും ആദ്യത്തെ രണ്ടു വരികളിൽ ദ്വിതീയാക്ഷരപ്രാസം കൊണ്ടു വന്നു. പദശോഭ വീണ്ടും കൂടി ദോഷൈകദൃക്കുകൾ നാലാമത്തെ വരിയിൽ പരമാനന്ദ പദം മുറിഞ്ഞ് യതിഭംഗം വന്നു പറയാൻ മതി. എന്നാൽ അവിടെയും പരമ+ ആനന്ദം എന്ന് പിരിക്കാവുന്നതുകൊണ്ട് സന്ധി മാത്രമേ മുറിഞ്ഞിട്ടുള്ളു. യതി മുറിഞ്ഞിട്ടില്ല.

ഇനി ഇത്രയും സുകുമാരമായ ഈ ശ്ലോകത്തിന്റെ അർത്ഥഗാംഭീര്യം നോക്കാം. നാരം, നീരം, വാരി എന്നിങ്ങിനെ മൂന്നു പദങ്ങൾ ജലത്തെ പ്രതിനിധാനം ചെയ്യാൻ ഗുരു ഉപയോഗിച്ചിട്ടുണ്ട്. ശ്രദ്ധേയമായ പദങ്ങൾ.

വാരി ചലനമില്ലാത്ത ജലം, ചലിക്കുന്ന പുഴ

അയനം സ്ഥിതി ചെയ്യുന്നു, ചലിക്കുന്നു

സാഗരം ഒഴുകാത്ത ജലം, ചലനാത്മകം

നാരം പ്രപഞ്ചകാരണമായ ജലം എന്നത് പ്രസിദ്ധാർത്ഥമാണ്. സൃഷ്ടിതന്നാരംഭത്തിൽ എന്ന് പറഞ്ഞതുകൊണ്ട്, പ്രളയാവസ്ഥ തന്നെ. എല്ലാം ജലമയം. ഭഗവാൻ ആ ജലത്തിൽ അയനം ചെയ്യുന്നു. ശയിക്കുന്നു. അതുകൊണ്ട് നാരായണൻ എന്ന പേരു വന്നു. സൃഷ്ടി 'ദാ ഇപ്പ തുടങ്ങും' എന്ന അവസ്ഥ പ്രളയസമയം എല്ലാം ജലമയമാണ്. എല്ലാം

അതിൽ ചേർന്ന് ലയിച്ചു കഴിഞ്ഞിരിക്കുന്നു. കാലം പോലും ഇല്ലാത്ത അവസ്ഥ. സൃഷ്ടി തുടങ്ങിയാൽ കാലം നിലവിൽ വരും. ചലനം തുടങ്ങും. ഒഴുക്കു തുടങ്ങും. അതുകൊണ്ട് ഗുരു ഉപയോഗിച്ച വാക്കു നോക്കൂ. 'വാരി' വാരണം ചെയ്യപ്പെട്ട ജലം. നദിയിലെ അണക്കെട്ട് പോലെ. തടുക്കപ്പെട്ട ജലം. സൃഷ്ടി തുടങ്ങുന്ന നിമിഷം (നിമിഷം പോലും കാലാന്തർഗ്ഗതമാണ്. ഇവിടെ മനുഷ്യ ഭാഷയുടെ പരിമിതി കൊണ്ടാണ് ഇങ്ങനെയൊക്കെ ഉപയോഗിക്കേണ്ടി വരുന്നത് ) അതു ചലനാത്മകമായി ഒഴുകാൻ തുടങ്ങുന്നു. അപ്പോഴും അതിനെ 'വാരി' എന്നു പറയാം. ഭഗവാനും അപ്പോൾ ഒഴുകാൻ തുടങ്ങുന്നതുകൊണ്ട് 'അയനൻ'. അപ്പോഴും നാരായണൻ തന്നെ !! എവിടേക്കൊഴുകുന്നു നദികൾ? ലോകത്തിലെ എല്ലാ ജലവും സാഗരത്തിലേക്കാണല്ലോ ഒഴുകുന്നത്. അതുകൊണ്ട് സാഗരത്തിനു കാരണം വാരി തന്നെ. അതുപോലെ സംസാരത്തിനു കാരണം നാരം തന്നെ ! ഇവിടെ 'കാരണവാരി' കാരണനദി 'സംസാരസാഗരത്തിലേക്ക്' ഒഴുകുന്നു. സംസാരത്തിന് 'സരതി', ചലിക്കുന്നു എന്ന വാക്കിൽ നിന്ന് ജനിച്ചതിനാൽ , ചലനാത്മകത പ്രസിദ്ധം . എന്നാൽ സമ്യക്കായ സാരം എന്നെടുക്കുന്നതാവും ഇവിടെ കൂടുതൽ ഉചിതം. സാരം എന്നാൽ അർത്ഥം പ്രപഞ്ചം പദാർത്ഥങ്ങളാൽ നിറഞ്ഞിരിക്കുന്നു. എല്ലാ പദാർത്ഥങ്ങളുടെയും (സമ്യക് പദാർത്ഥം) ആകെത്തുകയാണ് സംസാരം. എല്ലാത്തിന്റെയും

അർത്ഥം സംസാരത്തിലുണ്ട്. ഒന്നിന്റെയും അർത്ഥമന്വേഷിച്ച് പ്രപഞ്ചത്തിനു പുറത്തു പോകാൻ പറ്റില്ല. ഈ പരമമായ അർത്ഥം ആരാണോ വിചാരിക്കുന്നത്, മനസ്സിലാക്കുന്നത്, അവൻ ഇതേ സംസാര സാഗരത്തിന്റെ തീരത്തേക്ക് ശാന്തമായി അണയുന്നു, കരകയറുന്നു. അങ്ങനെ അവൻ ഇടതടവില്ലാത്ത, മുറിഞ്ഞു പോകാത്ത , പരമാന്ദത്തിൽ ലയിക്കുന്നു.

അർത്ഥം (ധനം) കൊണ്ട് ആനന്ദം കിട്ടുമെങ്കിലും 'പരമാർത്ഥം' കൊണ്ട് 'പരമാനന്ദം' തന്നെ! ആനന്ദം 'ബ്രംഹണോ രൂപം തച്ച ദേഹേ വ്യവസ്ഥിതം തസ്യാഭിവ്യഞ്ജകാ പഞ്ചമകാരാ' എന്ന് പരശുരാമകല്പസൂത്രം (സൂത്രം 12) ബ്രഹ്മം ആനന്ദരൂപമാണ്. ആനന്ദം ദേഹത്തിൽ വ്യവസ്ഥിതമായിരിക്കുന്നു. എങ്ങനെ ? ആനന്ദത്തിന്റെ അഭിവ്യഞ്ജകങ്ങളാണ് പ്രതിനിധാനങ്ങൾ (പകടീകാരങ്ങൾ) പഞ്ചമകാരങ്ങൾ (ഗുരുമുഖത്തു നിന്നറിയണം). അപ്രകാരം , ഈ പഞ്ചമകാരങ്ങൾ കൊണ്ടുള്ള അർച്ചനം ചെയ്താൽ, പരമാനന്ദത്തിലെത്താം. 'ശരീര കഞ്ചുകിത ശിവോ ജീവോ നിഷ്കഞ്ചുക പരമശിവ' (സൂത്രം 5) എന്നതുകൊണ്ട് പഞ്ചകഞ്ചുക (മായയുടെ അഞ്ചു കഞ്ചുകങ്ങൾ അവിദ്യാ കലാ, രാഗ, കാല, നിയതി എന്നിവ) പരിമിത പരിക്ലിപ്തമായ ദേഹത്തിൽ വ്യവസ്ഥിതമായ ആനന്ദം വിട്ട് സ്വയം പരമാനന്ദമായി , ശിവനായി മാറുന്നു. മുപ്പത്താറു തത്വങ്ങളിൽ പരമശിവൻ മുതൽ 'രാഗ' തത്വം വരെ വാരി ജലമായി നിൽക്കുന്നു. പത്താമത്തെ തത്വമായ കാല 'തത്വം' പ്രകടമാകുന്നതോടു കൂടി വാരി പുഴയാകുന്നു. ആറാമത്തെ തത ത്വമായ 'മായ'യുടെ ഇത് ജഗത് ആണ് എന്ന ഭേദബുദ്ധി പ്രകടമാവുന്നതു വരെ അദ്വൈതം നിലനിൽക്കുന്നു. ഏഴാമത്തെ തത്വമായ അവിദ്യയാണ് അതുവരെയുള്ള പരമശിവന്റെ അഭേദബുദ്ധി മറച്ച് (ത്രിരോധനകരീശ്വരീ) ഭേദബുദ്ധി നിലവിൽ വരുത്തുന്നത്. അതുവരെയും 'ഈശാവസ്യമിദം സർവ്വം യത് കിഞ്ച ജഗത്യാം ജഗത്' എന്ന 'വിദ്യ' സാക്ഷാത് ആണ്. അതുകൊണ്ടാണ് പത്താമത്തെ തത്വമായ കാലപ്രകടത്വത്തോടുകൂടി 'നിത്യത' മൂടപ്പെട്ടിട്ട് ജനിക്കുന്നു. വളരുന്നു, പരിണമിക്കുന്നു, ക്ഷയിക്കുന്നു, നശിക്കുന്നു എന്ന ഭാവങ്ങൾ പ്രകടമാവുന്നത്. ഇത് മനസ്സിലാക്കുന്നവൻ സംസാരസാഗരത്തിന്റെ തീരം ശാന്തമായി അണയുന്നു. അങ്ങനെ ശബ്ദ ഭാഷാ അലങ്കാര അർത്ഥതലങ്ങളിൽ ഓരോന്നിലും അഗാധത പ്രദർശിപ്പിച്ചു കൊണ്ട് വേദാന്ത താന്ത്രിക വൈഷ്ണവ ശൈവ ശാക്തേയാർത്ഥങ്ങൾ സമന്വയിപ്പിച്ച ഈ ശ്ലോകവും ഒരു സാഗരം തന്നെ. വീണ്ടും വീണ്ടും വിചാരിക്കുന്തോറും കൂടുതൽ കൂടുതൽ അർത്ഥങ്ങൾ കണ്ടു കിട്ടുന്നതു പോലെ.

**ശ്ലോകം 8**

വർണ്ണം ദ്വാദശമുള്ളതായ് പ്രണവമാമാദ്യക്ഷരം ചേർന്നതായ്

വർണ്ണം നാലിനുമർഹമാം തവമഹാമന്ത്രം ദിനം തോറുമേ

പൂർണ്ണാത്മാർപ്പണഭാവമോടെ മനനം ചെയ്‌വോൻ മഹാഭോഗസം

പൂർണ്ണം ശ്രീഹരി ചിത്സുധാലഹരിയെന്നെന്നും നുകർന്നീടുമേ

**പദാർത്ഥം**

വർണ്ണം = അക്ഷരം

ദ്വാദശം = പന്ത്രണ്ട്

പ്രണവം = ഓം

ആദ്യക്ഷരം = ആദ്യത്തെ അക്ഷരം, ആദ്യമുണ്ടായ അക്ഷരം

വർണ്ണം നാലിനും = ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈ

ശ്യൻ, ശൂദ്രൻ

അർഹമാം = അധികാരമുള്ളത്

പൂർണ്ണാത്മാർപ്പണഭാവം = ആത്മാവ് മുഴുവനായും അർപ്പിക്കുന്ന ഭാവം

മനനം = മനസ്സുറപ്പിച്ച് ചിന്തിച്ച് അറിയുക

ചെയ്‌വോൻ = ചെയ്യുന്നവൻ

മഹാഭോഗം = ഏറ്റവും വലിയ അനുഭവം

സംപൂർണ്ണം = അതിലപ്പുറമൊന്നുമില്ലാത്ത അവസ്ഥ

ചിത്സുധാ = ചിത് ആകുന്ന അമൃത് , ബ്രഹ്മാമൃതം

ലഹരി = ഇന്ദ്രിയാതീതമായ ആനന്ദം

നുകർന്നീടുമേ = ആസ്വദിക്കും

### ശ്ലോകാർത്ഥം

പന്ത്രണ്ടക്ഷരങ്ങളുള്ളതും മുൻപിൽ പ്രണവം എന്ന ആദ്യാക്ഷരം ചേർന്നതുമായ ബ്രാഹ്മണാദി നാലു വർണ്ണങ്ങൾക്കും അധികാരമുള്ളതുമായ അവിടുത്തെ മഹത്തായ മന്ത്രം എല്ലാ ദിവസവും പരിപൂർണ്ണമായ ആത്മസമർപ്പണത്തോടെ മനസ്സിൽ വീണ്ടും വീണ്ടും ഉറപ്പിക്കുന്നവൻ ബ്രഹ്മമായ അമൃതിന്റെ അങ്ങേയറ്റത്തെ ഇന്ദ്രീയാതീതമായ ആനന്ദം ആസ്വദിക്കും.

### വ്യഖ്യാ:

പന്ത്രണ്ടക്ഷരങ്ങളുള്ള വാസുദേവമന്ത്രത്തിന്റെ മാഹാത്മ്യമാണിവിടെ ഗുരുവിന്റെ വിഷയം. നാമങ്ങളും മന്ത്രങ്ങളും തമ്മിലുള്ള വ്യത്യാസം ശ്രദ്ധേയമാണ്. നാമജപം ചെയ്യുമ്പോൾ നമഃ ശിവായ എന്ന ജപിക്കാം. ശിവനായിക്കൊണ്ട് നമസ്കാരം എന്ന അർത്ഥം മാത്രമേ അതിനുള്ളൂ. എന്നാൽ മുൻപിൽ പ്രണവമായ ഓങ്കാരം ചേർന്നു കഴിയുമ്പോൾ അത് ഓം നമഃ ശിവായ എന്ന ശിവ മന്ത്രമാവുന്നു. മന്ത്രജപത്തിന് അധികാരം വേണം. അതിനൊരു ഗുരുനാഥനെ കണ്ടെത്തി , ഗുരു അധികാരം തന്ന്, ഉപദേശം തന്നാലേ ജപിക്കാവൂ. മന്ത്രമായിക്കഴിയുമ്പോൾ അതിന് ഋഷി ഛന്ദസ്, ദേവത, ബീജം, ശക്തി, കീലകം, ഷഡംഗന്യാസം എന്നിവ വരും. മന്ത്രം എന്ന് ഗുരു പറഞ്ഞപ്പോൾ തന്നെ അതിന് പ്രണവം ആദ്യക്ഷരമായി കിട്ടി. പിന്നെന്തിന് പ്രണവമാമാദ്യക്ഷരം ചേർന്നതായ് എന്നു കൂടി പറഞ്ഞു ? ഇവിടെ തുടർന്നു പറയാൻ പോകുന്ന ബ്രഹ്മാനന്ദാമൃതത്തിന്റെ വിവക്ഷയിലാണ്, ശബ്ദബ്രഹ്മമായ് ഓങ്കാരത്തിനെ പ്രണവമാകുന്ന ആദ്യത്തെ അക്ഷരം എന്നു കൂടി പറഞ്ഞു വച്ചത്. എത്ര അർത്ഥഗംഭീരം പന്ത്രണ്ടക്ഷരത്തിൽ ആദ്യത്തെ അക്ഷരം പ്രണവമാണെന്നും പ്രണവം ആദ്യത്തെ അക്ഷരമാണെന്നും കൂടി ഒരൊറ്റ വാക്കിൽ സാന്ദർഭികമായി വരുത്തിതീർത്തു.

മന്ത്രങ്ങൾക്കധികാരം വർണ്ണങ്ങളനുസരിച്ചും നിബന്ധനകളുണ്ട്. തന്ത്രത്തിൽ ഏത് വർണ്ണത്തിന് ഏതു മന്ത്രങ്ങളിൽ അധികാരമുണ്ട് എന്നത് നിയതമാണ്. വർണ്ണം നാലെണ്ണം ബ്രാഹ്മണൻ,ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിങ്ങനെ. ഈ തരം തിരിവ് ഓരോരുത്തരുടെയും ഗുണങ്ങളും കർമ്മങ്ങളും അനുസരിച്ചാണ്, ജന്മനാ ഉള്ളതല്ല, എന്നാൽ ഈ വാസുദേവ മന്ത്രം എല്ലാ വർണ്ണങ്ങൾക്കും ഒരുപോലെ അധികാരമുള്ളതാണെന്നാണ് ഗുരു വിവക്ഷിക്കുന്നത്.

മനനം എന്നത് എളുപ്പമുള്ള കാര്യമല്ല, യഥാവിധി ശ്രവണം തന്നെ ബുദ്ധിമുട്ടാണ്. ആധുനിക മാനേജ്മെന്റ പരിശിലകർ 'ലിസനിങ് എബിലിറ്റി' ' 'പ്രൊആക്ടീവ് ലിസനിങ്' എന്നൊക്കെ പറഞ്ഞ് തട്ടിമൂളിക്കുന്ന കാര്യങ്ങൾ പണ്ടേ ഈ മണ്ണിൽ നിന്നു പോയവയാണ്. 'ശ്രവണ മനന നിധിദ്ധ്യാസങ്ങൾ' വിദ്യാഭ്യാസത്തിൽ വളരെ പ്രധാന ഉപകരണങ്ങളാണ്. വളരെ ശ്രദ്ധയോടെ മനസ്സ് പൂർണ്ണമായി അർപ്പിച്ചിട്ടുള്ള വിചാരമാണ് മനനം. ഈ വാസുദേവമന്ത്രം മനനം ചെയ്യണം. 'മനനാത് ത്രായതെ ഇതി മന്ത്ര' ഒരു നിമിഷമോ നാഴികനേരമോ പോരാ നിത്യവും വെറുതെ മനനം ചെയ്താൽ പോരാ പൂർണ്ണാത്മാർപ്പണഭാവത്തോടെ വേണം പൂർണ്ണാർപ്പണം എന്നാൽ സമർപ്പണം സ്വന്തം ആത്മാവിനെ പൂർണ്ണാർപ്പണം ചെയ്യണം. മന്ത്രധ്യാനം ചെയ്യുമ്പോൾ മൂർത്തി മന്ത്രം, സ്വന്തം ആത്മാവ് ഇവക്ക് മൂന്നിനും അഭേദം കല്പിക്കണമെന്നാണ് നിഷ്കർഷ ഭേദമില്ലാത്ത അവസ്ഥ മൂർത്തി വാസുദേവ രൂപമായ വിഷ്ണുമായ മന്ത്രം ദ്വാദശാക്ഷരി ഇതു രണ്ടും , അത് മനനം ചെയ്യുന്ന സ്വന്തം ആത്മാവും എല്ലാം ഒന്നാവുന്ന അവസ്ഥ അതു തന്നെയാണ് ഇവിടെ ഗുരു 'മഹാമന്ത്രം പൂർണ്ണാത്മാർപ്പണഭാവമോടെ മനനം' എന്നു സൂചിപ്പിച്ചിരിക്കുന്നത്. അങ്ങനെ നിത്യവും ചെയ്യുന്നവൻ എന്നും ഇടതടവില്ലാതെ തുടർച്ചയായി ചിത്സുധാലഹരി നുകരും ചിത് ആകുന്ന അമൃത് അല്ലെങ്കിൽ ചിത്തിന്റെ അമൃത് ചിത് സത്തും ആനന്ദവും തന്നെ സച്ചിദാനന്ദരൂപമാണ് ബ്രഹ്മം അന്യത്ര പറയപ്പെട്ടിട്ടുണ്ട്. 'നമ ശിവായ നാഥായ ചിദ്രൂപാനന്ദരൂപിണേ ശ്രീമതേ ചടുലാപാങ്ഗോത്പാടിതാതങ്കശങ്കവേവന്ദേ തന്മിഥുനം ദിവ്യമാദ്യമാനന്ദചിദ്ഘനം അനുത്തരം പരം ജ്യോതിരിതിയദ്ഭാവ്യതെ ബുധൈ' (പുണ്യാനന്ദനാഥ വിരചിത കാമകലാവിലാസം നടനാനന്ദനാഥ ചിദ്വല്ലീ വ്യാഖ്യാ)

ചിദ്രൂപാനന്ദരൂപനാണ് ശിവൻ ചിത്തിന്റെ രൂപം തന്നെ ആനന്ദമാണ്, രൂപകമായി വീണ്ടും 'ആനന്ദ ചിത്ഘനം' ആനന്ദം ഇന്ദ്രിയാതീതമാണ് ശിവനിൽ നിന്നുത്ഭവിച്ച മുപ്പത്താറ് തത്വങ്ങളും ശിവനിലേക്ക് തന്നെ വലിയുന്ന 'പ്രലയാവസ്ഥ' ഗുരു മുമ്പ് പറഞ്ഞ തവ മായ തന്നിലഖില ബ്രഹ്മാണ്ഡവും സംസ്ഥിത വും, വീക്ഷണാന്ത വിലസന്മായാകൃതവും എല്ലാം ഈ ചിദാനന്ദത്തെത്തന്നെ വിവക്ഷിക്കുന്നു. അവി ടെത്തന്നെ ' 'പ്രണമത നാഥാനന്ദം പരയാ ഭക്ത്യാ ചിദൈക്യബോധാനന്ദം' (ടി 14) ചിത്തുമായുള്ള ഐ ക്യബോധജന്യമായ ആനന്ദത്തിനെ, നാഥാനന്ദനെ (ശിവനെ) പരാ ഭക്തിയോടുകൂടി പ്രണമിക്കുന്നു. ലളിതസഹസ്രനാമത്തിലും 'ചിദഗ്നികുണ്ഡസംഭൂതാ' (ല സ 4) ഒന്നായിരുന്ന സദാനന്ദനാഥനിൽ നിന്ന് , ചിത് ആകുന്ന അഗ്നികുണ്ഡത്തിൽ നിന്ന് സമ്യക് ആയി ഭവിച്ചവൾ ചിന്മയി (ടി 251) സ്വയം മുഴുവ നും ചിത് ആയവൾ. രണ്ടും ശുദ്ധതത്വങ്ങളായതു കൊണ്ട് ചിദ്രൂപാനന്ദരൂപിണേ എന്ന് പുല്ലിംഗത്തിൽ പുണ്യാനന്ദൻ മുകളിൽ പറഞ്ഞതു തന്നെ. സ്ത്രീ ശക്തിയായ 'ചിന്മയി' 'ചിതി' (ടി 362) അവിദ്യയെ നിഷ്കാസനം ചെയ്യുന്ന ജ്ഞാനം വിശ്വസിദ്ധിക്ക് കാരണമായ ചിതി സ്വതന്ത്രയാണ് (ശക്തിസൂത്രം) എന്ന് ഭാസുരാനന്ദവ്യാഖ്യ 'ചിദേകരസരൂപിണി' (ടി 364 ) ചിത്തിനോടു ചേർന്ന ഒരേയൊരു രസം എന്തി ന്റെയെല്ലാം രസമാണോ എന്തിന്റെയെല്ലാം മുഖ്യരസം ചിത് ആണോ അതെല്ലാം എന്ന് ഭാസുരാനന്ദവ്യാ ഖ്യാ രസം എന്നാൽ അടിസ്ഥാനം കഴമ്പ്, അമൃത് എന്നെല്ലാം അപ്പോൾ ഭവം മുഴുവനും ആ ചിത് തന്നെ 'പ്രത്യക് ചിതീരൂപാ' (ടി. 367) 'പരാവസ്ഥയിൽ സ്വയം അറിയാൻ ഔൽസുക്യമുള്ള രൂപം' എന്ന് ഭാസുരാനന്ദവ്യാഖ്യാ 'ചിച്ഛക്തി' (ടി 416) വിദ്യയും അവിദ്യയും അക്ഷരബ്രഹ്മത്തിൽ അന്തർഹിതമാണ് അവിദ്യയെ നശിപ്പിക്കാൻ സാമർത്ഥ്യമുള്ളതാണ് ചി ച്ഛക്തി ഭാസുരാന്ദവ്യാഖ്യാ 'സച്ചിതാനന്ദരൂപിണി' (ടി 700) സ്വരൂപം സ്വത്തും ചിത്തും ആനന്ദവുമായവൾ 'ചിത്സുധാലഹരി' ചിത് ആകുന്ന അമൃതിന്റെ ലഹരി ആനന്ദാമൃതം അനുഭവിക്കുന്നതുകൊണ്ടുണ്ടാകുന്ന അഭേദബുദ്ധി എന്നും നുകരും അമൃത് നുണയും മഹാഭോഗസമ്പൂർണ്ണം ഭോഗം ഇന്ദ്രിയാധിഷ്ഠിതം മഹാഭോഗം ഇന്ദ്രിയാതീതമായ സുഖാനുഭവം ഇന്ദ്രി യാതീതമായ നിർവിഷയമായ കേവലമായ ആനന്ദം കൊണ്ട് പൂർണ്ണമായും നിറഞ്ഞു നിൽക്കുന്ന ചിത്സു ധാലഹരി ശ്രീ ഹരിയുടെ. •


## സമ്പൂർണ്ണ രാമായണ പാരായണം

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ രാമായണ മാസാചരണത്തിന്റെ ഭാഗമായി 2017 ജൂലൈ മാസം 30-ാം തീയതി ഞായറാഴ്ച രാവിലെ 6.30 മുതൽ ശ്രീ.എൻ.ടി. കാർത്തികേയന്റെ നേ തൃത്വത്തിൽ സമ്പൂർണ്ണ രാമായണ പാരായണം നടത്തുന്നു.**

## എറണാകുളം കരയോഗം ജീവകാരുണ്യ സാമൂഹ്യ സേവന ധനസഹായ വിതരണോത്ഘാടനം

**2017 ആഗസ്റ്റ് 12-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ടി.ഡി.എം. ഹാളിൽ വെച്ച് കരയോഗത്തിന്റെ ജീവകാരുണ്യ ധനസഹായ വിതരണം നടത്തപ്പെടുന്നു.**

# രാമായണ പ്രഭാഷണം



**എറണാകുളം കരയോഗവും ബോധാനന്ദശ്രുതിസേവാട്രസ്റ്റും ചേർന്ന് സംയുക്തമായി 2017 ജൂലായ് മാസം 21, 22, 23 തീയതികളിൽ ത്രിദിനരാമായണപ്രഭാഷണം സംഘടിപ്പിക്കുന്നു. ഈ മൂന്നു ദിവസവും വൈകിട്ട് 6.00 മണി മുതൽ 7.30 വരെ ടി.ഡി.എം ഹാൾ യമുനയിൽ വെച്ച് സംബോധ് ഫൗണ്ടേഷൻ മുഖ്യാചാര്യൻ സ്വാമി അധ്യാത്മാനന്ദ സരസ്വതിയുടെ നേ തൃത്വത്തിലാണ് പരിപാടി നടത്തുന്നത്. എല്ലാ സജ്ജനങ്ങളുടേയും സാന്നിദ്ധ്യസഹകരണങ്ങൾ ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.**

# കാൽമുട്ടുതേയ്മാനം

ഡോ. ദേവിദാസ് വെള്ളോടി (ഫോൺ: 9747480903)

## കാൽമുട്ടു തേയ്മാനം ആമുഖം

കാൽമുട്ടിലെ അസ്ഥിസന്ധിയിൽ ഉള്ള തരുണാസ്ഥിയാണ് (ഌലി ശരൌ ഇമൃശേഹമഴല) ഈ അസ്ഥിസന്ധിയിലെ അസ്ഥികൾ തമ്മിലുള്ള ഒരു കുഷ്യൻ പോലെ വർത്തിക്കുന്നത്. ഈ തരുണാസ്ഥിക്കുണ്ടാകുന്ന തേയ്മാനം ആണ് സാധാരണയായി കാൽമുട്ട് തേയ്മാനം എന്നറിയപ്പെടുന്നത്. ഈ തരുണാസ്ഥിക്ക് തേയ്മാനം സംഭവിക്കുകയോ പൊട്ടി ചീന്തുകയോ ചെയ്താൽ ആ അസ്ഥി സന്ധിയിൽ നീര്, വേദന, സന്ധി ചലിപ്പിക്കുവാനുള്ള പ്രയാസം, അസ്ഥികൾക്ക് തേയ്മാനം എന്നിവ ഉണ്ടാകും.

## കാൽമുട്ട് തേയ്മനാത്തിനുള്ള പ്രധാനകാരണങ്ങൾ

1. എന്തെങ്കിലും വീഴ്ചയോ തട്ടലോകൊണ്ട് തരുണാസ്ഥിക്ക് ക്ഷതം വരാം.

2. പ്രായാധിക്യം കൊണ്ട് തരുണാസ്ഥിക്ക് ക്ഷീണമോ കേടുപാടുകളോ പറ്റാം.

3. പാരമ്പര്യമായി ചെറുപ്പക്കാരിൽ പോലും തേയ്മാനം വരാറുണ്ട്.


4. അസ്ഥി സന്ധികളെ ബാധിക്കുന്ന രക്തവാതം കാരണം കൊണ്ട് അസ്ഥി തേയ്മാനം സംഭവിക്കാം.

## OSTEO ARTHRITIS

"OSTEO" എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് ഈ പേരുണ്ടായത്. Osteo എന്നാൽ 'അസ്ഥികളെ സംബന്ധിച്ചത്' എന്നർത്ഥം. "ORTHO'' എന്നാൽ സന്ധി ''ITIS'' എന്നാൽ നീർക്കെട്ട്. അതായത് അസ്ഥിസന്ധികളിലുണ്ടാകുന്ന നീർക്കെട്ട് എന്നർത്ഥം. ഇവിടെ കാൽമുട്ടുകൾക്കുണ്ടാകുന്ന നീർക്കെട്ടിനെക്കുറിച്ച് മാത്രമാണ് പ്രതിപാദിക്കുന്നത്.

## കാൽമുട്ട് സന്ധി : KNEE JOINT

കാൽമുട്ട് തേയ്മാനത്തെക്കുറിച്ച് അറിയണമെങ്കിൽ കാൽമുട്ടിന്റെ ഘടന മനസ്സിലാക്കുന്നത് നല്ലതാണ്. തുടയെല്ലും (Femer) Tibia, Fibula എന്നീ കാൽമുട്ടിന് താഴെയുള്ള അസ്ഥികളും ചേരുന്ന സന്ധിയാണിത്. ഈ സന്ധിയുടെ സുഗമമായ സുഗമമായ ചലനത്തിനും ബലത്തിനും വേണ്ടി ചിരട്ട (Patella) Ligements (സന്ധിബന്ധം) Menisus Carti-




lage (തരുണാസ്ഥി) എന്നിവ ചേർന്നതാണ് കാൽമുട്ട് സന്ധി. ഇതിൽ അസ്ഥികളുടെ ഇടയിൽ സുഗമമായി ചലിക്കുന്നതിനുള്ള കുഷ്യൻ പോലുള്ള വസ്തുവാണ് Cartilage. ഈ തരുണാസ്ഥിക്ക് കേടുപാടുകളോ തേയ്മാനമോ പറ്റിയാൽ റിപ്പയർ ചെയ്തെടുക്കുക വളരെ ദുഷ്കരമാണ്. തരുണാസ്ഥി ഒരു Connective Tissue ആണ്. ഇതിലേക്ക് നേരിട്ട് രക്തപ്രവാഹമില്ല എന്നതു തന്നെയാണ് കാരണം.

## കാൽമുട്ടിലെ തരുണാസ്ഥി തേയ്മാനത്തിനുള്ള പ്രധാന കാരണങ്ങൾ (പ്രാഥമികം)

1. പ്രായാധിക്യം കൊണ്ടുള്ള തേയ്മാനം.

2. തരുണാസ്ഥിയിലെ നീരിന്റെ അംശം കുറയുക. (Dehydration)

3. രക്തവാതത്താൽ സന്ധിയിലുണ്ടാകുന്ന നീർക്കെട്ട് ക്രമേണ തരുണാസ്ഥിയെ ക്ഷയിപ്പിക്കുന്നു.

## അനുബന്ധകാരണം (Secondary Causes)

1. ജന്മനായുള്ള അസ്ഥി തേയ്മാനം

2. പ്രമേഹ രോഗത്തിന് അനുബന്ധമായി വരുന്നത്.

3. Rhematoid Arthrits കാരണം ഉണ്ടാകുന്ന തേയ്മാനം, വൈകല്യം

4. അപകടങ്ങൾ മൂലമുണ്ടാകുന്ന മുറിവുകളും ചതവുകളും കാരണം

5. ഹോർമോൺ വ്യതിയാനങ്ങൾ കാരണം ഉണ്ടാകുന്ന തേയ്മാനം

6. അമിതവണ്ണം കാരണം കാൽമുട്ടുസന്ധികളിൽ കൂടുതൽ ഭാരം വരുകയും അതിനാൽ സന്ധികളിൽ നിരു വരുകയും തേയ്മാനം ഉണ്ടാകുകയും ചെയ്യുക.

7. അമിതമായ മരുന്നു സേവമൂലം ഉണ്ടാകുന്നത്. Hormons, Steroids തുടങ്ങിയ മരുന്നുകളുടെ അമിതോപയോഗം അസ്ഥിസന്ധി തേയ്മാനത്തിന് കാരണമാകുന്നു.

## മുട്ടുതേയ്മാനം ലക്ഷണങ്ങൾ (Symptoms)

1. വേദനയും നീർക്കെട്ടും

2. കാൽമുട്ട് സന്ധി ചലിപ്പിക്കുമ്പോൾ കൂടുതൽ വേദന, വിശ്രമിച്ചാൽ വേദന കുറയുന്നു.

3. സന്ധി ദൃഢമാകുക (Stiffness), സന്ധി ചലിപ്പിക്കുമ്പോൾ കറ കറ ശബ്ദം വരുക Step കയറുവാനോ ഇറങ്ങുവാനോ ശ്രമിക്കുമ്പോൾ കൂടുതൽ വേദന കാൽമുട്ടുകളിൽ തോന്നുക.

## രോഗനിർണ്ണയം ഃ (DIAGNOSIS)

കാൽമുട്ട് വേദന പല കാരണങ്ങളാൽ ഉണ്ടാകാവുന്നതാണ്. എല്ലാ അവസ്ഥകളിലും തേയ്മാനം ഉണ്ടാകണമെന്നില്ല. ചിലപ്പോൾ സന്ധികളിൽ രക്തവാതത്തിന്റെ നീര് വന്നതായിരിക്കും. മറ്റു ചിലപ്പോൾ യൂറിക് ആസിഡ് കൂടിയതിനാലുള്ള സന്ധിനീര് ആയിരിക്കും. പ്രായാധിക്യത്താൽ ഉണ്ടാകുന്ന സന്ധിവേദനയും പ്രമേഹരോഗികൾക്കുണ്ടാകുന്ന മുട്ട് വേദനയും അമിതവണ്ണത്താലുള്ള മുട്ട് വേദനയും തിരിച്ചറിയണം. നേരത്തെ വിവരിച്ച തരുണാസ്ഥി Cartilage തേയ്മാനമാണ് നമുക്കറിയേണ്ടത്. ഒരു വൈദ്യനിർദ്ദേശാനുസരണം എക്സ റേ എനടുത്ത് നോക്കിയാൽ വളരെ കൃത്യമായി തേയ്മാനമുണ്ടോ എന്ന് പറയാൻ കഴിയും.

## ചികിത്സ എപ്പോൾ വേണം

എക്സറേ പരിശോധനയിൽ Cartilage തേയ്മാനം ഉണ്ടെന്ന് മനസ്സിലായാൽ ചികിത്സ വേണമെന്ന് ഉറപ്പായി. തേയ്മാനമില്ലാത്ത സന്ധിവേദനക്ക് വൈദ്യൻ നിർദ്ദേശിക്കുന്ന മറ്റു മരുന്നുകളും ചികിത്സയും വേണ്ടി വരും.

അനുബന്ധരോഗങ്ങൾ, അമിതവണ്ണം തുടങ്ങിയവ നിയന്ത്രണത്തിൽ വരുത്തുക തന്നെ വേണം. തേയ്മാനം മുഴുവനായി സംഭവിച്ച് അസ്ഥികൾക്കുകൂടി അതിന്റെ ആകൃതി നഷ്ടപ്പെട്ട

അവസ്ഥയിൽ കാൽമുട്ട് മാറ്റിവെക്കാൻ ശസ്ത്രക്രിയ തന്നെ വേണ്ടി വരും. Cartilage മുഴുവനായി തേഞ്ഞു പോയിട്ടില്ലെങ്കിൽ ആയുർവ്വേദ ചികിത്സ ധാരാളം മതിയാകും. ശസ്ത്രക്രിയ വേണ്ടതില്ല.

## ചികിത്സാതത്വം:

കാൽമുട്ടിലെ നീര് കുറക്കുക, വേദനയില്ലാതാക്കുക, കാൽമുട്ടിനെ ശക്തിപ്പെടുത്തുക, Cartilage (തരുണാസ്ഥിയെ ശക്തിപ്പെടുത്തുക,) മാംസപേശികളെ (Muscle) ശക്തിപ്പെടുത്തുക, തീരെ മാർഗ്ഗമില്ലെങ്കിൽ തരുണാസ്ഥി വരുന്ന ഭാഗം മാറ്റി വെയ്ക്കുക എന്നതാണ് ചികിത്സാ സാരം.

## കാൽമുട്ട് തേയ്മാനത്തിനുള്ള ചികിത്സ ഃ

1. ആദ്യമായി രോഗത്തെ അറിയൽ ഃ എനിക്ക് എത്രത്തോളം പ്രയാസം വന്നിട്ടുണ്ട് എന്ന് തിരിച്ചറിയലാണ് പ്രധാനം. പലപ്പോഴും ഭയങ്കര വേദനയുമായി വരുന്ന രോഗികളുടെ എക്സ റേ പരിശോധിച്ചാൽ മുട്ട് തേയ്മാനം അധികമില്ലാതെ കാണാറുണ്ട്. ചിലപ്പോൾ ചെറിയ തോതിൽ വേദനയുമായി വരുന്നവരുടെ എക്സ റേ പരിശോധനയിൽ Cartilage മുഴുവനായി തേഞ്ഞതായി കാണാറുണ്ട്. അതിനാൽ രോഗത്തെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാക്കലാണ് അതിപ്രധാനം. എന്റെ കാല് പോയേ എന്നു പേടിച്ച് എക്സ റേ എടുക്കാൻ പോലും സമ്മതിക്കാത്തവരുണ്ട്. ഈ മനോഭാവം തെറ്റാണ്.

2. വ്യായാമം കൃത്യമായി ചെയ്യുക

3. അമിതവണ്ണമുണ്ടെങ്കിൽ കുറക്കുന്നതിനുള്ള വ്യായാമം, മരുന്ന്, ചികിത്സ എന്നിവ ചെയ്യുക.

4. ജീവിത ശൈലി മെച്ചപ്പെടുത്തുക, കൃത്യമായ ഭക്ഷണം, ഉറക്കം, ജോലി, വ്യായാമം എന്നിവ ശീലിക്കുക.

5. Vitamin D യുടെ കുറവുണ്ടെങ്കിൽ Hypo thyroid തുടങ്ങിയ Hormone അനുബന്ധ രോഗങ്ങളുണ്ടെങ്കിൽ കൃത്യമായി മരുന്നു കഴിക്കുക.

6. നടക്കുവാൻ പ്രയാസമുണ്ടെങ്കിൽ വടി, Walker , Brace, തുടങ്ങിയവ ഉപയോഗിക്കുക. Knee Cap എന്ന ആവരണം ധരിക്കുന്നത് ഒരു ചികിത്സയല്ല. വൈദ്യനിർദ്ദേശാനുസരണം മാത്രം Knee Cap ഉപയോഗിക്കുക. അത് കാൽമുട്ടിന് നിവർന്ന് നിൽക്കാനും ഭാരം താങ്ങുവാനും ശക്തി തരുന്നതല്ലാതെ തേയ്മാനം കുറക്കില്ല. വിശ്രമിക്കുമ്പോൾ Knee Cap ധരിക്കേണ്ടതില്ല.

ആയുർവ്വേദം ഃ Cartilage തേയ്മാനത്തിനും സന്ധിയിലെ നീർക്കെട്ട്, വേദന എന്നിവ പോകുന്നതിന് ആയുർവ്വേദത്തിൽ വ്യക്തമായ ചികിത്സകളുണ്ട്.

1. മരുന്നുകൾ (Interanal Medicines)

തേയ്മാനം കുറക്കുന്നതിനും നീർക്കെട്ട് വേദന എന്നിവക്കും അകത്തേയ്ക്ക് കഴിക്കാനുള്ള മരുന്നുകൾ ധാരാളമുണ്ട്. രക്തവാതം, GOUT, പ്രമേഹം, തുടങ്ങിയവ ഉണ്ടെങ്കിൽ അവയെ നിയന്ത്രിച്ചാൽ മാത്രമെ കാൽമുട്ടിലെ വേദന കുറയൂ.

ധന്വന്തരം കഷായം, ഗന്ധതൈലം തുടങ്ങി ഒരു പാടു മരുന്നുകൾ നല്ല ഫലം തരുന്നുണ്ട്.

2. എണ്ണപുരട്ടി തലോടുക

പ്രസിദ്ധമായ ധാന്വന്തരം തൈലം, മുറിവെണ്ണ തുടങ്ങിയവ പുരട്ടി മുട്ടിൽ ദിവസവും തലോടുന്നത് വളരെ ഗുണം ചെയ്യും. ഇത് Bandage ചെയ്യുന്നത് നീരു കുറയ്ക്കും.

3. ആയുർവ്വേദ സ്വേദക്രിയകൾ, പഞ്ചകർമ്മ ചികിത്സ

മുട്ടുതേയ്മാനത്തിന് ശസ്ത്രക്രിയ നിർദ്ദേശിച്ച കുറെ രോഗികളെ ചികിത്സിച്ച് അസുഖം നിയന്ത്രണത്തിൽ വരുത്തുവാൻ ഈ ലേഖകന് കഴിഞ്ഞിട്ടുണ്ട്. ഇലക്കിഴി, നവരക്കിഴി, പിഴിച്ചിൽ, ധാര തുടങ്ങിയ സ്വേദക്രിയകളും വസ്തി എന്ന പഞ്ചകർമ്മചികിത്സയും വളരെ ഗുണം ചെയ്തു കാണുന്നു. തേയ്മാനം പരിപൂർണ്ണമായി മാറ്റിയെടുക്കുവാൻ കഴിയില്ല. പക്ഷെ അതോടനുബന്ധിച്ചുണ്ടാകുന്ന വേദന, നീർക്കെട്ട് എന്നിവ പരിപൂർണമായി മാറ്റിയെടുക്കുവാൻ കഴിയും. ഏകദേശം ഒരു വർഷമെങ്കിലും ചികിത്സകൾ വേണ്ടി വരും.

4. ശസ്ത്രക്രിയ (Surgery)

പരിപൂർണമായി തേഞ്ഞുപോയ തരുണാസ്ഥിക്ക് മുട്ട് മാറ്റി വെക്കാൻ ശസ്ത്രക്രിയ തന്നെയാണ് ഉത്തമ പ്രതിവിധി. കാൽമുട്ട് മുഴുവനായി മാറ്റി വെക്കും എന്ന് പേടിക്കേണ്ട. കാൽമുട്ട് സന്ധിയിൽ അസ്ഥി തേയ്മാനം, തരുണാസ്ഥി തേയ്മാനംഎന്നിവ വന്ന ഭാഗമാണ് കൃത്രിമ അസ്ഥിസന്ധിയാൽ മാറ്റി പിടിപ്പിക്കുന്നത്. ശസ്ത്രക്രിയയ്ക്ക് ശേഷം കൃത്യമായ വ്യായാമം ചെയ്യുകയാണെങ്കിൽ ശസ്ത്രക്രിയ കൊണ്ടുള്ള കാൽമുട്ടിനുണ്ടാകുന്ന ദൃഢത (Stiffness) ഇല്ലാതാക്കുവാനും സുഖമായി നടക്കുവാനും സാധിക്കും.

**സാമാന്യജ്ഞാനം ഉൾക്കൊള്ളണം :**

അവനവന്റെ അസുഖത്തെക്കുറിച്ച് സാമാന്യമായി അറിഞ്ഞിരിക്കുന്നത് നല്ലതാണ്. സ്ത്രീകളിൽ ആർത്തവ വിരാമശേഷമാണ് മുട്ട് തേയ്മാനം കൂടുന്നതായി കാണുന്നത്. ഹോർമോൺ വ്യതിയാനമാണ് കാരണം. ഈ സമയത്ത് ഡോക്ടറുടെ നിർദ്ദേശാനുസരണം മരുന്നുകളും വിറ്റാമിൻ D3 എന്നിവയും കഴിക്കുന്നത് ഈ ബുദ്ധിമുട്ട് വരാതെ കാക്കും. നല്ല ചിട്ടയായ ജീവിതം നയിക്കുന്നവർക്ക് പൊതുവെ മുട്ട് തേയ്മാനം ശല്യമായി മാറാറില്ല. അമിതവണ്ണം മുട്ട്തേയ്മാനത്തിന് പ്രധാന കാരണമാണെന്ന് മറക്കരുത്. സാധാരണയായി മുട്ടുമാറ്റി വെയ്ക്കലിന് (Replacement) 15 വർഷമേ ഗ്യാരന്റി നൽകാറുള്ളു എന്നതിനാൽ ചെറുപ്പത്തിൽ തന്നെ Replacement ചെയ്യുന്നത് ഒഴിവാക്കുക●

## എറണാകുളം കരയോഗം
## ചാരിറ്റി പ്രവർത്തനങ്ങൾക്ക്
## 2017 ജൂൺ മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീമതി. വിജയലക്ഷ്മി. പി. കുമാർ, 5 ബി, വുഡ്ഫോർഡ് അപ്പാർട്ട്മെന്റ് വൈ. എസ്. റോഡ്, കൊച്ചുകടവന്ത്ര, കൊച്ചി 682020 | 10,000/ |
| 2. ശ്രീ. സോമശേഖരൻ, ഐശ്വര്യ,ലെയ്ൻ 7, വിനോബ നഗർ, കടവന്ത്ര കൊച്ചി 682020 | 8768/ |
| 3. ശ്രീ. കെ. പ്രസന്നകുമാർ, ശ്രീവല്ലഭ, ജവഹർ നഗർ, കടവന്ത്ര, കൊച്ചി 682020 | 5000/ |
| 4. ഡോ. ജി. ബാബു, ഗീതിക, നേതാജി റോഡ്, ആലുവ | 5,000/ |
| 5. ശ്രീ. പ്രതാപ് എം എസ്, മുത്തെക്കര, പുത്തൻകുരിശ്, എറണാകുളം | 5,000/ |

## നായർ സ്ത്രീ സമാജത്തിലെ 2017 ജൂലൈ മാസത്തിലെ പരിപാടികൾ

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 18.07.2017 ചൊവ്വ | അംഗങ്ങളുടെ ഒത്തുചേരൽ | 04.00 p.m. |
| 21.07.2017 വെള്ളി | ലളിതാ സഹസ്രനാമജപവും വിളക്കു പൂജയും | 10.00 a.m. |
| 26.07.2017 ബുധൻ | രാമായണപാരായണം. (സുന്ദര കാണ്ഡം) | 10.00 a.m. |

# സുഭാഷിതം 1

പ്രൊഫ. അംബുജാക്ഷി (ഫോൺ: 00)

*ദ്രാക്ഷാ മ്ലാനമുഖീ ജാതാ*
*ശർക്കരാ ചാശ്മതാം ഗതാ*
*സുഭാഷിത രസസ്യാഗ്രേ*
*സുധാ ഭിതാ ദിവം ഗതാ*

സുഭാഷിതത്തെക്കുറിച്ചുള്ള സുഭാഷിതമാണിത്.ശോഭനമായ ഭാഷിതമാണ് സുഭാഷിതം. ഒരു വ്യക്തിയുടെ മനസ്സിൽ മൂല്യബോധമുണ്ടാക്കുന്ന– ഏതു വാക്കും സുഭാഷിതം തന്നെ. ഭാഷിതത്തിന്റെ വാക്കിന്റെ – ശക്തി വർണ്ണനാതീതമാണ്.

*(1) 'വാചാമേവ പ്രസാദേന ലോകയാത്രാ പ്രവർത്തതേ'*

*(2) 'ഇദമന്ധംതമഃ കൃത്സ്നം ജായേത ഭുവനത്രയം*
*യദി ശബ്ദാഹ്വയം ജ്യോതിരാസംസാരം നദീപ്യതേ'*

എന്നൊക്കെ വാക്കുകളുടെ ശക്തിയെക്കുറിച്ച് ആചാര്യൻമാർ പറയുന്നു. ബിംബമില്ലാതെ തന്നെ പ്രതിബിംബത്തെ സൃഷ്ടിക്കാൻ കഴിവുള്ള ഒരു അസാധാരണമായ കണ്ണാടിയാക്കൂ വാക്ക്. ആ വാക്ക് സുഭാഷിതം കൂടിയായാലോ?

*ദണ്ഡനാധികാരത്താൽ കണ്ണുരുട്ടിയോ സ്നേഹാ*
*ഖണ്ഡശക്തിയാൽ കൈയ്ക്കു പിടിച്ചു*
*നിർത്തിയോ*
*ഭംഗിയാലനുരാഗാലണച്ചുതഴുകിയോ*
*നിങ്ങൾ പിന്തിരിപ്പിച്ചു ദുഷ്കൃതത്തിൽ നിന്നെന്നെ.*

എന്നു മഹാകവി വള്ളത്തോൾ വാഗ്മയത്തെ പ്രകീർത്തിക്കുന്നു. പ്രഭുവിനെ പോലെ ആജ്ഞാപിക്കാനും മിത്രത്തെപ്പോലെ നിർദ്ദേശിക്കാനും ഭാര്യയെപ്പോലെ പ്രേമപൂർവ്വം നയിക്കാനും വാക്കിനു കഴിയുന്നു. ജീവിതത്തിന്റെ പാതയിൽ പൊൻവെളിച്ചമായി സുഭാഷിതം നമ്മെ നയിക്കുന്നു.

അമരശക്തിയുടെ അലസരും സുഖലോലുപരുമായ രാജാകുമാരൻമാരെ ആറുമാസക്കാലംകൊണ്ട് മാറ്റിയെടുത്ത ചരിത്രമാണ് വിഷ്ണുശർമന്റെ പഞ്ചതന്ത്രത്തിനു പറയാനുള്ളത്. ഹരിശ്ചന്ദ്രനാടകം തന്റെ ജീവിതത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ടെന്ന് മഹാത്മാഗാന്ധിയും പറയുന്നു.

നിത്യജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, അതിലളിതമായ ഉദാഹരണങ്ങളിലൂടെ സമർത്ഥിക്കുമ്പോൾ സാധാരണക്കാരൻ പോലും അത് അനായാസേന ഉൾക്കൊള്ളുന്നു. ഒരിക്കലും മാഞ്ഞുപോകാത്ത വിധം ആ വാക്കുകളുടെ സാരാംശം നമ്മുടെ ഉള്ളിൽ പതിയുന്നു. **'താൻ കൊടും വെയിൽ കൊണ്ടിട്ടു തണലേകുന്നു തൈമരം'**. എന്നതുപോലെയുള്ള സുഭാഷിതങ്ങൾ നമുക്കുചുറ്റുമുള്ള ചരാചരങ്ങളിൽ നിന്നും സഹിഷ്ണുതയുടേയും ത്യാഗത്തിന്റേയും നൻമയുടേയും ഉദാഹരണങ്ങൾ നമ്മെ ബോധിപ്പിക്കുന്നു. ഫലാഗമത്തിൽ താഴ്ന്നു തൂങ്ങുന്ന വൃക്ഷക്കൊമ്പുകൾ എളിമയുടേയും ദാനത്തിന്റേയും മേൻമ പറഞ്ഞു തരുന്നു. എല്ലാ ജീവജാലങ്ങളേയും ഒരുപോലെ ഉൾക്കൊണ്ടു കാത്തു രക്ഷിക്കുന്ന പ്രകൃതിമാതാവ് സമത്വത്തിന്റേയും സാഹോദര്യത്തിന്റേയും തത്വം പറഞ്ഞുതരുന്നു.

*'ലോകമേ തറവാട് തനിക്കീച്ചെടികളും*
*പുൽകളും പുഴുക്കളും കൂടി തൻ കുടുംബക്കാർ'*

എന്ന് സ്നേഹത്തിന്റെ, നൻമയുടെ പ്രകാശം പരത്തുന്ന വാക്കുകൾ തന്നെയാണ് സുഭാഷിതം. സുഭാഷിതത്തിലെ സാരോപദേശങ്ങൾ കേട്ട് മനസ്സിന് മാറ്റം വരാത്തവൻ മനുഷ്യരൂപം ധരിച്ച മൃഗമാണ്.

അങ്ങനെയുള്ള സുഭാഷിതത്തെ വർണ്ണിക്കുന്ന ഒരു ശ്ലോകമാണിത്.

മധുരമേറിയതും അനായാസം തിന്നാവുന്നതും ആരും ഇഷ്ടപ്പെടുന്നതുമായ ഒരു പഴമാണ് ദ്രാക്ഷ. ദ്രാക്ഷ എന്ന പദത്തിനു തന്നെ ആരും കൊതിക്കുന്ന എന്നാണർത്ഥം. അത്രയേറെആസ്വാദ്യതയുള്ള ദ്രാക്ഷ സുഭാഷിതത്തിന്റെ മാധുര്യത്തിനു മുൻപിൽ നാണിച്ചു മുഖം താഴ്ത്തിയിരിക്കുന്നു. അകവും പുറവും ഒരുപോലെ മധുരിക്കുന്ന ശർക്കര കല്ലുപോലെ കഠിനവും അരുചിയും ആയിരിക്കുന്നു. ഏറ്റവും രുചിയുള്ളതും നിത്യയൗവ്വനം തരുന്നതുമായ സുധ പേടിച്ച് സ്വർഗ്ഗത്തിലേയ്ക്കും പോയി. മുന്തിരിയെക്കാളും, ശർക്കരയെക്കാളും എളുപ്പത്തിൽ സുഭാഷിതം ഉൾക്കൊള്ളാൻ നമുക്ക് സാധിക്കുന്നു.

(ശേഷം 46–ാം പേജിൽ)

# കോപമെന്ന വിന

**ഡോ.മാലിനി മേനോൻ (ഫോൺ: 9447015649)**

**എറണാകുളം കരയോഗത്തിലെ ചൈത്രത്തിൽ നടന്ന ഒരു കൗൺസിലിങ്ങിൽ നിന്ന്**

ഞാൻ പൊതുവെ നല്ല പ്രകൃതക്കാരിയും മറ്റുള്ളവരോട് പരിഗണനാ മനോഭാവം ഉള്ള ആളുമാണ്. പക്ഷെ ഇടയ്ക്കൊക്കെ എല്ലാവരോടും പ്രത്യേകിച്ച് ഭർത്താവിനോട് പൊട്ടിത്തെറിക്കാറുണ്ട്. ജോലി സ്ഥലത്ത് കീഴുദ്യോഗസ്ഥരോടും ദേഷ്യപ്പെടുകയും മോശമായി പെരുമാറുകയും ചെയ്യും. സ്വയം നിയന്ത്രിക്കാൻ ശ്രമിച്ചാലും സാധിക്കാറില്ല. വീട്ടിലുള്ളവർ കുറെയൊക്കെ സഹിക്കും. എന്റെ ഭാഗത്തു നിന്നുള്ള വൈകാരിക പ്രകടനങ്ങൾ കുടുബത്തിലും ഓഫീസിലും പല പ്രശ്നങ്ങൾക്കും വഴി വയ്ക്കുന്നുണ്ട്. എനിക്കതിൽ നിന്നും കരകയറാൻ ആഗ്രഹമുണ്ട് . എന്തെങ്കിലും ഒരു മാർഗ്ഗം പറഞ്ഞു തരാമോ?

ഉമാ, നമുക്കെല്ലാ പേർക്കും ഇടയ്ക്കൊക്കെ ദേഷ്യം വരാറുണ്ട്. നമ്മുടെ ഇഷ്ടക്കുറവ് പ്രകടിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണത്. ഒരു പരിധി വരെ ദേഷ്യം സ്വാഭാവികവും ആരോഗ്യകരമായ മാനുഷിക വികാരവുമാണ്. പക്ഷെ നിയന്ത്രണം വിടുമ്പോൾ പ്രശ്നങ്ങൾ തുടങ്ങും.

ദേഷ്യപ്പെടുമ്പോൾ നിങ്ങളുടെ പെരുമാറ്റങ്ങൾ രൂക്ഷമായിരിക്കും. പക്ഷേ നിങ്ങൾക്ക് ഇഷ്ടമില്ലാതെ പെരുമാറുന്നവരോടൊക്കെ കയർക്കാം എന്നു നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങൾക്കിഷ്ടമില്ലാത്ത കാര്യങ്ങളിൽ ഉറച്ച നിലപാട് എടുക്കാം പക്ഷെ കാർക്കശ്യം സാധ്യമല്ലല്ലോ.

ഉറച്ച നിലപാട് എന്നതു കൊണ്ട് താൻ വിചാരിച്ചതുപോലെ നടക്കണമെന്നല്ല മറിച്ച് പരസ്പര ബഹുമാനത്തോടെ, വിട്ടുവീഴ്ച മനോഭാവത്തോടെയുള്ള സമീപനമാണ് വേണ്ടത്. അതുകൊണ്ട്, നിങ്ങളുടെ ദേഷ്യം നിയന്ത്രണാത്മകമായ ഒരു പെരുമാറ്റരീതിയിലേയ്ക്ക് മാറ്റാൻ പഠിയ്ക്കണം. നിങ്ങളെ ദേഷ്യം പിടിപ്പിക്കുന്ന വ്യക്തികളെ ഒഴിവാക്കാനോ, അവഗണിക്കാനോ സാധിച്ചുവെന്നു വരില്ല. അവരുടെയൊക്കെ പെരുമാറ്റം മാറ്റാനും സാധ്യമല്ല. പക്ഷെ സ്വയം എങ്ങനെ വികാരങ്ങളെ നിയന്ത്രിക്കാം എന്നു ശീലിക്കാവുന്നതേയുള്ളൂ. ഉമയ്ക്ക് പ്രശ്നങ്ങൾ ഉണ്ടെന്ന് സ്വയം അറിയാവുന്ന സ്ഥിതിയ്ക്ക് ഇക്കാര്യത്തിൽ പ്രതീക്ഷയ്ക്ക് വകയുണ്ട്.

മാഡം,വ്യായാമവുംയോഗയും സഹായിക്കുമോ? ഈ മാർഗ്ഗങ്ങൾ സഹായകമാകാം. ഇവ പ്രതിപാദിക്കുന്ന പുസ്തകങ്ങൾ വായിക്കുകയോ, പരിശീലനപരിപാടികളിൽ പങ്കെടുക്കുകയോ ചെയ്യാം.

ഉമയുടെ ചിന്താഗതികൾ മാറ്റി എടുക്കാൻ ശ്രമിക്കണം. ദേഷ്യമുണ്ടായ സാഹചര്യങ്ങളും കാരണങ്ങളും ഒന്നു വിശകലനം ചെയ്യാൻ നോക്കണം. ഒരു ചെറിയ കാര്യത്തിന് ഇത്രയധികം ക്ഷോഭം ആവശ്യമായിരുന്നുവോ എന്നു ചിന്തിക്കണം. ഒരാത്മ പരിശോധന ഗുണം ചെയ്യും.

ക്ഷോഭം നമുക്ക് ഒരു ഗുണവും ചെയ്യുകയില്ലെന്ന് മാത്രമല്ല ചിലപ്പോൾ ദേഹാസ്വാസ്ത്യതകളും, മാനസിക സംഘർഷങ്ങളും ഉണ്ടാക്കാൻ സാധ്യത ഉണ്ട്.

ഇനി സ്വയം ചിന്തിച്ച് ദേഷ്യത്തെ മാറ്റാൻ ധൈര്യത്തോടെ മുൻപോട്ടു പോകുക, ശ്രമിക്കുക●

---

## സുഭാഷിതം 1

**(45-ാം പേജിൽ നിന്ന് തുടർച്ച)**

ശാരീരികവും, മാനസികവും,ബൗദ്ധികവും, ആത്മീയവുമായ നിത്യയൗവ്വനം നൽകാൻ സുഭാഷിതത്തിനു മാത്രമേ കഴിയൂ. വിസ്തൃതവും വിദഗ്ദ്ധവും വിജ്ഞാനപ്രദവും ആയ സുഭാഷിതം മനുഷ്യന്റെ മനസ്സിനെ സംസ്കരിച്ച് അവനെ ലോകഹിതകാരിയാക്കിമാറ്റുന്നു. അജ്ഞനെയും, വിജ്ഞനെയും ഒരുപോലെ വശീകരിക്കാൻ കഴിവുള്ള സുഭാഷിതങ്ങൾ അവസരോചിതമായി പ്രയോഗിക്കാൻ കഴിവുള്ളവരുടെ വാക്കുകൾക്ക് ലോകം കാതോർക്കുന്നു●

# ഹൈഡ്രജൻ ഭാവിയിലെ ഊർജ്ജശ്രോതസ്സ്

**യു.എസ് രവീന്ദ്രൻ**

ഊർജ്ജം അതിന്റെ ലഭ്യത, ഉപയോഗം എന്നിവ മറ്റേതു ഘടകത്തേക്കാൾ ദൈനംദിനജീവിതത്തിന്റെ പ്രാഥമികാവശ്യമായി തീർന്നിരിക്കുന്നു. ഊർജ്ജോല്പാദനം, സമാഹാരം, ഉപയോഗം എന്നീ പ്രക്രിയകൾ പദാർത്ഥങ്ങളുടെ ലഭ്യത, അന്തരീക്ഷമലിനീകരണം, കാലാവസ്ഥവ്യതിയാനം, സാമ്പത്തിക പരിമിതികൾ എന്നീ ഘടകങ്ങളെ യുക്തിയുക്തമായി വിചാരം ചെയ്ത് തീരുമാനിക്കേണ്ടതാണ്. നമ്മുടെ ജീവിതനിലവാരവും പ്രവർത്തനക്ഷമതയും ഭേദപ്പെടുത്തുവാൻ രണ്ടു പ്രധാനഘടകങ്ങൾ ആവശ്യമാണ് വൈദ്യുതോർജ്ജവും ഇന്ധനോർജ്ജവും. ഭൂമിയിൽ നിന്നും കുഴിച്ചെടുക്കുന്ന കൽക്കരി, പെട്രോൾ, ഡീസൽ എന്നിവയൊക്കെയാണല്ലൊ ഇന്നത്തെ പ്രധാന ഊർജ്ജ ഉപാധികൾ. ഇവയുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന കാർബൺമോണോക്സൈഡ്, സൾഫർ ഡയോക്സൈഡ്, കൽക്കരി കത്തിയ ശേഷമുണ്ടാക്കുന്ന ചാരം എന്നീ ശേഷിപ്പുകൾ നൂറ്റാണ്ടുകളായി അന്തരീക്ഷം മലിനീകരിച്ചുകൊണ്ടിരിക്കയാണ്. ഇതിനെല്ലാം പ്രതിവിധിയായി ഹൈഡ്രജൻ ഇന്ധനമായി രംഗപ്രവേശം ചെയ്യാൻ തുടങ്ങിയിരിക്കുന്നു.

വെള്ളത്തിന്റെ ഘടകങ്ങളാണല്ലോ ഹൈഡ്രജനും ഓക്സിജനും ഹൈഡ്രജൻ നല്ല ഒരു ഇന്ധനമാണ്. ഒക്സിജൻ ജ്വലനസഹായിയുമാണ്. വെള്ളത്തിൽ നിന്നും ഈ രണ്ടുഘടകങ്ങളെ വേർതിരിച്ചെടുക്കുകയാണെങ്കിൽ ഇന്ധന പ്രശ്നങ്ങൾക്കും മലിനീകരണപ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം തന്നെയാകും. എന്തു കൊണ്ടെന്നാൽ ഹൈഡ്രജൻ ഉപയോഗിച്ചുള്ള സംവിധാനത്തിൽ പുറത്തുവിടുന്നത് വെള്ളമാണ്. സൗരോർജ്ജംകൊണ്ട് വെള്ളത്തിലെ ഹൈഡ്രജനേയും ഓക്സിജനേയും വേർതിരിക്കുന്ന പ്രക്രിയ നടത്താമെങ്കിൽ സംഗതികൾ എളുപ്പമായി.

സാധാരണ ബാറ്ററികളിൽ ഏതെങ്കിലും ഒരു ആസിഡോ ആൽക്കലിയോ ലോഹവുമായി പ്രതിവർത്തിക്കുമ്പോൾ ഉണ്ടാകുന്ന സ്വതന്ത്രഇലക്ട്രോണുകളാണ് വൈത്യുതോർജ്ജമായി തീരാനുള്ള കാരണം. ബാറ്ററിയുടെ കാലാവധി തീർന്നാലുണ്ടാകുന്ന ശേഷിപ്പുകൾ അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്നവയാണ്. ഇലക്ട്രോകെമിക്കൽ ഓക്സിഡേഷൻ വഴി വൈദ്യുതോൽപാദനം നടത്തുന്ന ഒരു ഉപകരണമാണ് ഫ്യൂവൽസെൽ. 1894 മുതൽ തന്നെ രാസോർജ്ജത്തെ നേരിട്ട് വൈദ്യുതോർജ്ജമായി മാറ്റിയെടുക്കാമെന്ന ആശയം ശാസ്ത്രജ്ഞന്മാരിൽ ഉണ്ടായിരുന്നു. ബഹിരാകാശയാത്രാഗവേഷണങ്ങൾ ഈ ആശയത്തെ പരിപോഷിപ്പിച്ച് പുതിയ ഊർജ്ജ ശ്രോതസ്സുകൾ കണ്ടെത്താനുള്ള ത്വരക്ക് വേഗത കൂട്ടി. അപ്പോളോ, ജെമിനി ദൗത്യങ്ങളിൽ ഇവ വിജയകരമായി പരീക്ഷിക്കുകയും ചെയ്തു. ഫ്യൂവൽ സെല്ലിൽ ഹൈഡ്രജൻ തന്മാത്രകളും ഓക്സിജൻ തന്മാത്രകളും ചേരുമ്പോൾ സ്വതന്ത്രമാകുന്ന ഇലക്ട്രോണുകളാണ് വൈദ്യുതിയായി ബഹിർഗമിക്കുന്നത്. ഹൈഡ്രജനും ഓക്സിജനും മാത്രം ഉപയോഗിച്ചുകൊണ്ടുള്ള ഇന്ധനസെല്ലുകൾ കൊണ്ട് പ്രവർത്തിക്കുന്ന വാഹനങ്ങൾ സമീപഭാവിയിൽ നമ്മുടെ നിരത്തുകളിലൂടെ ഓടിതുടങ്ങും. അപ്പോൾ പെട്രോളിനും ഡീസലിനും വിട പറയാം.

ഭാവിയിലെ ഇന്ധനലോകം ഹൈഡ്രജന്റേതായിരിക്കും. രാജ്യത്തിന്റെ വിവിധ ആവശ്യങ്ങൾക്കായുള്ള സിംഹഭാഗം ഇന്ധനവും ഇറക്കുമതി ചെയ്യുന്ന ഇന്ത്യ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങൾക്ക് ഹൈഡ്രജൻ ഇന്ധനസെല്ലുകൾ വലിയ ആശ്വാസമായിരിക്കും. ഇന്ധന എണ്ണ ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളുടെ നിരയിൽ ഇന്ത്യയുടെ സ്ഥാനം 23ാമത്തേതാണ് (സൗദിഅറേബ്യ 1, USA 2, ചൈന 5) ഇന്ത്യക്കുവേണ്ട ഇന്ധന എണ്ണയുടെ 80 ശതമാനവും ഇറക്കുമതി ചെയ്യേണ്ടിയിരിക്കുന്നു. ഇതിനുവേണ്ടി നമ്മുടെ വിദേശനാണയത്തിെ 40 ശതമാനത്തോളം ചില വഴിക്കുന്നു. ബാരലിനു ഒരു ഡോളർ വിലവർദ്ധിക്കുമ്പോൾ ഏകദേസം 7800 കോടിരൂപയോളം നമ്മുക്ക് അധിക ചിലവ് വരുന്നു. അമേരിക്കയിൽ ഉല്പാദിപ്പിക്കുന്ന ഇന്ധന എണ്ണയുടെ ഇരട്ടിയോളം അവിടെ ഉപയോഗിക്കുന്നു. ഇന്ത്യയിലാണെങ്കിൽ ഇവിടെ ഉല്പാദിപ്പിക്കുന്നതിന്റെ നാലിരട്ടിയും.

സൗരോർജ്ജം ഉപയോഗിച്ച് വെള്ളത്തെ

വൈദ്യുതവിശ്ലേഷണം നടത്തി (Electrolysis) ഹൈഡ്രജനും ഓക്സിജനും വേർതിരിക്കുന്ന സംവിധാനം വിദേശങ്ങളിൽ പ്രചാരത്തിൽ ആയികൊണ്ടിരിക്കുന്നു. ഇതോടുകൂടി പെട്രോളിന്റേയും ഡീസലിന്റേയും പ്രാധാന്യം കുറയും വാതകരൂപത്തിലോ ദ്രവരൂപത്തിലോ ഹൈഡ്രജൻ സൂക്ഷിക്കേണ്ടിവരുമ്പോളുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ഹൈഡ്രജനെ ഖരരൂപത്തിലുള്ള ഹൈഡ്രേഡുകളായി മാറ്റാവുന്ന സാങ്കേതിക വിദ്യയും പ്രായോഗികമായികഴിഞ്ഞു. ഈ മേഘലയിൽ കൂടുതൽ ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇന്ത്യ, ചൈനപോലുള്ള രാജ്യങ്ങളിലെ ജനസംഖ്യ വർദ്ധനമൂലവും വാഹന പെരുപ്പം മൂലവും വർദ്ധിച്ചു വരുന്ന കാർബൺഡയോക്സൈഡിന്റെയും പുറംതള്ളൽ കൊണ്ടുണ്ടുകുന്ന കാലാവസ്ഥ വ്യതിയാനത്തിന്റെ ദുരന്ത ഫലങ്ങൾ കുറേശ്ശെ അനുഭവിക്കാൻ തുടങ്ങിയിട്ടേ യുള്ളു.സ്ഥിതിഗതികൾ വഷളാകുന്നതിന് മുൻപ് മലിനീകരണവാതകങ്ങൾ പുറത്തുവിടുന്ന ഇന്ധനങ്ങൾ ഉപേക്ഷിച്ച് ഹൈഡ്രജൻ ഇന്ധനമാക്കുന്ന വാഹനങ്ങളിലേക്ക് ശ്രദ്ധതിരിക്കേണ്ടതാണ്.

ഹൈഡ്രജൻ ഇന്ധനമാക്കിയുള്ള ഊർജ്ജ മേഖലക്ക് തുടക്കം കുറിച്ച്കൊണ്ട് നാഷണൽ ഹൈഡ്രജൻ എനർജിപ്രോഗ്രാം (NHEP) എന്ന പേരിൽ 2006 ൽ തന്നെ ഒരു പദ്ധതി തുടങ്ങികഴിഞ്ഞു. ഊർജ്ജ വിഷയത്തിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള പരിഹാരങ്ങൾ കണ്ടു പിടിച്ച് രാജ്യത്തിലെ ഊർജ്ജ സുരക്ഷ ഉറപ്പുവരുത്താനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 2020 ആകുമ്പോഴേക്കും ഹൈഡ്രജനിൽഓടുന്ന ഒരു ദശലക്ഷം വാഹനങ്ങളും 1000 മെഗാവാട്ട് ശേഷിയുള്ള വിദ്യുച്ഛക്തി കേന്ദ്രങ്ങളും കമ്മീഷൻ ചെയ്യാൻ ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതിയാണിത് Green initiative for future transport (GIFT), Green iniative for future power Generation (GIP) എന്നിങ്ങനെ ഈ പദ്ധതികൾ നാമകരണം ചെയ്യപ്പെട്ടിട്ടുണ്ട്.

പൂർണ്ണമായും ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിച്ചുകൊണ്ടുള്ള ഊർജ്ജസംവിധാനങ്ങൾ വരുന്നതിന് മൂന്നോ നാലോ ദശകങ്ങൾ കൂടി കാത്തിരിക്കേണ്ടി വരും. ഇന്ധനം ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾ തദ്ദേശീയമായി ഹൈഡ്രജൻ സംവിധാനങ്ങൾ വികസിപ്പിച്ചെടുക്കുകയാണെങ്കിൽ എണ്ണ ഇന്ധനങ്ങൾ ഇറക്കുമതി ചെയ്യാനുള്ള വമ്പിച്ച സാമ്പത്തികബാധ്യത ഒഴിവാക്കുകയും ആ തുകകൾ വേറെ വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുകയും ചെയ്യും. മാത്രവുമല്ല അന്തരീക്ഷ മലിനീകരണവുമില്ലാതാകും.

യുറോപ്പിൽ 1988 മുതൽ തന്നെ ഹൈഡ്രജൻ എങ്ങിനെ ലാഭകരമായി ഉൽപ്പാദിപ്പിച്ച് ഇന്ധനമായി ഉപയോഗിക്കാം എന്ന ഗവേഷണങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2003 ൽ പരീക്ഷണാടിസ്ഥാനത്തിൽ ഹൈഡ്രജൻ ഇന്ധന സെല്ലുകൾ ഉപയോഗിച്ച് ഓടുന്ന ബസ്സുകൾ സ്പെയിനിൽ നിരത്തിലിറക്കി. ഐസ്ലണ്ട് 2005 മുതൽ വാണിജ്യാടിസ്ഥാനത്തിൽ ചെറിയ ബസ്സുകൾ നിരത്തിലിറക്കി ലോകത്തെ ആദ്യത്തെ ഹൈഡ്രജൻ സമ്പദ് വ്യവസ്ഥ രാജ്യമായിതീർന്നു. അമേരിക്കയിൽ 1950 മുതൽ തന്നെ NASA യിൽ ഹൈഡ്രജൻ ഇന്ധന ഗവേഷണങ്ങൾ തുടങ്ങിയിരുന്നു. 2030 ആകുമ്പോഴേക്കും പൂർണ്ണമായും ഹൈഡ്രജൻ ഇന്ധനവാഹനങ്ങൾ മാത്രം ഉപയോഗിക്കാൻ തീരുമാനിച്ചുകഴിഞ്ഞു. കാനഡയിൽ ചിലയിടങ്ങളിൽ വൈദ്യുതോല്പാദനവും ഇന്ധനസെല്ലുകൾ (ഹൈഡ്രജൻ+ഓക്സിജൻ) ഉപയോഗിച്ച് ചെയ്തിട്ടുണ്ട്. (HFC - Hydrogen fuel cell) ഹോണ്ടാകാറുകൾ ഓടി തുടങ്ങിയിട്ടുണ്ട്. ടൊറന്റോ യുണിവേഴ്സിറ്റി കാമ്പസിൽ പരീക്ഷണാടിസ്ഥാനത്തിൽ വിദ്യുച്ഛക്തിയും ചൂടുവെള്ളവും വിതരണം ചെയ്യുന്നത് ഹൈഡ്രജൻ ഇന്ധനസെല്ലുകൾ ഉപയോഗിച്ച് മാത്രമാണത്രെ. ബ്രസീലിലും ഹൈഡ്രജൻ ഇന്ധനസെല്ലുകൾ കൊണ്ട് പ്രവർത്തിക്കുന്ന ബസ്സുകളും ഇന്ധനസ്റ്റേഷനുകളും നാച്യുറൽഗ്യാസ്, എതനോൾ ഇന്ധനങ്ങളെ പുറംതള്ളികൊണ്ടിരിക്കുന്നു. ഇന്ത്യയിൽ ഈ മേഘലയിൽ ധ്രുതഗതിയിൽ ഗവേഷണം നടന്നുകൊണ്ടിരിക്കുന്നു. Ministry of New and Renewable Energy (MNRE) ഹൈഡ്രജന്റെ ഉത്പാദനത്തിനും ശേഖരണത്തിനും ഏറ്റവും പ്രാധാന്യം നൽകിയിട്ടുണ്ട്. ജൈവമാലിന്യങ്ങൾ ഹൈഡ്രജനായി മാറ്റുന്നതിനും അനന്തരം വിദ്യുച്ഛക്തിയായും വാഹനങ്ങൾ ഓടിക്കാനുള്ള ഗ്യാസ് ആയും ഉപയോഗിക്കാനുള്ള മാതൃകകൾ ഉണ്ടാക്കിയിട്ടുണ്ട്. ശാസ്ത്രസാങ്കേതിക കാര്യാലയം, പെട്രോളിയം മന്ത്രാലയം, പ്രകൃതിവാതക, പ്രതിരോധഗവേഷണ വികസനകാര്യാലയങ്ങൾ, ISRO ദേശീയലബോറട്ടറികൾ എണ്ണവാതക കമ്പനികൾ, ആണവഊർജ്ജവിഭാഗം തുടങ്ങിയ വകുപ്പുകളെല്ലാം ഹൈഡ്രജൻ ഉല്പാദനഗവേഷണങ്ങളിൽ ഗൗരവമായി ഏർപ്പെട്ടുകഴിഞ്ഞു.

ചൈനയിൽ 2008 ഒളിമ്പിക്സ് തന്നെ Green Olympics Protocol എന്ന പേരിൽ ശുദ്ധമായ ഊർജ്ജ ഹൈഡ്രജൻ ബസ്സുകൾ ഉൾപ്പടെ നടപ്പാക്കി തുടങ്ങിയിരുന്നു ആസ്ട്രേലിയ 2040 2050 ആകുമ്പോഴേ

(ശേഷം 50-ാം പേജിൽ)

# അമ്മയ്ക്കായ്

**പി.ജി രാമചന്ദ്രൻ**

മെയ് 14 'മാതൃദിനം' (Mothers Day) ആയിരുന്നല്ലോ. അങ്ങിനെ ഒരു ദിവസത്തിന് പ്രസക്തി ഉണ്ടെന്നും , ഇല്ലെന്നും പറയാം. കാരണം അമ്മയില്ലാത്ത കുറച്ചു നിമിഷങ്ങൾ തന്നെ ഒരു കുഞ്ഞിന് സഹിക്കാവുന്നതിനപ്പുറമല്ലെ? പക്ഷെ അമ്മയെ മറന്ന്, വലുതായ കുഞ്ഞുങ്ങൾ, അമ്മയുടെ തണലിലല്ലാത്ത കുഞ്ഞുങ്ങൾ, ഈ ഒരു ദിവസമെങ്കിലും സ്വന്തം അമ്മയെ ഓർക്കുമല്ലൊ?

സ്വന്തം കുഞ്ഞ് ഒരമ്മക്ക് എപ്പോഴും പൊൻകുഞ്ഞ് എന്നു പറയുംപോലെ ഒട്ടു മിക്കവർക്കും സ്വന്തം അമ്മ ഒരു പൊന്നമ്മ തന്നെയാണ്. എന്റെ അമ്മ ഇന്ന് ജീവിച്ചിരിപ്പില്ല. പക്ഷെ അവർ എന്റെ ഓർമ്മയിലൂടെ ഇന്നും ജീവിക്കുന്നു. ആ ഓർമ്മകളാണ് എന്നെ പലപ്പോഴും ഒരു നല്ല അച്ഛനാകാനും, ഒരു നല്ല ഭർത്താവാകാനും സഹായിക്കുന്നത്. എന്റെ അഭിപ്രായത്തിൽ ഒരു നല്ല 'അമ്മ ഓർമ്മകൾ' ഉള്ളവർക്കെ ഒരു നല്ല അച്ഛനും, ഒരു നല്ല അമ്മയും, ഒരു നല്ല ഭർത്താവും, ഒരു നല്ല ഭാര്യയും ആകാൻ പറ്റുകയുള്ളു.

എന്റെ ഓർമ്മകൾ, ആ വാത്സല്യ ഓർമ്മകൾ, എന്റെ മൂന്നു വയസ്സുള്ളപ്പോഴാണെന്നു തോന്നുന്നു. ആ വൈകുന്നേരം, നല്ല മഴയത്ത് , അമ്പലത്തിൽ നിന്ന് വരുമ്പോൾ, ഞാൻ വീണു. എന്റെ കുപ്പായം മുഴുവൻ ചളിയായി. ഞാൻ ഉറക്കെ കരയുന്നുണ്ടായിരുന്നു. എന്റെ അമ്മ, എന്നെ കണ്ടതും അടുക്കളയിൽ നിന്ന് ഓടി വന്ന്, എന്റെ ഡ്രസ്സ് മാറ്റി, തല തോർത്തി, തലയിൽ രാസ്നാദി പൊടി ഇട്ടു തന്നു. ഇതൊക്കെ ചെയ്യുമ്പോൾ എന്തുകൊണ്ടോ അമ്മ കരയുന്നുണ്ടായിരുന്നു. അമ്മയുടെ കരച്ചിൽ കണ്ടപ്പോൾ ഞാൻ കരച്ചിലടക്കി. എന്റെ അമ്മയുടെ കണ്ണുനീർ എന്റെ വേദനയും, വിഷമങ്ങളും ഇല്ലാതാക്കി. ഇന്നും എന്റെ കണ്ണുനീർ നിർത്താനും എന്റെ കണ്ണുകൾ നനക്കാനും ആ ഓർമ്മകൾക്കു കഴിവുണ്ട്. ആ ഓർമ്മകൾക്ക് ഇന്നും ഒരു ചൂടും, രാസ്നാദിപൊടിയുടെ മണവും ഞാൻ എന്റെ മനസ്സിൽ സൂക്ഷിക്കുന്നു.

എന്റെ അച്ഛന്റെ തറവാട് ഒരു പാട് അംഗങ്ങൾ ഉള്ള ഒരു പേരുകേട്ട തറവാടായിരുന്നു. അവരിൽ ചിലരെങ്കിലും അച്ഛനുമായി കുറച്ചു നീരസമുള്ള അംഗങ്ങളായിരുന്നുവെങ്കിലും എന്റെ അമ്മയ്ക്ക് ഒരു പ്രത്യേക 'അമ്മായി' സ്ഥാനം അവരെല്ലാം കൊടുത്തിരുന്നു. എല്ലാവർക്കും അമ്മയെ വളര സ്നേഹമായിരുന്നു, ഞങ്ങളേയും ഒരു ചെറിയ പിറന്നാൽ സദ്യക്കു കൂടി അവർ ഞങ്ങളെ പങ്കെടുക്കുവാൻ നിർബന്ധിക്കുമായിരുന്നു. കാരണം അമ്മയുടെ പാചകം വളരെ പേരു കേട്ടതായിരുന്നു. അവരുടെ ഭാഷയിൽ അമ്മായി വന്ന് അവിടെ വെറുതെ കസാരയിൽ ഇരുന്ന് ഉപ്പും, മുളകും ഇടാൻ ഞങ്ങളെ സഹായിച്ചാൽ മതി എന്നായിരുന്നു. എല്ലാവരുടേയും ദുഃഖത്തിൽ പങ്കു ചേരാനും അവരെ സാന്ത്വനപ്പെടുത്താനും അമ്മയ്ക്ക് ഒരസാമാന്യ കഴിവുണ്ടായിരുന്നു. എന്തിനു ഞങ്ങൾക്കു മാത്രമല്ല ബന്ധുക്കളുടേയും , അയൽ ക്കാരുടെയും കുട്ടികൾക്ക് മുറിവിൽ മരുന്നു പുരട്ടാനും , കുട്ടികളുടെ പല്ലു പറിക്കുന്നതിനും, അവർ അമ്മയുടെ അടുത്തു വരുമായിരുന്നു. അമ്മ അവരുടെ പല്ലു പറിക്കുമ്പോൾആ കുട്ടികൾക്ക് വേദനിക്കാറില്ലത്രെ, തെല്ലൊരു അസൂയയോടെ ഞാൻ ഓർക്കുമായിരുന്നു.

ഈശ്വരഭക്തി ഞാൻ അമ്മയിൽ നിന്നാണ് കണ്ടു പഠിച്ചത്. രാത്രി എത്ര വൈകിയാലും അമ്മ രാമായണം വായിച്ചേ കിടക്കാറുള്ളു. മിക്ക രാത്രികളിലും ഞാനും കൂട്ടിരി ക്കാറുണ്ടായിരുന്നു. പുരാണകഥകൾ കുറേശ്ശ മനസ്സിലാക്കുവാൻ തുടങ്ങിയപ്പോൾ അങ്ങിനെ ഇരിക്കുവാൻ എനിക്കു നിർബന്ധമായിരുന്നു. രാമായണത്തിൽ സീതാദേവിയെ ലക്ഷ്മണൻ കാട്ടിൽ വിടുന്ന രംഗം എനിക്കൊരിക്കലും മനസ്സിലാകുമായിരുന്നില്ല. എന്തോ ചിലപ്പോഴെങ്കിലും ആ കുട്ടിക്കാലത്ത് ചില പുരാണസംഭവങ്ങളോട് എനിക്ക് അമർഷം തോന്നുമായിരുന്നു. അങ്ങനെയുള്ള പല സംഭവങ്ങളും അമ്മ എന്നെ ശരിക്കു മനസ്സിലാക്കി തരുമായിരുന്നു. ഞാൻ വലുതായശേഷവും അമ്മയുടെ ഈശ്വരഭക്തി കണ്ട് അത്ഭുതം കൂറുമായിരുന്നു. ഗുരുവായൂരിൽ പോയാൽ അമ്മയെ ഒരിക്കലും പിൻതുടരുവാൻ പറ്റുമായിരുന്നില്ല. ചിലപ്പോൾ കുറെ നേരവും ചിലപ്പോൾ മിന്നൽ വേഗത്തിലും ഓരോ പ്രതിറയ്ക്കു മുമ്പിൽ അമ്മ ഓടി നടക്കുമായിരുന്നു. അതുകൊണ്ട് അമ്മയുടെ തൊഴലെല്ലാം കഴിഞ്ഞ് ഏതെങ്കിലും ഒരു സ്ഥലം നിശ്ചയിച്ച് അവിടെ കാണാമെന്നു പറഞ്ഞ് ഞങ്ങൾ

അമ്മയുടെ ഇഷ്ടത്തിനു വിടുമായിരുന്നു. ചിലപ്പോൾ അതെല്ലാം കൊണ്ടായിരിക്കാം അമ്മ മരിച്ചത്. ഒരു സ്വർഗ്ഗ വാതിൽ ഏകാദശി ദിവസം രാവിലെ ആയി രുന്നു. എന്തിന് ഞങ്ങളുടെ നാട്ടിലെ ക്ഷേത്രത്തിലെ പൂജാരി മാർക്ക് ഇപ്പോഴും അമ്മയെ പറ്റി പറയാൻ നൂറു നാവാണ്. ഞങ്ങൾ ഏഴു മക്കളുടെ പേരും നാളും ഇപ്പോഴും അവർക്ക് മനപ്പാഠമാണ്. അമ്മ മരിച്ച് ഏകദേശം 25 വർഷമായെങ്കിലും .

എന്തൊക്കെയോ ചില അസാമാന്യ കഴി വുകൾ അമ്മയിൽ കണ്ടിരുന്നു. ഒരിക്കൽ അമ്മ അസുഖം ബാധിച്ചു കിടക്കുന്ന അമ്മയുടെ അച്ഛനെ യോർത്തു കരയുന്നുണ്ടായിരുന്നു. ഞാൻ അപ്പോൾ അമ്മയെ നമുക്ക് 'രണ്ടു ദിവസം കഴിഞ്ഞു പോകാ മെന്നു പറഞ്ഞ് സമാധാനിപ്പിച്ചു'; ഞങ്ങളുടെ താമ സസ്ഥലവും അമ്മയുടെ നാടും തമ്മിൽ ഏകദേശം അഞ്ചു മൈൽ ദൂരമേ ഉണ്ടായിരുന്നുള്ളുവെങ്കിലും ഒരു നല്ല ബസ്സ് സർവ്വീസോ , ഒരു നല്ല റോഡോ ഉണ്ടായിരുന്നില്ല. ഒന്നുകിൽ കാൽനട, അല്ലെങ്കിൽ അന്നത്തെ ടാക്സി കാളവണ്ടി മാത്രമായിരുന്നു പോംവഴി. കാരണം ചെറിയ കുറ്റിക്കാടുകളും, ഒരു ചെറിയ പുഴയും കടക്കണമായിരുന്നു. ആ രാത്രി, ഏകദേശം 2 മണിക്ക് ഞങ്ങളുടെ ഗേറ്റിൽ വന്ന് ആരോ ശബ്ദമുണ്ടാക്കി. അച്ഛൻ ഉറക്കച്ചടവിൽ ഗേറ്റ് തുറക്കുമ്പോഴേക്കും 'എന്റെ അച്ഛൻ' മരിച്ചു എന്നു ഉറക്കെ കരഞ്ഞ് അമ്മ പുറത്തേക്കോടി. അച്ഛനും അവിടുന്നു വന്ന ആൾക്കാരും കൂടി നന്നേ പാടു പെട്ടാണ് അമ്മയുടെ പുറകേ ഓടിയത് എന്നാണ് ഞങ്ങൾ പിന്നെ കേട്ടത്. ഇത്രയും ദൂരം ഇരുട്ടിലൂ ടെ അമ്മ ശരിക്കും ഓടുകതന്നെയായിരുന്നത്രേ. ഇതു തന്നെയല്ലേ ടെലിപ്പതി. മുത്തച്ഛന്റെ ഏറ്റവും പ്രിയപ്പെട്ട മോൾ അമ്മയായിരുന്നു.

ഇനിയും എത്രയെത്ര അനുഭവങ്ങൾ. ഇതു പോലെ അമ്മ ഞങ്ങൾ ഏഴു മക്കളേയും നല്ലവണ്ണം സ്നേഹിച്ചിരുന്നു. ഇങ്ങനെ ഒരു പാടു കഥകൾ എല്ലാ മക്കൾക്കും ഉണ്ടെന്ന റിയുമ്പോൾ സ്നേഹ ത്തിന്റെ ഒരു ആഴക്കടൽ തന്നെയായിരുന്നില്ലേ ആ അമ്മ. എന്റെ അഭിപ്രായത്തിൽ Mothers Day അല്ല Mothers Every Day ആണ് വേണ്ടത്. എന്റെ മന സ്സിൽ ആകാശം മുട്ടി നില്ക്കുന്ന ഒരു പ്രതിഷ്ഠ തന്നെയാണ് എന്റെ അമ്മ●

**ഹൈഡ്രജൻ...**

**(48-ാം പേജിൽ നിന്ന് തുടർച്ച)**

ക്കും പൂർണ്ണമായും ഹൈഡ്രജൻ ഇന്ധനത്തിലേക്ക് മാറാൻ 2007 മുതൽ തന്നെ പല പല പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഹൈഡ്രജൻ ഇന്ധനസെല്ലു കൾ നിർമ്മിക്കാനുള്ള ഏറ്റവും കൂടുതൽ പേറ്റന്റു കൾ നേടിയിട്ടുള്ളത് ജപ്പാനാണ്. ഹോണ്ട, ടൊയോട്ട, നിസ്സാൻ തുടങ്ങിയ കമ്പനികൾ ഹൈഡ്രജൻ വാഹ നങ്ങളുമായി ഉടനെ വാഹന ചന്തയിലെത്തുവാൻ ശ്രമിക്കുന്നു.

അന്തർദേശീയ സംഘടനകളായ International Energy Agency (IEA)International Partnership for Hydrogen Economy (IPHE), International Organiza- tion for Standardization (ISO) എന്നിവ ഹൈഡ്രജൻ ഇന്ധനസെല്ലുകളുടെ നിർമ്മാണത്തിൽ പുതിയ സം രംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഇന്ത്യയിൽ ഹൈഡ്രജൻ എനർജിസെന്റർ (ബനാറസ് ഹിന്ദുയൂണിവേഴ്സിറ്റി) IIT Delhi, IIT Bombay എന്നീ സ്ഥാപനങ്ങളിൽ ഈ വിഷയത്തിൽ ഗവേഷണവികസന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഗവേഷണതാല്പര്യമുള്ള വിദ്യാർത്ഥികൾക്ക് ശോ ഭനാത്മകമായ ഭാവിയുള്ള ഈ മേഖലയിൽ പ്രവേ ശിക്കാവുന്നതാണ്.●



# അഭിനന്ദനങ്ങൾ

**ഒഡിഷ നാഷണൽ കൾച്ചറൽ മിഷന്റെ നേതൃത്വത്തിൽ ഒഡീഷ ടൂറി സം വകുപ്പിന്റെ സഹകരണത്തോടെ നൽകി വരുന്ന ജയദേവ് രാഷ്ട്രീയ സമാരോഹ് പരിപാടിയുടെ ഈ വർഷത്തെ 'അഷ്ടപദി' സമ്മാൻ ലഭിച്ചത് നമ്മുടെ കഥകളി നർത്തകി എസ്. ശശികല ദേവീദാസിനാണ്. അഭിമാനാർ ഹമായ ഈ നേട്ടം കൈവരിക്കുന്ന ആദ്യത്തെ കഥകളി നർത്തകിയാണ് നമ്മുടെ കരയോഗാംഗമായ ശ്രീമതി ശശികല. സൗഹൃദം വായനക്കാർക്ക് സുപരിചിതനും കരയോഗാംഗവുമായ ഡോ. ദേവിദാസ് വെള്ളോടിയുടെ സഹധർമ്മിണിയാണ് ഈ അനുഗ്രഹീത കലാകാരി. ശ്രീമതി. ശശികല യ്ക്ക് എറണാകുളം കരയോഗത്തിന്റെ ഹൃദ്യമായ അഭിനന്ദനങ്ങൾ.**



# അദ്വൈതണോമിക്സ്

രഘുരാജ് രാജേന്ദ്രൻ

അദ്വൈതം എന്നു കേൾക്കുമ്പോൾ സന്യാസിമാർക്ക് മാത്രം ഉപയോഗമുള്ള ഏതോ ഒരു വിദൂരതത്വ ചിന്തയാണത് എന്ന ഭാവം പലരിലും കാണാം. എന്നാൽ നമ്മളുടെ ദൈനംദിനജീവിതത്തിൽ ഉപയോഗപ്രദമായ ഒരു വിചാരധാരയാണ് അദ്വൈതം എന്നാണിവിടെ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. സുഖകരമായ ജീവിതത്തിന് അദ്വൈതത്തിലധിഷ്ഠിതമായ നിത്യജീവിതം ഒരു മാർഗ്ഗമായി സ്വീകരിക്കാം.

അദ്വൈതമെന്ന ചിന്ത ചുരുക്കി പറയുന്ന ഒരു സംസ്കൃതശകലമാണ്

'ഏകമേവ മദ്വൈതീയം ബ്രഹ്മം'

എന്താണ് ബ്രഹ്മം? ആ ഒന്ന് രണ്ടാമതൊന്നില്ലാത്ത ആ ഒന്ന് അതാണ് ബ്രഹ്മം എന്ന് സാരം. അതായത് ഏതൊരൊന്ന് ഈ പ്രപഞ്ചത്തിലെ എല്ലാത്തിനേയും കുറിക്കുന്നുവോ, അതാണ് ബ്രഹ്മം അതാണ് ദൈവം. അതിൽ ഒന്നും തന്നെ വിട്ടുപോകുന്നില്ല. ഇത്തരത്തിലൊരു ചിന്താഗതി പരസ്പര പരിഗണനയ്ക്കും, സഹകരണത്തിനും ഏകോപനത്തിനും, ഉള്ള ഒരു ശക്തമായ ആഹ്വാനമാണ്. ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒരു രാജ്യത്തിലെ എല്ലാ പൗരൻമാരും ഒരുമിക്കുക എന്നതിലുപരി, ലോകത്തിലെ എല്ലാ മനുഷ്യരും ഒരുമിക്കുക എന്നതിലേക്കും, അതിലും ഉപരിപ്രപഞ്ചത്തിലെ സകല ജീവജാലങ്ങളും ഒന്ന് എന്ന രീതിയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നത് അദ്വൈതചിന്തയുടെ വിവിധതലങ്ങളായി കാണാം. അങ്ങനെ രണ്ടു വ്യക്തികൾ തമ്മിലുള്ള അദ്വൈത ഭാവം, ഒരു കുടുംബത്തിലുള്ള അദ്വൈതഭാവം, ഒരു ഗ്രാമത്തിലുള്ള അദ്വൈതഭാവം എന്നു തുടങ്ങി സംസ്ഥാനം, രാജ്യം, ലോകം, പ്രപഞ്ചം എന്നിങ്ങനെ വിവിധ തലങ്ങളിൽ അദ്വൈതചിന്ത പ്രായോഗികമായി ഉപയോഗിക്കാവുന്ന സാഹചര്യങ്ങളേറെയുണ്ട്.

ഗ്രീക്ക് ചിന്തകനും വാഗ്മിയും ആയ സിസേറോ, മനുഷ്യൻ ചെയ്യുന്ന ആറു തെറ്റുകളെ പറ്റി പറയുകയുണ്ടായി. അതിലൊന്ന്, ഒരാളുടെ വിജയം മറ്റൊരാളുടെ പരാജയത്തിലാണെന്ന് തെറ്റിദ്ധരിക്കുന്നതാണ്. ബൈബിളിൽ ''തന്നെപോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കുക'' എന്നും പറഞ്ഞു വച്ചിരിക്കുന്നു. ഇവയെല്ലാം തന്നെ മനുഷ്യസമൂഹത്തിന്റെ അദ്വൈത ചിന്താഗതിയാണെന്ന് കാണാം. നവീനയുഗത്തിലെ "Game Theory" യിൽ 'Prisoner's dilemma'എന്നൊരു അവധാരണയുണ്ട്. ഇതിൽ രണ്ടു പേരു തമ്മിലുള്ള സഹകരണത്തിലൂടെ എങ്ങനെ സമുചിതമായ പരിഹാരം ഏതൊരു സമസ്യക്കും കൈവരുന്നു എന്നത് പ്രതിപാദിക്കുന്നു. നൂതനനേതൃത്വത്തെ പറ്റിയുള്ള ചിന്താഗതിയിലും Self awareness, empathy, Systems Thinking എന്നിവയിൽ അധിഷ്ഠിതമാണ് ശരിയായ നേതൃത്വം. ഇവയിലെല്ലാം തന്നെ അന്തർധാരയായി അദ്വൈത ചിന്താഗതി കാണാവുന്നതാണ്.

മറ്റൊരാളെ തോല്പിക്കുന്നതിലല്ല നമ്മുടെ വിജയം എന്ന് സിസേറോ പറയുമ്പോൾ വ്യക്തമാകുന്നത് മറ്റൊരാളെ നമ്മിൽ നിന്ന് വേറിട്ടു കണ്ട് പ്രവർത്തിക്കരുത് എന്ന ഉദ്ബോധനമാണ്. അതുപോലെ നിന്നെപോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക എന്ന ചിന്താഗതിയിലും അദ്വൈത ചിന്ത സ്പഷ്ടമായി കാണാവുന്നതാണ്. 'Prisoner's dilemma' എന്നറിയപ്പെടുന്ന അവധാരണയിൽ ഒരു കുറ്റകൃത്യത്തിനെ സംബന്ധിച്ച് രണ്ടുപേരെ തുറങ്കിലടക്കുകയും അവരോരോരുത്തരോടും രണ്ടാമനെ കുറ്റാരോപിതനാക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. രണ്ടുപേരും പരസ്പരം കുറ്റമാരോപിക്കാതിരുന്നാൽ ഓരോ വർഷം രണ്ടു പേർക്കും തടവുശിക്ഷ കൊടുക്കപ്പെടും. ഒരാൾ മറ്റൊരാളെ കുറ്റമാരോപിക്കുകയും രണ്ടാമൻ കുറ്റമാരോപിക്കാതിരിക്കയുമാണെങ്കിൽ രണ്ടാമന് 5 വർഷം തടവും ഒന്നാമന് ഉടൻ മുക്തിയും ലഭിക്കും. രണ്ടുപേരും പരസ്പരം കുറ്റമാരോപിച്ചാൽ 3 വർഷം വീതം തടവു വിധിക്കപ്പെടും. ഈ സ്ഥിതിയിൽ വ്യക്തികൾ എടുക്കുന്ന നിലപാടുകളിൽ ഏറ്റവും അഭികാമ്യം എന്താണ്? Game Theory യുടെ അടിസ്ഥാനത്തിൽ രണ്ടു പേരും കുറ്റമാരോപിയ്ക്കാതിരിക്കുക എന്നതാണ് അവർക്ക് ഏറ്റവും നല്ല

പരിഹാരം നൽകുന്നത്. ഈ രീതിയിലുള്ള സ്ഥിതി വിശേഷം നിത്യജീവിതത്തിലും നമുക്ക് നിരന്തരം കാണാവുന്നതാണ്. ട്രാഫിക് നിയമങ്ങൾ പാലിച്ചു കൊണ്ട് എല്ലാവരും പോകുമ്പോൾ അല്പസ്വല്പം അസൗകര്യം എല്ലാവർക്കമുണ്ടെങ്കിലും, ആരെങ്കിലും ഒരാൾ നിയമം പാലിക്കാതെ മറ്റുള്ളവരെ തോൽപ്പിക്കാൻ ശ്രമിക്കുന്ന സ്ഥിതിവിശേഷത്തെക്കാൾ അഭികാമ്യമാണ്. എല്ലാവരും ട്രാഫിക് നിയമങ്ങൾ പാലിക്കുമ്പോൾ ഒരാൾ നിയമം ലംഘിച്ച് വിജയിച്ചുവെന്ന് സ്വയം വിശ്വസിക്കുന്ന സ്ഥിതി റയിൽവേ ക്രോസിങ്ങിൽ നമുക്കു സ്ഥിരം കാണാം. ഈ രീതിയിലുള്ള വിജയത്തിന് എല്ലാവരും ശ്രമിച്ചാൽ അത് സാമൂഹിക പരാജയത്തിൽ കലാശിക്കുമെന്നത് നമ്മൾ അനുഭവിച്ചറിയുന്നതാണ്. മറ്റുള്ളവരെ തോല്പിച്ചു കൊണ്ട് സ്വയം വിജയിച്ചു എന്ന തോന്നൽ ആർക്കും വരാത്തവിധം നിയമം ലംഘിക്കുന്നവരെ ശിക്ഷിക്കേണ്ടത് അദ്വൈത ചിന്താശക്തിക്ക് ആവശ്യമാണെന്ന് സാരം. മറ്റുള്ളവരെ തോല്പിക്കുന്നതിൽ വിജയം കണ്ടെത്തുന്നവരെ തിരുത്തി എല്ലാവർക്കും സാമൂഹിക വിജയം ഉറപ്പാക്കത്തക്കവിധം ഉള്ള നിയമവാഴ്ച സമൂഹക്ഷേമത്തിന് ആവശ്യമാണെന്നത് Game Theory യിലെ 'Prisoner's dilemma' യിലും അദ്വൈത ചിന്താഗതിയിലും, ബൈബിളിലും സിസേറൊയുടെ വാക്യങ്ങളിലും കാണാവുന്നതാണ്.

ഒരാൾ വിജയിക്കുമ്പോൾ മറ്റുള്ളവരെ അവർ കുടുംബാംഗങ്ങളോ, നാട്ടുകാരോ ആരായാലും സഹാനുഭൂതിയോടെ കാണണമെന്ന ചിന്ത അദ്വൈതത്തിൽ വ്യക്തമാണ്. പക്ഷേ ജയിക്കുന്നവനു മാത്രമല്ല അദ്വൈതം ബാധകമായിട്ടുള്ളത്. ഒരുപക്ഷേ ജയവും തോൽവിയും ഉൾപ്പെടുന്ന Capitalist ചിന്താഗതി അദ്വൈതത്തിനുതകുന്നതാണോ എന്ന സംശയം ഉണ്ടാകുന്നതാണ്. ഇതിലാണ് അദ്വൈത തത്വം തോല്ക്കുന്നവനും ബാധകമാണ് എന്ന ആശയം ബാധകമാകുന്നത്. ജയവും തോൽവിയും തമ്മിൽ ദ്വൈത ഭാവമില്ല. ഒരു മത്സരത്തിൽ ഏറ്റവും നന്നായി പങ്കെടുത്തശേഷം അതിൽ തോറ്റോ, ജയിച്ചോ എന്ന ദ്വൈതഭാവചിന്ത അദ്വൈതത്തിന് അന്യമാണ്. കളി നന്നായി കളിച്ചിരിക്കണം എന്നതാണ് പ്രസക്തം.

'ബ്രഹ്മണ്യാധ്യായ കർമ്മാണി
സംഗംത്യക്ത്യകരോദിയ
ലിപ്യതേനസപാപേന
പത്മപത്രമിവാംബസ' എന്നതിന്റെ സാരവും കർമ്മത്തിന്റെ ഫലം എന്താണെന്ന ചിന്തയില്ലാതെ കർമ്മം ചെയ്യുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്ന ഗീതാ ഉദ്ബോധനവും ഇതു തന്നെയാണ് പ്രഖ്യപിക്കുന്നത്.

"Reciprocal Altruism" എന്ന ചിന്താഗതി അദ്വൈതത്തിലും Game Theory യിലും ഒരു പ്രായോഗിക തത്വചിന്തയായി പ്രകടമാകുന്നു. നമ്മൾ ആദ്യമായി ഒരാളെ കാണുമ്പോൾഅയാളോട് നമ്മുടെ പെരുമാറ്റം നല്ല രീതിയിലാണെങ്കിൽ, അയാളെ വിശ്വസിക്കുന്ന രീതിയിലാണെങ്കിൽ അതാണ് അഭികാമ്യം എന്ന് Reciprocal Altruism പറയുന്നു. ആദ്യം വിശ്വാസത്തോടെ പെരുമാറുമെങ്കിലും സ്ഥായിയായി, അന്ധമായി അപരനെ വിശ്വസിക്കുന്ന ഏർപ്പാട് Reciprocal Altruism അല്ല. നാം വിശ്വാസ്യതയോടെ പെരുമാറുമ്പോൾ അപരൻ തിരിച്ചും അങ്ങനെ പെരുമാറിയില്ലെങ്കിൽ നമ്മുടെ നിലപാട് മാറ്റി പെരുമാറേണ്ടത് അദ്വൈതത്തിൽ ആവശ്യമാണ്. അപരനും നല്ല രീതിയിൽ ഉള്ള പെരുമാറ്റം (Win win- Solution) സ്വീകരിക്കാൻ തയ്യാറായാൽ, നമുക്കും നിലപാടു വീണ്ടും മാറ്റി നന്നായി പെരുമാറാം എന്നാണ് Reciprocal Altruism കൊണ്ട് ഉദ്ദേശിക്കുന്നത്. സദ്ഭാവന എന്നത് സ്ഥായിയായ നിലപാടാക്കാതെ, തുടക്കത്തിൽ സദ്ഭാവനാപൂർണമായ നിലപാടെടുക്കുകയും, അതു തുടരണമെങ്കിൽ മറുപക്ഷവും അതേ രീതിയിൽ പെരുമാറണമെന്ന് ശഠിക്കുകയും ചെയ്യുന്നതാണ് അദ്വൈത ചിന്താഗതി.

മനുഷ്യചിന്തയെ നയിക്കുന്ന അനേകം വിഷയങ്ങൾ തമ്മിലും ദ്വൈതഭാവം കൽപിക്കുന്നത് പലപ്പോഴും വിനയാകാറുണ്ട്. അർത്ഥശാസ്ത്രവും, രാജനീതിശാസ്ത്രവും തമ്മിലുള്ള അന്തർധാര കാണാതെ ഇവ രണ്ടും പരിപൂർണ്ണമായി വിച്ഛേദിക്കപ്പെട്ട രണ്ടു ധ്രുവങ്ങളാണെന്ന രിതിയിൽ ചില പണ്ഡിതർ പെരുമാറാറുണ്ട്. രാഷ്ട്രീയമായ പ്രശ്നങ്ങൾക്കും അവർ അർത്ഥശാസ്ത്രത്തിൽ ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്നു. മറ്റു ചിലരാകട്ടെ അർത്ഥശാസ്ത്രത്തിന്റെ പ്രശ്നങ്ങളിൽ രാഷ്ട്രീയമായ സമാധാനം കണ്ടെത്താൻ ശ്രമിക്കുന്നു. ഇങ്ങനെയുള്ള തിരച്ചിൽ ഈ രണ്ടു വിഷയങ്ങളും തമ്മിലുള്ള അഭിന്നത മനസ്സിലാക്കിയിട്ടായിരുന്നെങ്കിൽ സ്ഥിതി മറ്റൊന്നാകുമായിരുന്നു. അർത്ഥശാസ്ത്ര പണ്ഡിതർക്ക് പലപ്പോഴും രാജനീതി കാണാൻ കഴിയുന്നില്ല എന്നതും, രാഷ്ട്രീയപണ്ഡിതർക്ക് അർത്ഥശാസ്ത്രത്തിന്റെ ആവശ്യകത മനസ്സിലാവുന്നില്ല എന്നതും ഈ രിതിയിലുള്ള വിഷമസ്ഥിതിക്ക് കാരണമാകുന്നു. ഒരിടത്ത് അർത്ഥശാസ്ത്രവും രാജനീതിയും തമ്മിലേറ്റു മുട്ടുമ്പോൾ,

മറ്റൊരിടത്ത് സോഷ്യലിസമോ, ക്യാപ്പിറ്റലിസമോ നല്ലതെന്ന ചോദ്യത്തിന്റെ ഉത്തരത്തിനായി രാജ്യങ്ങളും ദാർശനികരും വഴക്കിടുന്നു. ഈ വിഷയങ്ങളും ദർശനങ്ങളും തമ്മിൽ ഒരു അദ്വൈത ഭാവം ഉണ്ടെങ്കിൽ മാത്രമേ മനുഷ്യരാശിക്ക് പ്രയോജനപ്രദമാകും വിധം ഇവയെ ഉപയോഗിക്കാൻ പറ്റൂ. വലതുകൈയും ഇടതുകൈയും രണ്ടായിട്ടല്ലാതെ, ഏകോപനത്തോടെ പ്രവർത്തിക്കുമ്പോഴാണ് മനുഷ്യന് നല്ല ഫലം ലഭിക്കുന്നത്. അതുപോലെ സോഷ്യലിസത്തിന്റെ പരിപൂർണ്ണതയിൽ, വ്യക്തിയുടെ ഭാവനയും ക്രിയാത്മകതയും നിലനിർത്തുവാൻ വേണ്ടി ക്യാപ്പിറ്റലിസത്തിന്റെ അംശങ്ങൾ, ആവശ്യമായി വരും. അതുപോലെ തന്നെ പരിപൂർണ്ണമായ ക്യാപ്പിറ്റലിസത്തിനും ജനങ്ങളുടെ സാമൂഹിക താല്പര്യങ്ങൾ സംരക്ഷിക്കുവാൻ സോഷ്യലിസ്റ്റ് ചിന്താഗതി ആവശ്യമായി വരും. മനുഷ്യജീവിതത്തിലെ പ്രശ്നങ്ങൾക്ക് സമാധാനം കാണുവാനായി അർത്ഥശാസ്ത്രത്തിലും രാജനീതിയിലും സംയോജിതമായ ചുവടുകൾ ആവശ്യമാണ്. ഇന്ന് നമ്മുടെ സമൂഹത്തിലെ ഏറ്റവും നല്ല മസ്തിഷ്കങ്ങൾ അർത്ഥശാസ്ത്രത്തിലൂടെ സമസ്യകൾക്ക് സമാധാനം കണ്ടെത്താൻ ശ്രമിക്കുമ്പോൾ, രാജനീതിയുടെ വഴിയിൽ അത്രകണ്ട് സാമൂഹിക പങ്കാളിത്തം കാണാനാകുന്നില്ല. ഇന്നത്തെ സമൂഹത്തിൽ നവീന രാജനിതിയിലധിഷ്ഠിതമായ പ്രക്രിയകളും, സ്ഥാപനങ്ങളും ആവശ്യമാണ്. വലതുകൈയും ഇടതുകൈയും സംയോജിപ്പിച്ച് കൂപ്പുകൈകൊണ്ട് നമ്സതേ പറയുന്നത് ഒരു അദ്വൈതപ്രകാശനമാണ്.

അദ്വൈതം ഒരു ഹിന്ദുചിന്താഗതിയാണോ ? ഈ ചോദ്യത്തിന്റെ ഉത്തരം ഹിന്ദു എന്ന പദം കൊണ്ട് എന്താണർത്ഥമാക്കുന്നത് എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഹിന്ദു എന്നാൽ ഒരു മതത്തെയോ, ദേശത്തെയോ ആണ് കുറിക്കുന്നതെങ്കിൽ അതിന് അദ്വൈത ചിന്തയുമായി യാതൊരു ബന്ധവുമില്ല എന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. കാരണം അദ്വൈതത്തിൽ ഇപ്രകാരമുള്ള ദ്വൈതഭാവത്തിന് സ്ഥാനമില്ല തന്നെ. ഹിന്ദു എന്നാൽ, Hey, I am not different from you എന്ന അദ്വൈതഭാവത്തിലുള്ള ചിന്താഗതിയാണ് വിവക്ഷ എങ്കിൽ അതു സമുചിതം തന്നെ. എല്ലാ മതങ്ങളിലും, എല്ലാ പുരോഗമനം പ്രാപിച്ച ദേശങ്ങളിലും, ഏകത്വം അഥവാ അദ്വൈതഭാവമുണ്ട്. ഒരു Foot ball team ഏകോപനത്തോടകൂടി കളിക്കുമ്പോൾ അതു വിജയം കൈവരിക്കുന്നു. Team ൽ ഓരോരുത്തരും തനിക്കുതകുന്ന ഏറ്റവും നല്ല സ്ഥാനം, ടീമിന്റെ വിജയത്തെ മനസ്സിൽ കണ്ടുകൊണ്ട്, തിരഞ്ഞെടുക്കുന്നതും, ആ ഉത്തരവാദിത്തം നന്നായി നിറവേറ്റുന്നതും അദ്വൈതദർശനത്തിന്റെ പ്രതിഫലനമാണ്. ആ ദർശനത്തിൽ കളിക്കുമ്പോൾ ജയത്തെക്കാളും തോൽവിയെക്കാളും കൂടുതൽ പ്രാധാന്യം കളിയുടെ മാന്യതയ്ക്കാണ് എന്നതും നാം മനസ്സിലാക്കണം. സ്പോർട്ട്മാൻ സ്പിരിറ്റ് എന്ന ആംഗലേയ ശബ്ദം കുറിക്കുന്നതും ഈ രീതിയിലുള്ള അദ്വൈതഭാവത്തെയാണ് . ഏറ്റവും നന്നായി കളിക്കുക വഴി കളിയുടെ ഗുണമേൻമയ്ക്ക് തങ്ങളാൽ കഴിയുംവിധം സംഭാവന ചെയ്യുക എന്നതിനപ്പുറം വിജയമോ തോൽവിയോ അദ്വൈതത്തെ സ്പർശിക്കുന്നില്ല. തോൽവി,, വിജയം ഇവയെക്കുറിച്ചുള്ള ചിന്ത മനുഷ്യനെ കർമ്മപഥത്തിൽ നിന്ന് വ്യതിചലിക്കാൻ പ്രേരിപ്പിക്കുന്നു. തോൽവി മറ്റുള്ളവരുടെ പരിഹാസവും തോറ്റു എന്ന തോന്നലും കാരണം കർമ്മത്തിൽ നിന്നു ദൂരെ നിർത്തുന്നതുപോലെ, ജയത്തിലും അതിരുവിട്ട പ്രശംസയിലും അഹങ്കാരത്തിലും കർമ്മപഥം വിദൂരമാകുന്നു. തോൽവിയും ജയവും തമ്മിലുള്ള അദ്വൈതഭാവം മനസ്സിലാക്കിയാൽ ഈ വിപത്ത് ഒഴിവാക്കാം.

അദ്വൈതം അർത്ഥശാസ്ത്രത്തിൽ വരുമ്പോൾ green growth ന്റെ ആവശ്യകത സ്വാഭാവികമായി മുന്നോട്ടു വരുന്നു. green growth എന്നാൽ ഉപഭോഗവസ്തുക്കളെ Recycle ചെയ്യുന്നതിനോടൊപ്പം തന്നെ അനാവശ്യമായ ഉപഭോഗം കുറയ്ക്കുകയും, പ്രകൃതിയോടൊത്ത് ജീവിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന അവസ്ഥാവിശേഷമാണ്.

ഇന്ന് ലോകമാകെ യോഗ പരിശീലിക്കുന്ന ഒരു സ്ഥിതി സംജാതമായിട്ടുണ്ട്. യോഗ എന്നാൽ ഒത്തൊരുമിക്കൽ എന്നാണ് വാക്യാർത്ഥം. ഇതിൽ നിന്നു തന്നെ അതൊരു അദ്വൈതചിന്താഗതിയാണെന്നും, അതിന്റെ പകർപ്പവകാശം ഒരു രാജ്യത്തിനോ ഒരു മതത്തിനോ ഉള്ളതല്ല എന്നും വ്യക്തമാണ്. കാരണം, ആ രീതിയിലുള്ള ദ്വൈതചിന്ത, അദ്വൈതാമൃതവർഷിണിയായ ഗീതയ്ക്കോ, യോഗയ്ക്കോ അന്യമാണ്.

അദ്വൈതണോമിക്സിനെക്കുറിച്ച് എനിക്കൊരു പുസ്തകമെഴുതണം!, മാറ്റി പറഞ്ഞാൽ അദ്വൈതണോമിക്സിനെക്കുറിച്ചൊരു പുസ്തകമെഴുതപ്പെടേണ്ടതുണ്ട് അതു ഞാനെഴുതിയാലും, താങ്കളെഴുതിയാലും ഒന്നുപോലെ തന്നെ, അല്ലേ?

'അഹം ബ്രഹ്മാസ്മി'

തത്ത്വമസി ! ●

# ശകുന്തളോപാഖ്യാനം

**കല്പകം സോമരാജൻ**

കണ്വാശ്രമത്തിലെ ശകുന്തള ആർഷഭൂമിയിൽ ചിരപ്രതിഷ്ഠിതയാണ്. ഒരു സംശയവും ഇക്കാര്യത്തിൽ ഇല്ലതന്നെ. പണ്ഡിതപാമരഭേദമെന്യേ ഭാരതീയഹൃദയങ്ങളിൽ നിറഞ്ഞു പരിലസിക്കുകയാണ് കണ്വപുത്രി. കാളിദാസമഹാകവിയുടെ കൈയൊഴുക്കിൽ വാക്ചാതുരിയിൽ കഥനനിർമ്മാണ പ്രാവിണ്യത്തിൽ രൂപപ്പെട്ട് വിശ്വവിഖ്യാതയായി തീർന്ന ഈ ശകുന്തളാശില്പം ലോകസാഹിത്യസൃഷ്ടികളിൽ ഇന്നും മാറ്റുരച്ചു നിലക്കൊള്ളുന്നു. എന്നാൽ ഈ ആർഷഭൂമിയിൽ മറ്റൊരു ശകുന്തള വിസ്മൃതിയിൽ ആണ്ടുപോയ മറ്റൊരു ശകുന്തളകൂടി ഉണ്ടായിരുന്നു. വ്യാസഭഗവാന്റെ ശകുന്തള, ഇതിഹാസ കർത്താവിന്റെ ശകുന്തള അദ്ദേഹം ജീവിച്ച യുഗത്തിന്റെ സൃഷ്ടിയാണ്. ചരിത്രത്തിന്റെ ഭാഗമാണ്. തലമുറകൾ താണ്ടിയെത്തിയ ആ കഥ ഇതിഹാസകാരൻ യഥാതഥമായി പകർത്തുകയാണ് ചെയ്തിരിക്കുന്നത്. അതൊരു ചരിത്രസംഭവത്തിന്റെ തനതായ വിവരണം മാത്രമായിരുന്നു. ശ്രേഷ്ഠമായൊരു കാവ്യരചന അവിടെ ഉദ്ദേശിച്ചിരുന്നില്ല. കാളിദാസന്റെ ശകുന്തളയാകട്ടെ അദ്ദേഹം ജീവിച്ച യുഗത്തിന്റെ സൃഷ്ടിയാണ്. വ്യാസമഹർഷി ജീവിച്ച യുഗത്തിലെ തനതു സൃഷ്ടിയായ ശകുന്തള കാളിദാസമഹാകവിയുടെ കൈയിലെത്തുമ്പോൾ മനോമോഹനമായ കാവ്യശില്പമായി പരിണമിക്കുന്നു. ഇതാണ് ഈ ശകുന്തളമാർ തമ്മിലുള്ള വ്യത്യാസം.

വ്യാസമഹർഷിയുടെ കഥ ഇപ്രകാരം തുടരുന്നു. കുരുവംശത്തിലെ രാജശ്രേഷ്ഠനായ ദുഷ്യന്തൻ മൃഗയാവിനോദത്തിന് കാട്ടിൽ വിഹരിക്കുമ്പോൾ പ്രശാന്തസുന്ദരമായൊരു മണൽതിട്ടയിൽ എത്തിപ്പെടുന്നു. നദീതീരത്ത് സ്ഥിതി ചെയ്യുന്ന ആ ആശ്രമ കവാടത്തിൽ അദ്ദേഹം സന്തുഷ്ടചിത്തനായി നിന്നുപോകുന്നു. മഹാഭാരതത്തിൽ ആദിപർവ്വത്തിലാണ് ഋഷിശ്രേഷ്ഠൻ ഈ കഥ വർണ്ണിക്കുന്നത്. ആശ്രമപ്രാന്തത്തിന്റെ വർണ്ണന അതിമനോഹരമാണ്. പറന്നു കളിക്കുന്ന പക്ഷിവൃന്ദങ്ങളുടെ കൂജനങ്ങൾ. വിടർന്നു വിലസുന്ന പൂക്കളിൽ മുത്തമിട്ടു പറക്കുന്ന ശലഭങ്ങൾ. ഇവകളാലൊക്കെ പരിവൃതമായ ആശ്രമാന്തരീക്ഷം പുഷ്പഫലബഹുലതയാൽ അതീവമനോഹരമായിരുന്നു. മാനും മയിലും കുയിലും അന്നവും കൊറ്റിയും എന്നു വേണ്ട സിംഹം പുലി ആന കടുവ കരടി തുടങ്ങി പല തരം ഹിംസ്രജന്തുക്കളും ഭയലേശമന്യേ അവിടെ യഥേഷ്ടം വിഹരിക്കുന്നു. നദിയുടെ സൈകതത്തിൽ പാമ്പും കീരിയും എലിയും പൂച്ചയും തുടങ്ങി ആജന്മശത്രുക്കളായ പല ജീവജാലങ്ങളും സാത്വികസ്വഭാവികളോ എന്നു തോന്നുമാറ് വിശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്നു. ആശ്രമത്തിന്റെ അന്തർഭാഗത്താകട്ടെ വേദമന്ത്രധ്വനികൾ മുഴങ്ങുന്നു. ആശ്രമാന്തരീക്ഷത്തിന്റെ മാസ്മരികതയിൽ അത്യന്തം ആകർഷിതനായ രാജാവ് അനുചാരികളെ അകലെ മാറ്റി നിർത്തി ഏകനായി ആശ്രമവളപ്പിൽ പ്രവേശിക്കുന്നു. കണ്വമുനിയുടെ ആശ്രമമായിരുന്നു അത്. ആശ്രമത്തിൽ പ്രവേശിച്ച അതിഥി ആരാണെന്നറിയുവാൻ പുറത്തേക്കു വന്നത് തപസ്വിനിവേഷം ധരിച്ച ഒരു പ്രൗഢകന്യകയായിരുന്നു. മാന്യനായ അതിഥിയെ കണ്ട് അവൾ സങ്കോചലേശമെന്യേ കുശലാന്വേഷണം ചെയ്യുന്നു. വന്ദ്യനായ കണ്വമഹർഷിയെ കണ്ടു വന്ദിക്കുവാൻ വന്നതാണ് ഞാൻ എന്നു പറഞ്ഞ് സ്വയം പരിചയപ്പെടുത്തിയ രാജാവിനെ അവൾ ആശ്രമത്തിലേക്ക് സ്വാഗതം ചെയ്യുന്നു. താതകണ്വൻ ആശ്രമം വിട്ട് അകലത്തിൽ പോയിരിക്കുകയാണ് എന്ന് അവൾ രാജാവിനെ ധരിപ്പിക്കുന്നു. പിതാവിന്റെ അസാന്നിദ്ധ്യത്തിൽ തന്നെ അവൾ പരസ്പരം പരിചയപ്പെട്ടു. വിവരങ്ങൾ കൈമാറി സൗഹൃദം വളർന്ന് പരസ്പരപ്രണയമായി മാറുന്നു. ചുരുക്കി പറഞ്ഞാൽ രാജാവ് ഗാന്ധർവ്വവിധിപ്രകാരം ഋഷികന്യകയെ പരിഗ്രഹിച്ച് ദാമ്പത്യബന്ധം തുടങ്ങുന്നതു വരെ അവരുടെ ഹൃദയാഭിലാഷങ്ങൾ വളരുന്നു. പ്രണയലോലുപയെങ്കിലും പക്വമതിയായ മുനികന്യക രാജാവിനെകൊണ്ട് ഈ സമയത്ത് ഒരു ശപഥം ചെയ്യിപ്പിക്കുന്നുണ്ട്. നമ്മുടെ ചേർച്ചയിൽ ഭൂജാതനാകുന്ന പുത്രനെ അങ്ങയുടെ കാലശേഷം രാജാവായി അഭിഷേകം ചെയ്യണം. അതിനു മുൻപ് യുവരാജാവാക്കുകയും വേണം. ഇതായിരുന്നു ശപഥം. പ്രണയാന്ധനായ രാജാവ് ഈ ആവശ്യം അംഗീകരിച്ച് ശപഥം ചെയ്യുന്നു. അതിനുശേഷമാണ് ഗാന്ധർവ്വ വിവാഹം നടക്കുന്നത്. ഇവിടെ ശ്രദ്ധേയ

മായി വരുന്ന വ്യാസചിന്ത എന്തെന്നാൽ ശകുന്തള കേവലം ലോകപരിജ്ഞാനമോ പ്രായോഗിക ബുദ്ധിയോ ഇല്ലാത്ത മുനികന്യകയല്ല. മറിച്ച് അവളുടെ വിചിന്തനങ്ങൾ വിശാലമായിരുന്നു. സൗന്ദര്യധാമമായ മുനികന്യകയെ കണ്ട് ആകൃഷ്ടനായ കാമമോഹിതനായ രാജാവ് അരമനയും അന്തഃപുരവും എല്ലാം മറക്കുന്നു. പക്ഷെ മുനികുമാരി ആ രീതിയിലല്ല പെരുമാറുന്നത്. കുരുവംശരാജാവുമായുള്ള വിവാഹത്തിലൂടെ നേടാവുന്ന ഭാഗധേയങ്ങളെക്കുറിച്ചും മേന്മകളെക്കുറിച്ചും അവൾ ചിന്തിക്കുന്നു. ക്ഷത്രിയർക്ക് പറഞ്ഞിട്ടുള്ള ഗാന്ധർവ്വ വിവാഹത്തെക്കുറിച്ചും അവൾക്ക് ജ്ഞാനമുണ്ടായിരുന്നു. ആയതിനാൽ താതകണ്വന്റെ അഭാവത്തിലാണെങ്കിലും രാജപത്നിയായും രാജമാതാവായും സ്വയം അവരോധിച്ച് തന്റെയും തന്റെ പുത്രന്റെയും സുസ്ഥിരത അവൾ ഉറപ്പിക്കുന്നു. ഇവിടെ പ്രസക്തമായ മറ്റൊരു കാര്യവുമുണ്ട്. എന്തെന്നാൽ കണ്വാശ്രമം പോലെ പാവനമായ അനേകം ആശ്രമങ്ങൾ പൗരാണികഭാരതവർഷത്തിൽ ഉണ്ടായിരുന്നു. ഈ അരണ്യാന്തരീക്ഷത്തിലെ അന്തേവാസികൾ സ്ത്രീപുരുഷഭേദമെന്യേ സംസ്കാര സമ്പന്നരും എല്ലാ തരത്തിലുള്ള ശിക്ഷണങ്ങളും അഭ്യസിച്ചവരും ആയിരുന്നു എന്ന് ഈ ഭാഗത്തുള്ള പ്രസ്താവനകളിൽ നിന്ന് മനസ്സിലാക്കാം. അതുപോലെ താപസകന്യകകൾക്കും ഉപനയനവും യജ്ഞോപവീതധാരണവും നടത്തിയിരുന്നു എന്നതും ശ്രദ്ധേയമാണ്. ശകുന്തളയുടെ താപസീവേഷം ഈ വൈദിക സംസ്കാരത്തെയാണ് സൂചിപ്പിക്കുന്നത്.

ഗാന്ധർവ്വവിവാഹാനന്തരം മുനികന്യകയുമായി ദാമ്പത്യത്തിലേർപ്പെട്ട രാജാവ് ഏറെ വൈകാതെ മഹർഷിയുടെ തിരിച്ചു വരവിനായി കാത്തു നില്ക്കാതെ കൊട്ടാരത്തിലേക്ക് തിരിച്ചു പോന്നു. ശകുന്തളയെ കൊട്ടാരത്തിലേക്ക് ആനയിക്കാൻ ആചാരപ്രകാരം ആളെത്തും എന്ന വാഗ്ദാനത്തോടെയാണ് രാജാവ് മടങ്ങുന്നത്. താമസിയാതെ താതകണ്വൻ ആശ്രമത്തിൽ തിരിച്ചെത്തുന്നു. ലജ്ജാന്വിതയായി പുത്രി വിവരങ്ങളെല്ലാം പിതാവിനെ അറിയിക്കുന്നു. അദ്ദേഹമാകട്ടെ കോപതാപാദികളൊന്നും പ്രദർശിപ്പിക്കാതെ സമചിത്തനായി നാട്ടാചാരപ്രകാരം കന്യകയെ വരിച്ച അരചനെയും പുത്രിയെയും തന്റെ തപഃശക്തിയാൽ അനുഗ്രഹിക്കുന്നു. താമസം വിനാ ശകുന്തളയെ കൊട്ടാരത്തിലേക്ക് കൂട്ടിക്കൊണ്ടു പോകുവാൻ ആളെത്തും എന്നു പറഞ്ഞതല്ലാതെ കുരുരാജധാനിയിൽ നിന്ന് ആരും എത്തിച്ചേർന്നില്ല. ഗർഭിണിയായ പുത്രിയെ അച്ഛൻ സമാശ്വസിപ്പിച്ച് കൂടെ നിർത്തി പരിപാലിക്കുന്നു. ശകുന്തളയ്ക്ക് അതിമിടുക്കനായ ഒരു പുത്ര സന്താനം ജനിക്കുന്നു. സർവ്വത്തിനേയും ഒതുക്കുന്നവൻ എന്നർത്ഥമുള്ള 'സർവ്വദമനൻ' എന്ന പേരു ചൊല്ലി കണ്വതപോധനൻ അവനെ വളർത്തുന്നു. ഋഷിസംസ്കാരത്തിൽ പ്രാരംഭപഠനങ്ങൾ അവൻ നിർവ്വഹിക്കുന്നു. കുട്ടിക്ക് ആറു വയസ്സു തികഞ്ഞ സമയത്ത് ഇനിയും താമസിയാതെ ശകുന്തളയെ പുത്രസമേതം കുരുരാജധാനിയിലേക്ക് അയയ്ക്കുവാനുള്ള സമയമായി എന്ന കണ്വമുനി തീരുമാനിക്കുന്നു. അങ്ങനെ ശകുന്തളയെയും സർവ്വദമനനെയും ചില ശിഷ്യൻമാരുടെ അകമ്പടിയോടെ ദുഷ്യന്തരാജധാനിയിലേക്ക് യാത്ര ആക്കുന്നു. മുനിശിഷ്യൻമാർ സഹോദരിയെ കൊട്ടാരത്തിലാക്കിയിട്ട് തിരിച്ചു പോന്നു. മഹാമുനിയും മഹാകവിയും തമ്മിൽ ശകുന്തളോപഖ്യാനത്തിൽ പഥവിന്യാസം സംഭവിക്കുന്നത് ഈ ഘട്ടം മുതലാണ്.

രാജസഭയിൽ എത്തിയ ഋഷിയോടെ ശകുന്തള വളരെ ആർജ്ജവചിന്തയോടെ ദൃഢമനസ്കയായി ''മഹാരാജാവേ ഇതാ താങ്കൾക്ക് എന്നിലുണ്ടായ പുത്രൻ അവനെ യുവരാജാവായി വാഴിച്ചാലും. കണ്വാശ്രമത്തിൽ വെച്ചുണ്ടായ സംഗമമുഹൂർത്തത്തിൽ എനിക്കുതന്ന വാക്കു പാലിച്ചാലും'' എന്ന് നിർവിശ്ശങ്കം പറയുന്നു. രാജാവിനെ കാര്യങ്ങളെല്ലാം ഓർമ്മയുണ്ടായിരുന്നുവെങ്കിലും 'ഇങ്ങനെയൊന്നും ഞാൻ ഓർക്കുന്നില്ല. നീ ഏതോ ദുഷ്ട താപസിയാണ്' എന്നു രാജാവ് മനപൂർവ്വം പറയുന്നു. ദുഷ്യന്തമഹാരാജാവിന്റെ ഈ കള്ള പ്രസ്താവം ശ്രദ്ധേയമാണ്. ഈ ബിന്ദുവിൽ നിന്നാണ് കാവ്യകാരന്റെ കല്പന വികാസം കൊള്ളുന്നത്. ഒരു കളവിനെ സാധൂകരിക്കാൻ നിരവധി കള്ളങ്ങൾ പറയേണ്ടിവരും. അതു തന്നെ ഇവിടെയും സംഭവിക്കുന്നു. രാജാവ് അസത്യങ്ങളുടെ കെട്ടഴിക്കുന്നു. നീയുമായി ധർമ്മ കാമാർത്ഥസംബന്ധിയായി യാതൊരു ചിന്തയും എന്റെ മനസ്സിലില്ല. നിനക്ക് ഹിതാനുസാരം നില്ക്കുകയോ പോകുകയോ എന്തുമാവാം എന്ന് അത്യന്തം ക്രൂരമായി തന്നെ രാജാവ് പറയുന്നു. രാജവചസ്സുകൾ ശ്രവിച്ച ശകുന്തളയുടെ മനോവിക്ഷോഭങ്ങളെ വ്യാസൻ വിവരിക്കുന്നത് ഇപ്രകാരമാണ്. ശ്രവണമാത്രയിൽ ആ താപസ്സി ലജ്ജിക്കുന്നു. അനന്തരം ദുഃഖിക്കുന്നു. ചേതനാശൂന്യയായി തരിച്ചു നില്ക്കുന്നു. നിമിഷമാത്രം കൊണ്ട് ഈ വിസ്ഫോടനം നടക്കുന്നു. അതു കേവലം മാനുഷികവികാരപ്രകടനം മാത്രമാണ്. തദനന്തരം ചൊടിച്ച ചുവന്ന വിറയ്ക്കുന്ന അധരങ്ങളോടെ ജ്വലിച്ചു ചുവന്ന കണ്ണുകൾ കൊണ്ട് രാജാവിനെ രൂക്ഷമായി

നോക്കുന്നു. തപശക്തിയാൽ നേടിയ തേജസ്സിനെ അടക്കി നിർത്തി മുഹൂർത്തസമയം ധ്യാനിച്ച് ക്രോധത്തോടെ അമർഷത്തോടെ രാജാവിനോട് ഇപ്രകാരം പറയുന്നു. ''മഹാരാജാവേ അറിഞ്ഞുകൊണ്ട് എന്തിനിപ്രകാരം പറയുന്നു. പ്രാകൃതരെപ്പോലെ ശങ്കാഹീനം കള്ളം ആവർത്തിക്കുന്നു. സത്യവും അസത്യവും താങ്കളുടെ മനഃസ്സാക്ഷിക്കറിയില്ലേ.അതിനെ മുൻനിർത്തി ശുഭം പറയുക. സ്വന്തം ആത്മാവിനെ അവഹേളിക്കരുത്. സ്വയം ചതിക്കരുത്. അത്തരക്കാർ എന്തു പാപവും ചെയ്യും''. അവൾ തുടരുന്നു. ഞാൻ ഒറ്റയ്ക്കല്ല എന്റെ ഹൃദയത്തിൽ കുടിക്കൊള്ളുന്ന നിത്യസാക്ഷി സമക്ഷമാണ് അങ്ങ് ജല്പനങ്ങൾ നടത്തുന്നത്. സ്വന്തം പാപം മറ്റാരും അറിയുന്നില്ല എന്നു ധരിക്കരുത്. അങ്ങറിയുക സത്യം ദേവകൾ കാണുന്നു. സൂര്യചന്ദ്രൻമാരും അഗ്നിയും വായുവും ആകാശവും ഭൂമിയും ജലവും യമനും പ്രാണനും ഇരവും പകലും ഇരുസന്ധ്യകളും ധർമ്മവും സതാനരന്റെ ചെയ്തികളെ വീക്ഷിച്ചു കൊണ്ടിരിക്കുന്നു. ഋഷിവര്യൻ ശകുന്തളയെകൊണ്ടു പറയിക്കുന്ന മഹത്തായ ഈ ലോകതത്വം അന്നെന്നല്ല ഇന്നെന്നുമല്ല മനുഷ്യകുലം ഭൂലോകത്തിൽ നിലനില്ക്കുന്ന കാലത്തോളം നിലിനില്ക്കുന്ന നീതി സൂക്തമാണ്. തുടർന്ന് ഭാര്യാഭർതൃബന്ധങ്ങളെക്കുറിച്ചുള്ള താത്വീക ഉത്ബോധനമാണ് കണ്വപുത്രി നടത്തുന്നത്. പിതൃപുത്രബന്ധത്തിന്റെ മഹത്വവും മാഹാത്മ്യവും അതി വിസ്തൃതമായി തന്നെ ശകുന്തള പ്രതിപാദിക്കുന്നു. അനന്തരം പുത്രജനനസമയത്തുണ്ടായ അശരീരിയെ ഇവൻ നൂറ് അശ്വമേധങ്ങൾ കഴിക്കും കുറിച്ചും ശകുന്തള വിശദമാക്കുന്നു. സുദീർഘമായ ശകുന്തളയുടെ നിവേദനമൊന്നും ചെവിക്കൊള്ളാതെ നിഷ്കരുണനായി രാജാവ് ശകുന്തളയുടെ ജനനത്തെ തന്നെ അപഹസിക്കുന്നു. ഒട്ടും വിട്ടുകൊടുക്കാതെ ശകുന്തളയും തന്റെ അഭിമാന സംരക്ഷണത്തിനായി പൊരുതുന്നു. അവസാനം അസത്യം പറഞ്ഞു ജയിച്ചു നില്ക്കുന്നു. രാജാവിന്റെ മുഖത്തു നോക്കി താങ്കളെ കൂട്ടാക്കാതെ തന്നെ എന്റെ ഈ പുത്രൻ ഗിരിശിഖരശോഭിതയും സാഗര വലയിതയുമായ ഈ വിശാല വസുന്ധരയെ ഭരിക്കാതിരിക്കില്ല എന്നു പറഞ്ഞ് കൊട്ടാരം വിട്ടിറങ്ങുന്നു. ഈ സമയം ഇവൻ ദുഷ്യന്തപുത്രൻ തന്നെ. പുത്രനെ പരിരക്ഷിക്കുക. ശകുന്തളയെ അപമാനിക്കരുത് എന്ന് അശരീരി മുഴങ്ങുന്നു. ഇതു കേട്ട രാജാവ് സന്തുഷ്ടചിത്തനായി ഇപ്രകാരം പറയുന്നു. എനിക്കെല്ലാം ഓർമ്മയുണ്ടായിരുന്നു. ഗാന്ധർവ്വവിധിപ്രകാരമായിരുന്നു നമ്മുടെ വിവാഹം. ലോകസമക്ഷം അതു ഗോപ്യമായിരുന്നു. അതുമൂലം നിന്റെ മേൽ ലോകശങ്ക ഉണ്ടാകുവാൻ ഇടയുണ്ട്. ആ അവസ്ഥ ഇല്ലായ്മ ചെയ്യണമെന്നും നമ്മുടെ പുത്രനെ രാജാവായി അഭിഷേകം ചെയ്യണമെന്നും ഞാൻ നിനച്ചു. അതിനു വേണ്ടിയാണ് ഇത്തരം രംഗങ്ങൾ സൃഷ്ടിക്കേണ്ടി വന്നത്. എന്റെ ഈ ചെയ്തികളെല്ലാം പൊറുക്കുക എന്നു പറഞ്ഞ് രാജാവ് ശകുന്തളയെ സ്വീകരിക്കുന്നു. പുത്രസമേതരായി അവർ ദീർഘനാൾ സസുഖം വാഴുന്നു.

വ്യാസയുഗം കഴിഞ്ഞ് മൂന്നര സഹസ്രാബ്ദം കഴിഞ്ഞാണ് കാളിദാസയുഗം എന്ന് സാഹിത്യചരിത്രകാരൻമാർ കണക്കു കൂട്ടുന്നു. ഈ കാലയളവുകൾക്കുള്ളിൽ മറ്റേതു ദേശത്തിലേയും പോലെ ഭാരത വർഷത്തിലും വലിയ പരിവർത്തനങ്ങൾ സംഭവിച്ചിരുന്നതായി കാണാം. രാജനീതി, രാജ്യനീതി, ധർമ്മനീതി, യോഗക്ഷേമം തുടങ്ങി എല്ലാ ജീവിതമണ്ഡലങ്ങളിലും വളരെ വ്യതിയാനങ്ങൾ കാലഗതമായി വന്നു ചേർന്നിരിക്കുന്നു. രാജാവ് പ്രത്യക്ഷദൈവതവും രാജസദസ്സുകൾ ബഹുമുഖപ്രതിഭകളാൽ അലംകൃതവുമായിരിക്കുന്നു. കാളിദാസമഹാകവി തന്നെ രാജസദസ്സിലെ നവരത്നങ്ങളിൽ ഒരാളായിരുന്നുവല്ലോ. ഇങ്ങനെ പല മാനദണ്ഡങ്ങളേയും അടിസ്ഥാനമാക്കി വേണം കാളിദാസന്റെ ശകുന്തളയെ വിലയിരുത്തുവാൻ. ദുഷ്യന്തമഹാരാജാവിനെ കുറ്റമറ്റ മാതൃകാപുരുഷനായി ചിത്രീകരിക്കുവാൻ കാവ്യകാരൻ പുരാണപ്രസിദ്ധനായ ദുർവ്വാസാവ് മഹർഷിയെ തന്നെ അരങ്ങേറ്റുന്നു. ദുഷ്യന്തൻ തീർത്തും കുറ്റവിമുക്തനാകുന്നു. ഓർമ്മയുണ്ടായിട്ടും ഓർമ്മയില്ലാതെ നടിച്ചു എന്ന വ്യാസമുനിയുടെ പ്രസ്താവം തികച്ചും തുടച്ചു മാറ്റപ്പെടുന്നു.

രാജധാനിയിൽ എത്തുന്ന കാവ്യകാരന്റെ ശകുന്തള ഗർഭസ്ഥശിശുവുമായിട്ടാണ് എത്തുന്നത്. അവൾ നവ പരിണിതയാണ്. കുലവധുകൂടിയാണ്. ദുഷ്യന്തനോടു സംസാരിക്കുന്ന ഈ ശകുന്തള ലോകാനുഭവം കുറഞ്ഞ യൗവ്വനക്കാരിയാണ്. മഹർഷിയുടെ ശകുന്തളയിൽ നിന്നും തികച്ചും വിഭിന്നയാണ് ഇവൾ. ഗർഭാലസ്യത്താലും ഭർതൃപരിത്യാഗത്താലും വൃണിതമാനസയായി തീരുന്ന ഈ ദുർബ്ബലയ്ക്കു വേണ്ടി രാജാവിനോടു സംസാരിക്കുന്നത് ആശ്രമത്തിൽ നിന്ന് പുത്രിക്ക് തുണയായി താതകണ്വൻ നിയോഗിച്ചിട്ടുള്ള ഗൗതമിയും ശാരംങ്ഗരവനും ഒക്കെയാണ്. എന്നാൽ വ്യാസമുനിയുടെ ശകുന്തളയെ രാജകൊട്ടാരത്തിലാക്കി മുനിശിഷ്യൻമാർ തിരികെ പോകുകയാണ് ചെയ്യുന്നത്. അതുപോലെ സർവ്വദമനനെ കണ്വമഹർഷി ആശ്രമത്തിൽ വളർത്തി സർവ്വശിക്ഷണങ്ങളും

നൽകി ഉത്തമപുത്രസ്ഥാനത്ത് നിർത്തിയിരിക്കുന്നു. കാവ്യകാരനും അതിൽ വ്യതിയാനം വരുത്താതെ തിരസ്കൃതയായ ശകുന്തളയെ കശ്യപാശ്രമത്തിൽ എത്തിക്കുന്നു. അവിടെ ജനിക്കുന്ന സർവ്വദമനനെ ആശ്രമസംസ്കാരത്തിൽ വളർന്ന സംസ്കാരസമ്പന്നനായ സത്പുത്രനായി തന്നെ കാവ്യകാരനും ചിത്രീകരിക്കുന്നു. പുത്ര വിഷയത്തിൽ മുനിശ്രേഷ്ഠനും മഹാകവിയും ഒരേ പാതയിൽ തന്നെ ചരിക്കുന്നു. വ്യാസമഹർഷിയുടെ ശകുന്തള അത്യന്തം പ്രൗഢയും കാര്യപ്രാപ്തിയുള്ളവളും അനുഭവജ്ഞാനത്താൽ സ്ഫുടമായ മനസ്സിനുടമയും ആയിരുന്നു. ഈ സംസ്കൃതിയുടെ പിൻബലത്തിൽ തന്റെ സത്സന്താനം ഭാരതവർഷം ഭരിക്കുമെന്ന് രാജാവിനോട് നിർവിശങ്കം പറയുന്നതിന് അവൾക്കു കഴിയുന്നു. മാത്രമല്ല സന്ദർഭോചിതമായി രാജാവിനെ രാജധർമ്മങ്ങളിൽ ഊന്നിനിന്ന് സധൈര്യം ഉപദേശിക്കുവാനും ഗുണദോഷിക്കുവാനും ശാസിക്കുവാനും അവൾ മടിക്കുന്നില്ല. കാളിദാസ ശകുന്തളയാകട്ടെ തേൻമാവിൻ മുല്ലവള്ളിപോലെയെന്ന് കവി തന്നെ പറയുന്ന രീതിയിലാണ്. മാനുകൾക്കും മയിലുകൾക്കും മുയലുകൾക്കുമൊപ്പം വളർന്ന ആ ആശ്രമകന്യകയെ അതേ രീതിയിൽ അത്യന്തം ആകർഷകമായി മഹാകവി വരച്ചു കാട്ടിയിരിക്കുന്നു. വ്യാസശകുന്തളയും കാളിദാസശകുന്തളയും തമ്മിലുള്ള ഈ വ്യത്യാസം യുഗവ്യത്യാസമാകാം. അല്ലെങ്കിൽ ഭാവനാവ്യത്യാസമാകാം എന്നു നമുക്കു ചിന്തിക്കാം●


# 2017 ജൂൺ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾ



**വിജയലക്ഷ്മി പി.**
L/0512, ആലപ്പാട്ട് വീട്
ആലപ്പാട്ട് റോഡ്, രവിപുരം, കൊച്ചി 682016



**എസ്. ശങ്കരൻകുട്ടി**
L/3628, രശ്മി, റോയൽ ലെയ്ൻ
കടവന്ത്ര, കൊച്ചി 682020



**സി. എ. സുകുമാരമേനോൻ**
L/1489, ഭാനുപ്രിയ, 65/1974
കണ്ണമ്പിള്ളി റോഡ്, പച്ചാളം, കൊച്ചി 682012




**ഹരിദാസ്. പി. എസ്**
L/1129, എ 3,
മുല്ലോത്ത് അമ്പാടി എൻക്ലെവ്
അമ്പാടി ലൈൻ, ചിറ്റൂർ റോഡ്, കൊച്ചിൻ 682011

# 1-ാം ചരമവാർഷികം

## 07.06.2017

# പി.കെ. വാസുദേവൻപിള്ള



എറണാകുളം ടി.ഡി. റോഡിൽ താന്നിക്കാപ്പിള്ളിൽ രാമകൃപയിൽ
പി.കെ. വാസുദേവൻപിള്ള, റിട്ടയേർഡ് അദ്ധ്യാപകൻ
(സെന്റ് ആൽബർട്സ് സ്കൂൾ) എറണാകുളം

സന്തപ്ത കുടുംബാംഗങ്ങൾ

കർക്കിടകം

ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 9447696190, 9447354306

# മാസഫലം

**2017 ജൂലൈ 17 മുതൽ ആഗസ്റ്റ്16 വരെ**

**ജ്യോതിഷാചാര്യ വിജയ മേനോൻ**



**മേടകൂറ് (അശ്വതി, ഭരണി, കാർത്തിക 1/4) ഃ** ഈ കൂറുകാർക്ക് അനുകൂലമെന്നു കരുതി ചെയ്യുന്ന പല കാര്യങ്ങളും ദുരിതത്തിൽ കലാശിക്കാം. ഹൃദ്ദ്രോഹ സാധ്യത കാണുന്നുണ്ട്. വാഹനാപകടങ്ങളിൽ നിന്നും ആപത്തുണ്ടാകും. വിവാഹാലോചനകൾ തീരുമാനത്തിലെത്തും. പരീക്ഷാവിജയവും ഉദ്യോഗരംഗത്ത് സ്ഥാനക്കയറ്റവും പ്രതീക്ഷിക്കാം.വിഷ്ണുവിന്റെ ഷോഡശനാമം ജപിക്കുക.



**ഇടവക്കൂറ് (കാർത്തിക 3/4 രോഹിണി, മകയിരം 1/2)** ധനം, വീട്, വാഹനം, വിശേഷ വസ്ത്രാഭരണാദികൾ എന്നിവ സുലഭമായുണ്ടാകും., രോഗവർദ്ധന ഉണ്ടാകാം. സഹോദരങ്ങൾ അകന്നു നിൽക്കും. സന്താനഗുണം ലഭിക്കും വിദ്യാർത്ഥികൾക്ക് നല്ല സമയമാണ്. കർമ്മ തടസ്സം നേരിടാം. രാഹു പ്രീതി വരുത്തുക. ശ്രീ സൂക്ത ജപം അഭിവൃദ്ധി നൽകും.



**മിഥുനക്കൂറ് (മകയിരം1/2, തിരുവാതിര, പുണർതം 3/4)** വിശേഷ വസ്ത്രം, വാഹനം എന്നിവ ലഭിക്കും. ഭൂമി, വീട് എന്നിവ വാങ്ങുവാൻ പറ്റിയ സമയമാണ്. സംസാര രീതി മോശമാകുവാനും അതുവഴി അനർത്ഥങ്ങൾക്കും വഴി കാണുന്നു. ധനപരമായി അനുഭവത്തിൽ ഇരിക്കുന്ന ശ്രോതസ്സുകൾക്ക് തടസ്സങ്ങൾ വരാവുന്നതാണ്. മുഖരോഗങ്ങൾ ഉണ്ടാകാം. കണ്ടകശനിയായതിനാൽ ശനിവ്രതം എടുക്കുക. ശനീശ്വരനാമങ്ങൾ ജപിക്കുക.



**കർക്കിടകക്കൂറ് (പുണർതം1/4, പൂയം, ആയില്യം)ഃ** ഈ കൂറിൽ ജനിച്ചവർക്ക് ആരോഗ്യപ്രശ്നങ്ങൾ ഇടയ്ക്കിടെ അലട്ടിക്കൊണ്ടിരിക്കും. മാനസിക പിരിമുറുക്കത്തിന് ചികിത്സ ആവശ്യമായി വരാം. സുഖസൗകര്യങ്ങൾക്ക് ഹാനിയുണ്ടാകും. സഹോദരൻമാർക്ക് നല്ല സമയമാണ്. ബന്ധുവിയോഗത്തിന് സാദ്ധ്യത കാണുന്നു. വിവാഹത്തിന് തടസ്സങ്ങൾ ഉണ്ടാകുകയോ മാറിപ്പോകുകയോ ചെയ്യാം. ദുർഗ്ഗാദേവിയുടെ അഷ്ടകമോ ലളിതസഹസ്രനാമമോ ജപിക്കുക.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4)ഃ** ഈ കൂറുകാർക്ക് ധനപരമായി കാലം അനുകൂലം. ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലുകളിൽ നിന്നു വിട്ടുനിൽക്കേണ്ടി വരാം .മാതാപിതാക്കളുടേയോ ബന്ധുജനങ്ങളുടേയോ വേർപാട് ദു;ഖത്തിനിടയാക്കും. വിദേശ ജോലിയ്ക്ക അവസരം വന്നു ചേരും. മുട്ടിന് താഴെ ഭാഗങ്ങളിൽ ഒടിവ്, മുറിവ് ഇവയ്ക്ക് സാദ്ധ്യത. ശിവപഞ്ചാക്ഷരി ജപിക്കുക.



**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2) ഃ** ഈ രാശിക്കാർക്ക് ശമിച്ചെന്നു കരുതിയിരിക്കുന്ന മനോ രോഗങ്ങൾ വർദ്ധിക്കുവാൻ ഇടയാകും. മാതാപിതാക്കൾക്ക് നല്ല സമയമല്ല. കുടുംബത്തിൽ അസ്വാരസ്യങ്ങൾ തലപൊക്കും. കർമ്മ ഗുണം കാണുന്നു. ജോലി അന്വേഷിക്കുന്നവർക്ക് ആഗ്രഹം സഫലമാകും. കണ്ടകശനിയായതിനാൽനാൽ ശനി വ്രതമെടുക്കുക. വിഷ്ണുസഹസ്രനാമം ജപിക്കുക.



**തുലാക്കൂറ് (ചിത്തിര 1/2, ചോതി, വിശാഖം 3/4)** ഃ തൊഴിൽ സ്ഥാപനങ്ങൾ അടച്ചിടേണ്ടതായി വരാം. ഔദ്യോഗിക രംഗത്ത് മാറ്റങ്ങൾ ഉണ്ടാകും. ദുരാരോപണങ്ങൾ മൂലം പ്രവർത്തന രംഗത്ത് നിന്നും മാറി നിൽക്കേണ്ടി വരാം. ആരോഗ്യപരമായും മാനസികപരമായും മോശാവസ്ഥ അനുഭവപ്പെടും. വിവാഹാലോചനകൾ അനുകൂലമാകും ലളിത സഹസ്രനാമം, ലളിത ത്രിശതി എന്നിവ ജപിക്കുക.




**വൃശ്ചികക്കൂറ് (വിശാഖം 1/4, അനിഴം, തൃക്കേട്ട)** ജോലി അന്വേഷിക്കുന്നവർക്ക് ചെറിയ ജോലിയെങ്കിലും ലഭിക്കും. വിവാഹാലോചന പ്രതീക്ഷക്കൊത്തുള്ളത് ലഭിക്കാൻ പ്രയാസം നേരിടും. ധനപരമായി കാലം നല്ലതാണ്. വ്യാപാരി വ്യവസായികൾക്ക് വ്യാപാരം പുഷ്ടിപ്പെടും. ആരോഗ്യ സ്ഥിതിമോശമാകും. രക്തസമ്മർദ്ദവും അനുബന്ധ രോഗങ്ങളും മൂലം ബുദ്ധി മുട്ടും. ശാസ്താവിന് എള്ളുതിരി കത്തിക്കുക. ഭാഗ്യസൂക്തം ജപിക്കുക.



**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം 1/4) ഃ** ഈ രാശിക്കാർക്ക് അപകടങ്ങൾക്ക് സാധ്യത കാണുന്നുണ്ട്. സന്താനങ്ങളിൽ നിന്നും ധനനഷ്ടമാണ്ടാകും. മാനസിക നിലഅവതാളത്തിലാകും. അപവാതപ്രചരണങ്ങളാലുള്ള വിഷമങ്ങൾ ഉണ്ടാകും. വിവാഹാലോചനകൾ മാറിപ്പോകും. മൂത്രാശയ രോഗങ്ങൾക്ക് ശസ്ത്രക്രിയ വേണ്ടി വന്നേക്കാം. ബന്ധുസമാഗമത്താൽ സന്തോഷിക്കും. വ്യാഴപ്രീതി വരുത്തുക. ദിവസവും ശിവപഞ്ചാക്ഷരി ജപിക്കുക.



**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2) ഃ** സഞ്ചാരക്ലേശം വർദ്ധിക്കും. മറ്റുള്ളവരുടെ ചതിയിൽ പെടാതെ സൂക്ഷിക്കുക. വാഹനം ധനം ഇവ നഷ്ടമാകാം. ഉന്നതസ്ഥാനങ്ങളിൽ ഇരിക്കുന്നവർക്ക് സ്ഥാനഭ്രംശം ഉണ്ടാകാൻ സാധ്യത കാണുന്നു. പങ്കാളിയുടെ ആരോഗ്യനില മോശമാകും. ഏഴരശനിയായതിനാൽ ശനിവ്രതമെടുക്കുകയും ശനിമന്ത്രം ജപിക്കുകയും ചെയ്യുക.



**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരോരുട്ടാതി 3/4) ഃ** ഈ രാശിക്കാർക്ക് കാര്യങ്ങളിലെല്ലാം പരാജയ ഭീഷണി നിലനിൽക്കുന്ന സമയമായതിനാൽ ശ്രദ്ധിച്ച് പ്രവർത്തിക്കേണ്ടതാണ്. ഔദ്യോഗിക രംഗത്ത് സ്ഥാനത്യാഗവും അധിക ചിലവും വന്നുപെടും. രോഗങ്ങൾ അലട്ടുകമൂലം ആശുപത്രിവാസം വേണ്ടിവരാം. പിതൃതുല്യരുടെ വിയോഗം ഉണ്ടാകാം. വ്യാഴപ്രീതി വരത്തുക. പുരുഷസൂക്തം ജപിക്കുക.



**മീനക്കൂറ് (പൂരോരുട്ടാതി 1/4, ഉത്രട്ടാതി, രേവതി)** ഃ വീട് വാങ്ങുവാനോ നിർമ്മാണം ആരംഭിക്കുവാനോ സാധിക്കും. പുതിയ വാഹനം വന്നു ചേരും. ബന്ധുസഹായം ഉണ്ടാകും. മാനസികമായി അസ്വസ്ഥതകൾ ഉണ്ടാകും. കുട്ടികളുടെ ആരോഗ്യനില മോശമാകും. ത്വക്ക് രോഗം, ഉദര സംബന്ധരോഗങ്ങൾക്ക് സാദ്ധ്യതയുണ്ട്. വിവാഹ വിഷയത്തിൽ തീരുമാനമാകും. ശ്രീലളിതാസഹസ്രനാമജപവും നവഗ്രഹനാമ ജപവും ദോഷങ്ങൾ കുറയ്ക്കും.

**ഞായർ, ചൊവ്വ ഒഴികെയുള്ള ദിവസങ്ങളിൽ**
**9 am to 1 pm വരെ ജ്യോതിഷിയുടെ സേവനം ലഭ്യമാണ്**


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,22/5"5', Pooyam,Fair, B.Com, MBA(HR),seeking employment ,Running a small scale Business at Coimbatore,Pref: Professionally Qualified Boys,North or central keralites preferred,Ph:0422-2313568, Mob: 09092088188/ 07598313568, Reg.no. 20934


Email:minisreeni@gmail.com
Date of Birth:07/08/1994 (2.05 AM)
Sishta Dasa:Shani :




Contact Address:
MR. K.P. SREENIVASAN
MEENARAM, NO : 29
PVS GARDEN
THIRUVALLUVAR NAGAR
RAMANATHAPURAM
COIMBATORE-641045

Nair Girl, 24/158, Makayiram, Fair, B.Tech (ECE), Pursuing PGDM, Pref : Engg. Doctor, Ph: 9447521015, 9620714400, Reg No: 20936


Email: knsreeraj01@gmail.com
Date of Birth:17/10/1992 (8.44 AM)
Sishta Dasa:Chowa : 1.2.16




Contact Address:
MR. SREEKUMAR. K.N
KANNAPPUZHAYIL HOUSE
AVOLY.P.O
MUVATTUPUZHA
ERNAKULAM-686677

Nair Girl, 24/155, Anizham, Fair, MBBS, House surgency completing July 2017, Pref : Dotor, Ph: 0478 2810716, Mob: 9846010716, Reg No: 20937


Email:jayasreegopinath@yahoo.com
Date of Birth:22/12/1992 (12.53 PM)
Sishta Dasa:




Contact Address:
MR. P.N. GOPINATHAN NAIR
GAYATHRI
MARUTHORVATTOM.P.O
CHERTHALA
ALAPPUZHA-688539

Nair Girl,43/152cm (Issueless Divorcee), Bharani, Fair, MCA, Self, Pref:Degree and above, Mob: 09533487917, Reg.no.20938


Email:clalithadevi@yahoo.com
Date of Birth:20-8-1973(9.10am)
Sishta Dasa:Sukran:14.6.5




Contact Address:
SMT.C.LALITHA DEVI
FLAT.NO.230
SMR VINAY HI LANDS
BIBLE COLLEGE ROAD
MIYAPOOR,HYDRABAD
TELUNGANA - 500049

Nair Girl,24/155cm,Pooram,Fair, MBBS, Pref: MBBS/Engineer working in PSU, Ph: 0482 9245348, Mob: 9446931686, Reg.no.20940


Email:venukumarmr1962@gmail.com
Date of Birth:01-08-1992(9.30am)
Sishta Dasa:




Contact Address:
MR.VENUKUMAR
SREELAKAM
MANJOOR.P.O
MANJOOR
KOTTAYAM - 686603

Nair Girl, 26/164, Rohini, Fair, B.Tech IT Professional in TCS, Now presently assigned to USA, Pref : Educated, Preferably B.Tech, A C A, A C S etc. Ph: 0484 2331688, Mob: 9447401688, Reg No: 20942

Email:mail2dmc@gmail.com
Date of Birth:11/9/1990 (4.25 PM)
Sishta Dasa: Chandra : 3.0.13




Contact Address:
MR. DIVAKARAN. D
CHONAMKANDATHIL
PALLATH ROAD
THAMMANAM.P.O
ERNAKULAM-682032


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl, 23/163, Chathayam, Fair, MA in HRM, Customer Service Professional Emirates Group, Dubai, Pref: Residing in UAE, Ph: 0484 2705384, Mob: 8547836767,8943549232, +971506514830, Reg No: 20944


Email:rkpranavam@gmail.com
Date of Birth:01/06/1994 (1.19 PM)
Sishta Dasa:




Contact Address:
MR. P.I. RADHAKRISHNAN
PRANAVAM
MARADU
ERNAKULAM-682304

Nair Girl, 24/165, Anizham, Fair, MBBS, , Doing House Surgency, Pref : MBBS, MS/MD, Ph: 9447577586, Reg No: 20945


Email:meenakumarikp@gmail.com
Date of Birth:13.6.1992
Sishta Dasa:




Contact Address:
MR. T.J. JAGADEENDRAN
KAILAS
KOTTUVALLY
KAITHARAM.P.O
NORTH PARAVOOR
ERNAKULAM - 683519

Nair Girl, 25/163, Chothi, Fair, M.Tech (Last Sem), Pref : Doctor, Engineer, Ph: 9447177727, Reg No: 20946


Email:dbalagopal@gmail.com
Date of Birth:05/08/1992 (11.30 AM)
Sishta Dasa:




Contact Address:
MR. P. BHASKARAN
KARIYATH AMBATTU
NANTHIATTU KUNNAM
NORTH PARAVOOR
ERNAKULAM-683513

Nair Girl, 27/157, Rohini, Fair (Medium), Degree in Journalism & PG Training, Indipendent Online Project, Freelane Journalism, Guest Lecturer (Visiting), Ph: 0484 2538459, Mob: 9447435493, Reg No: 20906


Email:krishnadiwakar@hotmail.com
Date of Birth:27/4/1990 (10.30 AM)
Sishta Dasa: Chandra : 4.4.7




Contact Address:
MR. AJAYAN. K
PARAKATTU HOUSE
PAPPARASSERY
NEDUMBASSERY.P.O
ERNAKULAM-683585

Nair Girl, 28/158, Makam, Wheatish, BAMS , Doing MD ( Final Year), Pref: Professionals, Ph: 0478 2875037, Mob : 9446375037, Reg No: 20949


Email:parvathytoo@gmail.com
Date of Birth:03/11/1988 (5.50 AM)
Sishta Dasa: Ketu : 5.0.6




Contact Address:
MR. K. R. VIJAYAN
ASHADAM
AROOKUTTY. P.O
CHERTHALA
ALAPPUZHA- 688535

Nair Girl, 26/168cm, Chathayam, Whestish Brown,M.Tech(Embedded System),Automotive Sector (MNC), Chennai,Ph:0484-4029325, Mob: 9847055338,Reg.no.20954

Email:knandakumar99@gmail.com
Date of Birth:04-09-1990(11.38am)
Sishta Dasa:Rahu:16.11.17.24




Contact Address:
MR.NANDAKUMAR KARTHA
39/3997 A1
POIMPLASSERY RESIDENCY
V.R.M.ROAD
RAVIPURAM
COCHIN 682016


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl, 24/155cm Makam, (slight papam)Medium, B.Tech,Working in Infosis,Now at Mangalore,Pref: Well settled employed boys below 30 years,Doctor, Engineer, Bankofficer, Govt-Central/State officers prefered Mob: 9447303976/ 9496272738, Reg.no.20955


Email:nedumudyharikumar@gmail.com
Date of Birth:24-9-1993(10.10am)
Sishta Dasa:




Contact Address:
Prof..S.HARIKUMAR
PRIYADARSINI
PALACE WARD
ALAPPUZHA- 688011

Nair Girl, 23/155, Triketta, Fair, Master in Applied Economics (Doing), Pref : Degree, Ph: 9946243887, Reg No: 20959


Email:ambika.chandran78@gmail.com
Date of Birth:15/11/1993 (12.40 PM)
Sishta Dasa: Budha :




Contact Address:
MR. K.M. CHANDRAN
SREELAKSHMI HOUSE
VADAKKENADA
CHOTTANIKKARA.P.O
ERNAKULAM-6823012

Nair Girl, 23/156cm,Bharani,Very fair, BDS,Doing House Surgency),Pref: Doctor (MDS/ MD/MS),Chartered Accountant (employed), Professor/IAS, IPS/IFS,IRS,Class I post, Professionally well employed at Abroad Ph: 0481-2401095, Mob" 9447421274, Reg.no.20960


Email:drjayancommerce@gmail.com
Date of Birth:21.01.1994(5.20pm)
Sishta Dasa:




Contact Address:
DR.R.JAYAKUMAR
POOJA GARDENS
NEAR VILLAGE OFFICE
PERUNNA.P.O
CHANGANACHERRY
KOTTAYAM - 686102

Nair Girl, 26/165, Pooram, Fair, M S (Obstetrics & Gynaecolgy), Doctor, Pref : Doctors Preferable, India or Abroad Ph: 0484 2203853, Mob: 9847903853, Reg No: 20961


Email:srikumark9@yahoo.com
Date of Birth:07/04/1990 (6.07 PM)
Sishta Dasa:Sukra : 3.4.17




Contact Address:
MR. K. SRIKUMAR
SENIOR ADVOCATE
38/1963, PLAKKAT COLONY
ELAMKULAM ROAD
COCHIN-682017

Nair Girl, 26/158, Punartham, Wheatish, MBBS, MD Student, Pref: Doctor, Ph: 9747409616, REg No: 20962


Email:gengagopakumar@gmail.com
Date of Birth:14/6/1991 (1.44 PM)
Sishta Dasa: Guru : 9.11.12




Contact Address:
DR. GOPAKUMAR
GANGA, T.C 13/1822 (2)
SNRA .105, SURYA NAGAR
KALAKAMURI ROAD
MEDICAL COLLEGE.P.O
TRIVANDRUM-695011

Nair Girl, 27/165, Uthram, Fair, MDS Second Year (Amritha), Dentist Studying, Pref : Same Profession or Equalent, Good Family Background, Ph: 0487 2382193, 2387893, Mob: 9495225363, 9495421393, Reg No: 20963

Email:uvradhakrishnan@gmail.com
Date of Birth:23/11/1989 (0.6 AM)
Sishta Dasa:Ravi : 0.9.10




Contact Address:
MR. U.V. RADHAKRISHNAN
DAESANA
T.C.31/110- (N). 1/1828
ASHARAMAM LANE
POONKUNNAM.P.O
TRICHUR-680002

# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,27/153cm, Utharam, Wheatish, BDS, Pref : Graduation, Ph: 0484-2705314, Mob: 9895243993, Reg.No.20957

Email:gopan_55@yahoo.com
Date of Birth: 16/10/1990 (7.47 PM)
Sishta Dasa:

സ

| | | | |
|---|---|---|---|
| | ല മാ | കു | |
| | ഗ്രഹനില | | ഗു ശി |
| സ | & അംശകം | | |
| മ | | | ര ച ബു ശു |

ച
കു മാ
ബു ശു
ര
ഗു മ ശി ല

Contact Address:
MR. GOPAKUMARAN SNK
SOPANAM
KEZHUPPILLIL HOUSE
VIKRAMSARABAI ROAD
POONITHURA
KOCHI-682038

Nair Girl, 32/160, Pooradam, Wheatish, Ph.D, Ph: 9387859153, Reg No: 20964

Email:sandhya2127@gmail.com
Date of Birth:30/7/1985 (2.15 PM)
Sishta Dasa: Sukra : 3.11.28

ബു ശി ഗു മ

| | | | |
|---|---|---|---|
| | സ | | ശു |
| | ഗ്രഹനില | | ര കു |
| ഗു | & അംശകം | | ബു |
| ച | ല മാ | മ ശി | |

മാ
ര ച ശു സ ല കു

Contact Address:
MR. P. K. VENUGOPAL
JANAKI NIVAS
PAYYAPPILLY PARAMBIL
NEAR E S I HOSPITAL
ERNAKULAM NORTH-682018

Nair Girl, 26/162, Karthika, Fair, B.Tech (Computer Science) Bangalore, MNC Bangalore, Pref : Bangalore Employed Boys,Vegetarian, Ph: 080-23317990, Mob: +919448324298, Reg No: 20966

Email:sudhavs53@gmail.com
Date of Birth:08/7/1991 (8.20.13 AM)
Sishta Dasa:Ravi : 4.3.24

ര കു മ ശി ശു

| | | | |
|---|---|---|---|
| | | ച | ര ശി |
| | ഗ്രഹനില | | ല ബു ഗു |
| മ | & അംശകം | | കു ശു |
| സ | മാ | | |

ല ഗു ച
മാ
സ ബു

Contact Address:
DR. P. AJIT KUMAR
HARITHA APTS, NO: 112
11TH CROSS, 5TH MAIN,
MALLESWARAM
BANGALORE - 560003

Nair Girl, 26 / 5' Makam,Fair.,B.Tech E&C, CAP Gemini Consultant, Pref: Officer in Defence sector(Army/Airforce/Navy), minimum Education -Bachelor's degree, Ph:0469-2602696, Mob: 9493585295, Reg.no.20967

Email:jakitain@yahoo.co.in
Date of Birth:24.04.1991(7.29am)
Sishta Dasa:Kethu:0.7.20

കു മ ര ശു

| | | | |
|---|---|---|---|
| ബു | ല ര | ശു | കു ശി |
| | ഗ്രഹനില | | ഗു മാ |
| മ | & അംശകം | | ച |
| സ | | | |

ശി
ബു
ച മാ
ല സ ഗു

Contact Address:
BRIG. JAIKUMAR NAIR
S-35 VED VIHAR
AWHO COLONY
TRIMULGHERRY
SECANDRABAD
TELEGANU- 500015

# കലാസാംസ്കാരിക ക്ലാസ്സുകൾ

**എറണാകുളം കരയോഗത്തിന്റെ കലാസാംസ്കാരിക വിഭാഗം ഭരതനാട്യം, വയലിൻ, യോഗ, കരാട്ടേ ക്ലാസ്സുകൾ നടത്തി വരുന്നു. താല്പര്യമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക.**

**വിളിക്കേണ്ട നമ്പർ: 0484 2361160**
**(Extn. 35, 38)**

***ജനറൽ സെക്രട്ടറി***
***എറണാകുളം കരയോഗം***

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair boy, 26/180cm, Rohini, Black, B.Tech+ Animation, Graphic Designer, Infopark, Kakkanad, Employed Girls,Ph:0484-2334353, Mob: 9446444353, Reg.no. 20933

Email:sreelakam06@yahoo.co.in
Date of Birth:08.10.1990(1.30pm)
Sishta Dasa:Chandra:7.2.21

| | | | | | |
|---|---|---|---|---|---|
| | സ | ബു | ചശു | കു | |
| | | | കു ച | | |
| ല | | ഗ്രഹനില & അംശകം | | ഗു ശി | ര |
| | സമാ ല | | | | മാ |
| | മ | | | രബു ശു | |
| | | മ ഗു | | ശി | |

Contact Address:
MR.GOPALAKRISHNAN.T
49/1174E" SREELAKAM"
GAYATHRILANE
RAGHAVAN PILLAI ROAD
EDAPPALLY - 682024

Nair boy, 30/178, Anizham, Wheatish, Post Graduate MBA (Finance), Logistics Co-Ordinator Muscat, Pref : Graduation, Ph: 0471 2370200, Mob: 9746802455, 8129981228, Reg No: 20935

Email:gkmenon59@gmail.com
Date of Birth:21/02/1987 (8.12 PM)
Sishta Dasa:Shani : 6.10.2

| | | | | | |
|---|---|---|---|---|---|
| | | ബു | | കു | |
| | ഗു സ | കു | | | |
| ല മ | ര ബു | ഗ്രഹനില & അംശകം | | | ശി |
| സ | | | | | ഗു മാ |
| | ശു | ച മ മാ | | ല ശി | |
| ര | | ശു | ച | | |

Contact Address:
MR. GOPALAKRISHNA MENON
RRWA 49, SREELAKOM
RANNI LANE
PEROORKADA
TRIVANDRUM-695005

Nair boy, 28/168cm, Uthram(Sudha jathakam), Fair, M.S(Engg), Application Engineer (R&D), Michigan,US,Pref: Professionals, Mob:91-9920170101, Reg.no.20939

Email:minisanl@gmail.com
Date of Birth:12-6-1989(1.47pm)
Sishta Dasa:Ravi:0.6.9

| | | | |
|---|---|---|---|
| | | ര ഗു ബു | ശു |
| സ | ഗ്രഹനില & അംശകം | | കു |
| | | | ശി |
| മ | | മാ | ല ച |

Contact Address:
MR.S.KUMAR
35/401,HP NAGAR EAST
VASINAKA
CHEMBUR
MUMBAI - 400074

Nair boy, 25/5;5", Karthika, Brownish, Post Graduate ,MBA,Financial Analyist GoldmanSachs,,Bangalore, employed in Bangalore preferably, Ph:0484-3932490, Mob: 8129498138/8129498139, Reg.no. 20941

Email:akhil092@gmail.com
Date of Birth:10-3-1992(8.20am)
Sishta Dasa:Ravi:3.10.29.24

| | | | | | |
|---|---|---|---|---|---|
| | മാ | ല | ര | | |
| | ബു | ല | ച | ശി മാ | |
| | ര ശു | ഗ്രഹനില & അംശകം | | | കു മ സ |
| ച ശി | കു മ | | | ഗു | ഗു |
| | സ | | | | |
| | | ബു | ശു | | |

Contact Address:
MR. MURALEEDHRAN.P
15A1, KENT GLASS HOUSE
NR.KANIAMPUZHA BRIDGE
VYTTILA HUB
VYTTILA
KOCHI - 682019

Nair boy, 26/180, Uthram, Wheatish, B.Tech (Mechanical ), Clerk, South Indian Bank, Pref : Employed matching alliance, Non Vegetarian, Mob: 9846938808, Reg No: 20943

Email:haribalantk@gmail.com
Date of Birth:02/03/1991 (10.55 AM)
Sishta Dasa:

| | | | | | |
|---|---|---|---|---|---|
| | ര ബു | | | | |
| മ | ശു മാ | ല | കു | | |
| ച | ര ബു | ഗ്രഹനില & അംശകം | | ഗു ശി | കു ശി |
| സ | മ സ | | | | |
| | | | | ച | |
| | ല | ശുമാ | ഗു | | |

Contact Address:
MR. HARIBALAN. T.K
THACHANEZHATH HOUSE
THRICHATTUKULAM.P.O
PANAVALLY
CHERTHALA-688526

Nair boy, 27/6'1", Chothi, Very Fair, B. Arch, Architect in a reputed organisation in Bahrain, Pref: Tall, Beautiful Educated, Fair from a decent Family, Ph: 0484-2433136, Mob: 00971507268819, Reg No: 20947

Email:vrsur@yahoo.com
Date of Birth:14/03/1990 (11.00 PM)
Sishta Dasa:Rahu : 17.9.16

| | | | | | |
|---|---|---|---|---|---|
| | കു | | ബുശു | | |
| | ര | | | ഗു | |
| | ബു മാ | ഗ്രഹനില & അംശകം | | ശി | ര സ |
| ശി | ശുസ കു | | | | ല |
| ഗു | മ | ല | ച | | |
| | മച | | മാ | | |

Contact Address:
MR. V.R. SURESH KUMAR
P.O BOX -33979
AL SAGR NATIONAL - INSURANCE.CO
DUBAI, UAE

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair boy, 28/180, Makayiram, Fair, B.Tech, M.S (Engg) University of Ottawa, Canada, Manager (B.I. Specialist) Bell Canada, Pref : Bachlor in Engineering, MBA etc. Ph : 0484-2805060, 9995049256, Reg No: 20948

Email:ambika2763@gmail.com
Date of Birth:08/05/1989 (10.35 AM)
Sishta Dasa: Chowa : 3.0.12

| | | | | | |
|---|---|---|---|---|---|
| | | ബു | | ഗു | |
| | | ര | ബു ശുഗു | ച ലകു | ശി ല |
| മാ | സ | ഗ്രഹനില & അംശകം | | | |
| ശു കു | | | | ശി | |
| | മ | | | മാ | |
| | സ | ര | ചമ | | |

Contact Address:
MR. P.B. MURALEEDHARAN
42/2648 (NEW)
PEREPARAMBIL HOUSE
VENNLA, H.S. ROAD
VENNALA.P.O
COCHIN-682028

Nair boy, 26/169, Ayillyam, Wheatish, B.Tech, Private Firm, Pref: Graduation, Ph : 9447407133, Reg No: 20950

Email:rajeevzk9@gmail.com
Date of Birth:31/10/1991 (11.15 AM)
Sishta Dasa:Budha : 5.4.22

| | | | | | |
|---|---|---|---|---|---|
| | ശി മ | | | | |
| ശു | | | | ശി | |
| കു ര ച | മ | ഗ്രഹനില & അംശകം | | ച | ബു |
| | | | | ഗു ശു | ഗു മാ |
| | ല സമാ | ബു | ര കു | | |
| | | | ല | സ | |

Contact Address:
MR. P.N. VISWANATH
KARTHIKA HOUSE
NJARAKKAD ROAD
POOSARIPADI
NORTH PARAVOOR
ERNAKULAM-683513

Nair boy,27/ 5'7", Uthram,Fair, MBA, Own Business, Ph: 9447747771, Reg.no. 20951

Email:shambuvinayan@gmail.com
Date of Birth:05-08-1989(6.42am)
Sishta Dasa:Ravi:5.6.26

| | | | |
|---|---|---|---|
| | | | ഗു |
| സ | ഗ്രഹനില & അംശകം | | ര ല |
| | | | ചബു ശുകു ശിമാ |
| മ | | | |

Contact Address:
MR. G. VINAYAN
PULARI HOUSE
KADATHY
MARKET. P.O
MUVATTUPUZHA-686671

Nair boy, 27/178, Bharani, Fair, B.Tech, Sales Professional & Automation, Pref : Degree in Engg. MBA, Post Graduate, Ph: 0484 2730353, Mob: 9495920853, Reg No: 20952

Email:ragendu02@gmail.com
Date of Birth:02/03/1990 (16.30 Hrs)
Sishta Dasa:Sukra : 0.6.27

| | | | | | |
|---|---|---|---|---|---|
| | ര മാ | | | | |
| | മാ | ച | | ഗു | |
| ശു | ര ബു | ഗ്രഹനില & അംശകം | | ല ശി | സ |
| ശി | ശു സ | | | | |
| ല കു | കു മ | | | | |
| | ഗു മ | ചബു | | | |

Contact Address:
MR. GOVINDANKUTTY
MUTHAIKAR HOUSE
VADAVUCODE. P.O
ERNAKULAM-682310

Nair boy, 30/5'9", Atham,Medium, M S Aero Space, Working in Radiant Technologies (BLR) Bangalore, Pref: Graduation, Ph : 0484 2712122, Mob: 9446469122, Reg No: 20953

Email:sreenathk17296@gmail.com
Date of Birth:16/03/1987 (7.03 PM)
Sishta Dasa:

| | | | | | |
|---|---|---|---|---|---|
| | മ | | ലച | ശി | |
| | ര സ ഗു | കു | | | |
| | ബു | ഗ്രഹനില & അംശകം | | | ര ശു |
| | ശു | | | | |
| | | മ | മാ | ല ച ശി | |
| | സ ബു | | കു | ഗു | |

Contact Address:
SMT. K.SUSEELADEVI
KAYAPURATH HOUSE
CHOTTANIKKARA
ERNAKULAM-682312

Nair boy, 28/178, Uthradam (3rd Padam) , Wheatish, B.Tech, PGDM (SPJIMR Mumbai), Management Consultant Malasia, Pref : 22-27 Yrs, Non- Veg/Eggtarian, Well Educated, B.Tech, M.Tech, MCA, MBA etc. Good Looking and well mannered, Ph: 9447552966, 9447945156, Reg No: 20956

Email:sidjdeloitte@gmail.com
Date of Birth:12.12.1988 (1.35 PM)
Sishta Dasa:Ravi : 1.9.00

| | | | | | |
|---|---|---|---|---|---|
| | ര | ബു | | ശു മ | |
| | ല കു | മാ | ഗു | | |
| ഗു സ ച | സ | ഗ്രഹനില & അംശകം | | | മാ |
| | ച | | | ശി | ശി |
| | മ ബു | ര | ശു | | |
| | ല കു | | | | |

Contact Address:
MR. S.S. JEEVAN
POOVELIL, H. NO: 3
A.E. NAGAR
THIRUMALA.P.O
TRIVANDRUM-695006


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair boy, 28/173, Vishakam, Fair, B.Tech, Planning Engineer NBTC Kuwait, Pref : WEll Qualified, Middle class family and carrier oriented Hindu nair girl, Having faith in Hindu culture and family relations. Ph: 0484 2431245, Mob: 9895480250, Reg No: 20958


Email:painyprabhakaran@gmail.com
Date of Birth:16/06/1989 (2.17 PM)
Sishta Dasa:Vyasha : 7.3.12




Contact Address:
MR. PRABHAKARAN NAIR.P
REVATHY, THKEDATH
II /306, CHERANELLORE
KOCHI-682034

Nair boy, 28/158, Pooradam, Fair, BAMS, M.D (Panchakarma), Medical Officer Pathanjali Chikilsalayam, Charummood (Alleppey Dist.), Pref : Bank/Govt. Ph: 0484 2463775, Mob: 9400763775, Reg No: 20965


Email:meeravenugopalk@gmail.com
Date of Birth:24/08/1988 (4.49 PM)
Sishta Dasa:Sukran ( 0.10.12




Contact Address:
MR. K. VENUGOPAL
KODACKAL HOUSE
MANICKAMANGALAM.P.O
KALADY (VIA)
ERNAKULAM-683574

Nair boy, 26/167, Pooram, Fair, B.Tech, Project Engineer Qatar, Pref : Engineer, Teacher, any other Professionals, Upper Middle class family from Ernakulam, Ph: 0484 2809345, Mob: 9496575828, Reg No: 20968

Email:p.ravindranath2008@gmail.com
Date of Birth:16/10/1990 (2.30 AM)
Sishta Dasa:0.2.29




Contact Address:
MR. P. RAVINDRANATH
SREEVALSAM, 33/1178 A
KUMBALAPPILLY ROAD
VENNALA. P.O
CHALIKAVATTOM
COCHIN-682028

## മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യുന്നവരുടെ ശ്രദ്ധയ്ക്ക്

## മാംഗല്യം മെമ്പർഷിപ്പ് കാമ്പെയ്ൻ

**എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യുന്നതിന് മെമ്പർഷിപ്പ് കാമ്പെയ്ൻ പീരിയഡിൽ 2000/ രൂപ ഫീസ് നല്കിയാൽ മതിയാവും. 6 മാസക്കാലം വരെ 100 ഡേറ്റ ഓൺ ലൈനിൽ നിന്നും പ്രിന്റെടുക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ കാലാവധി രജിസ്ട്രേഷൻ ചെയ്ത ദിവസം മുതൽ 6 മാസക്കാലമായിരിക്കും. കാലാവധിക്കുശേഷം 1000/ രൂപ അടച്ച് ഒരു പ്രാവശ്യം മാത്രമേ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള സൗകര്യമുണ്ടായിരിക്കുകയുള്ളു. കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്തവരുടെ പരസ്യം കരയോഗ സൗഹൃദമാഗസിനിൽ രജിസ്ട്രേഷൻ ചെയ്ത തീയതി മുതൽ 60 ദിവസത്തിനുള്ളിൽ ഒരു പ്രാവശ്യം സൗജന്യമായി പ്രസിദ്ധീകരിക്കുന്നതായരിക്കും. വീണ്ടുംപരസ്യം ചെയ്യുന്നതിന് 750 രൂപ വീതം നല്കേണ്ടതാണ്.**

## അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

### 80 G ആനുകൂല്യം

എറണാകുളം കരയോഗത്തിന്റെ ജീവകാരുണ്യ, സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്ക് നല്കുന്ന സംഭാവനകൾക്ക് ആദായ നികുതി വകുപ്പിന്റെ 80 G ആനുകൂല്യം ലഭ്യമാണ്. നിങ്ങൾ നല്കുന്ന സംഭാവന കരയോഗത്തിന്റെ സേവന പ്രവർത്തനങ്ങൾക്ക് പ്രചോദനവും പ്രോത്സാഹനവുമാണ്. എറണാകുളം കരയോഗത്തിന്റെ ജിവകാരുണ്യ സേവന പ്രവർത്തനങ്ങൾക്ക് നിർലോഭമായ സഹകരണം പ്രതീക്ഷിച്ചു കൊള്ളുന്നു.

***ജനറൽ സെക്രട്ടറി***





എറണാകുളം കരയോഗവും കേരള വനിതാ കമ്മീഷനും സംയുക്തമായി സംഘടിപ്പിച്ച അദാലത്ത് കേരള വനിതാ കമ്മീഷൻ മെമ്പർമാരായ ഡോ.ലിസ്സി ജോസ്, അഡ്വ. എം. എസ്. താര എന്നിവർ ഭദ്രദീപം കൊളുത്തുന്നു..


# EKNM POLY CLINIC

## Ernakulam Karayogam Navathi Memorial Poly Clinic

Door No. 62/725A, Diwans Road, Kochi- 682 016, Ph: 0484 2366160, Fax: 0484 2369589
E-mail: ekmkgm@gmail.com, web: www.ernakulamkarayogam.com

**Working Hours: 7.00a.m. to 7.00 p.m. | Sunday : 7.00a.m. to 12.00 noon**

**SPECIAL HEALTH CHECK UP PACKAGE FOR YOU & FAMILY**

**GENARAL HEALTH CHECK UP Rs. 500**
- CBC (COMPLETE BLOOD COUNT)
- ESR
- FBS
- LIPID PROFILE
- LIVER FUNCTION TEST
- UREA
- CREATININE
- URIC ACID

**DIABETIC PROFILE Rs.400**
- FBS
- HBA1C
- URINE MICROALBUMINURIA

**HEART PROFILE Rs. 350**
- LIPID PROFILE
- SGOT
- LDH

**LIVER FUNCTION TEST Rs.300**
- SGOT
- SGPT
- GGT
- PROTEINS
- ALKALINE PHOSPHATASE

**KIDNEY FUNCTION TEST Rs.300**
- UREA
- CREATNINE
- URIC ACID
- URINE RE

**ACUTE FEVER PANEL Rs. 700**
- LEPTO IGM
- DENGUE Ns1
- MALARIA
- CBC

**VITAMINS**

| | |
|---|---|
| Vitamine D | Rs. 800 |
| Vitamine B12 | Rs. 1200 |

**HORMONE TESTS**

| | |
|---|---|
| TFT (Thyroid Function Test) | Rs. 200 |
| PSA (Prostatic Specific Antigen) For Male only | Rs.250 |
| CA.125 (Ovarian Cancer Marker) For Female only | Rs.500 |
| CA.15-3 (Breast Cancer Marker) | Rs. 800 |

VijnAnVikAs THE POWER OF SELF

In collaboration with Ernakulam Karayogam
Announces a 1-day workshop at TDM Hall

July 29, 2017, Saturday 9 am to 6pm - Contact: Ph: 0484 2302 497, Cell: 94468 13556

Understanding the Power of Self and transforming that knowledge into Actionable Intelligence!

**VijnAnVikAs's approach to Gita Intelligence!**

DATE OF PUBLICATION: 10-07-2017

RNI NO. KERMAL/2008/23515

REGISTERED NEWSPAPER

M6-57945/2007

REGISTERED KL/EKM/514/2015-17
LICENSE NO. KL/CR/EKM/WPP-17/2015-17
LICENSED TO POST WITHOUT PREPAYMENT

Volume No. 10 | July2017 | Issue No. 7

## എറണാകുളം കരയോഗം കഥകളി ക്ലബ്ബ് ജൂലൈ മാസ കഥകളി

പ്രവേശനം സൗജന്യം







2017 ജൂലൈ മാസം 29-ാം തീയതി, ശനിയാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം. ഹാൾ ഗംഗയിൽ

കഥാസാരം : പാണ്ഡവൻമാർ വിരാട രാജധാനിയിൽ വനവാസാനന്തരം വേഷപ്രച്ഛന്നരായി താമസിക്കുന്ന കാലം. ഉദ്യാനത്തിൽ വച്ച് സൈരന്ധ്രിയെ കീചകൻ കാണുന്നു. പ്രേമാഭ്യർത്ഥന നടത്തുന്നു. എന്നാൽ, പരസ്ത്രീയിൽ കൗതുകം അരുതെന്നും, അഭ്യർത്ഥന നിരസിക്കുകയും ചെയ്യുന്ന സൈരന്ധ്രി മറയുന്നു. കീചകൻ സൈരന്ധ്രിയെ കിട്ടാനായി മാർഗ്ഗങ്ങൾ ആരാഞ്ഞ് അവസാനം സഹോദരി സുദേഷ്ണയോട് എങ്ങിനെയെങ്കിലും സൈരന്ധ്രിയെ തൻെറ സവിധത്തിലേയ്ക്ക് പറഞ്ഞുവിടണമെന്ന് പറയുന്നു. സുദേഷ്ണ ദൗത്യം നിർവ്വഹിക്കുന്നു. കീചകസവിധത്തിൽ എത്തിയ സൈരന്ധ്രിയെ കീചകൻ ഇഷ്ടപൂർത്തിയ്ക്ക് വശപ്പെടാത്തതിനാൽ ദേഹോപദ്രവം ഏൽപ്പിക്കുന്നു. ഈ വിവരം സൈരന്ധ്രി വലലൻ എന്ന ഭീമസേനനെ അറിയിക്കുന്നു.നൃത്തശാലയിൽ വച്ച് കാണാനായി സൈരന്ധ്രി കീചകനെ ക്ഷണിക്കുന്നു.എന്നാൽ അവിടെ മൂടിപുതച്ച് കിടക്കുന്ന വലലൻ കീചകനെ രക്തം ഛർദ്ദിപ്പിച്ച് വധിക്കുന്നു.

NB : എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ പ്രതിമാസ കഥകളി സ്പോൺസർ ചെയ്യുവാൻ താല്പര്യമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0484 2361160

## ജൂൺ മാസ പരിപാടി












## എറണാകുളം കരയോഗം ഫിലിം ക്ലബ്ബ് പ്രതിമാസ പരിപാടി

ജാപ്പനീസ് സിനിമയുടെ ചക്രവർത്തിയായ സംവിധായകൻ അക്കിര കുറസോവയുടെ
എട്ടു സ്വപ്നങ്ങളുടെ ദൃശ്യാവിഷ്ക്കാരം

### ഡ്രീംസ്

2017 ജൂലൈ 15-ാം തീയതി, ശനിയാഴ്ച 5.30p.m. ന്, ടിഡിഎം കാവേരി ഹാളിൽ




The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Niseema Printers & Publishers, Saroj, SRM Road, Kochi-682018, Ph: 2400423, 2400230 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.